# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

2021 ജൂൺ 3, വ്യാഴം

സ്പീക്കർ
**ശ്രീ. എം.ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

2031/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : പ്രൊഫ. ആർ. ബിന്ദു |
| മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ |
| ഊർജ്ജ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| വ്യവസായവും നിയമവും വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I അടിയന്തരപ്രമേയം**

ഓൺലൈൻ പഠനരംഗത്തെ പ്രശ്നങ്ങൾ ...1

— ശ്രീ. റോജി എം. ജോൺ

(അവതരണാനുമതി നിഷേധിച്ചു) ...4

**II ശ്രദ്ധ ക്ഷണിക്കൽ**

(1) തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ

— ശ്രീ. പി. എസ്. സുപാൽ ...15

(2) നഷ്ടപരിഹാരം

— ശ്രീ. കെ. പി. എ. മജീദ് ...18

**III സബ്മിഷൻ**

(1) ഫയർ സ്റ്റേഷൻ

— പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ...22

(2) ആർട്സ് ആൻഡ് സയൻസ് കോളേജ്

— ശ്രീ. ഐ. സി. ബാലകൃഷ്ണൻ ...22

(3) പലിശയിളവും മൊറട്ടോറിയവും

— ശ്രീ. കെ. പി. മോഹനൻ ...24

(4) വന്യജീവി ആക്രമണം

— ശ്രീ. എ. പ്രഭാകരൻ ...25

(5) നെയ്യശ്ശേരി-തോക്കുമ്പൻ സാഡിൽ റോഡ് നിർമ്മാണം

— ശ്രീ. പി. ജെ. ജോസഫ് ...28

(6) ചേലക്കാട്-വില്യാപ്പള്ളി-വടകര റോഡ് നിർമ്മാണം

— ശ്രീ. ഇ. കെ. വിജയൻ ...29

*പേജ്*

(7) സഹായ പാക്കേജ്
— ശ്രീ. പി. പി. ചിത്തരഞ്ജൻ ...30

(8) ടൂറിസം മേഖല

— ശ്രീ. കെ. ജെ. മാക്സി ...31

**IV. നിയമനിർമ്മാണകാര്യം**

2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബില്ലിന്റെ
അവതരണവും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും ...32

**V. ക്രമപ്രശ്നം**

1. നിയമസഭാ ചട്ടങ്ങൾ സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

— ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ...33

2. 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബില്ലിന്റെ ഭരണ ഘടനാ സാധുത

— ഡോ. മാത്യു കുഴൽനാടൻ ...34

**റൂളിംഗ്** ...46

**അനുബന്ധം** ...218

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2021 ജൂൺ 3, വ്യാഴം*

| വാല്യം 184] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 7 |
|---|---|---|

നിയമസഭ 2021 ജൂൺ മാസം 3-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

9.00 AM]

മി. സ്പീക്കർ: ഓർഡർ, ഓർഡർ....

## I അടിയന്തരപ്രമേയം

### ഓൺലൈൻ പഠനരംഗത്തെ പ്രശ്നങ്ങൾ

മി. സ്പീക്കർ: സംസ്ഥാനത്ത് കോവിഡിന്റെ രണ്ടാം വ്യാപനം രൂക്ഷമായിരിക്കുന്ന പശ്ചാത്തലത്തിലും മുൻ വർഷത്തെപ്പോലെ ഈ വർഷവും സ്കൂൾ വിദ്യാഭ്യാസം ഓൺലൈനായി നടത്താൻ സർക്കാർ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിലും സംസ്ഥാനത്ത് നിലനിൽക്കുന്ന ഡിജിറ്റൽ ഡിവൈഡും ഓൺലൈൻ വിദ്യാഭ്യാസത്തിനാവശ്യമായ ഉപകരണങ്ങളുടെ അഭാവവുംമൂലം സംസ്ഥാനത്തെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠനം വഴിമുട്ടിയ ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി. എം. ജോൺ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കഴിഞ്ഞ വർഷവും ഈ വർഷവും കോവിഡ് കാരണം സ്കൂളുകൾ തുറന്നു പ്രവർത്തിക്കാൻ കഴിയാത്ത പ്രത്യേക സാഹചര്യം നിലനിൽക്കുകയാണെങ്കിലും നമ്മളെല്ലാവരുടെയും പരിശ്രമവും കൂട്ടായ്മയുംകൊണ്ട് ഡിജിറ്റൽ ക്ലാസ്സുകൾ വഴി

വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകാൻ കഴിഞ്ഞിട്ടുണ്ട്. പരമാവധി വിദ്യാർത്ഥികളെ ഓൺലൈൻ ക്ലാസ്സുകളിലെത്തിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടെയും സ്കൂൾ മാനേജ്മെന്റിന്റെയും എം.എൽ.എ.-മാരുടെയുമൊക്കെ കൂട്ടായ പരിശ്രമത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. അവധി ദിവസംപോലും ഡിജിറ്റൽ ക്ലാസ്സുകൾ പ്രയോജനപ്പെടുത്തുന്ന രൂപത്തിലുള്ള സംവിധാനങ്ങൾ പല സ്ഥലത്തും ഏർപ്പാടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൈറ്റ് വിക്ടേഴ്സ് ചാനൽ വഴി ഡിജിറ്റൽ ക്ലാസ്സുകൾ നൽകാൻ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ 2020 ജൂൺ 1 മുതൽ രണ്ടാഴ്ച ട്രയലായി ഡിജിറ്റൽ ക്ലാസ്സ് നടത്തുന്ന രീതിക്ക് തുടക്കംകുറിച്ചു. നമ്മെയും കുട്ടികളെയും സംബന്ധിച്ചിടത്തോളം പുതിയൊരു അനുഭവമായതുകൊണ്ടാണ് കഴിഞ്ഞ വർഷം ട്രയലായിത്തന്നെ ക്ലാസ്സുകൾ നടത്താൻ തീരുമാനിച്ചത്. അതിനുശേഷമാണ് സാധാരണനിലയിലുള്ള ക്ലാസ്സുകൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുള്ളത്. ട്രയൽ റൺ നടത്തിയതോടുകൂടി എല്ലാ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ ക്ലാസ് എത്തുന്നുവെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ മുന്നോടിയായിട്ടാണ് സമഗ്ര ശിക്ഷ കേരളയുടെ നേതൃത്വത്തിൽ ഡിജിറ്റൽ വീഡിയോ ക്ലാസ്സ് കാണുന്നതിന് ബുദ്ധിമുട്ടുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനുവേണ്ടി സർവ്വേ നടത്തിയത്. കഴിഞ്ഞവർഷം ഏതാണ്ട് 40 ലക്ഷം വിദ്യാർത്ഥികൾ ഉണ്ടായിരുന്നതിൽ ഏകദേശം 2.6 ലക്ഷം കുട്ടികൾക്ക് സൗകര്യങ്ങൾ കുറവാണെന്നാണ് സർവ്വേയിൽ കണ്ടെത്തിയത്. ട്രയൽ ക്ലാസ്സുകളിൽ കുട്ടികൾ പങ്കെടുക്കുന്നുണ്ടോയെന്നും അവർക്ക് ക്ലാസ്സുകൾ കാണുന്നതിനുള്ള ഉപകരണങ്ങളുടെ ദൗർലഭ്യമുണ്ടോയെന്നും അദ്ധ്യാപകർ നേരിട്ട് വിലയിരുത്തുകയും സ്കൂൾ തലത്തിൽ വിവിധ ഏജൻസികളുടെ കൂട്ടായ്മ സംഘടിപ്പിക്കുന്നതിന് തയ്യാറാവുകയും ചെയ്തു. കുടുംബശ്രീ, പാരന്റ് ടീച്ചേഴ്സ് അസോസിയേഷൻ, തദ്ദേശസ്വയംഭരണ വകുപ്പ്, പൂർവ്വ വിദ്യാർത്ഥികൾ, സ്കൂൾ ഭാരവാഹികൾ തുടങ്ങിയവർ ഉൾപ്പെടുന്ന ഒരു ജനകീയ സമിതി ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് അതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവരുടെ സഹകരണത്തോടെ അടിയന്തര യോഗങ്ങൾ ചേർന്ന് ഓരോ കുട്ടിക്കും ഡിജിറ്റൽ ക്ലാസ് ഉറപ്പാക്കുന്നതിനുള്ള പരിശ്രമം നടത്തുകയുണ്ടായി. സ്കൂൾ തലത്തിൽ പരിഹരിക്കാൻ കഴിയാത്ത വിഷയങ്ങൾ എ.ഇ.ഒ./ഡി.ഇ.ഒ./ആർ.ഡി.ഡി./ എ.ഡി. തലത്തിലും ഇവരെക്കൊണ്ടും കഴിഞ്ഞില്ലെങ്കിൽ വിദ്യാഭ്യാസ ഡയറക്ടർതലത്തിലും പരിഹരിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തി ക്കൊണ്ടിരിക്കുകയാണ്.

ഇക്കാര്യത്തിൽ എം.എൽ.എ.-മാർ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നുണ്ട്. പ്രവേശനോത്സവം തുടങ്ങുന്നതിനുമുമ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് സംസാരിച്ചപ്പോൾ എല്ലാ എം.എൽ.എ.-മാർക്കും നിർദ്ദേശം കൊടുക്കാമെന്ന്

അദ്ദേഹം പറഞ്ഞിരുന്നു. ഒരു ടെലിവിഷൻ ചാനലിന്റെ ചർച്ചയിൽ പങ്കെടുത്ത അവസരത്തിൽ ഒന്നുരണ്ട് കുട്ടികൾ മൊബൈൽ ഫോണിന്റെ ബുദ്ധിമുട്ട് പറഞ്ഞയുടൻ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എം.എൽ.എ.-മാർ സജീവമായി ഇടപെട്ട് അവർക്ക് മൊബൈൽ ഫോൺ, ടെലിവിഷൻ സൗകര്യം എന്നിവ ഒരുക്കിക്കൊടുക്കാൻ തയ്യാറായിട്ടുണ്ട്. അവർക്കൊക്കെ ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. ഇപ്രകാരം ദിനംപ്രതി ഡിജിറ്റൽ സൗകര്യങ്ങളില്ലാതെ വരുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണാൻ കഴിയും. ട്രയൽ ക്ലാസ്സുകൾ പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ ഡിജിറ്റൽ ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. ഡിജിറ്റൽ ക്ലാസ്സെന്നുപറയുന്നത് പുതിയൊരു അനുഭവമാണല്ലോ? കഴിഞ്ഞവർഷം എല്ലാ കുട്ടികൾക്കും ഡിജിറ്റൽ ക്ലാസ്സിനാവശ്യമുള്ള സൗകര്യങ്ങൾ ഇല്ലെന്നതിനെ സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ്സുണ്ടാവുകയും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിരീക്ഷിച്ചപ്പോൾ കോടതി സംതൃപ്തി രേഖപ്പെടുത്തുകയും ഡിജിറ്റൽ ക്ലാസ് നടത്തുന്നതിനുള്ള അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഈ വർഷം ഡിജിറ്റൽ ക്ലാസ്സുകൾ കൈറ്റ് വിക്ടേഴ്സ് ചാനൽ വഴിയാണ് ആരംഭിച്ചിട്ടുള്ളത്. ഇപ്രാവശ്യം ട്രയൽ കാലയളവിൽ മുഴുവൻ കുട്ടികൾക്കും കാണാൻ അവസരം ഉറപ്പാക്കിയതിനു ശേഷമാണ് തുടർ ക്ലാസ്സിന്റെ നടപടി ആരംഭിക്കുന്നത്. ഒന്നാം തീയതി മുതൽ പത്ത് പതിനഞ്ചുദിവസം ട്രയൽ ക്ലാസ് നടത്തിയതിനുശേഷമായിരിക്കും ക്ലാസ്സുകൾ ആരംഭിക്കുന്നത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് ഡിജിറ്റൽ സംവിധാനമാണ്. കുട്ടികൾക്ക് അദ്ധ്യാപകരെ നേരിട്ട് കാണാനോ, അദ്ധ്യാപകർക്ക് കുട്ടികളെ നേരിൽ കണ്ട് ആശയവിനിമയം നടത്താനോ കഴിയില്ല. നമ്മെ സംബന്ധിച്ചിടത്തോളം കുട്ടികളും അദ്ധ്യാപകരും തമ്മിൽ ആശയവിനിമയം നടത്തണം. അങ്ങനെ നടത്താത്തതിന്റെ ഫലമായി ഒരുപാട് സാമൂഹിക പ്രശ്നങ്ങൾ കുട്ടികൾക്കുണ്ട്. വിദ്യാഭ്യാസ വകുപ്പ് നടത്തിയ പഠനത്തിൽ അത് പരാമർശിച്ചിട്ടുണ്ട്, അത് ഞാനിവിടെ സൂചിപ്പിക്കുന്നില്ല. ഈ വർഷം ഡിജിറ്റൽ ക്ലാസ് കഴിഞ്ഞാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചതുപോലെ ഘട്ടംഘട്ടമായി ഓൺലൈൻ ക്ലാസ്സുകളിലേയ്ക്ക് പോകണമെന്നുള്ള ആലോചനയാണുള്ളത്. മുഴുവൻ കുട്ടികൾക്കും ഈ സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിന് ഗവൺമെന്റ് തയ്യാറാകുമെന്നുള്ള കാര്യം ഞാനിവിടെ ഉറപ്പു നൽകുകയാണ്. ഇതൊരു ഭരണ-പ്രതിപക്ഷ വിഷയമായി എടുക്കേണ്ടതില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ യജ്ഞത്തെ ശക്തിപ്പെടുത്തുന്നതിന് കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവരുടെയും

സഹായസഹകരണം ലഭിച്ചിട്ടുണ്ട്. അതുപോലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം ഇന്റർനെറ്റ് സൗകര്യങ്ങളുടെ കുറവാണ്. ഇടുക്കി, വയനാട്, പത്തനംതിട്ട, കാസർഗോഡ് ജില്ലയിലെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിലെല്ലാം ഇന്റർനെറ്റ് സൗകര്യങ്ങളുടെ കുറവുള്ളതിന് കൂട്ടായ ആലോചനയിലൂടെ പരിഹാരം കാണുന്നതിനുള്ള പരിശ്രമം ഈ ഗവൺമെന്റ് നടത്തുമെന്ന് സൂചിപ്പിക്കുകയാണ്. വിദ്യാഭ്യാസ വകുപ്പിൽ സൗകര്യങ്ങൾ ഏർപ്പാട് ചെയ്യുന്നതിന്റെ ഭാഗമായി പഠനത്തിനുപയോഗിക്കുന്നതിന് ഒരു ലക്ഷത്തി ഇരുപതിനായിരത്തോളം ലാപ് ടോപ്പുകളും എഴുപതിനായിരത്തോളം പ്രൊജക്ടറുകളും വിവിധ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം തന്നെയാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. ഇത് അടിയന്തരപ്രമേയം എന്നുള്ള നിലയിൽ ഒരു വിവാദ ചർച്ച നടത്തുന്നതിനുവേണ്ടിയുള്ള വിഷയമല്ല. നമ്മളെല്ലാവരും ചേർന്നുകൊണ്ട് പരിഹാരം കാണേണ്ട പ്രശ്നമായതിനാൽ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയ രാജ്യത്ത് വിദ്യാഭ്യാസരംഗത്ത് രാജ്യത്തിനുതന്നെ മാതൃകയാണെന്ന് അവകാശപ്പെടുന്ന കേരളത്തിൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ, ഓൺലൈൻ പഠനസൗകര്യമില്ലാത്ത അതീവ ഗുരുതരമായ ഒരു സാഹചര്യം നിലനിൽക്കുമ്പോൾ ആ വിഷയം സഭ ചർച്ചചെയ്യാതെ മറ്റേത് വിഷയമാണ് ചർച്ച ചെയ്യേണ്ടത്? അങ്ങ് പറഞ്ഞതുപോലെ ഇത് വിവാദത്തിനോ ആരോപണങ്ങൾക്കോ കുറ്റപ്പെടുത്തലുകൾക്കോവേണ്ടി കൊണ്ടുവന്ന അടിയന്തരപ്രമേയമല്ല. ഇന്ന് സംസ്ഥാനത്ത് നിലനിൽക്കുന്ന ഒരു യാഥാർത്ഥ്യം, അതിന്റെ നേർക്കാഴ്ച നമ്മളിവിടെ ചർച്ചചെയ്ത് പരിഹാരം കാണണം. സർക്കാർ അതിൽ ഇടപെടും എന്ന വിശ്വാസത്തോടെയാണ് അടിയന്തരപ്രമേയം ഇവിടെ കൊണ്ടു വന്നിരിക്കുന്നത്. അതുകൊണ്ട് നമ്മളിത് ചർച്ച ചെയ്യുകതന്നെ വേണം.

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ തുടർച്ചയായി രണ്ടാം വർഷമാണ് ഓൺലൈൻ അല്ലെങ്കിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിലേയ്ക്ക് കടക്കുന്നത്. കഴിഞ്ഞ ഒരുവർഷത്തെ അനുഭവപാഠത്തിൽനിന്നും നമ്മൾ എന്തെല്ലാം ഉൾക്കൊണ്ടുവെന്ന് ചിന്തിക്കേണ്ടതുണ്ട്. ഇന്നലത്തെ മലയാള മനോരമ പത്രത്തിന്റെ ഫ്രണ്ട് പേജിൽ ഇടുക്കിയിലെ ഒരു അദ്ധ്യാപിക അവിടെ ഇന്റർനെറ്റ് സൗകര്യമില്ലാത്തതുകൊണ്ട് ഒരു സ്കൂളിലെ വിദ്യാർത്ഥികളെ കുന്നിന് മുകളിലെത്തിച്ച് സ്വന്തം ഫോണിലൂടെ പ്രവേശനോത്സവത്തിൽ പങ്കെടുപ്പിച്ച ചിത്രമുണ്ടായിരുന്നു. വളരെ നല്ലൊരു കാഴ്ചയാണത്. ഞാൻ ആ ടീച്ചറെ

അഭിനന്ദിക്കുകയാണ്. അതുപോലെ നിരവധി ടീച്ചർമാർ നമ്മുടെ കേരളത്തിൽ അങ്ങോളമിങ്ങോളമുണ്ട് എന്ന യാഥാർത്ഥ്യം തിരിച്ചറിയാതെ പോകരുത്. ഇവിടെ നിലനിൽക്കുന്ന ഒന്നാമത്തെ പ്രശ്നം സംസ്ഥാനത്ത് ആയിരക്കണക്കിന് വിദ്യാർത്ഥികൾക്കാണ് ഓൺലൈൻ പഠനത്തിനാവശ്യമായ ടി.വി., സ്മാർട്ട് ഫോൺ, ടാബ്‍ലെറ്റ്, ലാപ് ടോപ്പ് എന്നിവ ഇല്ലാത്തത് എന്നതാണ്. കഴിഞ്ഞവർഷം ഏകദേശം രണ്ടുലക്ഷത്തി അറുപതിനായിരത്തോളം വിദ്യാർത്ഥികൾക്ക് ഇതിന് സൗകര്യമില്ലെന്ന കണക്ക് സർക്കാർ എടുത്തിരുന്നുവെന്ന് അങ്ങിവിടെ പറയുകയുണ്ടായി. ഈ വർഷം കണക്കെടുത്തിട്ടുണ്ടോ? എത്ര വിദ്യാർത്ഥികൾക്ക് നിലവിൽ ഇതുപോലുള്ള പഠനസൗകര്യമില്ല എന്നുള്ളതിന്റെ കൃത്യമായ കണക്ക് നമ്മുടെ പക്കലുണ്ടോ? ഇവിടെയിരിക്കുന്ന മുഴുവൻ ജനപ്രതിനിധികളെയും കഴിഞ്ഞ കുറേ ദിവസങ്ങളായി അദ്ധ്യാപകരും രക്ഷിതാക്കളും വിദ്യാർത്ഥികളും മാറിമാറി വിളിച്ചു കൊണ്ടിരിക്കുകയാണ്. സ്മാർട്ട് ഫോൺ, ടി.വി., ലാപ്‍ടോപ്, നെറ്റ് സൗകര്യം ടാബ്‍ലെറ്റോ ആയിരിക്കാം അവരാവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ചാനൽ പരിപാടിയിൽ ഒരു വിദ്യാർത്ഥി വിളിച്ചപ്പോൾ അദ്ദേഹം ഉടൻ കൊച്ചിയിലെ സ്ഥലം എം.എൽ.എ.-യെ വിളിച്ച് നിർദ്ദേശം നൽകുകയും അദ്ദേഹം ഒരു ഫോൺ കൊടുത്തുവെന്ന് പറയുകയുമുണ്ടായി. ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ മന്ത്രി ഇവിടെ സന്നിഹിതനാണ്. അദ്ദേഹത്തോടും ഓൺലൈൻ പരിപാടിയിൽ കൊണ്ടോട്ടിയിൽനിന്നുള്ള ഒരു വിദ്യാർത്ഥി വിളിച്ച് ഒരു ഫോൺ ആവശ്യപ്പെട്ടു. എനിക്കുതോന്നുന്നു അദ്ദേഹവും കൊണ്ടോട്ടി എം.എൽ.എ.-യുമായി ബന്ധപ്പെട്ട് അതുകൊടുക്കാനുള്ള ക്രമീകരണമുണ്ടാക്കി എന്നാണ്. നമ്മുടെ സംസ്ഥാനത്ത് എത്ര വിദ്യാർത്ഥികൾക്ക് ഇതുപോലെ മന്ത്രിമാരെയോ എം.എൽ.എ.-മാരെയോ നേരിട്ട് വിളിച്ച് അവരുടെ ആവശ്യങ്ങൾ ഉന്നയിക്കാനും അതിനപ്പോൾത്തന്നെ പരിഹാരം കാണാനും കഴിയുമെന്ന് ചിന്തിക്കേണ്ടതല്ലേ? ഓൺലൈൻ പഠനത്തിന്റെ പോരായ്മകളെ സംബന്ധിച്ച് 'ഇ-ക്ലാസിൽ ഹാജരുണ്ടോ' എന്ന പരമ്പര ഏഷ്യാനെറ്റ് നടത്തുകയുണ്ടായി. എത്രയെത്ര വിഷമകരമായ കഥകളാണ് അതിലൂടെ ഓരോ ദിവസവും കണ്ടുകൊണ്ടിരിക്കുന്നത്. അതീവഗുരുതരമായ ഒരു ഡിജിറ്റൽ ഡിവൈഡ് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുവെന്ന യാഥാർത്ഥ്യം നമ്മൾ കാണാതെ പോകരുത്. ശാസ്ത്രസാഹിത്യ പരിഷത്ത് ഇതുസംബന്ധിച്ച് നടത്തിയ പഠനമനുസരിച്ച് 67 ശതമാനം കുട്ടികൾക്കാണ് കഴിഞ്ഞ വർഷത്തെ ക്ലാസ്സുകളിൽ ഫലപ്രദമായി പങ്കെടുക്കാൻ സാധിച്ചത്. കേരളത്തിലെ 14 ശതമാനം കുട്ടികൾക്കാവശ്യമായ സ്മാർട്ട് ഫോണില്ലെന്ന് അവർ പറയുകയാണ്. സർക്കാരിൽ ഇതുസംബന്ധിച്ചുള്ള ഔദ്യോഗിക പഠനമുണ്ടോ എന്നെനിക്കറിയില്ല.

രക്ഷിതാവിന്റെ ഫോണുപയോഗിക്കുന്ന 5 ശതമാനം കുട്ടികൾക്ക് പകൽ സമയത്ത് ക്ലാസ്സുകൾ കാണാൻ പറ്റുന്നില്ല. അവർക്ക് വൈകുന്നേരങ്ങളിലോ രാത്രിയിലോ രക്ഷിതാക്കൾ പണികഴിഞ്ഞ് തിരിച്ചുവന്നതിനുശേഷമാണ് പലപ്പോഴും ക്ലാസ്സുകൾ കാണാൻ സാധിക്കുന്നത്. ലൈവ് ക്ലാസ്സാണെങ്കിൽ അത് സാധിക്കുകയുമില്ല. സർക്കാരിന്റെ 'സ്റ്റുഡന്റ് ലാപ്ടോപ്' എന്നൊരു പദ്ധതിയുണ്ടായിരുന്നു. 2020 ജൂണിൽ അതുസംബന്ധിച്ച് വലിയൊരു പ്രഖ്യാപനം സർക്കാർ നടത്തിയതാണ്. നല്ലൊരു പദ്ധതിയാണ്. എന്നാൽ അതുപ്രകാരം എത്ര ലാപ്ടോപ്പുകൾ നമ്മൾ ഇതിനോടകം വിതരണം ചെയ്തു? ഞാൻ മനസ്സിലാക്കിയതനുസരിച്ച് ഈ പദ്ധതി വഴി ഏകദേശം ഒന്നര ലക്ഷത്തോളം അപേക്ഷകൾ സർക്കാരിന് ലഭിക്കുകയുണ്ടായി എന്നാണ്. ഏകദേശം അറുപത്തിനാലായിരത്തോളം ആളുകൾ കുടുംബശ്രീ വഴി കൃത്യമായി മൂന്ന് മാസത്തവണ അടച്ച് ആ പദ്ധതിയിൽ ചേരുകയുണ്ടായി. എന്നാൽ അതിൽ കേവലം 4000 ലാപ്ടോപ്പുകൾ മാത്രമാണ് ലഭ്യമായത് എന്നാണറിയാൻ കഴിഞ്ഞത്. നിലവിലെ സാഹചര്യത്തിൽ സെപ്റ്റംബർ ആയാൽപ്പോലും അപേക്ഷ നൽകിയ 64000 കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ വിതരണം ചെയ്യാൻ സാധിക്കില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ദയവായി അത് പരിശോധിക്കണം. സർക്കാർ പ്രഖ്യാപിച്ച മറ്റൊരു പദ്ധതിയായിരുന്നു 'കൊക്കോണിക്സ് ലാപ്ടോപ് പദ്ധതി'. സർക്കാർ കെൽട്രോണുമായി സഹകരിച്ചുകൊണ്ട് കുറഞ്ഞ ചെലവിൽ, കുറഞ്ഞ വിലയിൽ ലാപ്ടോപ് ഉൽപ്പാദിപ്പിക്കുന്ന പദ്ധതി. അതനുസരിച്ച് എത്ര വിദ്യാർത്ഥികൾക്ക് ഇവിടെ ലാപ്ടോപ് കൊടുക്കാൻ സാധിച്ചിട്ടുണ്ട്. മുഴുവൻ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠന സൗകര്യം ഉറപ്പുവരുത്തുമെന്ന് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. വളരെ നല്ല കാര്യം, ഞാനത് സ്വാഗതം ചെയ്യുന്നു. പക്ഷെ അതെങ്ങനെ ചെയ്യുമെന്ന് വ്യക്തമാക്കണ്ടേ? വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആശങ്ക ദൂരീകരിക്കണ്ടേ? ഞാൻ വളരെ വിനയത്തോടെ ചോദിക്കുകയാണ്, കഴിഞ്ഞ വർഷം മുതൽ ഈ നിമിഷം വരെ ഈ ഓൺലൈൻ ഡിവൈഡ്/ഡിജിറ്റൽ ഡിവൈഡ് പരിഹരിക്കുന്നതിനുവേണ്ടി നമ്മുടെ സംസ്ഥാനത്ത് എത്ര വിദ്യാർത്ഥികൾക്ക് സർക്കാർ മുൻകയ്യെടുത്ത് ലാപ്ടോപോ ടി.വി.-യോ ടാബ്ലെറ്റോ സ്മാർട്ട് ഫോണോ നൽകിയെന്ന് അങ്ങേയ്ക്ക് ദയവായി സഭയിൽ അറിയിക്കാൻ സാധിക്കുമോ? രണ്ടാമത്തെ പ്രശ്നം അങ്ങുതന്നെ സൂചിപ്പിച്ച ഇന്റർനെറ്റ് കണക്ടിവിറ്റിയെ സംബന്ധിച്ചാണ്. ഇന്റർനെറ്റ് ഒരവകാശമാണ് എന്നുപറയുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. എന്റെ നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ പോലെയും മലയാറ്റൂർ പോലെയുമുള്ള ഗ്രാമീണ മേഖലകളും മലയോര പ്രദേശങ്ങളുമുണ്ട്. കൂടാതെ തോട്ടം തൊഴിലാളികളുൾപ്പെടെ താമസിക്കുന്ന അട്ടപ്പാടി, വയനാട്, ഇടുക്കി എന്നിങ്ങനെ ധാരാളം പ്രദേശങ്ങളുണ്ട്. അവിടെ

മൊബൈൽ ഫോണിന് 2 ജി കണക്ഷൻപോലും കിട്ടില്ല. ഇത്തരം പ്രദേശങ്ങൾ എറണാകുളം ജില്ലയിലുമുണ്ട്. അവിടെ എങ്ങനെ ഓൺലൈൻ പഠനം നമുക്ക് സാധ്യമാക്കാൻ കഴിയും? അതുപോലെ പല പ്രദേശങ്ങളിലും ഓൺലൈൻ പഠനത്തിന്റെ ഭാഗമായി ടീച്ചർ ഒരു ക്ലാസ് വീഡിയോ ആക്കി വാട്ട്സ് ആപ്പിൽ അയച്ചുകൊടുത്താൽ, വാട്സ് ആപ്പ് തുറന്നാൽ ആ വീഡിയോ ലോഡ് ചെയ്യുന്ന (വട്ടം കറങ്ങുന്ന) കാഴ്ച കണ്ടുകൊണ്ടിരിക്കുന്ന നിരവധി വിദ്യാർത്ഥികളും രക്ഷിതാക്കളും അദ്ധ്യാപകരുമൊക്കെ ഇന്ന് നമ്മുടെ നാട്ടിലുണ്ട് എന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയാതെ പോകരുത്. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ കണക്കനുസരിച്ച് നമ്മുടെ നാട്ടിൽ ഫോണുപയോഗിക്കുന്ന 17 ശതമാനം ആളുകൾക്ക് ഇന്റർനെറ്റ് സൗകര്യമില്ല എന്നാണ് പറയുന്നത്. അതുപോലെ രക്ഷിതാക്കളിൽ 35 ശതമാനം പേർ കുട്ടികൾക്ക് ഇന്റർനെറ്റ് സൗകര്യമൊരുക്കാൻ സാമ്പത്തികമായി പ്രയാസപ്പെട്ടുകൊണ്ടിരിക്കുന്നു എന്നാണ്. ആദിവാസി മലയോര-തീരദേശ മേഖലകളിലെ സാധാരണക്കാരന്റെയും പാവപ്പെട്ടവന്റെയും കുടുംബങ്ങൾ നമ്മൾ കാണാതെ പോകരുത്. കഴിഞ്ഞ ദിവസം ശ്രീ. സജീവ് ജോസഫും ശ്രീ. സി. ആർ. മഹേഷുമൊക്കെ അവരുടെ നിയോജകമണ്ഡലങ്ങളിൽ വിദ്യാർത്ഥികളനുഭവിക്കുന്ന പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. 20 ലക്ഷത്തോളം കുടുംബങ്ങളിൽ ഇന്റർനെറ്റ് എത്തിക്കുമെന്ന വാഗ്ദാനത്തോടു കൂടിയാണ് കെ-ഫോൺ പദ്ധതി പ്രഖ്യാപിച്ചത്. എന്നാൽ എത്ര കുടുംബങ്ങളിൽ ഇന്റർനെറ്റെത്തിക്കാൻ സാധിച്ചു. മൂന്നാമത്തെ പ്രശ്നം, ഗാഡ്ജറ്റും ഇന്റർനെറ്റ് കണക്റ്റിവിറ്റിയുമുണ്ടെങ്കിലും ക്ലാസ്സുകൾ സ്വസ്ഥമായി മറ്റ് ശല്യപ്പെടുത്തലുകൾ കൂടാതെ ഏകാഗ്രമായി പഠിക്കാനായിട്ടുള്ള ഭൗതിക സാഹചര്യം ഇല്ലാത്ത എത്രയോ വീടുകളുണ്ടാകും. അത് വളരെ ആഴത്തിലുള്ള വിഷയമാണ്. ഞാനതിലേയ്ക്ക് വിശദമായി കടന്നു പോകാനാഗ്രഹിക്കുന്നില്ല. An ideal space for learning; അതില്ലാത്ത നിരവധി വീടുകളുണ്ട്. ആ വിഷയം നമ്മൾ അഡ്രസ്സ് ചെയ്യേണ്ടതല്ലേ? നാലാമത്തെ പ്രശ്നം, ഓൺലൈൻ വിദ്യാഭ്യാസത്തിൽ ഇപ്പോൾ നടക്കുന്നത് സിലബസ് ഫോക്കസ്ഡായ അദ്ധ്യയനമാണ്. വിദ്യാർത്ഥികളുടെ മനോവികാസം, അവരുടെ ഡെവലപ്പ്മെന്റൽ നീഡ്സ് നമുക്ക് എത്രത്തോളം അഡ്രസ്സ് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കേണ്ടതല്ലേ? ക്ലാസ്സ് റൂമിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ വ്യക്തിപരമായ ബന്ധമുണ്ട്. പക്ഷേ ഡിജിറ്റൽ വിദ്യാഭ്യാസത്തിലോ ഓൺലൈൻ വിദ്യാഭ്യാസത്തിലോ ഇത് സാധ്യമാകുന്നില്ല. വീടുകളിലായിരിക്കുമ്പോൾ രക്ഷിതാക്കൾക്ക് ഇക്കാര്യത്തിൽ പ്രത്യേക പങ്ക് വഹിക്കേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസമുള്ളതും ഇല്ലാത്തതുമായ രക്ഷിതാക്കളുണ്ട്. അത്തരം കാര്യങ്ങളിൽ ആ വിദ്യാർത്ഥികളുടെ പഠനം

എത്രത്തോളം ഫലപ്രദമാകുന്നുവെന്ന് നമുക്ക് കൃത്യമായി മനസ്സിലാക്കാൻ സാധിക്കുന്നുണ്ടോ? There will be a mentor teacher for every twenty students എന്ന് ബഹുമാനപ്പെട്ട മന്ത്രി ഒരു ഇന്റർവ്യൂവിൽ പറഞ്ഞതായി കാണാൻ കഴിഞ്ഞു. പക്ഷേ നമുക്ക് അതിനനുസരിച്ച് അദ്ധ്യാപകർക്കാവശ്യമായ പരിശീലനം നൽകാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

രണ്ട് വിഷയങ്ങൾ കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. അദ്ധ്യാപകരുടെ ഷോർട്ടേജിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിലുന്നയിച്ചതാണ്. സംസ്ഥാനത്ത് നിരവധി വിദ്യാലയങ്ങൾ പ്രധാനാദ്ധ്യാപകർ മാത്രമുള്ളതോ അല്ലെങ്കിൽ ഏകാദ്ധ്യാപക വിദ്യാലയങ്ങളോ ആയി നിലനിൽക്കുകയാണ്. അടിയന്തരമായി അദ്ധ്യാപകരുടെ ഷോർട്ടേജ് പരിഹരിക്കാനുള്ള നടപടികളുണ്ടാകണം. സാങ്കേതികമായി സ്കൂൾ തുറക്കാത്തതുകൊണ്ട് അപ്പോയിന്റ്മെന്റ് കിട്ടിയിട്ടും ജോയിൻ ചെയ്യാൻ സാധിക്കാത്ത നിരവധി അദ്ധ്യാപകർ നാട്ടിലുണ്ട്. ആ വിഷയം അഡ്രസ്സ് ചെയ്യേണ്ടതല്ലേ. 'An investment in knowledge pays best interest' എന്നാണ് ബെഞ്ചമിൻ ഫ്രാങ്ക്ളിൻ പറഞ്ഞിരിക്കുന്നത്. ഇക്കാര്യത്തിൽ സാമ്പത്തിക ലാഭം നോക്കരുത്. നമ്മുടെ വിദ്യാർത്ഥികളുടെ ഭാവിയെ സംബന്ധിക്കുന്ന വിഷയമാണ്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ പ്രശ്നം ഇവിടെ നിലനിൽക്കുന്നുണ്ട്. പ്ലസ് വൺ വിദ്യാർത്ഥികൾ പലരും ഒരു വർഷമായി പരസ്പരം കണ്ടിട്ടില്ല, അദ്ധ്യാപകരെയും കണ്ടിട്ടില്ല. അതുപോലെ ഹയർ സെക്കണ്ടറിയിലും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലുമുള്ള rare വിഷയങ്ങൾ എങ്ങനെ വിക്ടേഴ്സ് ചാനലിലൂടെ ഫലപ്രദമായി എടുക്കാൻ സാധിക്കും; മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളും നമ്മുടെ സ്കൂളുകളും തമ്മിലുള്ള വ്യത്യാസം കാണാതെ പോകരുതെ ന്നുള്ളതാണ്. നമ്മൾ വിക്ടേഴ്സ് ചാനലിനേയോ zoom ആപ്ലിക്കേഷനെയോ ഗൂഗിൾ മീറ്റിനെയോ ആശ്രയിക്കുമ്പോൾ സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകൾ സങ്കീർണ്ണമായ ഓൺലൈൻ ഉപകരണങ്ങളാണ് ഓൺലൈൻ വിദ്യാഭ്യാസത്തിനായി ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. മൈക്രോസോഫ്റ്റ് ടീംസ് ആപ്പ്, ഇൻസൈറ്റ്, ഗൂഗിൾ ക്ലാസ് റൂം പോലെയുള്ള വളരെ ഇന്ററാക്ടീവായ ആപ്ലിക്കേഷൻ അവർ ഇത്തരം പഠനത്തിനായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ആ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ശ്രദ്ധ, അവിടെ ലഭിക്കുന്ന ഇന്ററാക്ഷനും വ്യക്തിപരമായ സംരക്ഷണവും നമ്മുടെ വിദ്യാർത്ഥികൾക്ക് ലഭിക്കാതെ പോകുന്നത് വലിയ വിവേചനമാണ്. കാരണം നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസം സൗജന്യമാണെന്ന് പറയുമ്പോൾ അത് ഇവിടെ അട്ടിമറിക്കപ്പെടുകയാണ്. യൂണിഫോമിട്ട് എല്ലാ വിദ്യാർത്ഥികളും ക്ലാസിലേയ്ക്കെത്തുമ്പോഴുള്ള ഒരു തുല്യത ക്ലാസ് ഡിജിറ്റലായി വീടുകളിലെത്തുമ്പോൾ നഷ്ടപ്പെട്ട് പോവുകയാണ്. അത് വളരെ ഗുരുതരമായ

മാനസിക പ്രശ്നങ്ങൾ വിദ്യാർത്ഥികളുടെ ഇടയിൽ സൃഷ്ടിക്കും. ദേവിക എന്ന ഒൻപതാം ക്ലാസിൽ പഠിക്കുന്ന ഒരു ദളിത് വിദ്യാർത്ഥിനിയുടെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഇനി ദേവികമാർ ഉണ്ടാകാൻ പാടില്ല. ഈ ഡിജിറ്റൽ ഡിവൈഡും വിവേചനവും ഇവിടെ അവസാനിപ്പിക്കണം. നമ്മുടെ വിദ്യാർത്ഥികൾക്ക് ഇന്നത്തെ സാഹചര്യത്തിൽ ലോകനിലവാരത്തിലുള്ള ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ പറഞ്ഞ കാര്യംതന്നെയാണ് ബഹുമാനപ്പെട്ട അംഗവും ആവർത്തിച്ച് സൂചിപ്പിച്ചത്. നമ്മുടെയെല്ലാം അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യങ്ങളെല്ലാം ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറയുന്നത്. ഇതൊരു പുതിയ വിദ്യാഭ്യാസ രീതിയാണ്. കഴിഞ്ഞ കാലങ്ങളിലില്ലാത്ത പുതിയൊരു ദൗത്യവുമായി നമ്മൾ മുന്നോട്ട് പോകുകയാണ്. സ്വാഭാവികമായും അതിന്റെ കുറവുകൾ പൊതുവിലുണ്ടായെന്ന് വരാം. എന്നാൽ അവ പരമാവധി കുറയ്ക്കുന്നതിനുള്ള പരിശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ എല്ലാ വിദ്യാർത്ഥികൾക്കും ഈ സൗകര്യം കിട്ടണമെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നിലപാട്. അങ്ങ് സൂചിപ്പിച്ചതുപോലെ എം.എൽ.എ.-മാരും മന്ത്രിയുംമാത്രം വിചാരിച്ചാൽ എല്ലാ കുട്ടികൾക്കും സൗകര്യങ്ങളെത്തിക്കാൻ ഇപ്പോൾ കഴിയുകയില്ല. (...ബഹളം...) അങ്ങുൾപ്പെടെയുള്ള എം.എൽ.എ.-മാരുടെ സഹായമുണ്ടായാൽ മാത്രമേ നമുക്കിത് ഫലപ്രദമായി നടത്താൻ കഴിയുകയുള്ളൂവെന്ന കാര്യമാണ് ഞാനിവിടെ സൂചിപ്പിച്ചത്. സ്കൂൾതലത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കുടുംബശ്രീ, പി.ടി.എ., തദ്ദേശഭരണ സ്ഥാപന, പൂർവ്വ വിദ്യാർത്ഥി പ്രതിനിധികൾ, സ്കൂൾ ഭാരവാഹികളെല്ലാമുള്ള കമ്മിറ്റിയുടെ നേതൃത്വത്തിൽ ഓരോ പ്രദേശത്തും എത്ര കുട്ടികൾക്ക് ഇത്തരം സൗകര്യക്കുറവുണ്ടെന്നതിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ മനസ്സിലാക്കാൻ കഴിയും. സ്കൂൾ തുറന്നിട്ട് കുറച്ചുദിവസം മാത്രം ആയിട്ടുള്ളതിനാൽ കൃത്യമായ വിവരശേഖരണം നടത്തിയിട്ടില്ല. എങ്കിലും എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരള) നടത്തിയ പഠനത്തിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് 49000 കുട്ടികൾക്കാണെന്നാണ് പറഞ്ഞിട്ടുള്ളത്. ഇത് ഏകദേശം ഒരു ശതമാനത്തിൽ അധികമാണ്. ഈ കുട്ടികൾക്ക് പ്രസ്തുത കാലയളവിൽത്തന്നെ ഇതിന്റെ സംവിധാനം ഒരുക്കാൻ കഴിയും. രാജ്യത്താകെ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസ രംഗത്ത് സ്തംഭനമുണ്ടായിട്ടുണ്ട്. ഡിജിറ്റൽ

ക്ലാസിന്റെ കാര്യത്തിൽ കേരളം നടത്തിയ ശ്രമങ്ങൾക്ക് ഈ വർഷം മൂന്ന് ദക്ഷിണേന്ത്യൻ അവാർഡ് കിട്ടിയിട്ടുണ്ടെന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഒരു വിദ്യാർത്ഥിക്കുപോലും അവരുടേതല്ലാത്ത കാരണത്താൽ വിദ്യാഭ്യാസം നിഷേധിക്കുന്ന പ്രശ്നമില്ല. ഭരണ-പ്രതിപക്ഷമുൾപ്പെടെ എല്ലാവരുടെയും സഹകരണത്തോടെ അവർക്ക് എല്ലാ സൗകര്യങ്ങളും ഒരുക്കുന്നതിനായി നമുക്ക് ഒരുമിച്ച് മുന്നോട്ടുനീങ്ങാമെന്ന് പറഞ്ഞുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ലെന്ന് ഞാൻ ഒരിക്കൽക്കൂടി പറയുകയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മഹാമാരിയുടെ ഈ പശ്ചാത്തലത്തിലാണ് സംസ്ഥാനത്ത് ഓൺലൈൻ ക്ലാസ്സുകൾ തുടങ്ങാൻ നാം നിർബന്ധിതരായിത്തീർന്നത്. അത് സർക്കാരോ വേറെ ആരെങ്കിലുമോ ഉണ്ടാക്കിയതല്ല. ഇവിടെ ഒരു വർഷത്തിലധികമായി ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്നു. ഒരുവർഷം കഴിഞ്ഞപ്പോൾ വിദ്യാഭ്യാസ വകുപ്പ് തീർച്ചയായും ഓൺലൈൻ ക്ലാസ്സുകളുടെ ഇംപാക്ട് എന്താണ്, അതിന്റെ കുറവുകൾ/ന്യൂനതകൾ എന്തെല്ലാമാണെന്ന് പരിശോധിച്ച് അവ നികത്താനുള്ള നടപടികൾ ഈ അദ്ധ്യയന വർഷം തുടങ്ങുന്നതിനുമുമ്പ് സ്വീകരിക്കണമായിരുന്നു. നമുക്ക് രണ്ടുമാസത്തെ വെക്കേഷനുൾപ്പെടെ എല്ലാ കാര്യങ്ങളുമുണ്ടായിരുന്നു. എന്നാൽ നമുക്കത് ചെയ്യാൻ കഴിഞ്ഞില്ല. അങ്ങ് പറഞ്ഞ കണക്കുകൾ തെറ്റാണെന്ന് ഞാൻ വിനയപൂർവ്വം പറയാൻ ആഗ്രഹിക്കുന്നു. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ എഴുപത് പേജുള്ള റിപ്പോർട്ട് അങ്ങ് ദയവുചെയ്ത് വായിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. സംസ്ഥാനത്ത് ഏഴ് ലക്ഷത്തിലധികം കുട്ടികൾക്ക് ഓൺലൈൻ പഠനസൗകര്യമില്ലെന്നാണ് ആ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. അവർ പ്രത്യേകമായി സർവ്വേ നടത്തി പരിശോധിച്ചതനുസരിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, തീരപ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ, തോട്ടം, മലയോര മേഖലയിലുള്ള കുട്ടികൾ, സാമൂഹികമായി പിന്നിൽ നിൽക്കുന്ന മറ്റ് വിഭാഗങ്ങളിലെ കുട്ടികൾ എന്നിവരെല്ലാം ഇതിലുൾപ്പെടുമെന്നാണ് പറഞ്ഞിട്ടുള്ളത്. അവിടെനിന്ന് വരുന്ന ധാരാളം ജനപ്രതിനിധികൾ ഇവിടെയുണ്ട്. ഇന്റർനെറ്റ് സംവിധാനം, റെയിഞ്ച് ഇല്ലാത്തവരും സാമ്പത്തിക

അസൗകര്യങ്ങൾകൊണ്ട് മൊബൈൽ ഫോൺ വാങ്ങാൻ കഴിയാത്തവരുമുണ്ട്. ചില വീടുകളിൽ ഒരു മൊബൈൽ ഫോൺ മാത്രമായിരിക്കും ഉണ്ടായിരിക്കുക. ആ മൊബൈൽ ഫോണുമായി മാതാപിതാക്കൾ ആരെങ്കിലും ജോലിക്ക് പോയാൽ കുട്ടികൾ അവർ വരുന്നതുവരെ ക്ലാസ്സിനുവേണ്ടി കാത്തിരിക്കേണ്ടിവരും. അതിനിടയിൽ ലൈവ് ക്ലാസ്സുകളുണ്ട്. ആ ക്ലാസ്സുകൾ അറ്റന്റ് ചെയ്യാൻ കഴിയില്ല. രണ്ടും മൂന്നും കുട്ടികളുള്ള വീടുകളിൽ മാതാപിതാക്കളുടെ ഒരു ഫോണിനെ മാത്രം ആശ്രയിച്ച് പഠിക്കേണ്ടിവരുന്ന കുട്ടികളുണ്ട്. ഇതുവരെയുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് പൂർണ്ണമായി പാഠഭാഗങ്ങൾ പഠിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ്. അതുകൊണ്ടാണ് ഗവൺമെന്റ് പ്ലസ് വൺ പരീക്ഷ ഫോക്കസ് പാർട്ട് മാത്രം വച്ചുകൊണ്ട് നടത്താൻ പോകുന്നത്. സിലബസ്സിന്റെ പകുതിപോലും തീർക്കാൻ പല കാരണങ്ങളാൽ കഴിഞ്ഞിട്ടില്ല. മാത്രമല്ല വളരെ പ്രധാനപ്പെട്ട കാര്യം 40% കുട്ടികളും അവസാനമായപ്പോൾ ഓൺലൈൻ ക്ലാസ്സുകളിൽ കയറുന്നില്ലെന്നാണ് അദ്ധ്യാപകർ പറയുന്നത്. ഞാൻ പല ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന പത്തോളം അദ്ധ്യാപകരുമായി ഇന്നലെ രാത്രിയും ഇന്ന് രാവിലെയുമായി സംസാരിച്ചു, ആദ്യം കുട്ടികളിൽ വലിയ ആവേശമായിരുന്നു. ഇപ്പോൾ കുട്ടികളിൽ 40%-ത്തോളം പേർ ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നില്ല. മാത്രമല്ല മറ്റ് ആവശ്യങ്ങൾക്കായി കുട്ടികൾ ഈ ഫോൺ ഉപയോഗിക്കുന്നതായി വ്യാപകമായ പരാതികൾ മാതാപിതാക്കളിൽനിന്ന് വരുന്നു. എല്ലാ മാതാപിതാക്കൾക്കും കുട്ടികളുടെ കൂടെയിരുന്ന് ഓൺലൈൻ ക്ലാസ്സ് അറ്റൻഡ് ചെയ്യാൻ പറ്റില്ല. ജീവിതപ്രാരാബ്ധങ്ങൾ കൊണ്ട് പലർക്കും ജോലിക്കും പല കാര്യങ്ങൾക്കുമായി പുറത്ത് പോകേണ്ടിവരും. മാത്രവുമല്ല ഇത് വിക്ടേഴ്സ് ചാനലിൽനിന്നുള്ള ക്ലാസ്സാണ്. ഇപ്പോൾ പുതിയ ഓർഡർ ഇറക്കിയിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം സ്കൂൾ ടീച്ചേഴ്സ് പഠിപ്പിക്കണമെന്ന ഒരു നിഷ്കർഷ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിരുന്നില്ല. കേന്ദ്രസർക്കാർ സി.ബി.എസ്.സി. പരീക്ഷകൾ മുഴുവൻ റദ്ദാക്കി. എന്നാൽ നമ്മൾ പ്ലസ് ടു പരീക്ഷകൾ നടത്തി. ഞാൻ അതിനെ കുറ്റപ്പെടുത്തുന്നില്ല. സെപ്റ്റംബർ 6-ാം തീയതി പ്ലസ്‌വൺ പരീക്ഷ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാനത്തുള്ള മുഴുവൻ കുട്ടികളും ജനപ്രതിനിധികളെ വിളിക്കുകയാണ്. കാരണം അവർക്ക് പ്ലസ്ടുവിന്റെ ക്ലാസ് തുടങ്ങി മൂന്നുമാസം കഴിഞ്ഞിട്ടാണ് ഈ പരീക്ഷ വച്ചിരിക്കുന്നത്. ഈ വർഷം ജൂൺ 21-ാം തീയതി പ്രാക്ടിക്കൽ പരീക്ഷയാണ്. ഒരു ക്ലാസ്സിലേയ്ക്ക് പ്രൊമോഷൻ കിട്ടി മൂന്നുമാസം കഴിഞ്ഞിട്ട് മുമ്പ് പഠിച്ച ഭാഗങ്ങളുടെ പേരിൽ പരീക്ഷ എഴുതണമെന്നാണ് ആവശ്യപ്പെടുന്നത്. മാത്രവുമല്ല, പാഠഭാഗങ്ങൾ പഠിപ്പിച്ച് തീർന്നിട്ടുമില്ല. അപ്പോൾ പ്രധാനപ്പെട്ട ചില ഭാഗങ്ങൾമാത്രം ഫോക്കസ് ചെയ്ത്

പരീക്ഷ നടത്താനുള്ള തീരുമാനമാണുണ്ടായിരിക്കുന്നത്. അതുതന്നെ പല സ്കൂളുകളിലും രണ്ടാമത് പഠിപ്പിക്കണം. അതായത്, സർക്കാർ പറഞ്ഞ മുഴുവൻ പാഠഭാഗങ്ങളും വച്ച് പരീക്ഷ നടത്തുന്നില്ല. ചില കണ്ടന്റ് മാത്രം ഉൾപ്പെടുത്തി പരീക്ഷ നടത്താൻ പോകുന്നുവെന്നാണ് സർക്കാർ പറയുന്നത്. ആ ഭാഗംപോലും പഠിപ്പിക്കാത്ത ധാരാളം സ്കൂളുകളുണ്ട്, അപ്പോൾ അത് വീണ്ടും പഠിപ്പിക്കണം. പ്ലസ്ടു ക്ലാസ്സിലിരുന്നുകൊണ്ട് പ്ലസ്‌വൺ ക്ലാസ്സിൽ പഠിപ്പിക്കേണ്ട കാര്യം രണ്ടാമത് പഠിപ്പിച്ചിട്ട് സെപ്റ്റംബർ 6-ാം തീയതി ഈ പരീക്ഷ എഴുതേണ്ട സാഹചര്യമാണുള്ളത്. പരീക്ഷ സെപ്റ്റംബറിലേയ്ക്ക് പ്രഖ്യാപിക്കുമ്പോൾ സർക്കാരോ ബന്ധപ്പെട്ടവരോ ഇത്തരം കാര്യങ്ങൾ പരിശോധിച്ച് ചെയ്യേണ്ടതായിരുന്നു.

കെ.എസ്.എഫ്.ഇ. ഇപ്പോൾ ചില സ്ഥാപനങ്ങൾക്ക് മാത്രമാണ് സഹായം കൊടുക്കുന്നത്. അവർ പറയുന്നത് സാംസ്കാരിക നിലയം, ലൈബ്രറി അവിടെയൊക്കെ ടി.വി. വാങ്ങിവച്ച് പഠിക്കാനാണ്. എന്നാൽ പിന്നെ ഓൺലൈൻ ക്ലാസ്സിന്റെ പ്രസക്തിയും സാംഗത്യവും എന്താണ്? സാമൂഹിക അകലം പാലിക്കുന്നതിനുവേണ്ടിയാണ് കുട്ടികളെ സ്കൂളുകളിലേയ്ക്ക് വിടാത്തത്. അപ്പോൾ അവർ സാംസ്കാരിക നിലയത്തിലും ലൈബ്രറിയിലും പോയിരുന്നു പഠിച്ചാലോ; വലിയ കഷ്ടമാണ് കാര്യങ്ങൾ. ട്യൂഷനെടുത്ത് ജീവിക്കുന്ന ധാരാളം കുടുംബങ്ങൾ ലോക്ക്ഡൗണിന്റെ ഭാഗമായി ട്യൂഷൻപോലും വേണ്ടെന്ന് വച്ചിരിക്കുകയാണ്. ആ സാഹചര്യത്തിലാണ് കെ.എസ്.എഫ്.ഇ. ഈ സ്ഥാപനങ്ങൾക്ക് മാത്രമായി സഹായം കൊടുക്കുന്നത്. വ്യക്തികൾക്ക് കൊടുക്കില്ല. അവരുടെ മാതാപിതാക്കളുടെ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് കൊടുക്കില്ല. ആവശ്യകത മനസ്സിലാക്കാതെ സാംസ്കാരിക നിലയത്തിലും സ്കൂളിലും ടി.വി.-യും മറ്റു സാധനങ്ങളും വാങ്ങിവച്ചിട്ട് എന്താണ് കാര്യം; ഇതിന്റെ പർപ്പസ് സെർവ് ചെയ്യുമോ? അതുമാത്രമല്ല, അദ്ധ്യാപകർ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട ഒരു കാര്യം, പഠനനിലവാരം ഗണ്യമായി കുറയുന്നു എന്നാണ്. ഞാൻ പറയട്ടെ, 9, 10 ക്ലാസ്സുകളിൽ നന്നായി പഠിക്കാതെ അതിന്റെ തുടർപഠനം കുട്ടികൾക്ക് പഠനവിരസതയുണ്ടാക്കുമെന്നുള്ളതിൽ സംശയമില്ല.

മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. സജി ചെറിയാൻ)</u>: സർ, അങ്ങ് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് പഠന ക്ലാസ്സിനെപ്പറ്റി സംസാരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കെ.എസ്.എഫ്.ഇ. 80 ശതമാനവും എം.എൽ.എ.-മാരും മറ്റുള്ളവരും അവരുടെ ആസ്തി വികസന ഫണ്ടിൽനിന്ന് അല്ലെങ്കിൽ മറ്റുതരത്തിൽ 20 ശതമാനവും പണം കൊടുത്ത് എൽ.ഇ.ഡി. ടി.വി. വാങ്ങിയും അതുകൂടാതെ

മൊബൈൽ/സ്മാർട്ട് ഫോൺ വാങ്ങിയും അങ്ങനെ എല്ലാ വീടുകളിലും എത്തിക്കാൻ കഴിയാത്ത സ്ഥലത്ത് അഞ്ച് കുട്ടികളെ സാമൂഹിക അകലം പാലിച്ച് ഗ്രന്ഥശാലയിലോ മറ്റ് സ്ഥലങ്ങളിലോ ഇരുത്തി പഠനം നടത്താനുള്ള സംവിധാനം തീരുമാനിച്ചിരുന്നു. അത് ഫലപ്രദമായി പല മണ്ഡലങ്ങളിലും നടന്നിട്ടുണ്ട്. അങ്ങ് അത് മനസ്സിലാക്കിയിട്ടുണ്ടോയെന്നാണ് എന്റെ സംശയം.

ശ്രീ. വി. ഡി. സതീശൻ: സർ, അതിന്റെ സാംഗത്യം എന്താണെന്നാണ് ഞാൻ ചോദിച്ചത്. സ്കൂൾ തുറക്കാതെ വീട്ടിലിരുന്ന് പഠിക്കാൻ പറയുന്നതാണല്ലോ ഓൺലൈൻ ക്ലാസ്. സാംസ്കാരിക നിലയത്തിലും ലൈബ്രറിയിലും പോയാൽ കുട്ടികൾ സാമൂഹിക അകലം പാലിക്കുമോ? ഇവിടത്തെ ഭരണകക്ഷി അംഗങ്ങളുൾപ്പെടെ അന്ന് പറഞ്ഞതാണ്. വ്യക്തികൾക്ക് സാമ്പത്തികസഹായം കിട്ടിയാൽ മാത്രമേ ഉദ്ദേശ്യം സഫലീകരിക്കുകയുള്ളൂ. അവർക്ക് ചിട്ടിയിൽ ചേർന്നാൽ ഉടൻ പണം നൽകണം. വളരെ കുറച്ചുപേർക്കാണ് അത് കിട്ടിയിട്ടുള്ളതെന്ന് മുഖ്യമന്ത്രിതന്നെ കഴിഞ്ഞ ദിവസം പറഞ്ഞു. ചിട്ടിയിൽ ചേർന്നവർക്ക് സാമ്പത്തിക വിതരണം കൃത്യമായി നടന്നിട്ടില്ല. ഇത് സഭയെ തെറ്റിദ്ധരിപ്പിക്കാൻ പറയുകയല്ല, ഇത് ഈ ഗവൺമെന്റിന്റെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്താൻ, പൊതുഫോക്കസിൽ വരുത്താൻവേണ്ടി പറയുകയാണ്. ഇങ്ങനെയൊരു ഡിജിറ്റൽ ഡിവൈഡ് കേരളത്തിലുണ്ടെന്നാണ് ശ്രീ. റോജി എം. ജോൺ പറഞ്ഞത്. അത് യാഥാർത്ഥ്യമല്ലേ; ഏഴ് ലക്ഷത്തിലധികം കുട്ടികൾക്ക് ഈ ഓൺലൈൻ സൗകര്യങ്ങൾ ഉപയോഗിക്കാൻ കഴിയുന്നില്ലെന്ന് പറഞ്ഞാൽ അത് നമുക്ക് അപമാനകരമല്ലേ? സഭയെ തെറ്റിദ്ധരിപ്പിക്കാനാണോ ശ്രീ. റോജി എം. ജോൺ പറഞ്ഞത്? അല്ല. അത് കണ്ടിട്ട് സ്പോൺസർമാർ ഉണ്ടാകട്ടെ. ഡിജിറ്റൽ ഡിവൈഡ് ഇല്ലാത്ത ആദ്യത്തെ നിയോജകമണ്ഡലമായി പ്രഖ്യാപിച്ച ആളാണ് ഞാൻ. ഞങ്ങൾ ഗവൺമെന്റുമായി പൂർണ്ണമായി സഹകരിച്ച ആൾക്കാരാണ്. ഞാൻ 300-ലധികം ടി.വി-കളും 200-ലധികം ടാബ്‌ലെറ്റുകളും 125 മൊബൈൽ ഫോണുകളും വിതരണം ചെയ്തു. ഇപ്പോഴും ഏതെങ്കിലും കുട്ടിയുടെ ഫോൺ കേടായാൽ, ഏതെങ്കിലും കുട്ടിയുടെ വീട്ടിലെ ടി.വി. കേടായാൽ അത് ഉടൻതന്നെ മാറ്റിക്കൊടുക്കുന്ന ആളാണ് ഞാൻ. ഞങ്ങൾ ഇത് സഭയെ തെറ്റിദ്ധരിപ്പിക്കാൻ പറഞ്ഞതല്ല. ഇത് സർക്കാർ പ്രഖ്യാപിച്ചതാണ്. കഴിഞ്ഞ മന്ത്രിസഭയിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഞങ്ങൾക്ക് എല്ലാവർക്കും കത്തെഴുതിയപ്പോൾ, ഡിജിറ്റൽ ഡിവൈഡ് ഇല്ലാത്ത കേരളത്തിലെ ആദ്യത്തെ നിയോജകമണ്ഡലമായിരിക്കും എന്റേതെന്ന് പ്രഖ്യാപിച്ച് ഭംഗിയായി നടപ്പാക്കിയ ആളാണ് ഞാൻ. പക്ഷെ, കൊച്ചി നഗരത്തോട് ചേർന്നുകിടക്കുന്ന നിയോജകമണ്ഡലമാണ് എന്റേത്. കുറേ സ്പോൺസർമാരെ വേണമെങ്കിൽ കിട്ടും.

ഞങ്ങൾ സ്പോൺസർമാരെക്കൊണ്ടും സി.എസ്.ആർ. ഫണ്ടുമൊക്കെ ഉപയോഗിച്ചാണ് ഇത് ചെയ്തത്. നമ്മുടെ കയ്യിൽനിന്ന് കൊടുക്കുന്നതല്ല. ഞാൻ ചോദിക്കട്ടെ, അട്ടപ്പാടിയിലും ദൂരെ സ്ഥലങ്ങളിലുമുള്ള കുട്ടികൾക്ക് ആര് കൊടുക്കും? തോട്ടം മേഖലയിലെയും പട്ടിണിയും ദാരിദ്ര്യവുമുള്ള പ്രദേശങ്ങളിലെയും കാര്യമാണ് ഞങ്ങൾ പറയുന്നത്. അവിടെയുള്ളവർക്ക് നമ്മുടെ താങ്ങും തണലും വേണം. ഇത്തരം വിഷയങ്ങൾ ഫോക്കസിൽ വരുമ്പോൾ സ്പോൺസർമാരും ഇത് കേൾക്കുന്നവരും ശ്രദ്ധയിൽപ്പെടുന്നവരും കൂടിച്ചേർന്ന് ചെയ്യുന്നതിനാണ് ഞങ്ങൾ വാക്കൗട്ട് ഒഴിവാക്കി ഈ വിഷയം അവതരിപ്പിക്കുന്നത്. അത് സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്താനാണോ? ഇത് ഞാൻ തുടക്കത്തിൽ പറഞ്ഞതാണ്. വിദ്യാഭ്യാസരംഗത്ത് വേറെ നിവൃത്തിയില്ലാത്തതുകൊണ്ട് സർക്കാർ തുടങ്ങിയതാണ് ഓൺലൈൻ ക്ലാസ്സുകൾ. ഒരു വർഷം പൂർത്തിയാകുമ്പോൾ ഇതിന്റെ ന്യൂനത എന്താണെന്ന് മനസ്സിലാക്കി പരിഹരിക്കാനുള്ള ശ്രമം നടത്തിയില്ലെങ്കിൽ, ക്ലാസ്സുകളുടെ നിലവാരം കുറയുമ്പോൾ, അത് ഉന്നത വിദ്യാഭ്യാസത്തെ ബാധിക്കും. ഇപ്പോൾ പ്ലസ് വൺ-ലും പ്ലസ്ടു-വിലും പഠനനിലവാരം കുറഞ്ഞാൽ ആ കുട്ടികൾ പോകേണ്ടത് എവിടെയാണ്? നല്ലൊരു ശതമാനം കുട്ടികൾ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും ഹയർ എഡ്യൂക്കേഷനും പോകേണ്ടതാണ്. അവരുടെ ബെയ്സ് മോശമായാൽ പഠന നിലവാരം കുറയും. ആ സ്റ്റാൻഡേർഡ് കുറയാതിരിക്കാൻ നമുക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യണം. പല വികസിത രാജ്യങ്ങളും വളരെ ഭംഗിയായി ഈ സാഹചര്യത്തെ നേരിടുന്നുണ്ടെന്ന് നമുക്ക് അറിയാം.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, അങ്ങ് ദീർഘിപ്പിക്കുന്നില്ല എന്നുപറഞ്ഞാൽ സാധാരണ ദീർഘിപ്പിക്കാറില്ല.

<u>ശ്രീ. സണ്ണി ജോസഫ്:</u> സർ, പല ആളുകളും സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ, ഒരു വ്യവസ്ഥയ്ക്ക് വിധേയമായി എം.എൽ.എ. ഫണ്ടിന്റെ ഒരു നിശ്ചിതസംഖ്യ ഈ ആവശ്യത്തിന് ഉപയോഗിക്കുന്നത് നല്ലതാണോ?

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, വളരെ നല്ലൊരു പ്രൊപ്പോസലാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. സണ്ണി ജോസഫ് നൽകിയത്. സർക്കാരിന്റെ പരിഗണനയ്ക്കായി ഞങ്ങൾ അത് സമർപ്പിക്കുകയാണ്. അതുകൊണ്ട് ഡിജിറ്റൽ ഡിവൈഡ് പൂർണ്ണമായി ഇല്ലാതാക്കി, പാവപ്പെട്ട, പാർശ്വവൽക്കരിക്കപ്പെട്ട എല്ലാ ജനസമൂഹത്തിലെയും കുട്ടികൾക്ക് ഇത് ഉറപ്പുവരുത്താനുള്ള ബാധ്യത നമുക്കെല്ലാവർക്കുമുണ്ട്. അക്കാര്യത്തിൽ ഗവൺമെന്റ് മുൻഗണനാടിസ്ഥാനത്തിൽ കാര്യങ്ങൾ തീരുമാനിച്ച് നടത്തണമെന്നുള്ള ഒരു അഭ്യർത്ഥന സർക്കാരിന് മുന്നിൽ സമർപ്പിക്കുന്നു.

# II ശ്രദ്ധ ക്ഷണിക്കൽ

## (1) തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. പി. എസ്. സുപാൽ: സർ, തോട്ടം മേഖലയിലെ ആയിരക്കണക്കിന് തൊഴിലാളികളുടെ ഏറ്റവും അടിയന്തര പ്രാധാന്യമുള്ള പ്രശ്നത്തിലേയ്ക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. തോട്ടം മേഖലയിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളിൽ അടിസ്ഥാനസൗകര്യങ്ങളുടെ കുറവുണ്ട്. പല വീടുകളെ സംബന്ധിച്ചും വീടെന്ന് പറയാൻ കഴിയില്ല. കൂടുതൽ തൊഴിലാളികളും ഭൂമിയില്ലാത്തവരാണ്. അവർക്ക് ഒരു വീട് എന്നുള്ള സ്വപ്നം യാഥാർത്ഥ്യമാക്കാൻ ഗവൺമെന്റ് പദ്ധതി ആവിഷ്കരിച്ചിരുന്നു. എല്ലാ തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ച് നൽകുന്നതിനുള്ള ഒരു പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകിയിരുന്നത് വളരെ അടിയന്തരമായി നടപ്പാക്കി എല്ലാവർക്കും വീട് നിർമ്മിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കോവിഡിന്റെ രണ്ടാം തരംഗത്തിൽ വലിയ വ്യാപനം നമ്മുടെ സംസ്ഥാനത്തൊട്ടാകെ ഉണ്ടായതിൽ ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ളത് തോട്ടം മേഖലയെയാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം, ഒരു ലയത്തിൽ ഒരാൾക്ക് രോഗം വന്നാൽ അവിടത്തെ മുഴുവൻ ആളുകളെയും അത് ബാധിക്കും. കാരണം വീടുകളിൽ മതിയായ സൗകര്യങ്ങളില്ല. അതുകൊണ്ട് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മുന്തിയ പരിഗണന കൊടുക്കേണ്ട ഒരു പ്രദേശമാണ് തോട്ടം മേഖല. വാക്സിനേഷനുമായി ബന്ധപ്പെട്ട് മുൻഗണന നിശ്ചയിക്കുന്നുണ്ട്. തോട്ടം തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും മുൻഗണന നിശ്ചയിച്ച് വാക്സിൻ എത്രയും വേഗം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതുമാത്രമല്ല, തോട്ടങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് വാക്സിനേഷൻ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റൊന്ന്, തോട്ടം മേഖലയിൽ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. സ്വകാര്യ തോട്ടങ്ങളാണെങ്കിലും പൊതുമേഖലാ ഉടമസ്ഥതയിലുള്ള തോട്ടങ്ങളാണെങ്കിലും അവിടെയെല്ലാം മെഡിക്കൽ സംവിധാനം ഉണ്ടാകണം. പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അത് നല്ലതുപോലെയുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. എന്നാൽ സ്വകാര്യ തോട്ടങ്ങളുമായി ബന്ധപ്പെട്ട് ചികിത്സാ സംവിധാനത്തിന്റെ പരിമിതികൾ ഏറെയാണ്. പല തൊഴിലാളികൾക്കും പുറത്ത് ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യമുണ്ട്. അതുകൊണ്ട് ചികിത്സാസംവിധാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതുമാത്രമല്ല,

ഇ.എസ്.ഐ. പരിധിയിൽ ഈ തൊഴിലാളികളെ കൊണ്ടുവന്നാൽ അത് അങ്ങേയറ്റം ഗുണകരവും അവരുടെ ചികിത്സ നിറവേറ്റുന്ന സാഹചര്യവുമുണ്ടാകും. അതുകൊണ്ട് ഇ.എസ്.ഐ. പരിധിയിൽ തോട്ടം തൊഴിലാളികളെ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊന്ന്, കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ തോട്ടം മേഖലയിലെ വിരമിക്കൽ പ്രായം 58 എന്നത് 60 ആക്കി വർദ്ധിപ്പിച്ചത് നല്ലൊരു തീരുമാനമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് മാനേജ്മെന്റ് കേസിനുപോയതിന്റെ അടിസ്ഥാനത്തിൽ അത് നടപ്പാക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. അതുകൊണ്ടുതന്നെ, 58 വയസിൽ വിരമിക്കേണ്ട തൊഴിലാളികൾ അനിശ്ചിതത്വത്തിലാണ്. അടിയന്തരമായി ഇക്കാര്യത്തിൽ ഗവൺമെന്റ് തീരുമാനം പ്രഖ്യാപിക്കേണ്ടതാണ്. തോട്ടങ്ങളിൽ ഉപയോഗിക്കാതെ, വെറുതെ കിടക്കുന്ന ധാരാളം ഭൂമിയുണ്ട്. തോട്ടങ്ങളുടെ പൊതുഘടനയിൽ മാറ്റം വരുത്താതെ കാർഷിക ആവശ്യങ്ങൾ അതിൽത്തന്നെ നിലനിർത്തിക്കൊണ്ട് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ സാധിക്കുന്ന തരത്തിൽ ആ ഭൂമിയുടെ വിനിയോഗത്തിൽ ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

തോട്ടങ്ങളെല്ലാം വനമേഖലയുമായി ബന്ധപ്പെട്ട് കിടക്കുന്നവയാണ്. അതുകൊണ്ടുതന്നെ വന്യമൃഗങ്ങളുടെ ശല്യം തൊഴിലാളികൾക്ക് പലപ്പോഴു മുണ്ടാകുന്നുണ്ട്. പല തൊഴിലാളികൾക്കും ഗുരുതരമായി പരിക്കേൽക്കുകയും ജീവൻ നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യമുണ്ട്. വളരെ ഭയപ്പെട്ട് രാവിലെ ജോലിക്കിറങ്ങുന്ന ഒട്ടേറെ തൊഴിലാളികളുണ്ട്. അവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കണം. കോവിഡ് കാലത്തുതന്നെ ശമ്പളപരിഷ്കരണം കൃത്യമായി നടപ്പാക്കി കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ മാതൃക കാണിക്കുകയുണ്ടായി. എന്നാൽ പി.എൽ.സി. രൂപീകരിച്ചെങ്കിലും അത് കൂടിയെങ്കിൽമാത്രമേ ശമ്പളവർദ്ധനവുമായി ബന്ധപ്പെട്ട മറ്റ് ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുകയുള്ളൂ. അതുകൊണ്ട് അടിയന്തരമായി പി.എൽ.സി.കൂടി മറ്റാനുകൂല്യങ്ങൾകൂടി തൊഴിലാളികൾക്ക് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭവനം ഫൗണ്ടേഷൻ കേരളം മുഖേന തോട്ടം മേഖലയിലെ ഭവനരഹിതരായ തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. കൂടാതെ

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ The Rehabilitation Plantations Limited(RPL), പുനലൂരിലെ തൊഴിലാളികൾക്ക് ഭവനം ഫൗണ്ടേഷൻ കേരളം മുഖേന കുളത്തൂപ്പുഴ എസ്റ്റേറ്റിൽ 40 വീടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതിൽ 6 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് വാക്സിനേഷൻ നൽകുന്നതിനാവശ്യമായ ചെലവ് അസോസിയേഷൻ ഓഫ് പ്ലാന്റേഷൻസ് വഹിക്കാമെന്നേറ്റിട്ടുണ്ട്. വാക്സിൻ ലഭ്യമാകുന്നമുറയ്ക്ക് തോട്ടം മേഖലയിൽ വച്ചുതന്നെ വാക്സിനേഷൻ നൽകുന്നതിനാവശ്യമായ സൗകര്യങ്ങളൊരുക്കുന്നതാണ്. കേന്ദ്രസർക്കാർ രൂപംനൽകിയ സോഷ്യൽ സെക്യൂരിറ്റി കോഡ് നിലവിൽ വരുന്നമുറയ്ക്ക് തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. പദ്ധതിയിൽ ഓപ്ഷണൽ കവറേജ് ലഭിക്കുന്നതാണ്. തോട്ടം തൊഴിലാളികളുടെ വിരമിക്കൽ പ്രായം 58-ൽനിന്നും 60 ആക്കി പുറപ്പെടുവിച്ച സർക്കാർ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിനായി ഡിപ്പാർട്ടുമെന്റ് കോടതിയിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിച്ചിട്ടുണ്ട്. തോട്ടങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ അതിന്റെ ഘടനയിൽ മാറ്റംവരുത്താതെതന്നെ കാർഷിക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമെന്ന വസ്തുത സംസ്ഥാന സർക്കാരിന്റെ പ്ലാന്റേഷൻ പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെടുന്ന തൊഴിലാളികൾക്ക് പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ മരണപ്പെടുന്ന തൊഴിലാളികളുടെ അവകാശികൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് വനം വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മരണമടയുന്ന തോട്ടം തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ വകുപ്പുമുഖേന ഒരു ലക്ഷം രൂപയും നഷ്ടപരിഹാരം നൽകിവരുന്നു.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, എല്ലാ മേഖലയിലും മിനിമം കൂലി 600 രൂപയാക്കി നേരത്തെ നിശ്ചയിച്ചിരുന്നു. അക്കാര്യത്തിൽ വളരെ മാതൃകാപരമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. ആയത് 700 രൂപയായി വർദ്ധിപ്പിക്കുമെന്ന് കഴിഞ്ഞദിവസം ബഹുമാന്യനായ മുഖ്യമന്ത്രി നയപ്രഖ്യാപന പ്രസംഗവുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ സൂചിപ്പിക്കുകയുണ്ടായി. തോട്ടം മേഖലയിൽ മാനേജ്മെന്റുകളാണ് കൂടുതൽ തോട്ടങ്ങളും നിയന്ത്രിക്കുന്നതെന്നുള്ളതുകൊണ്ട് മിനിമം കൂലിയുടെ കാര്യത്തിൽ അവർ എപ്പോഴും തർക്കം ഉന്നയിക്കാറുണ്ട്. തോട്ടം മേഖലയിലെ എല്ലാ തൊഴിലാളികൾക്കും 600 രൂപ ലഭിക്കുന്നതിന് ആവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ; അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, തോട്ടം മേഖലയിലെ പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരം കാണുന്നതിന് മുന്തിയ പരിഗണനയാണ് ഗവൺമെന്റ് നൽകുന്നത്. ശ്രീ. ടി. പി. രാമകൃഷ്ണൻ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ തോട്ടം മേഖലയിലെ പ്രതിസന്ധിയും പരിഹാരനിർദ്ദേശങ്ങളും സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ കമ്മീഷനെ നിയോഗിക്കുകയുണ്ടായി. ആ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം കാര്യങ്ങൾ ഇവിടെ നടപ്പിലാക്കാൻ കഴിയുമെന്നതുസംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സമിതിയെ ചുമതലപ്പെടുത്തുകയുണ്ടായി. ആ സമിതിയുടെകൂടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തോട്ടം മേഖലയിൽ നടപ്പിലാക്കാൻ പോകുന്ന, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലുള്ള പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവിറക്കിയിട്ടുണ്ട്. അതെല്ലാം ഘട്ടംഘട്ടമായി നടപ്പിലാക്കാം. ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടും ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള പ്ലാന്റേഷൻ രംഗത്തെ നയത്തെ സംബന്ധിച്ച റിപ്പോർട്ടും കൈവശമുണ്ട്. പരിശോധിക്കണമെങ്കിൽ ആയത് അങ്ങേയ്ക്ക് നൽകാം. അത് നടപ്പിലാക്കുന്നതോടുകൂടി ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയ പ്രശ്നങ്ങൾക്ക് ഘട്ടംഘട്ടമായി പരിഹാരം കാണാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (2) നഷ്ടപരിഹാരം

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, സംസ്ഥാനത്ത് അപ്രതീക്ഷിതമായുണ്ടായ കാലവർഷക്കെടുതിമൂലം വ്യാപകമായ രീതിയിൽ കൃഷിനാശം സംഭവിച്ചിരിക്കുകയാണ്. കാർഷികമേഖലയെ ആശ്രയിച്ചുനിൽക്കുന്ന ഒട്ടേറെ കർഷകർക്ക് കാലവർഷത്തിന്റെയും കാറ്റിന്റെയും ഫലമായി യഥാസമയം വിളവെടുക്കാൻ കഴിയാതെ വ്യാപകമായ കൃഷിനാശമാണ് സംസ്ഥാനത്ത് പൊതുവെയുണ്ടായിട്ടുള്ളത്. നെല്ല്, വാഴ, കപ്പ, പച്ചക്കറി എന്നിവയ്ക്കാണ് കൂടുതൽ നാശനഷ്ടമുണ്ടായിട്ടുള്ളത്. നെൽകൃഷിയെ സംബന്ധിച്ചിടത്തോളം, ഏറെക്കുറെ കൊയ്യാറായ സമയത്ത് മഴ വന്നതിനാൽ കൊയ്യാൻ കഴിയാതെ വെള്ളത്തിൽ കിടക്കുന്നതിന്റെ ഫലമായി വമ്പിച്ച നഷ്ടമാണ് പൊതുവെ ഉണ്ടായിട്ടുള്ളത്. അതുമാത്രമല്ല, സാധാരണ ഞാറ് നട്ട് പതിനഞ്ച് ഇരുപത് ദിവസത്തിനകം വെള്ളം കയറി നശിച്ചാൽ ഇൻഷ്വർ ചെയ്യാൻ കഴിയില്ല. ഇൻഷ്വർ ചെയ്യണമെങ്കിൽ നെല്ല് നട്ട് അറുപത് ദിവസം കഴിഞ്ഞാൽ മാത്രമേ അപേക്ഷ നൽകാൻ സാധിക്കുകയുള്ളൂ. അങ്ങനെയൊരു ബുദ്ധിമുട്ട് ഇതോടൊപ്പമുണ്ട്. കൂടാതെ, സാധാരണഗതിയിൽ കൊയ്ത്തുമെഷീന് ഒരു ഹെക്ടറിന് 1,500 രൂപ വാടക നൽകിയാണ് കൃഷിക്കാർ എടുക്കാറുള്ളത്. പക്ഷേ ഇത്തവണ മഴയുടെ ഫലമായി ചെളിയും മറ്റുമുള്ളതുകൊണ്ട്

ചെയിനുപയോഗിച്ചുള്ള മെഷീൻ ഉപയോഗിക്കേണ്ടി വന്നതിനാൽ ഒരു ഹെക്ടറിന് 2,800 രൂപയാണ് നൽകേണ്ടിവന്നത്. ഇത്തരത്തിലുള്ള നഷ്ടപരിഹാരത്തിന് കൃഷി വകുപ്പ് എന്താണ് ചെയ്യാൻ പോകുന്നതെന്ന് എനിക്കറിയില്ല. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കാനും എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത്? നെല്ല് സംഭരിച്ചിട്ട് രണ്ട് മാസത്തോളമായി. ഇതുവരെ പണം കിട്ടിയില്ലെന്ന പരാതി കൃഷിക്കാർക്കുണ്ട്. അത് ലഭിച്ചാൽമാത്രമേ തുടർന്ന് കൃഷി ചെയ്യാൻ സാധിക്കുകയുള്ളൂ. സർക്കാർ മേഖലയിൽ ഇപ്പോൾ മൂന്ന് മില്ലുകളാണുള്ളത്. സ്വകാര്യ മില്ലുകളെ ആശ്രയിച്ചാൽ മാത്രമേ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. യഥാസമയം അവരുമായി ധാരണയിലെത്താൻ കഴിയാത്തതിന്റെ ഫലമായി എല്ലാ സീസണിലും പ്രതിസന്ധി നിലനിൽക്കുകയാണ്. പലയിടങ്ങളിലും പാടശേഖരങ്ങൾ തരിശ്ശായി കിടക്കുന്നത് ഏറ്റെടുത്ത് കൃഷിയോഗ്യമാക്കി മാറ്റുന്നതിനുള്ള സംവിധാനങ്ങളും കാര്യമായി നടക്കുന്നില്ല. ഇപ്പോൾ സപ്ലൈകോ ആണ് നെല്ല് സംഭരിക്കുന്നത്. ഒരു ക്വിന്റൽ നെല്ല് സംഭരിക്കുമ്പോൾ ഏകദേശം അഞ്ച് കിലോ കുറവ് വരുത്തിക്കൊണ്ടാണ് അവർ സംഭരിക്കുന്നത്. ബാങ്കിൽനിന്നുള്ള പണം സമയത്ത് ലഭ്യമാകുന്നില്ല. കോവിഡായതുകൊണ്ട് ബാങ്കിലേയ്ക്ക് പോകാൻ കഴിയാത്ത പ്രത്യേക സാഹചര്യവുമുണ്ട്. അതുപോലെ വാഴ, പച്ചക്കറി, കപ്പ എന്നിവയ്ക്ക് ഏറ്റവുമധികം നഷ്ടം സംഭവിച്ചിട്ടുണ്ട്. തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലും നന്നമ്പ്ര, തെന്നല തുടങ്ങിയ പഞ്ചായത്തുകളിലും സന്ദർശിച്ചിരുന്നു. കൂടെ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുമുണ്ടായിരുന്നു. വ്യാപകമായ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. കുറേ ചെറുപ്പക്കാർകൂടി തണ്ണിമത്തൻ കൃഷി ചെയ്തു. കഴിഞ്ഞ വർഷം ലാഭകരമായിരുന്നു. പക്ഷേ ഇത്തവണ മഴ വന്നതിനാൽ വ്യാപകമായ നഷ്ടമുണ്ടായി. എന്നാലും അഞ്ചാറ് ക്വിന്റൽ തണ്ണിമത്തൻ വിളവെടുത്തു. പക്ഷേ എവിടെ കൊണ്ടുപോയി വിൽക്കാൻ സാധിക്കും? കച്ചവട സ്ഥാപനങ്ങളെല്ലാം പൂട്ടിക്കിടക്കുകയാണ്, മാർക്കറ്റില്ല, സാധനം കൊണ്ടുപോകാൻ കഴിയുന്നില്ല. അതുകൊണ്ട് വമ്പിച്ച നഷ്ടമുണ്ടായി. ജനപ്രതിനിധികളെല്ലാം വന്ന് അതിന് ന്യായമായ വിലകൊടുത്തു വാങ്ങി സൗജന്യമായി എല്ലാവർക്കും വിതരണം ചെയ്യുകയാണുണ്ടായത്. ഇതുതന്നെയാണ് കപ്പയുടെ കാര്യത്തിലും സംഭവിച്ചത്. ഒന്നാമത് ട്രിപ്പിൾ ലോക്ഡൗണായതിനാൽ നിയന്ത്രണങ്ങളാണ്. അതുകൊണ്ടുതന്നെ കപ്പയും സൗജന്യമായി വിതരണം ചെയ്യേണ്ട സ്ഥിതി വിശേഷമാണുണ്ടായത്. ഇതൊക്കെ വളരെ ഗൗരവമായ കാര്യങ്ങളാണ്. എനിക്ക് ഒന്നുരണ്ട് കാര്യങ്ങൾ കൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഒന്ന്, കൃഷിനാശം സംഭവിച്ചവർ പത്ത് ദിവസത്തിനുള്ളിൽ കൃഷി ഭവനിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ

എങ്ങനെയാണ് പത്തുദിവസം കൊണ്ട് അപേക്ഷ സമർപ്പിക്കാൻ സാധിക്കുന്നത്? ഓൺലൈനായി സമർപ്പിക്കാമെന്ന് പറയുന്നുണ്ട്. അതൊന്നും കൃഷിക്കാർക്ക് സാധിക്കില്ല. അതുകൊണ്ടുതന്നെ അപേക്ഷ സമർപ്പിക്കാൻ കുറച്ചുകൂടി സമയം അനുവദിക്കണം. സംഭരിച്ച നെല്ലിനുള്ള തുക യഥാസമയം ലഭ്യമാക്കണം. വിളനഷ്ട പരിഹാരത്തുകയും അതിന്റെ കുടിശ്ശികയും നൽകുന്നതിനുവേണ്ട തീരുമാനമെടുക്കണം. വിളനാശം സംഭവിച്ചാൽ വെരിഫിക്കേഷൻ നടത്തണം. പല സ്ഥലങ്ങളിലുമുള്ള ഉദ്യോഗസ്ഥർ പ്രത്യേകിച്ചും അഗ്രിക്കൾച്ചർ അസിസ്റ്റന്റുമാരൊക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായവരാണ്. ആ തസ്തികയിൽ സ്ഥിരം ജീവനക്കാരില്ല. ആറ് മാസം കഴിഞ്ഞാൽ പ്രവർത്തനങ്ങളിൽ കണ്ടിന്യൂവിറ്റിയില്ലാത്ത സ്ഥിതിയാകും. അതുപോലെതന്നെ ഓരോ വിളകൾക്കും ഇപ്പോൾ നിശ്ചയിച്ച തുക വളരെ പരിമിതമാണ്. അത് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും ഗവൺമെന്റ് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, സംസ്ഥാനത്ത് കാലവർഷം, ടൗട്ടെ ചുഴലിക്കാറ്റ് എന്നിവമൂലം വ്യാപകമായ കൃഷിനാശമാണുണ്ടായിട്ടുള്ളത്. പ്രഥമ വിവരശേഖരണപ്രകാരം 11-5-2021 മുതൽ 1-6-2021 വരെ 168809 കർഷകരുടെ 24043 ഹെക്ടർ സ്ഥലത്തെ കൃഷി നശിക്കുകയും 82,840.63 ലക്ഷം രൂപയുടെ നാശനഷ്ടമു ണ്ടായിട്ടുണ്ടെന്നുമാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. നിലവിലെ കോവിഡ് രോഗ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കർഷകർക്ക് വിളനാശത്തിനുള്ള നഷ്ടപരിഹാരത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി ജൂൺ 30 വരെ നീട്ടിയിട്ടുണ്ട്. നാശനഷ്ടം സംഭവിച്ച മുഴുവൻ കർഷകർക്കും നഷ്ടപരിഹാരം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് അപേക്ഷിക്കാനുള്ള കാലാവധി ദീർഘിപ്പിച്ചുനൽകിയത്. പ്രകൃതിക്ഷോഭം മൂലമുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരമായി 67.02 കോടി രൂപ അനുവദിക്കാനുള്ള ശിപാർശയിന്മേൽ 49.92 കോടി രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരം അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും 4.81 കോടി രൂപ നൽകാനുള്ള ശിപാർശ പരിഗണനയിലാണ്. മാനദണ്ഡപ്രകാരം തിട്ടപ്പെടുത്തുന്ന നഷ്ടപരിഹാരം പൂർണ്ണമായി നൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ ചെയ്തുവരുന്നുണ്ട്. വിളനാശംമൂലം നഷ്ടം സംഭവിച്ച കർഷകർക്ക് പ്രധാനമായും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരവും വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരവുമാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്. ഇൻഷ്വർ ചെയ്യാത്ത വിളകളാണ്

പ്രകൃതിക്ഷോഭംമൂലം നഷ്ടപ്പെട്ടതെങ്കിൽ സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും ചേർന്നുള്ള ആനുകൂല്യവും പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണികൾക്കും ബണ്ടുകളുടെ പുനർനിർമ്മാണത്തിനും കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് മാറ്റുന്നതിനുമായി എസ്.ഡി.ആർ. ഫണ്ടിൽനിന്നും നഷ്ടപരിഹാരവും നൽകുന്നുണ്ട്. പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് പരിരക്ഷ നൽകുന്നുണ്ട്. 13-12-2017 -ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 1192/2017/കൃഷി, പ്രകാരം മാവ്, ചെറുധാന്യങ്ങൾ എന്നീ വിളകൾക്കും പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നു. 2016 മുതൽ 2021 വരെ 181.3977 കോടി രൂപ വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരവും 330.7 കോടി രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരവും 192.19 കോടി രൂപ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നുമായി ആകെ 704.2877 കോടി രൂപ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരമായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 137 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചതുമാണ്. പ്രകൃതി ദുരന്തങ്ങൾ ഉണ്ടായപ്പോഴെല്ലാം കർഷകർക്കാവശ്യമായ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി സർക്കാർ ഒപ്പമുണ്ടായിരുന്നു. 2016-ലെ കൊടിയ വരൾച്ച, ഓഖി ചുഴലിക്കാറ്റ്, 2018, 2019 എന്നീ വർഷങ്ങളിലെ മഹാപ്രളയം എന്നിവയുണ്ടായ സന്ദർഭങ്ങളിലൊക്കെ കർഷകർക്ക് എല്ലാ സഹായങ്ങളും സർക്കാർ നൽകിയിട്ടുണ്ട്. തുടർന്നും എല്ലാ സഹായങ്ങളും നൽകാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പുനൽകുന്നു. കുടിശ്ശികയായി ഒന്നുംതന്നെ നൽകാനില്ല. കഴിഞ്ഞ ദിവസം ആ തുകയും അനുവദിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: സർ, ഇൻഷ്വർ ചെയ്ത കർഷകർക്ക് നഷ്ടപരിഹാരത്തുക ലഭിക്കുന്നതിന് വലിയ കാലതാമസമാണുള്ളത്. അതോടൊപ്പം ഓരോ വിളകൾക്കും ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള നാമമാത്രമായ തുക വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് സർക്കാർ ആലോചിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ഇക്കാര്യത്തിൽ ഓരോ വിളകളുമായി ബന്ധപ്പെട്ട പഠനങ്ങൾ ആവശ്യമാണ്. സർക്കാർ കർഷകരെ സഹായിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കും. ചൂണ്ടിക്കാണിക്കുന്ന കാര്യത്തെക്കുറിച്ച് പഠനം നടത്തിയശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതായിരിക്കും. ഇപ്പോൾ നിശ്ചയിച്ച നഷ്ടപരിഹാരത്തുക കൃത്യമായി വിതരണം ചെയ്യുന്നുണ്ട്. കുടിശ്ശിക തുക കൊടുക്കാനില്ല. കഴിഞ്ഞ വർഷത്തെ മുഴുവൻ തുകയും അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്.

# III സബ്മിഷൻ

## (1) ഫയർ സ്റ്റേഷൻ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കോഴിക്കോട്-തൃശ്ശൂർ ദേശീയ പാതയിൽ ധാരാളം അപകടങ്ങൾ നടക്കുന്ന ഒരു പ്രദേശമായ വളാഞ്ചേരിയുടെ വളരെ അടുത്തുള്ള സ്ഥലമാണ് കോട്ടയ്ക്കൽ. അതുപോല ഇതിന്റെ സമീപ പ്രദേശങ്ങളിലായി വലിയ കച്ചവട-ചെറുകിട വ്യവസായ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നു. അവിടെയൊരു ഫയർ സ്റ്റേഷൻ അനുവദിക്കണമെന്നത് ഒട്ടേറെക്കാലമായുള്ള ആവശ്യമായിരുന്നതിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുകയും അതിനാവശ്യമായ സ്ഥലം കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ ഏറ്റെടുക്കുകയും അതിനുള്ള അനുമതിയും അനുവാദവും ലഭിച്ച് ആ സ്ഥലം ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന് കൈമാറുകയും അതിനാവശ്യമായ മൂന്ന് കോടി തൊണ്ണൂറ് ലക്ഷം രൂപ കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിക്കുകയും ചെയ്തെങ്കിലും ഭരണാനുമതി ലഭിക്കേണ്ടതുണ്ട്. അതോടൊപ്പം ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനാവശ്യമായ നടപടികളും ആരംഭിക്കേണ്ടതുണ്ട്. ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ കൈവശമാണ് പ്രൊപ്പോസലുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിച്ച് ആ പ്രദേശങ്ങളിലെ ജനങ്ങൾ നേരിടുന്ന ദുരിതപൂർണ്ണമായ പ്രയാസങ്ങളിൽനിന്നും കരകയറുന്നതിനുള്ള അവസരമുണ്ടാക്കണമെന്നും അതിന് അങ്ങയിൽനിന്ന് അനുവാദമുണ്ടാകണമെന്നും അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തിരൂർ താലൂക്കിൽ കാട്ടിപ്പരുത്തി വില്ലേജിൽ 17 ആർ 42 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി 2017-ൽ അഗ്നി രക്ഷാ വകുപ്പിന് അനുവദിക്കുകയും ആയത് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഫയർ സ്റ്റേഷൻ അടിയന്തരമായി ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടില്ല.

## (2) ആർട്സ് ആൻഡ് സയൻസ് കോളേജ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലമായ സുൽത്താൻ ബത്തേരിയിൽ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് എന്റെ സബ്മിഷൻ. ഏറ്റവുമധികം പട്ടികവർഗ്ഗക്കാരും കർഷകരും കർഷകത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന നിയോജകമണ്ഡലമാണ് സുൽത്താൻ ബത്തേരി. അവിടെ ഒരു വർഷം നാലായിരത്തോളം കുട്ടികൾ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം കഴിഞ്ഞ്

പുറത്തുവരുന്നു. അഞ്ഞൂറോളം കുട്ടികൾക്കാണ് കോളേജുകളിൽ അഡ്മിഷൻ ലഭിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻതന്നെ സമർപ്പിച്ച നിവേദനം 2019-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കൈമാറുകയും ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ഡയറക്ടർ, കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ മുമ്പാകെ ഫയൽ പോകുകയും അവസാനം ഡെപ്യൂട്ടി ഡയറക്ടർ, ഉന്നത വിദ്യാഭ്യാസ വകുപ്പ്, കോഴിക്കോട്, സുൽത്താൻ ബത്തേരിയിൽ വന്ന് എം.എൽ.എ. ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ചുചേർത്ത് ഒരു കോളേജ് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങളെല്ലാം വിശദീകരിച്ച്, അതനുസരിച്ചുള്ള എല്ലാ സൗകര്യങ്ങളും അവിടെ ചെയ്യുകയും ചെയ്തു. മാത്രമല്ല ഒരു കോളേജ് തുടങ്ങുന്നതിനുവേണ്ടി അനുകൂലമായ റിപ്പോർട്ടാണ് സർക്കാരിനുള്ളത്. ഇതുമായി ബന്ധപ്പെട്ട് 2020-21-ലെ ബഡ്ജറ്റ് പ്രൊവിഷനായി 30 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. മാത്രമല്ല കോളേജ് തുടങ്ങുന്നതിനാവശ്യമായ കോഴ്സുകൾ, ആവശ്യമായ കെട്ടിടങ്ങൾ, അതോടൊപ്പം പെർമനന്റായി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി സർക്കാരിന് ഏറ്റെടുക്കാവുന്ന മൂന്ന് ഭൂമികളുടെ പ്രൊപ്പോസലുൾപ്പെടെ ഈ റിപ്പോർട്ടിൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, കോഴിക്കോട് വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ പട്ടികവർഗ്ഗക്കാരും കർഷകത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന നിയോജകമണ്ഡലമെന്ന നിലയ്ക്ക് ഇക്കാര്യത്തിൽ ഗവൺമെന്റ് വളരെ വ്യക്തമായ നിലപാടെടുക്കണം, മാത്രമല്ല നാല് ചുരത്തിന്റെ മുകളിലാണ് ഇത്. വിദ്യാർത്ഥികൾ ഏറ്റവും കൂടുതൽ പ്രയാസപ്പെടുന്ന ഒരു മേഖലയാണ്. അതുകൊണ്ടുതന്നെ സർക്കാരിന്റെ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണം. നിലവിലുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്റെ നിയോജകമണ്ഡലത്തിൽ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): സർ, വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിൽ ഒരു സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട സാധ്യതകൾ ചർച്ച ചെയ്യാൻ സ്ഥലം എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ തദ്ദേശഭരണ സ്ഥാപന പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഒരു യോഗം 2019 നവംബർ 2-ാം തീയതി കൂടുകയുണ്ടായി. ആ യോഗത്തിലെ ധാരണകൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചുവരികയാണ്. വയനാട് ജില്ലയിലെ മാനന്തവാടിയിലും കൽപ്പറ്റയിലും സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലയിൽ റൂസാ പദ്ധതിപ്രകാരം ഒരു മോഡൽ

കോളേജിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പെരിയ വില്ലേജിലാണ് അതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുള്ളത്. സുൽത്താൻ ബത്തേരി മണ്ഡലത്തിൽ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ആവശ്യകതയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുംകൂടി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

10.00 AM]

## (3) പലിശയിളവും മൊറട്ടോറിയവും

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, ഈ കോവിഡ്-19 കാലഘട്ടത്തിൽ കേരളത്തിലെ ലക്ഷക്കണക്കിന് ഫോട്ടോഗ്രാഫ്-വീഡിയോഗ്രാഫർമാരുടെ പ്രശ്നങ്ങളാണ് ഞാൻ സഭയിൽ ഉന്നയിക്കുന്നത്. നിത്യവരുമാന മാർഗ്ഗത്തിൽ വൻപ്രയാസങ്ങളാണ് ഇവർ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. നമ്മളെയൊക്കെ മറ്റ് ജനങ്ങളിലേയ്ക്ക് എത്തിക്കുന്നത് ഫോട്ടോഗ്രാഫർമാരും വീഡിയോ ഗ്രാഫർമാരുമാണ്. അവർക്ക് ഒരുപാട് വിഷമങ്ങളുണ്ട്. ഈ മഹാമാരിക്കാലത്ത് മരണമടയുന്നവരുടെ മൃതദേഹം ഇൻക്വസ്റ്റ് നടത്തവേ നടപടികൾ പകർത്തുന്ന വീഡിയോ-ഫോട്ടോഗ്രാഫർമാർ അനുഭവിക്കുന്ന പ്രയാസങ്ങൾ വളരെ വലുതാണ്. ഈ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് കോവിഡ് വാക്സിൻ ലഭ്യമാക്കുന്നതിന് മുൻഗണന നൽകുന്നതിന് നടപടിയുണ്ടാകണം. ഫോട്ടോ-വീഡിയോഗ്രാഫിക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് എടുത്തിരിക്കുന്ന വായ്പകൾ പലിശയും കൂട്ടുപലിശയുമായി തിരിച്ചടയ്ക്കാൻ സാധിക്കാത്ത സ്ഥിതിയിലാണ്. ആയതിനാൽ ഈ വായ്പയ്ക്ക് പലിശയും മൊറട്ടോറിയവും നൽകണമെന്നും ഈ മേഖലയിലെ പാവപ്പെട്ട തൊഴിലാളികളെ സംരക്ഷിച്ച് നിലനിർത്തണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, അങ്ങ് നല്ലൊരു ഫോട്ടോഗ്രാഫറാണ്. അങ്ങ് ഉന്നയിച്ച പ്രശ്നങ്ങൾക്കുള്ള വിശദീകരണമാണ് ഞാനിവിടെ നൽകുന്നത്. കോവിഡ്-19 ഒന്നാം തരംഗവും രണ്ടാം തരംഗവും സാമ്പത്തിക മേഖലയ്ക്ക് ഏൽപ്പിച്ചിട്ടുള്ള ആഘാതം വളരെ വലുതാണ്. മിക്കവാറും എല്ലാ മേഖലകളിലും സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ ഇടപെടലുകളും നടത്തിവരികയാണ്. ഫോട്ടോഗ്രാഫി അനുബന്ധ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെ കുറിച്ച് സർക്കാരിന് ബോധ്യമുണ്ട്. ഈ മേഖലയിൽ ജോലിചെയ്തുവരുന്ന തൊഴിലാളികൾക്ക് കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വത്തിന് അർഹതയുണ്ട്. പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾ

ബോർഡിൽനിന്നും ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങൾക്ക് അർഹരാണ്. 2020-ൽ കോവിഡ്-19 ആശ്വാസ ധനസഹായമായി 1,000 രൂപ, ക്വാറന്റൈനിൽ കഴിഞ്ഞവർക്ക് 500 രൂപ, കോവിഡ് ബാധിതർക്ക് 10,000 രൂപ എന്നിവയും അനുവദിച്ചുനൽകിയിട്ടുണ്ട്. തുടർന്ന് 2021-ലും സാമ്പത്തിക സഹായമായി 1,000 രൂപ വീതം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്. കോവിഡ്-19 രോഗികളുടെ എണ്ണം, ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് എന്നിവ കുറയുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിവിധ മേഖലകളിൽ നിയന്ത്രണങ്ങളോടെ ഇളവ് നൽകിവരുന്നുണ്ട്. സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പ്രസ്തുത മേഖലയ്ക്കും തുറന്ന് പ്രവർത്തിക്കുന്നതിനുള്ള ഇളവ് അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. 2020-21-ൽ കോവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ട് ലോക്ഡൗൺ ഏർപ്പെടുത്തിയതുമൂലം സംസ്ഥാനത്തൊട്ടാകെ മിക്ക സ്ഥാപനങ്ങൾക്കും തുറന്നുപ്രവർത്തിക്കുവാൻ സാധിക്കാതിരുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വികസന അതോറിറ്റികളുടെയും ഉടമസ്ഥതയിലുള്ളതും ലോക്ഡൗൺ കാരണം തുറക്കാൻ സാധിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് വാടകയിളവ് നൽകുന്നത് സംബന്ധിച്ച് നിബന്ധനകൾക്ക് വിധേയമായി തീരുമാനമെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളെയും വികസന അതോറിറ്റികളെയും അനുവദിച്ചുകൊണ്ട്. 29-6-2020-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഒരു ഉത്തരവുണ്ട് (1278/2020). കോവിഡ്-19-ന്റെ രണ്ടാം തരംഗം വ്യാപകമായ സാഹചര്യം പരിഗണിച്ച് ആ ഉത്തരവിന്റെ തുടർച്ചയായി, അതിലെ നിബന്ധനകൾക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വികസന അതോറിറ്റികളുടെയും ഉടമസ്ഥതയിലുള്ളതും ലോക്ഡൗൺ കാരണം തുറക്കാൻ സാധിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് വാടകയിളവ് നൽകുന്നതിന് തീരുമാനം എടുക്കാൻ അവയെ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് 19-5-2021-ൽ ഇറക്കിയിട്ടുണ്ട്. ഫോട്ടോഗ്രാഫി മേഖലയിലുള്ളവർക്ക് കോവിഡ്-19 വാക്സിനേഷന് മുൻഗണന നൽകുന്ന വിഷയം ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

## (4) വന്യജീവി ആക്രമണം

ശ്രീ. എ. പ്രഭാകരൻ: സർ, മലമ്പുഴ നിയോജകമണ്ഡലത്തിൽ ആകെയുള്ള എട്ട് പഞ്ചായത്തുകളിൽ ആറിലും കാട്ടാനകളുടെ ശല്യം രൂക്ഷമായിരിക്കുകയാണ്. ജനവാസ കേന്ദ്രങ്ങളിലൊക്കെ കാട്ടാനകൾ കറങ്ങി നടക്കുകയാണ്. ഇക്കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ 10 വിലപ്പെട്ട ജീവനുകളാണ് പൊലിഞ്ഞത്. വളരെയേറെ കഷ്ടപ്പെട്ടുണ്ടാക്കിയ വിളഞ്ഞ നെൽപ്പാടങ്ങൾ, കൊയ്തെടുത്ത നെല്ല്,

കായ്ഫലം തരുന്നതും തരാറായതുമായ വാഴകളും തെങ്ങുകളുമൊക്കെ കാട്ടാനകൾ നശിപ്പിക്കുകയാണ്. കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. കർഷകരാകെ ദുരിതത്തിലാണ്. ഏതാനും ദിവസങ്ങൾക്ക് മുൻപാണ് കഴിഞ്ഞ 28-ാം തീയതി പകൽ കഞ്ചിക്കോട് പ്രദേശത്തെ ഒരു വീട്ടമ്മയെ ആന കുത്തിക്കൊന്നത്. ഞാൻ ആവശ്യപ്പെട്ടതനുസരിച്ച് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പെട്ടെന്നുതന്നെ സഹായധനം എത്തിച്ചു. അത് വളരെ നല്ലകാര്യമാണ്. കഴിഞ്ഞ ഒന്നാം തീയതി രാത്രി അതിന്റെ തൊട്ടടുത്ത സ്ഥലത്ത് പുലിയിറങ്ങി, ശ്രീ. മോഹൻദാസ് എന്ന ഒരു കൃഷിക്കാരന്റെ കെട്ടിയിട്ട പശുവിനെ കടിച്ചുകൊന്നു. ജനങ്ങളാകെ വല്ലാത്ത ഭീതിയിലാണ്. ഈ വന്യമൃഗശല്യം, പ്രത്യേകിച്ച് കാട്ടാനശല്യം ഒഴിവാക്കാൻ ഒരു പരിഹാരം കണ്ടെത്താൻ റെയിൽ ഫെൻസിംഗ് സ്ഥാപിക്കണം എന്നാണ് വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നത്. തീർച്ചയായും അത് അടിയന്തരമായി സ്ഥാപിക്കണം. ഈ സംഭവങ്ങൾക്കുശേഷമാണ് അവിടത്തെ എം.പി.-യും അതുപോലെതന്നെ ബി.ജെ.പി.-യും പത്രക്കാരോടൊക്കെ പറഞ്ഞ് പത്രത്തിൽ വാർത്ത വന്നത്. അതിനുവേണ്ടി അനുവദിക്കപ്പെട്ട സംഖ്യ വയനാട്ടിലേയ്ക്ക് മാറ്റിയെന്നും വകമാറി ചെലവഴിച്ചു എന്നുമാണ് പത്രവാർത്ത. എന്താണ് അതിന്റെ സത്യാവസ്ഥ എന്നുകൂടി അറിയിക്കുന്നത് നന്നായിരിക്കും. തീർച്ചയായും റെയിൽ ഫെൻസിംഗ് സ്ഥാപിക്കാൻ ഉടൻതന്നെ തീരുമാനമുണ്ടാകണം. ഇനി വൈകിച്ചുകൂട എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട മലമ്പുഴ എം.എൽ.എ. അദ്ദേഹത്തിന്റെ പ്രദേശത്ത് വന്യമൃഗങ്ങളുടെ അതിക്രമത്തിൽ ദുരിതം അനുഭവിക്കുന്ന കർഷകരുടെ പ്രശ്നമാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ആനകളുടെ കടന്നുകയറ്റം നിയന്ത്രിക്കുന്നതിന് ഈ ഡിവിഷനുമായി ബന്ധപ്പെട്ട മൂന്ന് റേഞ്ചുകളിൽ 256 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജവേലിയുടെയും 11 കിലോമീറ്റർ ആനപ്രതിരോധ കിടങ്ങുകളുടെയും പ്രവൃത്തികൾ ഇതിനകംതന്നെ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പാലക്കാട്, മണ്ണാർക്കാട് ഡിവിഷനുകളിൽ വന്യജീവി ആക്രമണം നേരിടുന്നതിനായി ദ്രുതകർമ്മസേനയെ നിയോഗിക്കുകയും ആർ.ആർ.ടി. യൂണിറ്റുകൾ പ്രവർത്തിക്കാൻ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന മേഖലകളിൽ രണ്ട് കുങ്കി ആനകളുടെ സേവനവും കാട്ടുമൃഗങ്ങളുടെ സാന്നിദ്ധ്യം പ്രദേശവാസികളെ അറിയിക്കുന്നതിനായി എസ്.എം.എസ്. അലെർട്ട് സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്. സംഘർഷം

ലഘൂകരിക്കുന്നതിന് വി.എസ്.എസ്.-കളുടെയും ജനജാഗ്രതാ സമിതികളുടെയും സേവനം ഉപയോഗപ്പെടുത്തുകയും വന്യജീവികളുടെ സാന്നിദ്ധ്യം മനസ്സിലാക്കുന്നതിനായി പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. നാശനഷ്ടം സംഭവിക്കുന്നവർക്ക് അവർ സമർപ്പിക്കുന്ന അപേക്ഷയുടെ മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് നഷ്ടപരിഹാരം നൽകാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആ പ്രദേശത്തെ 758 അപേക്ഷകളാണ് ഇതിനകം തീർപ്പാക്കിയിട്ടുള്ളത്. 219.82 ലക്ഷം രൂപ ഈ മേഖലയിൽ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്. മണ്ണാർക്കാട് ഡിവിഷനിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 114 കിലോമീറ്റർ സൗരോർജ്ജവേലി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയിൽ 23.50 കിലോമീറ്ററിന്റെ പ്രവൃത്തി പൂർത്തിയാക്കുകയും ബാക്കി പ്രവർത്തനങ്ങൾക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

പാലക്കാട് വനം ഡിവിഷന് കീഴിലുള്ള പുന്നശ്ശേരി സൗത്ത് സെക്ഷൻ പരിധിയിൽ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ വലിയേരി കുഞ്ചപ്പൻചള്ള ഭാഗത്ത് വനത്തോട് ചേർന്നുള്ള സ്വകാര്യ ഭൂമിയിൽ വിറക് ശേഖരിക്കുകയായിരുന്ന ടി പഞ്ചായത്തിലെ കഞ്ചിക്കോട് പനങ്ങാട് ഭാഗത്ത് താമസിച്ചുവരുന്ന സുബ്രഹ്മണ്യന്റെ ഭാര്യ, ആനയുടെ ആക്രമണത്തിനിരയായി മരണപ്പെട്ടതായി സ്ഥലം എം.എൽ.എ. അറിയിച്ചയുടൻ അവർക്ക് 10 ലക്ഷം രൂപയുടെ സഹായധനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലെ ആദ്യഗഡുവായ അഞ്ച് ലക്ഷംരൂപ തൊട്ടടുത്ത ദിവസം ഉച്ചയ്ക്കുതന്നെ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്. മറ്റൊരുപാട് കാര്യങ്ങളുണ്ട്. സമയത്തിന്റെ പരിമിതിമൂലം വായിച്ചതായി കണക്കാക്കണം.* എന്നാൽ ഒരുകാര്യം ഇവിടെ സഭയെ അറിയിക്കേണ്ടതുണ്ട്. വന്യജീവികളുടെ ആക്രമണത്തിൽനിന്നും കർഷകരെയും അവരുടെ ഉൽപ്പന്നങ്ങളേയും സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് സർക്കാരിന്റെ നിലപാട്. എന്നാൽ വനത്തേയും വന്യജീവികളെയും സംരക്ഷിക്കുക എന്നതും നമ്മുടെ ഓരോരുത്തരുടെയും ചുമതലയാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളിലും ഇത്തരമൊരു നിലപാടാണ് സർക്കാർ സ്വീകരിക്കുക. നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് പരമാവധി സഹായം കർഷകർക്ക് നൽകുക എന്നതുതന്നെയാണ് സർക്കാരിന്റെ നിലപാട്. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായിത്തന്നെ നടത്തുമെന്ന് സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

## (5) നെയ്യശ്ശേരി - തോക്കുമ്പൻ സാഡിൽ റോഡ് നിർമ്മാണം

ശ്രീ. പി. ജെ. ജോസഫ്: സർ, പൊതുമരാമത്ത് വകുപ്പ് റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തിയ തൊടുപുഴ നിയോജകമണ്ഡലത്തിലെ നെയ്യശ്ശേരി-തോക്കുമ്പൻ സാഡിൽ റോഡിന്റെ ടെണ്ടർ നടപടികൾ കൈക്കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്നതാണ് എന്റെ അഭ്യർത്ഥന. 34 കിലോമീറ്റർ നീളമുള്ള നിർദ്ദിഷ്ട റോഡ് തൊമ്മൻകുത്ത്-ആനചാടിക്കുത്ത്-കോട്ടപ്പാറ-മീനുളിയാൻപാറ എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിന് ഉപകരിക്കുന്നതാണ്. കെ.എസ്.ടി.പി.-യാണ് ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിരിക്കുന്നത്. തൊമ്മൻകുത്ത് മുതൽ നാരങ്ങാനം വരെയുള്ള 1245 മീറ്റർ ദൂരം റോഡ് നിർമ്മിക്കുന്നതിന് വനം വകുപ്പ് തടസ്സം ഉന്നയിച്ചിരുന്നതിനെത്തുടർന്ന് കെ.എസ്.ടി.പി. പത്തുലക്ഷം രൂപ വനം വകുപ്പിൽ അടയ്ക്കുകയും എൻ.ഒ.സി. ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ റോഡ് വികസന പദ്ധതിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണം പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ 31.916 കിലോമീറ്റർ ദൂരമുള്ള നെയ്യശ്ശേരി-തോക്കുമ്പൻ സാഡിൽ റോഡ് നിർമ്മാണം KfW ജർമ്മൻ ബാങ്ക് ധനസഹായത്തോടെയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത റോഡിനുള്ള 191.99 കോടി രൂപയുടെ ഭരണാനുമതി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽനിന്നും 15-8-2020-ൽ ലഭിച്ചു. ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതിയായി ലഭിച്ച തുക 180.16 കോടി രൂപയാണ്. നിലവിൽ ആ റോഡിലുൾപ്പെടുന്ന തൊമ്മൻകുത്ത് മുതൽ മുണ്ടൻമുടി വരെയുള്ള ഒന്നര കിലോമീറ്റർ റോഡിൽ 0.996 ഹെക്ടർ വനഭൂമി റോഡ് ആവശ്യത്തിനായി സ്റ്റേജ് ഒന്നിന് അനുമതി ലഭിച്ചിട്ടുള്ളതും സ്റ്റേജ് രണ്ട് അനുമതിക്കായി ആകെ 10,38,828 രൂപ വനം വകുപ്പിന് അടയ്ക്കുകയും ചെയ്തിട്ടുണ്ട്. മരം മുറിക്കുന്നതിനും അനുബന്ധ റോഡ് നിർമ്മാണത്തിനുമായി വനം വകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ടെണ്ടർ നടപടികളുടെ അനുമതിക്കായി KfW ജർമ്മൻ ബാങ്കിന് സമർപ്പിച്ചിരിക്കുകയാണ്. അനുമതി ലഭിച്ചാൽ ഉടൻ പ്രവൃത്തി ടെണ്ടർ ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## (6) ചേലക്കാട് - വില്ല്യാപ്പള്ളി - വടകര റോഡ് നിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: സർ, വടകര-വില്ല്യാപ്പള്ളി-ചേലക്കാട് റോഡ് വടകര ദേശീയപാതയിൽനിന്നും നാദാപുരം-കുറ്റ്യാടി സ്റ്റേറ്റ് ഹൈവേയിൽ പ്രവേശിക്കുന്നതാണ്. 16 കിലോമീറ്റർ ദൂരത്തിലാണ് ഈ റോഡ് ഉള്ളത്. 12 മീറ്റർ വീതിയിലുള്ള റോഡിന്റെ നിർമ്മാണം ലാന്റ് അക്വിസിഷൻ ഇല്ലാതെ ഫ്രീ സറണ്ടർ ആയിവേണമെന്ന നിർദ്ദേശം കിഫ്ബി നൽകി. 58.29 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്. താമസിച്ചപ്പോൾ കിഫ്ബിയുടെ സി.ഇ.ഒ. ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് ഗൂഗിൾമീറ്റിൽ ആശയവിനിമയം നടത്തി ധാരണയിൽ എത്തിയതിന്റെ അടിസ്ഥാനത്തിൽ അലൈൻമെന്റ് ഉൾപ്പെടെ മാറ്റി. അതിനുശേഷവും തുടർപ്രവർത്തനങ്ങൾ ഒന്നും നടന്നില്ല. ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡ് എന്നനിലയ്ക്കും മൂന്ന് മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന റോഡ് എന്ന നിലയ്ക്കും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ട സഹായങ്ങൾ വളരെ വേഗതയിൽ നടത്തിത്തരാൻ ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, നാദാപുരം മെമ്പർ ഉന്നയിച്ച കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ വടകര-വില്ല്യാപ്പള്ളി-ചേലക്കാട് റോഡിന് 10-7-2017-ൽ 31 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി നൽകി കേരള റോഡ് ഫണ്ട് ബോർഡിനെ പ്രസ്തുത പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തിക്ക് 58.29 കോടി രൂപയുടെ സാമ്പത്തികാനുമതി 1-12-2020-ൽ ലഭ്യമായിട്ടുണ്ട്. 16 കിലോമീറ്റർ ദൂരമുള്ള ഈ റോഡ് വീതികൂട്ടുമ്പോൾ ബാധിക്കുന്ന കെട്ടിട ഉടമകളിൽ നിന്നും ഫ്രീ സറണ്ടർ ഡോക്യുമെന്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതിനായി അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലമേറ്റെടുക്കൽ നടപടികൾ എത്രയും വേഗം പൂർത്തീകരിച്ച് പ്രസ്തുത എസ്റ്റിമേറ്റ് ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ വയ്ക്കുന്നതും കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## (7) സഹായ പാക്കേജ്

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, കേരളത്തിലെ പ്രധാനപ്പെട്ട സാമ്പത്തിക വ്യാവസായിക മേഖലയാണ് ടൂറിസം. ഈ മേഖല രണ്ട് പ്രകൃതി ദുരന്തങ്ങളും കോവിഡുംമൂലം ഗുരുതരമായ പ്രതിസന്ധിയാണ് അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നത്. പ്രത്യേകിച്ച് ആലപ്പുഴ കായൽ ടൂറിസവുമായി ബന്ധപ്പെട്ട പ്രധാന പ്രദേശമാണ്. ഹൗസ് ബോട്ട്, ശിക്കാരി വള്ളം, മോട്ടോർ ബോട്ട് തുടങ്ങിയവ ആയിരക്കണക്കിന് വരുന്ന ടൂറിസ്റ്റുകൾക്ക് പ്രകൃതി സൗന്ദര്യം ആസ്വദിക്കാൻ വേണ്ടിയും ജലമേളകൾ നടക്കുന്ന ഒരു നാടെന്ന നിലയിൽ ആലപ്പുഴയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു വരുമാനമാർഗ്ഗവുമായിരുന്നു. പതിനായിരക്കണക്കിന് ആൾക്കാരാണ് ഈ മേഖലയുമായി ബന്ധപ്പെട്ട് തൊഴിലെടുത്ത് ജീവിക്കുന്നത്. 1200-ഓളം വരുന്ന ഹൗസ് ബോട്ടുകളിലും 300-ഓളം വരുന്ന ശിക്കാരി വള്ളങ്ങളിലും 400-ൽ കുറയാത്ത മോട്ടോർ ബോട്ടുകളിലുമായി പണിയെടുക്കുന്നവരും കൂടാതെ ടൂറിസ്റ്റുകളെ ആശ്രയിച്ച് അനുബന്ധ മേഖലയിൽ ഓട്ടോറിക്ഷ/ടാക്സി ഓടിച്ചും തുണി ഇസ്തിരിയിട്ട് കൊടുത്തും ചെറുകച്ചവടം നടത്തിയും ജീവിക്കുന്നവരുമുണ്ട്. അങ്ങനെ എല്ലാ അർത്ഥത്തിലും ആലപ്പുഴ നഗരമാകെ, പുന്നമട ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഇന്നൊരു സ്തംഭനാവസ്ഥയിലാണ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. യാതൊരു വിധത്തിലും ജീവിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. ഈ വ്യവസായത്തെ സംരക്ഷിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ബാങ്ക് വായ്പയ്ക്കുവേണ്ടി സ്വന്തം കിടപ്പാടം പണയപ്പെടുത്തിയ ആളുകൾ പലരും ഹൗസ് ബോട്ട് മേഖലയിലുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ബാങ്ക് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥയാണ്, ജപ്തി നടപടികൾ വരികയാണ്. പ്രശ്നത്തിന്റെ ഗൗരവം അങ്ങ് മനസ്സിലാക്കണം, ബാങ്ക് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥയിൽ അവർ മുന്നോട്ട് പോകുകയാണ്. കഴിഞ്ഞ സന്ദർഭങ്ങളിൽ ചെറിയ സഹായങ്ങൾ ഹൗസ് ബോട്ട് ഓണേഴ്സിന് ലഭിച്ചെങ്കിലും അത് പരിമിതമാണ്. തൊഴിലാളികളുടെ ജീവിതം വളരെ ഗതികേടിലാണ്. ഈ വ്യവസായത്തെയും ഇവിടെ പണിയെടുക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുന്നതിനായി ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ആലപ്പുഴ അംഗം ഇവിടെ ഉന്നയിച്ചത് കോവിഡ്-19 മഹാമാരി ലോകത്തെമ്പാടുമുള്ള ടൂറിസം മേഖലയെ സാരമായി ബാധിച്ചുകൊണ്ടിരിക്കുന്ന പ്രശ്നവുമായി ബന്ധപ്പെട്ടാണ്. കേരളത്തിലെ ടൂറിസം മേഖലയിലും ഇതിന്റെ പ്രത്യാഘാതമുണ്ടായി. സർക്കാർ പ്രഖ്യാപിച്ച പ്രത്യേക പദ്ധതികളിലൂടെ ഒന്നാംഘട്ടത്തെ മറികടക്കുമ്പോഴാണ് രണ്ടാം തരംഗമുണ്ടായത്. കേരളത്തിലെ ഹൗസ്ബോട്ട് വ്യവസായത്തിന്റെ കേന്ദ്രമാണ് ആലപ്പുഴ. ഇതുവരെ 96 ഹൗസ് ബോട്ട് ഉടമകൾക്ക് ടൂറിസം ഹൗസ്ബോട്ട് സപ്പോർട്ട് സ്കീം വഴി ഒറ്റത്തവണ ധനസഹായ പദ്ധതിയുടെ ഭാഗമായി 86 ലക്ഷം രൂപയുടെ ധനസഹായം നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ കേരള ബാങ്കുവഴി ഈ മേഖലയിലെ ജീവനക്കാർക്ക് വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുമുണ്ട്. ടൂറിസം മേഖലയിലെ ജീവനക്കാരെ കോവിഡ്-19 മുന്നണിപ്പോരാളികളായി കണക്കാക്കി, മുൻഗണനാക്രമത്തിൽ വാക്സിനേഷൻ ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹോട്ടൽ, റിസോർട്ട്, റെസ്റ്റോറന്റ് ജീവനക്കാർക്ക് ഇതിനോടകം വാക്സിൻ നൽകിത്തുടങ്ങിയിട്ടുണ്ട്. കോവിഡ്-19 രണ്ടാം തരംഗംമൂലമുണ്ടായ പ്രതിസന്ധി മറികടക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനായി മേയ് മാസം 27-ന് സർക്കാർ വിനോദസഞ്ചാര മേഖലയിലെ 18 സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. ആലപ്പുഴ ജില്ലയിലെ എം.എൽ.എ.-മാരെ പങ്കെടുപ്പിച്ച് ഈ സഭാ സമ്മേളനം കഴിഞ്ഞാൽ യോഗം വിളിച്ച് ചേർക്കാനും തീരുമാനിച്ചിട്ടുണ്ട്.

## (8) ടൂറിസം മേഖല

ശ്രീ. കെ. ജെ. മാക്സി: സർ, ഫോർട്ടുകൊച്ചി - മട്ടാഞ്ചേരി നൂറ്റാണ്ടുകൾ പഴക്കമുള്ള പൗരാണിക നഗരവും ലോക പ്രശസ്തമായ ടൂറിസ്റ്റ് കേന്ദ്രവും ബിനാലെ പോലെ ഇന്ത്യയുടെ ഏക അന്തർദ്ദേശീയ സമകാലിക കലാപ്രദർശനം നടക്കാറുള്ള പ്രദേശവുമാണ്. ടൂറിസത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ഹോംസ്റ്റേകൾ, ഹാന്റിക്രാഫ്റ്റ് കടകൾ, ആർട്ട് ഗ്യാലറികൾ, ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ്, ടൂറിസ്റ്റ് ഗൈഡുകൾ, വഴിയോര കച്ചവടക്കാർ ഉൾപ്പെടെയുള്ള നൂറുകണക്കിന് കുടുംബങ്ങളുടെ ജീവിതം വഴിമുട്ടി നിൽക്കുകയാണ്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ടൂറിസം മേഖലയ്ക്ക് മുഖ്യമന്ത്രി ടൂറിസം ലോൺ നടപ്പിലാക്കിയെങ്കിലും ഫോർട്ടുകൊച്ചി-മട്ടാഞ്ചേരി മേഖലയിൽ ചുരുക്കംപേർക്ക് മാത്രമാണ് ലോൺ ലഭിച്ചത്. പ്രസ്തുത ലോൺ എല്ലാവർക്കും ലഭിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട കൊച്ചി അംഗം ഉന്നയിച്ചത് നേരത്തേ ആലപ്പുഴ അംഗം ഉന്നയിച്ച വിഷയവുമായി സമാന സ്വഭാവമുള്ളതാണ്. കോവിഡ് 19-ന്റെ ഒന്നാംഘട്ടം ടൂറിസം രംഗത്തുണ്ടാക്കിയ ആഘാതം മറികടക്കുന്നതിനിടയിലാണ് രണ്ടാം തരംഗമെത്തിയത്. ഇത് കേരളത്തിലെ ടൂറിസം മേഖലയെ ആശ്രയിച്ചുകഴിയുന്നവരെ ബാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഫോർട്ടുകൊച്ചി-മട്ടാഞ്ചേരി ഉൾപ്പെടെയുള്ള ടൂറിസം മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന എല്ലാവരെയും സംരക്ഷിക്കുക എന്നത് സർക്കാർ നിലപാടാണ്. ഇതിന്റെ ഭാഗമായി മേയ് മാസം 27-ന് സർക്കാർ വിനോദസഞ്ചാര മേഖലയിലെ 18 സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. തുടർനടപടിക ളെക്കുറിച്ച് ആലോചിക്കുകയാണ്. ടൂറിസം മേഖലയിലെ ജീവനക്കാരെ കോവിഡ്-19 മുന്നണിപ്പോരാളികളായി കണക്കാക്കി മുൻഗണനാക്രമത്തിൽ വാക്സിനേഷൻ ലഭ്യമാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഹോട്ടൽ, റിസോർട്ട്, റെസ്റ്റോറന്റ് ജീവനക്കാർക്ക് ഇതിനോടകം വാക്സിൻ നൽകിത്തുടങ്ങിയിട്ടുണ്ട്.

## IV നിയമനിർമ്മാണകാര്യം

### 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബില്ലിന്റെ അവതരണവും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, " 2021 മേയ് 31-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ, അവതരണത്തിനും തുടർന്നുള്ള പൊതുചർച്ചയ്ക്കുംശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1)-ലെയും ചട്ടം 237-ലെയും വ്യവസ്ഥകളും അതിനനുസൃതമായി ബില്ലിന്റെ തത്വത്തെപ്പറ്റി ചർച്ച ചെയ്യുന്നതിലേയ്ക്കായി ചട്ടം77-ലെ വ്യവസ്ഥകളും താൽക്കാലികമായി ഭേദഗതി ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു "എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഇതൊന്നും ശരിയല്ല........

മി.സ്പീക്കർ: ക്രമപ്രശ്നം ഉന്നയിക്കുന്നതിന് അങ്ങേയ്ക്ക് അവസരം തരാം.

ശ്രീ. പി. കെ. ബഷീർ: സബ്ജക്ട് കമ്മിറ്റി കൂടി ആലോചിക്കാതെയാണ്.... (ബഹളം)...

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബിസിനസ് അഡ്വൈസറി കമ്മിറ്റി യോഗത്തിൽ മുതിർന്ന നേതാക്കളുൾപ്പെടെ ചർച്ച ചെയ്തെടുത്ത തീരുമാനമനുസരിച്ച് ഈ ബില്ലിന്റെ അടിയന്തരപ്രാധാന്യം കണക്കിലെടുത്തു കൊണ്ടാണ് ഇന്ന് ഈ ബിൽ സഭയിലെടുത്തിരിക്കുന്നത്. അതിനെക്കുറിച്ച് തർക്കമുന്നയിക്കേണ്ട ആവശ്യമില്ലെന്നാണ് തോന്നുന്നത്.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## V ക്രമപ്രശ്നം

### (1) നിയമസഭാ ചട്ടങ്ങൾ സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) : സർ, 31-05-2021-ലെ ബുള്ളറ്റിൻ ഭാഗം II നമ്പർ 15 പ്രകാരം കേരള സാംക്രമിക രോഗങ്ങൾ ബിൽ ഇന്ന് സഭയിൽ അവതരിപ്പിക്കുകയാണ്. ചർച്ച അവസാനിപ്പിക്കുകയും ചർച്ച ചെയ്യുന്നതിനായി നിശ്ചയിച്ചിരിക്കുന്ന നിയമസഭാ ചട്ടങ്ങൾ 76, 77 സബ് സെക്ഷൻ 2 (എ), (ബി), (സി), 237 സബ് സെക്ഷൻ (1) എന്നിവയുടെയും ലംഘനമാണ് ഈ നടപടി. ഈ ബില്ലിന്മേൽ നിയമസഭയിൽ വിശദമായ പൊതുചർച്ച നടത്തുന്നതിനുള്ള അവസരം അംഗങ്ങൾക്ക് നഷ്ടപ്പെടുകയാണ്. ബിൽ അടിയന്തരമായി പാസ്സാക്കേണ്ട യാതൊരു സാഹചര്യവും നിലവിലില്ലെന്ന് കാണാവുന്നതാണ്. ഈ ബില്ലിലെ വ്യവസ്ഥകൾ 2020 മാർച്ച് 26-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. 1897-ലെ The Epidemic Diseases Act-ലെ സെക്ഷൻ 2, 3, 4 എന്നിവപ്രകാരം എല്ലാ നടപടികളും ഒരു നോട്ടിഫിക്കേഷൻ വഴി സ്വീകരിക്കാനുള്ള അധികാരം നൽകുന്നതിനാൽ ഇത്തരം ഒരു നിയമനിർമ്മാണത്തിന്റെ അടിയന്തര ആവശ്യമില്ല

എന്നാണ് എന്റെ വിനീതമായ അഭിപ്രായം. നിലവിൽ ഓർഡിനൻസുള്ളതിനാൽ നിയമപ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിക്കാൻ ഗവൺമെന്റിന് സാധിക്കും. ആയതിനാൽ ഇപ്പോൾ അടിയന്തര സ്വഭാവമില്ല. ഓർഡിനൻസ് പ്രകാരമുള്ള ബിൽ തൊട്ടടുത്ത നിയമസഭാസമ്മേളനത്തിൽത്തന്നെ പാസ്സാക്കിക്കൊള്ളണമെന്നില്ല. ഈ സഭയിൽ 27-6-1994-ലെ സ്പീക്കറുടെ റൂളിംഗ് നിലനിൽക്കെ, പതിനഞ്ചാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിൽ, 40 കൊല്ലമായി നിലനിൽക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ചരിത്രത്തിലാദ്യമായി, അവയുടെ രൂപീകരണത്തിന് മുമ്പായി നിയമസഭാ ചട്ടങ്ങൾ മറികടന്ന് ഈ ബിൽ പാസ്സാക്കാനുള്ള നീക്കം ജനാധിപത്യ അവകാശങ്ങളുടെ ലംഘനമാണ്. കേരള നിയമസഭാ ചരിത്രത്തിൽ ഒരു പക്ഷേ ഇതുപോലൊരു സംഭവമുണ്ടായിക്കാണില്ല. ധാരാളം ബില്ലുകളുടെ പരിഗണന മാറ്റിവച്ചിട്ടുള്ള ചരിത്രവും കേരള നിയമസഭയിലുണ്ട്. അങ്ങ് ധാരാളം പാർലമെന്ററി എക്സ്പീരിയൻസുള്ളയാളും ലോകസഭയിലെ സ്പീക്കറുടെ ജനാധിപത്യവിരുദ്ധ നടപടികൾ ധാരാളം ചോദ്യം ചെയ്തിട്ടുള്ള ആളുമാണ്. പക്ഷേ അങ്ങ് ഇതിന് കൂട്ടുനിൽക്കുന്നത് ഒട്ടും ആശാസ്യമല്ല. ഇത് അടിയന്തരമായി ഇന്നുതന്നെ പാസ്സാക്കേണ്ട യാതൊരു സാഹചര്യവുമില്ല. കാരണം ഓർഡിനൻസ് നിലവിലുണ്ട്. അതനുസരിച്ച് ഗവൺമെന്റ് നടപടി സ്വീകരിക്കുന്നുമുണ്ട്. അങ്ങനെയാണെങ്കിൽ അടിയന്തര ആവശ്യം എന്താണ്? നാൽപ്പത് കൊല്ലം മുമ്പാണ് കേരള നിയമസഭയിൽ സബ്ജക്ട് കമ്മിറ്റികൾ രൂപീകരിച്ചത്. നാൽപ്പത് കൊല്ലത്തെ ചരിത്രത്തിനിടയിൽ ഇങ്ങനെയൊരു ജനാധിപത്യവിരുദ്ധ നിലപാടുണ്ടായിട്ടില്ല. അങ്ങ് ഇതിന് കൂട്ടുനിൽക്കരുത്. ഇക്കാര്യത്തിൽ അങ്ങയുടെ റൂളിംഗുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

## (2) 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബില്ലിന്റെ ഭരണഘടനാ സാധുത

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഈ ബില്ലിന്റെ constitutionality, legislative competency എന്നീ രണ്ടുകാര്യങ്ങളാണ് ഉന്നയിക്കുന്നത്. ഇതിൽ കുറച്ച് സാങ്കേതികതയുള്ളതുകൊണ്ട് ഞാൻ അതിന്റെ historical aspect പറയാം. ആദ്യമായി സാംക്രമിക രോഗങ്ങൾ സംബന്ധിച്ച ബിൽ കേരളത്തിലുണ്ടായത് 1897-ലാണ്. The Cochin Epidemic Diseases Act, 1072 (1 of 1072 M.E.) ആണ് ഒന്നാമത്തെ നിയമം. അതിനുശേഷം The Travancore Epidemic Diseases Act, 1073 (2 of 1073 M.E.) നിലവിൽവന്നു. അതേവർഷം ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ The Epidemic Diseases Act (Central Act 3 of 1897) നിലവിൽവന്നു. അന്ന് ഈ മൂന്ന് നിയമങ്ങളും നിലനിൽക്കാൻ കാരണം ഇന്ത്യാ ഗവൺമെന്റ് പാസ്സാക്കിയ നിയമം തിരുവിതാംകൂറിലും കൊച്ചിയിലും

ബാധകമാകാത്തതിനാലാണ്. അതായത് അന്ന് ഇന്ത്യാ ഗവൺമെന്റ് പാസ്സാക്കുന്ന നിയമം ബാധകമാകാത്ത പാർട്ട്-ബി സ്റ്റേറ്റ്സുണ്ടായിരുന്നു. ആ പാർട്ട്-ബി സ്റ്റേറ്റ്സാണ് ഹൈദരാബാദ്, ജമ്മു ആൻഡ് കാശ്മീർ, മദ്ധ്യഭാരത്, മൈസൂർ-പട്യാല, പട്യാല-ഈസ്റ്റ് പഞ്ചാബ് സ്റ്റേറ്റ്സ്, രാജസ്ഥാൻ, സൗരാഷ്ട്ര, തിരുവിതാംകൂർ-കൊച്ചി എന്നിവ. അതിനാൽ ആ കാലഘട്ടത്തിൽ കേന്ദ്ര നിയമം തിരുവിതാംകൂർ-കൊച്ചി മേഖലയിൽ ബാധകമായിരുന്നില്ല. അതിനുപകരം നേരത്തെപറഞ്ഞ രണ്ട് ആക്ടുകളാണ് ബാധകമായിരുന്നത്. അതിനുശേഷമുണ്ടായത് ഈ സർക്കാർ കൊണ്ടുവന്ന ആദ്യത്തെ ഓർഡിനൻസാണ്. ഇതുമായി ബന്ധപ്പെട്ട് 2020 മാർച്ച് 27-ന് കേരള സർക്കാർ കൊണ്ടുവന്ന ആദ്യത്തെ ഓർഡിനൻസാണ് എന്റെ കയ്യിലുള്ളത്. ആ ഓർഡിനൻസിന്റെ അവസാന ഭാഗത്ത്,

"12. Repeal and Saving:– (1) The Cochin Epidemic Diseases Act, 1072 (1 of 1072 M.E) and the Travancore Epidemic Diseases Act, 1073 (2 of 1073 M.E) are hereby repealed." അതായത് ആദ്യത്തെ രണ്ടുനിയമങ്ങളും പിൻവലിച്ചു. (2) From the date of commencement of this Ordinance, the provisions of Epidemic Diseases Act, 1897 (Act 3 of 1897) shall have no application to the territories comprised in Malabar area as defined in the State Re-organisation Act, 1956. ആ ഓർഡിനൻസ് പ്രകാരം കൊച്ചിയിലും തിരുവിതാംകൂറിലുമുണ്ടായിരുന്ന സാംക്രമികരോഗ നിയമം പിൻവലിക്കുകയും മലബാർ മേഖലയിൽ 1897 ആക്ടിന്റെ applicability ഇല്ലാതാക്കുകയും ചെയ്തു. അതിനുശേഷം 2020 സെപ്റ്റംബർ 28-ന് പാർലമെന്റ് ഇതുസംബന്ധിച്ച് സമാനമായ ഒരു ഓർഡിനൻസ് കൊണ്ടുവന്നു. 1897-ലെ കേന്ദ്ര നിയമത്തിൽ അമെന്റ്മെന്റ് വരുത്തിക്കൊണ്ട് അന്ന് ട്രാവൻകൂർ, കൊച്ചിൻ ഉൾപ്പെടെയുള്ള പാർട്ട് ബി സ്റ്റേറ്റ്സിന് കൊടുത്തിരുന്ന എക്സംപ്ഷൻ എടുത്തുകളയുകയാണ് ചെയ്തത്. ആ അമെന്റ്മെന്റാണ് ആദ്യം ഓർഡിനൻസായി കൊണ്ടുവന്നത്. അതിനുമുമ്പ് 1897-ലെ കേന്ദ്ര സർക്കാരിന്റെ നിയമത്തിൽ പറഞ്ഞിരുന്നത്, "it extends to the whole of India except the territories which immediately before 1st November, 1956, were comprised in Part 'B' states" എന്നാണ്. ഞാൻ നേരത്തേ വായിച്ച പാർട്ട് 'ബി' സ്റ്റേറ്റ്സിൽ 1897-ലെ നിയമം ബാധകമായിരുന്നില്ല. പക്ഷേ ആ ഭാഗമെടുത്ത് മാറ്റിക്കൊണ്ട് 1897-ലെ നിയമം ഇന്ത്യാ രാജ്യത്ത് മുഴുവൻ ബാധകമാക്കിക്കൊണ്ടുള്ള ഓർഡിനൻസ് കേന്ദ്ര സർക്കാർ 28 സെപ്റ്റംബർ, 2020-ന് കൊണ്ടുവന്നു. അതിനുശേഷം 2-6-2020-ന് പാർലമെന്റ് ആക്ട് പാസ്സാക്കി. അത് നിയമമായി മാറി. ആ ആക്ടാണ് ഇപ്പോൾ എന്റെ കയ്യിൽ ഇരിക്കുന്നത് ' The Epidemic Diseases Act, 1897.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, ക്രമപ്രശ്നത്തിന് ആധാരമായ വിഷയത്തിൽമാത്രം ഒതുങ്ങിനിന്ന് സംസാരിക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ബാക്ക്ഗ്രൗണ്ട് പറഞ്ഞാലേ ഇത് പറയാൻ കഴിയുകയുള്ളൂ. I will make it short. ആ നിയമം ഇന്ന് ഇന്ത്യാ രാജ്യത്ത് മുഴുവൻ നിലനിൽക്കുകയാണ്. അതിൽ ആർക്കും തർക്കമില്ല. അങ്ങനെയൊരു നിയമം നിലനിൽക്കവെയാണ് ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ബില്ലിന്റെ അഞ്ചാം പേജിലെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ ഈ നിയമം കൊണ്ടുവരുന്നതിനുള്ള ഒരു പശ്ചാത്തലം പറഞ്ഞിട്ടുണ്ട്. "സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ വെവ്വേറെ നിയമങ്ങളാണ് ഉണ്ടായിരുന്നത്. ആയത് കോവിഡ്-19 പോലെയുള്ള സാംക്രമിക രോഗങ്ങളെ ഒരു ഏകീകൃത രീതിയിൽ കൈകാര്യം ചെയ്യുവാൻ ബുദ്ധിമുട്ട് സൃഷ്ടിച്ച സാഹചര്യത്തിൽ The Epidemic Diseases Act, I of 1072 M.E (Cochin Act), The Epidemic Diseases Act, 1073 (II of 1073 M.E., Travancore Act) എന്നിവ റദ്ദാക്കിക്കൊണ്ടും 1897-ലെ The Epidemic Diseases Act (Central Act 3 of 1897) മലബാർ മേഖലയിൽ പ്രാബല്യം ഇല്ലാതാക്കിക്കൊണ്ടും സംസ്ഥാനത്തിന് മുഴുവൻ ബാധകമാവുന്ന വിധത്തിൽ ഒരു നിയമനിർമ്മാണം നടത്തുന്നതിനും സർക്കാർ തീരുമാനിച്ചു."

മി. സ്പീക്കർ: അങ്ങ് പ്രസംഗം ചുരുക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, 1897-ലെ ഈ നിയമം മലബാർ മേഖലയിൽ മാത്രമായി ഇല്ലാതാക്കാൻ ഈ ഹൗസിന് സാധിക്കുമോ; അതിനുള്ള കോംപീറ്റൻസി ഈ ഹൗസിനുണ്ടോ? ഒരു പോയിന്റ് കൂടിയുണ്ട്. യഥാർത്ഥത്തിൽ സംഭവിച്ചത്, ഓർഡിനൻസുണ്ടാക്കുന്ന സമയത്ത് കേന്ദ്രനിയമം ഉണ്ടായിരുന്നില്ല, ആ സമയത്ത് ട്രാവൻകൂർ, കൊച്ചിൻ നിയമങ്ങൾ ഇല്ലാതാക്കുകയും മലബാർ മേഖലയിൽ മറ്റേതിന്റെ ആപ്ലിക്കബിലിറ്റി മാറ്റുകയും ചെയ്യണമായിരുന്നു. അതിനുശേഷം പാർലമെന്റ് നിയമമുണ്ടാക്കി. അത് ഇന്നും നിലനിൽക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല, അല്ലെങ്കിൽ അത് കവർ ചെയ്തിട്ടില്ല. അത് കവർ ചെയ്യാതെ ഒരു നിയമം കൊണ്ടുവന്നാൽ, .....

മി. സ്പീക്കർ: യെസ്...യെസ്....വ്യക്തമായി.

ഡോ. മാത്യു കുഴൽനാടൻ: സർ, കഴിഞ്ഞില്ല. ഒരു ലീഗൽ പോയിന്റ് കൂടി, let me make it short. പാർലമെന്റിന്റെ ഒരു നിയമം നിലനിൽക്കുമ്പോൾ whether we can legislate….. ഭരണഘടനയുടെ 'Article 254 (251) Constitution of India: Inconsistency between laws made by Parliament under Articles 249 and 250 and laws made by the Legislatures of States. Nothing in Articles 249 and 250 shall restrict the power of the Legislature of a State to make any law which under this constitution it has power to make, but if any provision of a law made by the Legislature of a State is repugnant to any provision of a law made by Parliament which Parliament has under either of the said articles power to make, the law made by Parliament, whether passed before or after the law made by the legislature of the State, shall prevail, and the law made by the Legislature of the State shall to the extent of the repugnancy, but so long only as the law made by the parliament continues to have effect, be inoperative.' ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ relevant-ആയിട്ടുള്ള രണ്ട് ജഡ്ജ്മെന്റുകളുണ്ട്. ഞാൻ അതിന്റെ ഒരു ഭാഗംകൂടി വായിക്കാം. Then it will be more clear.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, അങ്ങയുടെ പ്രസംഗം ചുരുക്കണം. അങ്ങയുടെ പശ്ചാത്തല വിവരണം വിശദമായിപ്പോയി.....(ബഹളം)... അദ്ദേഹത്തിന് അവസരം കൊടുത്തു. ഇനി ചുരുക്കണമെന്നാണ് പറഞ്ഞത്. അദ്ദേഹം സംസാരിക്കും. നിങ്ങൾ സമയം തടസ്സപ്പെടുത്താതിരുന്നാൽ മതി.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ ഒരു കീഴ്വഴക്കമുണ്ട്. അതായത് ബിൽ അവതരിപ്പിക്കുമ്പോഴും ബില്ലിനെക്കുറിച്ച് സംസാരിക്കുമ്പോഴും ബില്ലിലെ ലീഗൽ ഒബ്ജക്ഷൻ അവതരിപ്പിക്കുമ്പോഴും സമയപരിധി വയ്ക്കാറില്ല, എന്നാൽ സ്വയനിയന്ത്രണം പാലിക്കുകയും വേണം. സഭാനടപടികൾ സമയത്ത് തീർക്കാൻ വേണ്ടിയുള്ള നല്ല ശ്രമമാണ് അങ്ങയുടേത്. ഞാൻ അത് സ്വാഗതം ചെയ്യുന്നു. പക്ഷേ വളരെ റെലവെന്റായ ഒരു ബിൽ കൊണ്ടുവരുമ്പോഴുള്ള ലീഗൽ ഒബ്ജക്ഷനാണ്. ആ ലീഗൽ ഒബ്ജക്ഷൻ ഔട്ട് ഓഫ് ടോപ്പിക്കിലേയ്ക്കൊന്നും പോകാത്ത സാഹചര്യത്തിൽ അങ്ങ് അത് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സമയം പാലിക്കുന്നതിൽ പൊതുവിൽ ശ്രദ്ധിക്കുന്ന ഒരാളാണ്. ഇവിടെ ആദ്യത്തെ കുറേ സമയം തുടർച്ചയായി അനുവദിച്ചിരുന്നു. അദ്ദേഹത്തിന്റെ പശ്ചാത്തല വിവരണം കുറച്ച് കൂടുന്നുവെന്ന് തോന്നിയപ്പോഴാണ് ഇടപെട്ടത്.

ഡോ. മാത്യു കുഴൽനാടൻ: സർ, I am sorry. ഞാനൊരു പുതിയ ആളായതിനാൽ എനിക്ക് ചിലപ്പോൾ പെട്ടെന്ന് അവതരിപ്പിക്കാൻ സാധിച്ചുവെന്നുവരില്ല. Supreme Court Judgment Monnet Ispact and Energy Ltd vs Union of India and Ors (2012) (2) SCC. അതുപോലെ ITC Limited and Others vs State of Karnataka 1985 supplementary SCC 476, ഞാൻ അതിലെ പ്രധാനപ്പെട്ട ഒരു വരി മാത്രം വായിക്കാം. The concept of repugnancy arises only with regard to laws dealing with subjects covered by the entries falling in list III, in respect of which both Parliament and State Legislature are competent to legislate. Under Article 254 of the Constitution, a State law passed in respect of a subject matter comprised in list III would be invalid if its provision were repugnant to a law passed on the same subject by Parliament." ഇതാണ് ഞാൻ കൃത്യമായും ചൂണ്ടിക്കാണിക്കുന്ന പോയിന്റ്. ഒരു നിയമം നിലനിൽക്കുമ്പോൾ അതിന് വിരുദ്ധമായി ഒരു നിയമം ഈ സഭ പാസാക്കിയാൽ ഒന്നാമതായി അത് unconstitutional ആണ്, that will be invalid. രണ്ടാമതായി, അറിഞ്ഞോ അറിയാതെയോ ഇന്ന് കൊണ്ടുവന്ന ഈ ബില്ലിന് മലബാർ മേഖലയിൽ മാത്രം ആപ്ലിക്കബിലിറ്റി ഇല്ല എന്ന സ്ഥിതിയാണ്, there cannot be such a situation. കാരണം നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാണ്. മലബാർ മേഖലയിൽ മാത്രം ഇതിന്റെ ആപ്ലിക്കബിലിറ്റി ഇല്ലാതാക്കുകയാണ്. തന്നെയുമല്ല മറ്റൊരു കാര്യം, ഇന്നിപ്പോൾ ഈ ബിൽ പാസ്സാക്കി നിയമം വന്നുവെന്നിരിക്കട്ടെ, കേന്ദ്ര നിയമ പ്രകാരം എപ്പിഡമിക് ഡിസീസസ് ആക്ടിൽ പെനാൽറ്റി പോർഷൻ പറഞ്ഞിരിക്കുന്നത് സെക്ഷൻ 3-ൽ ആണ്. Section 3 പ്രകാരം (1)“ Any person disobeying any regulation or order made under this Act shall be deemed to have committed an offence punishable under section 188 of the Indian Penal Code (45 of 1860).

(2) Whoever,–

(i) commit or abets the commission of an act of violence against a healthcare service personnel; or

(ii) assets or cause damage or loss to property, shall be punished with

imprisonment for a term which shall not be less than three months, but which may extend to five years, and with fine, which shall not be less than fifty thousand rupees, but which may extend to two lakh rupees.' അതായത് മിനിമം മൂന്ന് മാസം തടവും കുറഞ്ഞത് അമ്പതിനായിരം രൂപ പിഴയുമാണ്. അമ്പതിനായിരം രൂപ പിഴ എന്നത് രണ്ട് ലക്ഷം രൂപ വരെയാകാം. ഇപ്പോൾ ഇവിടെകൊണ്ടുവന്നിട്ടുള്ള നിയമത്തിൽ പെനാൽറ്റി പറഞ്ഞിരിക്കുന്നത് സെക്ഷൻ 5-ലാണ്. " റെഗുലേഷനുകളും ഉത്തരവുകളും പാലിക്കാൻ ബാദ്ധ്യസ്ഥരായ ഏതൊരു വ്യക്തി/സ്ഥാപനം/കമ്പനി ഈ ആക്ടിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും അത്തരത്തിലുള്ള റെഗുലേഷനോ ഉത്തരവോ ലംഘിക്കുകയോ അനുസരിക്കാതിരിക്കുകയോ ഈ ആക്ടിൻ കീഴിൽ അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥനെ തടസ്സപ്പെടുത്തുകയോ ചെയ്താൽ കുറ്റസ്ഥാപനത്തിന്മേൽ രണ്ട് വർഷം വരെയാകാവുന്ന കാലത്തേയ്ക്കുള്ള തടവിനോ പതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ ഇവ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടേണ്ടതാണ്" എന്നാണ് പറഞ്ഞിരിക്കുന്നത്. പാർലമെന്റ് നിയമം നിലനിൽക്കെ ഈ നിയമം നിലവിൽ വന്നാൽ പോലീസ് ഉദ്യോഗസ്ഥർ ഏത് നിയമപ്രകാരം കേസെടുക്കും; ഒരു കോടതി ഏത് നിയമപ്രകാരം ശിക്ഷിക്കും? കേരള നിയമസഭ ആഗ്രഹിക്കുന്നത് കേന്ദ്ര സർക്കാർ പാസ്സാക്കിയിട്ടുള്ള നിയമം ഡൈല്യൂട്ട് ചെയ്യണമെന്നാണോ; അതിനുവേണ്ടിയാണോ നിയമം? അങ്ങനെയാണെങ്കിൽ അങ്ങനെ പറയണം. 'നിലവിൽ ഒരു കേന്ദ്ര നിയമമുണ്ട്, അതിൽ അമ്പതിനായിരം രൂപ മിനിമം പിഴ പറയുന്നു. ഞങ്ങൾക്ക് അതിനോട് താൽപ്പര്യമില്ല, ഞങ്ങൾ അത് പതിനായിരം രൂപയായി കുറയ്ക്കുന്നു' എന്ന് ഒബ്ജക്ടീവ്സിൽ എഴുതണം. That should be the objective. Otherwise there will be two parallel laws operating on the same field, which is unconstitutional. Larger wisdom of the House may be applied. അതുകൊണ്ട് ബിൽ ഒന്നുകൂടി പരിശോധിക്കുന്നത് നന്നായിരിക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ അവതരണത്തിനും പൊതുചർച്ചയ്ക്കുംശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടു ക്കുന്നതിലേയ്ക്കായി നിയമസഭാ ചട്ടങ്ങൾ താൽക്കാലികമായി ഭേദഗതി ചെയ്യണമെന്ന് അവതരിപ്പിച്ച പ്രമേയം ചട്ടങ്ങൾക്ക് അനുസരിച്ചുതന്നെയാണ്. ചട്ടം 313-ൽ പറയുന്നത് 'ഏതൊരു അംഗത്തിനും സഭ മുൻപാകെയുള്ള ഒരു പ്രത്യേക ഉപക്ഷേപത്തിന് ബാധകമാക്കുന്നതിനുവേണ്ടി ഏതെങ്കിലും ചട്ടം സസ്പെൻഡ് ചെയ്യാമെന്ന്

സ്പീക്കറുടെ സമ്മതത്തോടുകൂടി പ്രമേയം അവതരിപ്പിക്കാവുന്നതും, ആ പ്രമേയം അംഗീകരിക്കപ്പെടുകയാണെങ്കിൽ ആ ചട്ടം അപ്പോഴത്തേയ്ക്ക് സസ്പെൻഡ് ചെയ്യേണ്ടതുമാകുന്നു' എന്നാണ്. I am coming to the point. അതിനുമുമ്പേതന്നെ കാര്യോപദേശക സമിതിയുടെ തീരുമാനപ്രകാരമാണ് ഈ ബിൽ ഈ രീതിയിൽ ഇന്നത്തെ സഭയിലേയ്ക്ക് വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ അംഗം പറഞ്ഞത് ഇതിന് ഒരു ധൃതിയും ഇല്ല എന്നുള്ളതാണ്. 2020 ജനുവരി 30-ന് ഇന്ത്യയിൽ ആദ്യത്തെ കോവിഡ് പോസിറ്റീവ് കേസ് റിപ്പോർട്ട് ചെയ്യുന്നത് കേരളത്തിലാണ്. അന്ന് ഇത് ഏത് രീതിയിൽ കൈകാര്യം ചെയ്യണമെന്നുള്ളത് സംബന്ധിച്ച് ലോകാരോഗ്യ സംഘടനപോലും നിയതമായിട്ടുള്ള ഒരു സംവിധാനത്തെക്കുറിച്ച് പറഞ്ഞിരുന്നില്ല. കൺട്രോൾ റൂം തുറക്കുന്നതും അതുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങളും ആദ്യമായി നമ്മുടെ സംസ്ഥാനമാണ് ആസൂത്രണം ചെയ്തത്. 27-03-2020-നാണ് ഇതുമായി ബന്ധപ്പെട്ട ആദ്യത്തെ ഓർഡിനൻസ് ഇറങ്ങിയത്. അതിനുശേഷം അതിൽ അമെന്റ്മെന്റ് വരുത്തി, 4-7-2020-ൽ കേരള എപ്പിഡെമിക്ക് ഡിസീസസ് അമെന്റ്മെന്റ് ഓർഡിനൻസായി. അതിനുശേഷം ഇത് രണ്ടുംകൂടി സംയോജിപ്പിച്ചുകൊണ്ട് 26-9-2020-ൽ 'The Kerala Epidemic Diseases Ordinance, 2020' പ്രസിദ്ധീകരിച്ചു. ഇപ്പോഴത്തെ സാഹചര്യത്തിൽ നമ്മൾ രണ്ടാം തരംഗത്തെ നേരിടുകയും മൂന്നാം തരംഗത്തിലേയ്ക്ക് കടക്കാൻ പോകുകയുമാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം ഈ ഓർഡിനൻസുകളുടെ പുനർവിളംബരത്തിൽ '..... repromulgation of the ordinance is a fraud on the Constitution', എന്നുപറഞ്ഞിരിക്കുന്നത് Krishna Kumar Singh & Anr. vs State Of Bihar & Ors എന്ന കേസിൽ ഭാരതത്തിന്റെ പരമോന്നത നീതിപീഠമായ സുപ്രീംകോടതിയാണ്. ഇപ്പോഴത്തെ അടിയന്തര സാഹചര്യത്തിൽ, പകർച്ച വ്യാധികളുടെ സാഹചര്യത്തിൽ, സഭ ഈ ബിൽ പരിഗണിക്കുന്നു, ഇതാണ് ഇതിന്റെ പശ്ചാത്തലം. ഇനി ബഹുമാന്യനായ മൂവാറ്റുപുഴ അംഗം പറഞ്ഞ രണ്ടാമത്തെ കാര്യം നിയമപരമായിട്ടുള്ള ചില പ്രശ്നങ്ങളാണ്. ഇന്ത്യയിൽ ആദ്യമായി ബോംബെയിൽ പ്ലേഗ് പൊട്ടിപ്പുറപ്പെട്ടപ്പോൾ 1897-ലാണ് ' The Epidemic Diseases Act, 1897' നിലവിൽവന്നത്. പക്ഷെ അദ്ദേഹം പറഞ്ഞതുപോലെ പാർട്ട് ബി സ്റ്റേറ്റ്സിന് ആ നിയമം ബാധകമായിരുന്നില്ല. അതായത്, തിരുവിതാംകൂർ, കൊച്ചി സ്റ്റേറ്റിന് അത് ബാധകമല്ല, മദ്രാസ് സ്റ്റേറ്റിന്റെ ഭാഗമായിരുന്ന മലബാറിൽ അത് ബാധകമായിരുന്നു. അതാണ് ഇവിടെ നിലനിന്നിരുന്ന നിയമം. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച് ഭരണഘടന രൂപീകൃതമായതിനുശേഷവും ഈ നിയമത്തിൽ ഒരു മാറ്റവും വന്നില്ല. നമ്മൾ ഈ രണ്ട് ഓർഡിനൻസുകളുംകൂടി സംയോജിപ്പിച്ചത് 2020 സെപ്റ്റംബർ 26-ാം തീയതിയാണ്. അതിനുശേഷം അതേ മാസമാണ് പാർട്ട് ബി സ്റ്റേറ്റിനെ ഇതിൽ

ഉൾപ്പെടുത്തണം, എല്ലാ സംസ്ഥാനങ്ങൾക്കും ഇത് ബാധകമാണെന്ന അമെന്റ്മെന്റോടുകൂടി കേന്ദ്ര സർക്കാർ 2020-ലെ Epidemic Diseases Act നിയമമാക്കിയത്. ഇതാണ് അതിന്റെ പശ്ചാത്തലം. അദ്ദേഹം പറഞ്ഞ വളരെ സുപ്രധാനമായിട്ടുള്ള ഒരു പോയിന്റിലേയ്ക്ക് ഞാൻ വരികയാണ്. അദ്ദേഹം പറഞ്ഞത് പാർലമെന്റ് പാസ്സാക്കിയ ഒരു നിയമത്തിന് വിരുദ്ധമായി എങ്ങനെ സ്റ്റേറ്റിന് ഒരു നിയമം പാസ്സാക്കാൻ കഴിയും എന്നതാണ്; കഴിയില്ല. പക്ഷെ ഏത് വിഷയത്തിലാണ് നമ്മൾ ഈ ബിൽ കൊണ്ടുവന്നത് എന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്. അതായത് ഭരണഘടനയിലെ 7-ാമത്തെ ഷെഡ്യൂളിൽ ഉൾപ്പെടുന്ന സ്റ്റേറ്റ് ലിസ്റ്റിലെ ആറാമത്തെ എൻട്രിയിലെ പബ്ലിക് ഹെൽത്തിലാണ് സർക്കാർ ഈ ഓർഡിനൻസ് കൊണ്ടുവന്നത്. അദ്ദേഹം പറഞ്ഞത് Concurrent List ആണ്. ഭരണഘടനയുടെ അനുച്ഛേദം 254. അതിൽ എന്താണ് പറയുന്നത്? 'In case both the Parliament and the State make a law upon a matter in the Concurrent List and the laws are such that they are irreconcilable, then the law made by the Parliament shall prevail....' അതായത് കൺകറന്റ് ലിസ്റ്റിൽ വരുന്ന ഒരു വിഷയത്തിൽ പാർലമെന്റും നിയമസഭയും നിയമം നിർമ്മിക്കുകയും ഈ രണ്ട് നിയമങ്ങളും പരസ്പരവിരുദ്ധവുമാണെങ്കിൽ പാർലമെന്റ് പാസ്സാക്കിയ നിയമം മാത്രമേ നിലനിൽക്കുകയുള്ളൂ. ഇത് കൺകറന്റ് ലിസ്റ്റാണോ സ്റ്റേറ്റ് ലിസ്റ്റാണോ എന്നുള്ളതാണ് ഇനി പ്രധാനം. ഇതാണ് ഇവിടെ അടുത്തതായി വരാൻ പോകുന്ന ചോദ്യം. Concurrent List (Seventh Schedule)-ലെ എൻട്രി 29 ആണ് 1897-ലെ Epidemic Diseases Act-ന്റെ അടിസ്ഥാനം. എൻട്രി 29-ൽ പറഞ്ഞിരിക്കുന്നത് 'മനുഷ്യരേയോ ജന്തുക്കളേയോ സസ്യങ്ങളേയോ ബാധിക്കുന്ന പകർച്ചവ്യാധികളുടെ സംസർഗ്ഗംകൊണ്ട് പകരുന്ന രോഗങ്ങളുടേയോ കീടബാധകളുടേയോ ഒരു സംസ്ഥാനത്തുനിന്നും മറ്റൊരു സംസ്ഥാനത്തേയ്ക്കുള്ള വ്യാപനം തടയൽ', വളരെ വ്യക്തമാണ്. ഇനി രണ്ടാമത്തെ കാര്യം, എങ്ങനെയാണ് ഇത് സ്റ്റേറ്റ് ലിസ്റ്റിലാണ് എന്നുള്ളത് പറയുന്നത്, 7th ഷെഡ്യൂൾ സ്റ്റേറ്റ് ലിസ്റ്റിലെ ഉൾക്കുറിപ്പ്/എൻട്രി 6 പ്രകാരം 'പൊതുജനാരോഗ്യവും ശുചീകരണവും ആശുപത്രികളും വൈദ്യശാലകളും' ആണെന്ന് കാണാവുന്നതാണ്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ വാദം പൂർണ്ണമായും അംഗീകരിക്കുകയാണ്. അതാണ് കേസ് എങ്കിൽ, why you refer to 1897? Statement of Objectives-ൽ എന്തിനുവേണ്ടിയാണ് The Epidemic Diseases Act മലബാർ മേഖലയിൽ പ്രാബല്യമില്ലാതാക്കിക്കൊണ്ടുവന്ന് ടച്ച് ചെയ്യുന്നത്, 1897 നിങ്ങൾ എന്തിന് ടച്ച് ചെയ്യുന്നു? What is your right? How can you touch on 1897 Act? നിങ്ങൾ സ്റ്റേറ്റ് ലിസ്റ്റ് പ്രകാരം പുതിയ നിയമമുണ്ടാക്കുന്നതാണെങ്കിൽ, how can you touch upon a Central Law?

ശ്രീമതി വീണാ ജോർജ്ജ്: സർ, we didn't touch that law. ഇനി അദ്ദേഹം പറയുന്ന രീതിയിലാണെങ്കിൽ ഈ അസംബ്ലിതന്നെ ഒരു നിയമം പാസ്സാക്കിയിട്ടുണ്ട്, 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട്. ഈ നിയമസഭ പാസ്സാക്കിയ ബിൽ നിയമമായതാണ്. അതിൽ 'റദ്ദാക്കലും-ഒഴിവാക്കലും' എന്ന ശീർഷകത്തിൽ പറയുന്നത് '1956-ലെ സംസ്ഥാന പുനഃസംഘടനാ ആക്ട് (1956-ലെ 37-ാം കേന്ദ്ര ആക്ട്) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മലബാർ ജില്ലയിൽ പ്രാബല്യത്തിലിരിക്കുന്ന 1897-ലെ ഇന്ത്യൻ ഫിഷറീസ് ആക്ടിന് (1897-ലെ 4-ാം കേന്ദ്ര ആക്ട്) ആ പ്രദേശത്തുള്ള ബാധകതയില്ലാതാക്കുകയും 1950-ലെ തിരുവിതാംകൂർ-കൊച്ചി ഫിഷറീസ് ആക്ട് (1950-ലെ 34) ഇതിനാൽ റദ്ദാക്കുകയും ചെയ്യുന്നു' എന്നാണ്. ' not applicable' അതാണ് അതിലെ വാക്ക്. അതോടൊപ്പം തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് repeal ചെയ്യുകയും ചെയ്തിട്ടുണ്ട്. 2010-ൽ നമ്മൾ പാസ്സാക്കിയ ഫിഷറീസ് ആക്ടിലാണ് 1897-ലെ ഫിഷറീസ് ആക്ട് മലബാർ മേഖലയിൽ ബാധകമല്ല എന്നുപറഞ്ഞതും അതോടൊപ്പം ഇവിടെ നാട്ടുരാജ്യങ്ങളിലുണ്ടായ നിയമങ്ങൾ റദ്ദാക്കുകയും ചെയ്തത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ചോദിക്കുന്നത്, ഈ നിയമം വിശദീകരിച്ചാൽ, ഞാൻ ഒരു വരി വ്യക്തമായി വായിക്കാം 'സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ തലങ്ങളിൽ വെവ്വേറെ നിയമങ്ങളാണുണ്ടായിരുന്നത്. ആയത് കോവിഡ്-19 പോലെയുള്ള സാംക്രമിക രോഗങ്ങളെ ഒരു ഏകീകൃത രീതിയിൽ കൈകാര്യം ചെയ്യുവാൻ ബുദ്ധിമുട്ട് സൃഷ്ടിച്ച സാഹചര്യത്തിൽ, The Epidemic Diseases Act, I of 1072 M.E. (Cochin Act), The Epidemic Diseases Act, 1073 (II of 1073 M.E., Travancore Act) എന്നിവ റദ്ദാക്കിക്കൊണ്ടും.......' അതിനുള്ള power-ഉം legislative competency-ഉം ഈ സഭയ്ക്കുണ്ട്. അടുത്ത വരി ശ്രദ്ധിക്കുക, ' 1897-ലെ The Epidemic Diseases Act (Central Act 3 of 1897) മലബാർ മേഖലയിൽ പ്രാബല്യം ഇല്ലാതാക്കിക്കൊണ്ട്... how can you do this?

ശ്രീമതി വീണാ ജോർജ്ജ്: സർ, ഈ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിലെ ഒന്നാം ഖണ്ഡത്തിൽ ആദ്യമായി ഓർഡിനൻസ് പുറപ്പെടുവിക്കുന്ന സാഹചര്യത്തിലാണ് അങ്ങ് പറഞ്ഞ കാര്യം വിവരിച്ചിട്ടുള്ളത്. ഞാൻ വളരെ വ്യക്തമായി അതിന്റെ timeline പറഞ്ഞു, അതായത് ഈ ഓർഡിനൻസ് മാർച്ച് മാസത്തിൽ ആദ്യം കൊണ്ടുവരുമ്പോൾ, what was existing was that old Law, 1897-ലെ കേന്ദ്ര നിയമമാണ്. അതിൽ പറയുന്നത് മലബാറിൽ മാത്രമേ

ബാധകമുള്ള, തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റുകൾക്ക് ബാധകമല്ല എന്നാണ്. അപ്പോൾ ആദ്യത്തെ ഓർഡിനൻസിന്റെ കാര്യമാണ് അങ്ങ് പറയുന്നത്. അതിന്റെ വിവരണത്തിലാണ് അതുള്ളത്. എന്നാൽ കേന്ദ്രം 1897-ലെ Epidemic Diseases Act-ന് ഭേദഗതി വരുത്തിക്കൊണ്ട് പാർട്ട്-ബി സ്റ്റേറ്റിന് ബാധകമാക്കിയപ്പോൾ നമ്മൾ എന്തുചെയ്തു? അതിനുമുമ്പാണ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചത്. കേന്ദ്രം പ്രസ്തുത ഭേദഗതി വരുത്തിയതിനെത്തുടർന്ന് സംസ്ഥാനം ഓർഡിനൻസ് ഭേദഗതി ചെയ്തുകൊണ്ട് മലബാർ മേഖലയിൽ പ്രാബല്യമില്ലാതാക്കിയതിനെ നമ്മൾ ഒഴിവാക്കി. We have precedents. ഇപ്പോൾ അതില്ല. അങ്ങ് പറയുന്ന ഈ ഭാഗം ആദ്യത്തെ ഓർഡിനൻസിലുണ്ടായിരുന്നു. നമുക്ക് കീഴ്‌വഴക്കങ്ങളും നമ്മൾ പാസ്സാക്കിയ നിയമവുമുണ്ട്. അധികം സമയം ഇല്ലാത്തതുകൊണ്ട് ഒന്നുരണ്ട് വിഷയങ്ങൾകൂടി പറയുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാനപ്പെട്ട അംഗവും തമ്മിലൊരു വാദപ്രതിവാദമാകേണ്ട, വിശദീകരണം നൽകിയാൽ മതി.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഞാൻ ഒരു പോയിന്റുകൂടി പറഞ്ഞുകൊണ്ട് നിർത്തുകയാണ്. അതായത് ഈ നിയമത്തിന്റെ ഭരണഘടനാ സാധുതയെ ചോദ്യം ചെയ്തതാണെന്ന് അദ്ദേഹം പറഞ്ഞു. ഇത് സ്റ്റേറ്റ് ലിസ്റ്റിൽപ്പെട്ടതാണ്, പബ്ലിക് ഹെൽത്തിൽപ്പെട്ടതാണ്, കൺകറന്റ് ലിസ്റ്റിൽപ്പെട്ടതല്ല. കൺകറന്റ് ലിസ്റ്റിൽ പറഞ്ഞിരിക്കുന്നത് സംസ്ഥാനങ്ങൾ തമ്മിൽ പകർച്ചവ്യാധികൾ പകരുമ്പോഴുള്ള വിഷയമാണ്. 2012-ൽ State Of Kerala & Ors v M/S. Mar Appraem Kuri Co. Ltd. & Anr എന്ന ഒരു കേസുണ്ട്. അതിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. അതായത്, സമാന സ്വഭാവമുള്ള വിഷയങ്ങളിൽ, ഒന്ന് പബ്ലിക് ഹെൽത്ത്, മറ്റേത് രണ്ട് സംസ്ഥാനങ്ങൾക്കിടയിലൂടെ ഈ രോഗം പടരുന്നത് തടയുന്നതിനു വേണ്ടിയുള്ള വിഷയങ്ങളിൽ എവിടെയെങ്കിലും ഇങ്ങനെയൊരു overlapping വരികയാണെങ്കിൽ അതിന്റെ pith and substance കണക്കിലെടുത്തുകൊണ്ട് സ്റ്റേറ്റിന്റെ നിയമം നിലനിൽക്കും എന്നുള്ളതാണ്. അതുമാത്രമല്ല, ‘ Forum For Peoples Collective v The State Of West Bengal’ എന്ന കേസിലും പറയുന്നത് കേന്ദ്ര ആക്ടും സംസ്ഥാന ആക്ടും ഒരേ ഫീൽഡിലാകുന്ന പക്ഷം ഈ നിയമങ്ങൾ തമ്മിൽ വൈരുദ്ധ്യമുണ്ടെങ്കിൽ ‘ field’ എന്നുള്ളത് define ചെയ്യുകയാണ്. Field എന്നുള്ളത് define ചെയ്യുമ്പോൾ it should cover the entire subject, ആ സബ്ജക്റ്റ് മുഴുവൻ കവർ ചെയ്യണം, ഇത് വ്യക്തമാണെന്ന് ഞാൻ കരുതുന്നു.

<u>ഡോ. മാത്യു കുഴൽനാടൻ:</u> സർ, യഥാർത്ഥത്തിൽ നമ്മൾ വാദിച്ച ജയിക്കാൻ വേണ്ടിയല്ലല്ലോ സഭയിൽ വന്നത്. 'വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനുമാണ്' എന്ന് ശ്രീനാരായണഗുരു പറഞ്ഞതുപോലെയാണ് ഇവിടത്തെ ഡിബേറ്റ് എന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. കൊറോണ അല്ലെങ്കിൽ ഇതുപോലെയൊരു പകർച്ചവ്യാധിയെക്കുറിച്ചോ സാംക്രമിക രോഗത്തെക്കുറിച്ചോ സംസാരിക്കുമ്പോൾ, പബ്ലിക് ഹെൽത്തിന്റെ കാഴ്ചപ്പാടിൽ സ്റ്റേറ്റ് ലിസ്റ്റിലാണ് ഈ നിയമം കൊണ്ടുവരുന്നതെന്ന് പറയുന്നു. അതല്ലേ ആർഗ്യുമെന്റ്; കൺകറന്റ് ലിസ്റ്റിൽ 7th schedule-ൽ 29 എൻട്രിയിൽ പറയുന്നത്, ' Prevention of the extension from one state to another of infectious or contagious diseases or pests affecting men, animals or plants' എന്നാണ്. അതിന്റെ പെർവ്യൂവിലാണോ അതോ പൊതുജനാരോഗ്യത്തിന്റെ പെർവ്യൂവിലാണോ വരുന്നത്? വാദം ജയിക്കാൻ വേണ്ടി വേണമെങ്കിൽ നിങ്ങൾക്ക് പറയാം ഇത് ഞങ്ങൾ പൊതുജനാരോഗ്യത്തിന്റെ പേരിലാണ് കൊണ്ടു വരുന്നതെന്ന്. But there is a Constitution which speaks clearly. ഈ രാജ്യത്തെ എല്ലാവരെയും രക്ഷിക്കാൻവേണ്ടിയാണ് നിയമമുണ്ടാക്കുന്നത്. അല്ലാതെ നമുക്കിവിടെ വാദിച്ച് ജയിക്കാൻ വേണ്ടിയല്ല. എൻട്രി 29 പ്രകാരം നമുക്കുമുണ്ടാക്കാം, അത് കൺകറന്റ് ലിസ്റ്റാണ്. We need to be honest. നമ്മുടെ അപ്രോച്ച് സത്യസന്ധമാകണമെന്നേയുള്ളൂ, we can make law. That should not be repugnant to the Parliament law. Why can't we go for that; Why should we say we are on public health? ഞങ്ങൾ സ്റ്റേറ്റ് ലിസ്റ്റ് പ്രകാരമാണ് ഈ നിയമം കൊണ്ടുവരുന്നതെന്ന വാദമെടുത്താൽ തന്നെയും ഒബ്ജക്ടീവ്സിൽ 1897 റഫർ ചെയ്യാൻ ഈ സഭയ്ക്ക് എന്ത് അവകാശമാണുള്ളത്? 1897 ആക്ട് മാറ്റാതെ ഈ ബിൽ കൊണ്ടുവരാൻ സാധിക്കുമോ; ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയാൽ മതി.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, 1897 -ലെ നിയമം, അത് പുതുക്കിയ 2020-ലെ എപ്പിഡമിക് ഡിസീസസ് ആക്ടിൽ നമ്മൾ തൊടുന്നില്ല. ഞാൻ അത് വളരെ വിശദമായി പറഞ്ഞു. മലബാർ മേഖലയിൽ ആപ്ലിക്കബിൾ അല്ലെന്നതിന്റെ സാഹചര്യം ഞാൻ പറഞ്ഞു. അതിനുശേഷം 2020-ൽ ഇവർ ഇതെല്ലാം include ചെയ്തതിനുശേഷം നമ്മൾ അത് ടച്ച് ചെയ്യുന്നില്ല. നമ്മൾ പറയുന്നത് നിലവിൽ സംസ്ഥാനത്തുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും വേണ്ടിയിട്ടാണ് ഈ നിയമം കൊണ്ടുവരുന്നതെന്നാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സാധാരണഗതിയിൽ ഇതിൽ അസ്വസ്ഥരാകേണ്ട കാര്യമില്ല. നിങ്ങൾ പഴയ നിയമസഭയുടെ റെക്കോർഡുകൾ പരിശോധിച്ചാൽ, ബില്ലുകൾ introduce ചെയ്യുന്ന സമയത്ത് അംഗങ്ങൾ നല്ല വാദമുഖങ്ങൾ അവതരിപ്പിച്ച് വളരെ അക്കാഡമിക്കായി കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷൻസ് സംസാരിക്കുന്നത് കാണാം. അത് ഈ സഭ പ്രോത്സാഹിപ്പിക്കണം. അങ്ങ് അത് ചെയ്തതിനെ അഭിനന്ദിക്കുന്നു. അതിൽ മറ്റുള്ളവർ അസ്വസ്ഥരാകേണ്ട കാര്യമില്ല. പഴയ റെക്കോർഡുകൾ നോക്കിയാൽ മതി. 1957-ൽ വി. ആർ. കൃഷ്ണയ്യരെ പോലെ പ്രഗത്ഭനായൊരു ലാ മിനിസ്റ്റർ ഇവിടെ ബില്ലുകൾ പൈലറ്റ് ചെയ്തപ്പോൾ അതിനെ ചോദ്യം ചെയ്തുകൊണ്ട് അന്നത്തെ അംഗങ്ങൾ ലീഗൽ ഒബ്ജക്ഷനുകൾ കൊണ്ടുവന്നിട്ടുണ്ട്. വളരെ അക്കാഡമിക്കായ ഒരു ചർച്ചയാണ്. നമുക്ക് ഈ ആക്ട് പാസ്സാക്കണം. ഇതിൽ നമുക്ക് പറ്റിയ ഒരു പ്രശ്നമെന്ന് പറയുന്നത് objects and reasons-ൽ 1897 ആക്ട് മെൻഷൻ ചെയ്തുവെന്നതാണ്. എന്നിട്ട് അതിന്റെ കുറവ് പരിഹരിക്കാൻ വേണ്ടിയാണ് ഈ നിയമം കൊണ്ടുവരുന്നതെന്ന് നമ്മൾ പറഞ്ഞു. പിന്നെ നമുക്കത് ബാധകമല്ലെന്ന് പറയരുത്. മാത്രമല്ല ഈ മഹാമാരി 29 എൻട്രിയുടെ പെർവ്യൂവിൽ വരും. കാരണം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഇത് ബാധിച്ചിട്ടുണ്ട്. നമുക്ക് ചെയ്യാവുന്നത്, കേന്ദ്ര നിയമത്തിന്റെ repugnant ആയിട്ടുള്ള പ്രൊവിഷൻസ് ഇതിൽനിന്നും മാറ്റണം. ഡോ. മാത്യു കുഴൽനാടൻ നേരത്തെ സൂചിപ്പിച്ചതുപോലെ, സെൻട്രൽ ആക്ടിൽ ഒരു പീനൽ പ്രൊവിഷനും സ്റ്റേറ്റ് ആക്ടിൽ ഒരു പീനൽ പ്രൊവിഷനുമാണ്. ഈ രണ്ട് പ്രൊവിഷൻ വരുന്നത് യഥാർത്ഥത്തിൽ repugnancy ക്ലിയർ ആണ്. ബഹുമാനപ്പെട്ട മന്ത്രിയോ അംഗങ്ങളോ ഭേദഗതി കൊണ്ടുവന്ന് അത് സെൻട്രൽ ആക്ടിന് സമാനമാക്കിയാൽ മതി. വലിയ വ്യത്യാസമൊന്നുമില്ലല്ലോ; ഇല്ലെങ്കിൽ ഇംപ്ലിമെന്റേഷൻ സ്റ്റേജിൽ ഉദ്യോഗസ്ഥർക്ക് വല്ലാതെ കൺഫ്യൂഷൻ വരും. പോലീസ് ഉൾപ്പെടെ ഇത് എക്സിക്യൂട്ടീവ് ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് കൺഫ്യൂഷനും എക്സിക്യൂഷൻ സ്റ്റേജിൽ ബുദ്ധിമുട്ടും പ്രാക്ടിക്കലായിട്ടുള്ള പ്രശ്നങ്ങളും വരും. ഈ പ്രശ്നം പരിഹരിക്കാൻ, നമുക്ക് സെൻട്രൽ ആക്ടിന് repugnant-ആയി ഒരു ആക്ട് പാസ്സാക്കിയെന്നുള്ള പേരുവേണ്ട. കോടതിയിലേയ്ക്ക് പോയാൽ പ്രശ്നമായിരിക്കും. പിന്നെ അത് നിലനിൽക്കില്ല. അതുകൊണ്ട് ഒരു compromise ആയി ആ repugnancy factor ഇതിൽനിന്ന് എടുത്തു കളഞ്ഞാൽ സർക്കാരിന് യാതൊരു ബുദ്ധിമുട്ടുമുണ്ടാകില്ല. രണ്ടാമത്, resolution adopt ചെയ്തപ്പോൾ ഒരു പ്രശ്നമുണ്ട്. മന്ത്രി ഇവിടെ പറഞ്ഞത് ഈ പ്രമേയം ഭേദഗതി ചെയ്യുന്നുവെന്നാണ്. Rules of procedure-ൽ Rule (313) അനുസരിച്ച് ' Any member may, with the consent of the Speaker,

move that any Rule may be suspended in its application to a particular motion before the Assembly and if the motion is carried, the rule in question shall be suspended for the time being.' എന്നാണ്. അപ്പോൾ സബ്ജക്ട് കമ്മിറ്റിയിലേയ്ക്ക് അയയ്ക്കണമെന്നുള്ള കാര്യം സസ്പെൻഡ് ചെയ്യുകയാണ് വേണ്ടത്, അല്ലാതെ ഭേദഗതി ചെയ്യുകയല്ല. സസ്പെൻഡ് ചെയ്യണമെന്നാണ് റൂൾ 313-ൽ പറയുന്നത്. സസ്പെൻഡ് ചെയ്യണമെന്ന് നമ്മൾ പൊതുവായി പറഞ്ഞാൽ ഒരു പ്രശ്നമുണ്ട്, ഇവിടെ നടക്കുന്ന ബാക്കി അമെന്റ്മെന്റും സഭയിൽ നടക്കുന്ന second reading, third reading ഉൾപ്പെടെയുള്ള കാര്യങ്ങൾ സസ്പെൻഡ് ചെയ്യണമെന്ന് വരാൻ പാടില്ല. അതുകൊണ്ട് സബ്ജക്ട് കമ്മിറ്റിയിലേയ്ക്ക് അയയ്ക്കണമെന്നുള്ളകാര്യം സസ്പെൻഡ് ചെയ്യണമെന്നാണ് മൂവ് ചെയ്യേണ്ടത്. ഭേദഗതി മൂവ് ചെയ്യണമെന്നാണ് ഇവിടെ പറഞ്ഞത്, അത് തെറ്റാണ്. ' Rule 313' is very clear. നമ്മൾ സാധാരണ ഇവിടെ ചെയ്തിട്ടുണ്ട്. ഇവിടത്തെ precedents മുഴുവൻ അങ്ങനെയാണ്. അങ്ങനെ ചെയ്യാനേ പറ്റുകയുള്ളൂ. ഭേദഗതി ചെയ്താൽ ഇതെങ്ങനെയാണ് നിൽക്കുന്നത്. ഈ രണ്ട് കാര്യങ്ങൾ ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## റൂളിംഗ്

മി. സ്പീക്കർ: ഇന്ന് സഭ മുമ്പാകെ വരുന്ന 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ പരിഗണിക്കുന്നതിൽ നിയമസഭാ നടപടി ചട്ടങ്ങളിലെ ചട്ടം 76, 77, 237 എന്നിവയുടെ ലംഘനമുണ്ടാകുന്നുവെന്നും ബില്ലിന്മേൽ വിശദമായ ഒരു പൊതുചർച്ച നടത്തുന്നതിനുള്ള അവസരം അംഗങ്ങൾക്ക് നഷ്ടപ്പെടുന്നുവെന്നും ബിൽ അടിയന്തരമായി പാസ്സാക്കേണ്ട സാഹചര്യം നിലവിലില്ലെന്നും സബ്ജക്ട് കമ്മിറ്റികളുടെ പരിഗണന കൂടാതെ ബിൽ പാസ്സാക്കുന്നത് ജനാധിപത്യ അവകാശങ്ങളുടെ ലംഘനമാണെന്നുമാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) തന്റെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഈ ബിൽ ഇന്നേദിവസം സഭയുടെ പരിഗണനയ്ക്ക് വരാനിടയായ സാഹചര്യങ്ങളും അതുസംബന്ധിച്ച നടപടി ചട്ടങ്ങളിലെ വ്യവസ്ഥകളും അതോടൊപ്പം നമ്മുടെ സഭയുടെ കീഴ്വഴക്കങ്ങളും ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി.

2021 മേയ് മാസം 31-ാം തീയതി സഭ ഐകകണ്ഠ്യേന അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഈ ബിൽ ഇന്ന് സഭയുടെ പരിഗണനയ്ക്ക് വന്നിട്ടുള്ളത്. സഭയുടെ നടപ്പുസമ്മേളനത്തിലെ നന്ദിപ്രമേയ ചർച്ചയുടെയും പുതുക്കിയ ബഡ്ജറ്റിന്മേലുള്ള പൊതുചർച്ചയുടെയും ഇടയ്ക്ക് ഗവൺമെന്റ് കാര്യത്തിനായി ലഭിച്ച

ഇന്നേദിവസത്തെ സമയം വളരെ ഫലപ്രദമാക്കാമെന്ന ആഗ്രഹത്തോടും അതോടൊപ്പം സഭയിലേയ്ക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ടുവന്ന അംഗങ്ങൾക്ക് നിയമനിർമ്മാണ പ്രക്രിയയെ സംബന്ധിച്ച ഒരു പരിചയപ്പെടുത്തലിനുള്ള അവസരമായി മാറട്ടെ എന്ന സദുദ്ദ്യേശത്തോടുംകൂടിയാണ് താരതമ്യേന ഒരു ചെറിയ ബില്ലായ 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ ഇന്ന് സഭ പരിഗണിക്കണമെന്ന ശിപാർശ കാര്യോപദേശക സമിതി മുന്നോട്ടു വച്ചതെന്നാണ് ചെയർ മനസ്സിലാക്കുന്നത്.

പുതിയ സഭ നിലവിൽ വന്നതിനെത്തുടർന്ന് രൂപീകരിക്കേണ്ട സബ്ജക്ട് കമ്മിറ്റികൾ നിലവിൽ വരാത്ത സാഹചര്യത്തിലാണ് കാര്യോപദേശക സമിതി ഇത്തരത്തിൽ ഒരു ശിപാർശ നടത്തിയത് എന്നതും എല്ലാപേർക്കും അറിവുള്ളതാണ്. എന്നാൽ ചട്ടപ്രകാരം ബിൽ അന്തിമമായി പാസ്സാക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധന ഒഴിവാക്കേണ്ടി വന്നിട്ടുണ്ടെങ്കിൽപ്പോലും ഓർഡിനൻസിനുപകരമുള്ള ഒരു ബില്ലായതിനാൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഓർഡിനൻസ് നിരാകരണ പ്രമേയം നൽകി സംസാരിക്കുന്നതിനും മന്ത്രിയുടെ പ്രമേയത്തിന്മേൽ ഭേദഗതി നോട്ടീസ് നൽകികൊണ്ട് ബില്ലിന്റെ തത്വത്തെ സംബന്ധിച്ചുള്ള പൊതുചർച്ച നടത്തുന്നതിനും അവസരമൊരുക്കിയിട്ടുണ്ട്. അതോടൊപ്പം വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്കായി ബില്ലിന്റെ വകുപ്പുകളിന്മേൽ ഭേദഗതി നോട്ടീസ് നൽകുന്നതിന് സമയം ദീർഘിപ്പിച്ചുനൽകുകയും 550-ലധികം ഭേദഗതി നോട്ടീസുകൾ ബില്ലിന്റെ വിവിധ വകുപ്പുകളിന്മേൽ ലഭ്യമാകുകയും അവ ലിസ്റ്റാക്കി സർക്കുലേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

നമ്മുടെ സഭയുടെ കീഴ്വഴക്കം പരിശോധിച്ചാൽ 1980-ൽ സബ്ജക്ട് കമ്മിറ്റി നിലവിൽ വന്നതിനുശേഷം സബ്ജക്ട് കമ്മിറ്റികൾ നിലനിൽക്കുന്ന സന്ദർഭങ്ങളിൽപ്പോലും പലപ്പോഴും സുപ്രധാന നിയമനിർമ്മാണങ്ങൾ ചില പ്രത്യേക കാരണങ്ങളാൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയോ പൊതുചർച്ചയോ കൂടാതെ പാസ്സാക്കിയിട്ടുള്ളതായി കാണാവുന്നതാണ്. 1987-ലെ കേരള മുനിസിപ്പാലിറ്റീസ് (അമെന്റ്മെന്റ്) ബിൽ, 1995-ലെ കേരള സിവിൽ കോർട്സ് (അമെന്റ്മെന്റ്) ബിൽ, 1996-ലെ കേരള ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ബിൽ, 2000-ത്തിലേയും 2013-ലേയും കേരള ധനകാര്യ ബില്ലുകൾ, 2020-ലെ കേരള ധനകാര്യ ബില്ലുകൾ (രണ്ടെണ്ണം) എന്നിവ ബന്ധപ്പെട്ട ചട്ടങ്ങളിൽ സഭ തന്നെ ഇളവുവരുത്തിക്കൊണ്ട് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണന കൂടാതെ പാസ്സാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ ഇന്ന് സഭ പരിഗണിക്കുന്നതിനെതിരെ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

2020-ൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ എപ്പിഡെമിക് ആക്ട് നിലനിൽക്കേ അതേ വിഷയത്തിൽ ഒരു സംസ്ഥാന നിയമം നിലനിൽക്കുന്നതല്ലെന്നാണ് ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച ക്രമപ്രശ്നത്തിന്റെ കാതൽ. ഇക്കാര്യത്തിൽ ബില്ലിന്റെ ചുമതലയുള്ള ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി ഇത്തരത്തിലുള്ള ഒരു നിയമനിർമ്മാണം സംബന്ധിച്ച നിയമവശം ഇവിടെ വിശദീകരിക്കുകയുണ്ടായി. പാർലമെന്റിന്റെയും സംസ്ഥാന നിയമസഭകളുടേയും നിയമ നിർമ്മാണാധികാരം സംബന്ധിച്ച ഭരണഘടനാ വ്യവസ്ഥകളുടെ പശ്ചാത്തലത്തിൽ ചെയർ ഇക്കാര്യവും പരിശോധിക്കുകയുണ്ടായി.

പാർലമെന്റ് ഉണ്ടാക്കുന്ന നിയമങ്ങളും സംസ്ഥാന നിയമസഭകൾ നിർമ്മിക്കുന്ന നിയമങ്ങളും തമ്മിലുള്ള പൊരുത്തക്കേടുകളെ സംബന്ധിച്ച് പ്രതിപാദിക്കുന്ന ഭരണഘടനയിലെ 254-ാം അനുച്ഛേദത്തിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്.

“ If any provision of a law made by the Legislature of a State is repugnant to any provision of a law made by Parliament which Parliament is competent to enact, or to any provision of an existing law with respect to one of the matters enumerated in the Concurrent List, then, subject to the provisions of clause (2), the law made by Parliament, whether passed before or after the law made by the Legislature of such State, or as the case may be, the existing law, shall prevail and the law made by the Legislature of the State shall, to the extent of the repugnancy, be void.”

കൺകറന്റ് ലിസ്റ്റിൽപ്പെട്ട ഒരു വിഷയത്തിലുള്ള നിയമനിർമ്മാണം ആയാൽപ്പോലും അതിന് കേന്ദ്ര നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥയോട് വൈരുദ്ധ്യമുണ്ടെങ്കിൽ സംസ്ഥാന നിയമത്തിലെ അപ്രകാരം വൈരുദ്ധ്യമുള്ള ഒരു വ്യവസ്ഥ മാത്രമേ അസാധുവാകുന്നുള്ളൂവെന്നാണ് ഭരണഘടനാ വിവക്ഷ.

ഭരണഘടനയിലെ 7-ാം പട്ടികയിലുള്ള കൺകറന്റ് ലിസ്റ്റിൽപ്പെട്ടതല്ലെന്നും സംസ്ഥാന ലിസ്റ്റിലെ "പൊതുജനാരോഗ്യവും ശുചീകരണവും ആശുപത്രികളും വൈദ്യശാലകളും" എന്ന ആറാമത്തെ എൻട്രിയിലൂടെ സംസ്ഥാനത്തിന് ലഭിക്കുന്ന സമ്പൂർണ്ണ നിയമ നിർമ്മാണാധികാരം വിനിയോഗിച്ചുകൊണ്ടാണ് നിയമ

നിർമ്മാണത്തിനായി ഈ ബിൽ സഭയിൽ അവതരിപ്പിച്ചിരിക്കുന്നതെന്നും ബഹുമാനപ്പെട്ട ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

ബില്ലിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് കേന്ദ്രനിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകളോട് വൈരുദ്ധ്യം അഥവാ inconsistency, ഉണ്ടെങ്കിൽപ്പോലും സംസ്ഥാന ലിസ്റ്റിൽ പരാമർശിച്ചിരിക്കുന്ന വിഷയത്തിന്മേൽ ഒരു നിയമനിർമ്മാണം നടത്തുവാനുള്ള സംസ്ഥാന നിയമസഭയുടെ പരമാധികാരത്തെ, ലെജിസ്ലേറ്റീവ് കോമ്പിറ്റൻസി-യെ അത് ഒരുവിധത്തിലും പരിമിതപ്പെടുത്തുന്നില്ല എന്നതാണ് നിയമവ്യവസ്ഥ. അതുകൊണ്ടുതന്നെ ഡോ. മാത്യു കുഴൽനാടൻ ഇവിടെ ഉന്നയിച്ച ക്രമപ്രശ്നവും നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

ഓർഡർ .... ഓർഡർ ...... ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച പ്രശ്നം - ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രമേയത്തിലെ 'ഭേദഗതി' ചെയ്യുന്ന എന്ന വാക്ക് 'താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്ന എന്ന് തിരുത്താവുന്നതാണ്.

11.00 AM]

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഒരു കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. നേരത്തെ പറഞ്ഞതുപോലെയുള്ള നിർദ്ദേശം വച്ചാൽ ഇതിനകത്തുള്ള ലീഗൽ ഇംപ്ലിക്കേഷൻ കുറയ്ക്കാൻ സാധിക്കും. ഗവൺമെന്റിന് അതിനെക്കുറിച്ച് ആലോചിക്കാവുന്നതേയുള്ളൂ. നേരത്തെ ഞാൻ പറഞ്ഞല്ലോ, repugnant ആയിട്ടുള്ള പ്രൊവിഷൻസ് മാറ്റി സെൻട്രൽ എപ്പിഡെമിക് ആക്ടിൽ പറഞ്ഞിരിക്കുന്നതുപോലെയുള്ള പീനൽ പ്രൊവിഷൻസ് വച്ചാൽ ഈ പ്രശ്നങ്ങൾ മുഴുവൻ അവസാനിക്കും. അങ്ങയുടെ റൂളിംഗിനെ ഞാൻ പൂർണ്ണമായും മാനിക്കുന്നു. അങ്ങ് പറഞ്ഞ പ്രൊവിഷൻസ് മനസ്സിലായി. എന്നാൽ അങ്ങനെ ചെയ്താൽ അതിൽ വ്യത്യാസം വരും. അല്ലെങ്കിൽ അത് colourable legislation ആകും. State legislature-ന് ഡയറക്ടായി ചെയ്യാൻ കഴിയാത്ത കാര്യം സംസ്ഥാന സർക്കാർ ഇൻഡയറക്ടായി ചെയ്യുന്നതിനെയാണ് Colourable legislation എന്നുപറയുന്നത്. അതിനാൽ Colourable legislation നടത്തിയാൽ ഭാവിയിൽ കോടതി നടപടികളുണ്ടാകുന്നത് ഒഴിവാക്കാനുള്ള compromising proposal ആയി ഞാൻ പറഞ്ഞത് അങ്ങയുടെ അനുവാദത്തോടുകൂടി ഗവൺമെന്റിന് പരിഗണിക്കാവുന്നതാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഈ നിർദ്ദേശം ഗവൺമെന്റ് പരിഗണിക്കുമെന്ന് ചെയർ കരുതുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: Sir, I move that "This House resolves to disapprove The Kerala Epidemic Diseases Ordinance, 2021 (Ordinance No. 22 of 2021)." ഞാൻ ഈ സഭയിലെ കന്നിക്കാരനാണ്. ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ ഒരംഗമാവാൻ അവസരം നൽകിയ എന്റെ പാർട്ടി നേതൃത്വത്തോടും എന്നെ വിജയിപ്പിച്ച തിരൂരിലെ സ്നേഹസമ്പന്നരായ മുഴുവൻ ജനങ്ങളോടും നന്ദി പറഞ്ഞുകൊണ്ട് ആരംഭിക്കട്ടെ. ബ്രിട്ടീഷ് പട്ടാളം വാഗണിൽ കുത്തിനിറച്ച് അതിക്രൂരമായി നരഹത്യയ്ക്ക് വിധേയരാക്കിയ സ്വാതന്ത്ര്യസമര സേനാനികളെ ഞാൻ സ്മരിക്കുകയാണ്. എന്റെ മുൻഗാമികളായി മദിരാശി കേരള നിയമസഭയിലേയ്ക്ക് തിരൂരിൽനിന്നും വിജയിച്ചുവന്ന കോട്ട ലൂപ്പി സാഹിബ്, കെ. മൊയ്തീൻ കുട്ടി എന്ന ബാബാ ഹാജി, പി.ടി. കുഞ്ഞൂട്ടി ഹാജി, യു. എ. ബീരാൻ സാഹിബ്, പി. പി. അബ്ദുള്ളക്കുട്ടി എന്നിവരെ ഞാൻ സ്മരിക്കുന്നു. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ സാഹിബ്, ശ്രീ. സി. മമ്മൂട്ടി എന്നിവരുടെ പിൻഗാമിയാകാൻ അവസരം ലഭിച്ചതിലുള്ള സന്തോഷം ഞാൻ പ്രകടിപ്പിക്കുന്നു. മദിരാശി-തിരുവിതാംകൂർ, ബ്രിട്ടീഷ് ഭരണകാലത്തേയും നിയമങ്ങളെ സംയോജിപ്പിക്കുന്നതിന് പുറപ്പെടുവിച്ച ഓർഡിനൻസിന് പകരമുള്ളതാണ് ഈ ബിൽ. രാജ്യം സ്വതന്ത്രമായിട്ട് ഏഴ് പതിറ്റാണ്ട് പിന്നിട്ടു. സംസ്ഥാനം നിലവിൽ വന്ന് ആറര പതിറ്റാണ്ടിനോടടുക്കുന്ന സന്ദർഭത്തിലാണ് ഇത്തരമൊരു ബിൽ കൊണ്ടുവരാൻ ശ്രമിക്കുന്നത്. സാംക്രമിക രോഗങ്ങൾ പെരുകുകയും പുതിയവ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. നിപ്പയും എബോളയും ഇപ്പോൾ കോവിഡും വന്നു. കോവിഡിന്റെ രണ്ടാം തരംഗത്തിലാണ് നാം ഉള്ളത്. കോവിഡ് പലതരമുണ്ട്, ഇനി മൂന്നാം തരംഗം വരുമെന്ന് പറയുന്നു. മൂന്നാം തരംഗം കുട്ടികളെയാണ് (ഭാവി തലമുറയെ) ബാധിക്കുക. രണ്ടാം തരംഗം ഇത്രയും ഗുരുതരമായത് നമ്മുടെ തയ്യാറെടുപ്പിന്റെ അഭാവം കൊണ്ടായിരുന്നു. ബെഡ്ഡിനും ഓക്സിജനും വെന്റിലേറ്ററിനുംവേണ്ടി നാം ഓടിനടന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയുമായി 1800 പേരെ ചോദിച്ചപ്പോൾ 50 നഴ്സുമാരെയും 100 ക്ലീനിംഗ് സ്റ്റാഫിനെയും മാത്രമാണ് കൊടുക്കാനായത്. നമ്മുടെ തയ്യാറെടുപ്പിന്റെ അഭാവമല്ലേ ഇവിടെ കാണുന്നത്; മൂന്നാം തരംഗം വന്നാൽ, അത് കുട്ടികളെ ബാധിച്ചാൽ, നമ്മുടെ അവസ്ഥ ഇപ്പോഴത്തേതുപോലെയാകരുത്. നാം ഒരുങ്ങണം, കുട്ടികളുടെ കണക്കുവേണം. ആണിനെയോ പെണ്ണിനെയോ തടിച്ചവനെയോ മെലിഞ്ഞവനെയോ ഇളംപ്രായക്കാരെയോ മുതിർന്നവരെയോ ഏത് തരക്കാരായ കുട്ടികളെയാണ് ആദ്യം ബാധിക്കുന്നതെന്ന് പഠിക്കാൻ തയ്യാറാവണം. ഒരു വിദഗ്ദ്ധ കമ്മിറ്റിയെക്കൊണ്ടുതന്നെ പഠിക്കാൻ സംവിധാനമുണ്ടാക്കണം. കുട്ടികളുടെ

ആശുപത്രി, കിടക്കകളുടെ എണ്ണം, മറ്റ് സൗകര്യങ്ങൾ തുടങ്ങിയവ എത്രയുണ്ടെന്നുള്ള കണക്കുവേണം. ഇപ്പോൾത്തന്നെ അതെല്ലാം കരുതിവയ്ക്കണം. ആരോഗ്യ രംഗത്ത് ലോകത്തോളം ഉയർന്നുനിൽക്കുന്ന കേരളം ഈ മഹാമാരിയുടെ മുമ്പിൽ പകച്ചുനിന്നത് നമ്മൾ കാണുകയുണ്ടായി. പ്രതിപക്ഷം കാര്യങ്ങൾ മെച്ചപ്പെടുത്താൻ ഉന്നയിക്കുന്ന വിമർശനങ്ങളെ ഗൗരവത്തിലെടുക്കാൻ ഭരണപക്ഷത്തുള്ളവർക്ക് കഴിയാതെ പോകുന്നുവെന്നതിൽ ഖേദമുണ്ട്. പ്രതിപക്ഷത്തിന്റെ വിമർശനങ്ങളെ പ്രാധാന്യത്തോടുകൂടി ഉൾക്കൊള്ളാൻ തയ്യാറാവണം. എല്ലാവരേയും സഹകരിപ്പിക്കണം. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ഈ രംഗത്തെ ഇടപെടൽ മഹത്തരമാണ്. സർക്കാർ പരിപാടി ഗംഭീരമായെന്ന് പറയുന്നത് പ്രാദേശിക ഭരണകൂടം അതിന്റെ നിർവ്വഹണത്തിന് തയ്യാറായതു കൊണ്ടാണ്. അതുകൊണ്ട് അവരുടെ മഹത്തായ പങ്കിനെ നമ്മൾ പ്രകീർത്തിക്കേണ്ടതുണ്ട്. എല്ലാവരേയും സഹകരിപ്പിക്കണം. ധാരാളം സന്നദ്ധ സംഘടനകൾ, KMCC, White Guard തുടങ്ങിയവരുടെ സേവനങ്ങളെ നാം പ്രശംസിക്കേണ്ടതുണ്ട്. ഞങ്ങളുടെ പാർട്ടിയായ മുസ്ലീം ലീഗ് ഇക്കാര്യംമാത്രം ചർച്ച ചെയ്യുന്നതിനുവേണ്ടി യോഗം വിളിച്ചുചേർത്തു. ശ്രീ. പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളെ നമുക്ക് അഭിനന്ദിക്കാം. മറ്റേതെങ്കിലും പാർട്ടി അങ്ങനെ ചെയ്തോയെന്ന് എനിക്ക് അറിയില്ല. ഞങ്ങളുടെ പാർട്ടി ഘടകങ്ങൾ, പോഷകവിഭാഗങ്ങൾ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ തുടങ്ങിയ വിഭാഗങ്ങൾ ചെയ്യേണ്ട ഉത്തരവാദിത്വത്തെക്കുറിച്ച് പാർട്ടി സഗൗരവം ചർച്ച ചെയ്യുകയും അതനുസരിച്ച് പ്രയോഗവത്കരിക്കുകയും ചെയ്തു. കേന്ദ്രത്തിന്റെ അലംഭാവം നമുക്കറിയാം. ഈ സഭയ്ക്ക് അക്കാര്യത്തിൽ ഒറ്റ അഭിപ്രായമേയുള്ളൂ. പ്രതിപക്ഷത്തിന്റെ അഭിപ്രായങ്ങളെ വിലകുറച്ച് കാണിക്കാൻ അപ്പുറത്തുള്ളവർ ശ്രമിക്കുന്നുണ്ടെങ്കിൽപ്പോലും പറയുകയാണ്, സംസ്ഥാനത്തിന്റെ ഭാഗത്തുനിന്ന് അലംഭാവം ഉണ്ടാകരുത്. ഒരു കാര്യം ഓർമ്മിപ്പിക്കുന്നു, മരണം കുറച്ചു കാണിക്കരുത്. പരിശോധനയിൽ നെഗറ്റീവായിരിക്കുന്നു എന്ന് തെളിഞ്ഞാൽ പ്പോലും അതിന്റെ ക്ഷീണവും പരിക്കും ശരീരത്തിനകത്തുണ്ടായി മരണം സംഭവിച്ചേക്കാം. ആ കണക്ക് ഇതിൽ കുറച്ച് കാണിക്കരുത്.

ഇങ്ങനെയൊരു ബിൽ ധൃതിപിടിച്ച് പാസ്സാക്കേണ്ടതുണ്ടോ; വിശദമായ പഠനത്തിന് അവസരം നൽകണം. കേരളത്തിലെ പരമാവധി ജനങ്ങൾക്ക് അഭിപ്രായം പറയുന്നതിനുള്ള അവസരം നൽകണം. ഇത്രയും ബില്ലുകളുടെ സംയോജനം, ഒറ്റയടിക്ക് രണ്ട് കഷണം എന്ന നിലപാട് ഭരണകക്ഷിക്ക് വേണ്ടതുണ്ടോ; ഒന്നോ രണ്ടോ കൊല്ലം എടുത്താലും വേണ്ടില്ല, ഒരു സമഗ്ര പഠനത്തിനും അന്വേഷണത്തിനും അവസരം നൽകണം. അതിനുവേണ്ടി ഇത്

സെലക്ട് കമ്മിറ്റിക്ക് വിടണമെന്നാണ് എന്റെ അഭിപ്രായം. ബില്ലിന്റെ പേരിനുതന്നെ അസാംഗത്യമുണ്ടെന്ന് തോന്നുന്നു. 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ എന്നത്, 'രോഗങ്ങൾ തടയൽ ബിൽ' എന്നാക്കുന്നതല്ലേ ഉത്തമം? ഇതിന്റെ മൂന്നാം വകുപ്പിൽ, ഏതൊരു രോഗത്തെയും സാംക്രമികരോഗമായി വിജ്ഞാപനം ചെയ്യാവുന്നതാണ് എന്ന് പറയുന്നു. അതിനുപകരം സാംക്രമിക രോഗമാണെന്ന് തെളിഞ്ഞാൽ അവ വിജ്ഞാപനം ചെയ്യാവുന്നതാണെന്ന് തിരുത്തേണ്ടത് അനിവാര്യമാണ്. എന്നാൽ ബില്ലിന്റെ രണ്ടാം വകുപ്പിൽ 'ആരാധനാലയങ്ങളിലോ' എന്ന പരാമർശത്തിന് 'പ്രോട്ടോക്കോൾ പാലിക്കാത്തപക്ഷം ആരാധനാലയങ്ങളിലോ' എന്ന് തിരുത്തേണ്ടതുണ്ട്. സാംക്രമിക രോഗങ്ങളുടെ വ്യാപനം കുറഞ്ഞാലും രോഗം അപ്രത്യക്ഷമായാലും നിരോധനം നിലനിർത്താൻ ഈ വ്യവസ്ഥ ദുരുപയോഗം ചെയ്യും. അതുകൊണ്ട് നിരോധനത്തിന് കാലപരിധി ബില്ലിൽ പറയണം. ആരാധനാലയങ്ങൾ തുറക്കാൻ അനുമതി നൽകണം. നമുക്കറിയാം, ഈ സഭയിൽ 140 അംഗങ്ങളുണ്ട്. അതുകൂടാതെ പത്രക്കാരും ജീവനക്കാരുമുണ്ട്. ഇതുകൊണ്ട് നമുക്ക് ഒരനർത്ഥവും ഉണ്ടാകുന്നില്ല. ഇതിന്റെയൊക്കെ വലിപ്പമുള്ള പള്ളികളും ആരാധനാലയങ്ങളും കേരളത്തിലുണ്ട്. ഇതേപോലെ അകലം പാലിച്ച് അവിടെ പ്രാർത്ഥനയ്ക്ക് വരാൻ അവസരങ്ങൾ നൽകിയാൽ ഒരു ബുദ്ധിമുട്ടും വരില്ല. നമ്മൾ ഇവിടെ കുളിച്ചൊരുങ്ങി വരുന്നു. എന്നാൽ വീണ്ടും അംഗശുദ്ധി വരുത്തിയിട്ടാണ് ആരാധനാലയങ്ങളിൽ ആളുകൾ പ്രവേശിക്കുന്നത്. അതുകൊണ്ട് അടച്ചിടേണ്ടതില്ല, തുറക്കാനുള്ള സംവിധാനം ഉണ്ടാകണമെന്നുകൂടി കൂട്ടത്തിൽ ഞാൻ ആവശ്യപ്പെടുന്നു. 5-ാം വകുപ്പനുസരിച്ച് ഉദ്യോഗസ്ഥർക്ക് അമിതാധികാരം നൽകുകയാണ്. ഇത് ബ്രിട്ടീഷ് ഭരണത്തിലേയ്ക്കും രാജ്യഭരണത്തിലേയ്ക്കുമുള്ള ഒരു ചുവ മണക്കുന്നതുപോലെ തോന്നുന്നു. ഉദ്യോഗസ്ഥർക്ക് അനാവശ്യമായി ചില ഇടപെടലുകൾക്കുള്ള ലൈസൻസ് കൊടുക്കലാണ് ഇതുകൊണ്ടുണ്ടാകുന്നത്. സാംക്രമിക രോഗങ്ങളുടെ വ്യാപനം നിയന്ത്രിക്കാൻ അടിയന്തരഘട്ടത്തിൽ അവശ്യംവേണ്ട അധികാരം ഉദ്യോഗസ്ഥർക്ക് നൽകാം. പക്ഷേ ഉദ്യോഗസ്ഥരുടെ പൊതുജനങ്ങളോടുള്ള പെരുമാറ്റവും സമീപനവും വ്യവസ്ഥാപിതവും മര്യാദയോടുംകൂടി ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്ന വ്യവസ്ഥകൾകൂടി ഈ നിയമത്തിലുണ്ടാകണം. മലപ്പുറം ജില്ലയോടുള്ള ചില അവഗണനകൾ പരിഹരിക്കേണ്ടതുണ്ട്. ആനുപാതികമായ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും അതുപോലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെയും കുറവ് മലപ്പുറം ജില്ലയിൽ ഏറെയാണ്. അത് പരിഹരിക്കാൻ ഇതിനോടൊപ്പം സംവിധാനങ്ങൾ ഒരുക്കണം. ഗ്രാമങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയന്ത്രണങ്ങളും അവരുടെ പ്രവർത്തനങ്ങളും ആരോഗ്യ വകുപ്പിന്റെ കീഴിലാണ്. എന്നാൽ നഗരങ്ങളിൽ അത് എൽ.എസ്.ജി.ഡി.-യുടെ കീഴിലാണ്. നഗരങ്ങളിൽ ആരോഗ്യ പ്രവർത്തകർക്ക് മറ്റുപല ജോലികളുമുണ്ട്.

പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾ പൂർണ്ണമായും ആരോഗ്യ വകുപ്പിലേയ്ക്ക് കൊണ്ടുവന്നാൽ മാത്രമേ വിജയിപ്പിച്ചെടുക്കാൻ സാധിക്കുകയുള്ളൂ. മലപ്പുറം ജില്ലയിലെ വാക്സിനേഷനുമായി ബന്ധപ്പെട്ട ഒരു വിഷയം ചർച്ച ചെയ്യുകയുണ്ടായി. മുഖ്യമന്ത്രി ഈ സഭയെ തെറ്റിദ്ധരിപ്പിച്ചുവെന്ന് എനിക്കഭിപ്രായമില്ല. എന്നാൽ മുഖ്യമന്ത്രിക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുത്തതിൽ അപാകത പറ്റിയോ എന്ന് സംശയിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട കുറുക്കോളി മൊയ്തീൻ, നിയമസഭയിൽ സാധാരണയായി ബില്ലിന്റെ ചർച്ചയ്ക്ക് സമയപരിമിതിയില്ലെന്നാണ് കീഴ്വഴക്കം. എന്നാലും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നേരത്തെ ചൂണ്ടിക്കാണിച്ചതു പോലെ, സ്വയം നിയന്ത്രിക്കൽ നന്നായിരിക്കും. 10 മിനിറ്റ് സമയം എന്നത് പൊതുവിൽ സ്വീകരിക്കാം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, വാക്സിനേഷന്റെ കാര്യത്തിൽ മലപ്പുറം ജില്ലയിൽ ആരോഗ്യപ്രവർത്തകരും ജനങ്ങളും തുടക്കത്തിൽ കുറച്ച് പിന്നിലായിരുന്നു. പിന്നീട് വലിയ താല്പര്യം കാണിച്ചു. നോമ്പുകാലത്തുപോലും വാക്സിനെടുക്കാൻ കാത്തുനിന്നവരിൽ ആറിൽ ഒരു ഭാഗത്തിനുപോലും വാക്സിൻ കിട്ടാത്ത ഗതികേട് മലപ്പുറം ജില്ലയിലുണ്ടായി. മലപ്പുറം ജില്ലയിൽ കഴിഞ്ഞ 28-ന് എടുത്ത ഒരു കണക്കനുസരിച്ച് 16 ശതമാനം ആളുകൾക്ക് മാത്രമേ വാക്സിൻ ലഭിച്ചിട്ടുള്ളൂ. 35 ശതമാനമാണ് പത്തനംതിട്ടയിൽ ലഭ്യമായത്. വയനാട് ജില്ലയിൽ 30, മലപ്പുറം ജില്ല കഴിഞ്ഞാൽ ശതമാനക്കണക്കിൽ പിന്നിൽ നിൽക്കുന്നത് 20 ശതമാനം മാത്രം വാക്സിനേഷൻ നടന്ന പാലക്കാട് ജില്ലയാണ്. ഇതിന്റെ പോരായ്മ പരിഹരിക്കാനുള്ള സംവിധാനമുണ്ടാകണം. പല കാറ്റഗറിയിലായിട്ടാണ് വാക്സിൻ നൽകിവരുന്നതെന്നറിയാം. ഇപ്പോഴുള്ള അവസ്ഥയാണ് ഞാനിവിടെ സൂചിപ്പിച്ചത്. ആദ്യഘട്ടത്തിൽ ഉപയോഗിച്ച വാക്സിൻ കുറവായതിനാൽ അതിന്റെ അനുപാതത്തിലാണ് പിന്നീട് നൽകിവന്നത്. അതുപോലെ 44 വയസ്സിന് താഴെയുള്ളവരുടെ കണക്കിൽ ബഹുമാന്യനായ മുഖ്യമന്ത്രി ഇന്നലെ പറഞ്ഞതാണ് ശരി. എന്നാൽ മുഴുവൻ ആളുകൾക്കുംകൂടി കൊടുത്തതിന്റെ കണക്കെടുക്കുമ്പോൾ മലപ്പുറം ജില്ല വളരെ പിന്നിലാണെന്ന വസ്തുത ഞാൻ സഭമുമ്പാകെ വയ്ക്കാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ജൂൺ 1-ന് തിരൂർ ജില്ലാ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആക്കിയ വിവരം പ്രഖ്യാപിക്കുകയുണ്ടായി. എന്റെ മണ്ഡലത്തിന്റെ ജനങ്ങൾക്കുവേണ്ടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദനം അറിയിക്കുന്നു. തിരൂർ ആശുപത്രിക്ക് 150 കോടി രൂപയുടെ പദ്ധതി പാസ്സാക്കിയിട്ടുണ്ട്. അതിന്റെ ഒന്നാംഘട്ടം തന്നു, ബാക്കി ഉടനെ അനുവദിച്ച് പദ്ധതി പൂർത്തീകരിക്കാൻ സഹായിക്കണം. അതുപോലെ, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി

ആക്കുമ്പോഴുണ്ടാകേണ്ട ഹൃദയം, ഞരമ്പ് തുടങ്ങിയവയുടെ ചികിത്സയ്ക്ക് വിദഗ്ദ്ധ ഡിപ്പാർട്ടുമെന്റുകൾകൂടി തിരൂർ ആശുപത്രിയിൽ സ്ഥാപിക്കാൻ സംവിധാനമുണ്ടാക്കണം. ബ്ലാക്ക് ഫംഗസ് ബാധിച്ച് ആളുകൾ മരണാസന്നരാവുകയാണ്, എന്റെ മണ്ഡലത്തിൽ ഒരാൾക്ക് കണ്ണ് നഷ്ടപ്പെട്ട സാഹചര്യമുണ്ടായി. ആദ്യമായി അപകടം പിണഞ്ഞത് എന്റെ മണ്ഡലത്തിലെ ശ്രീ. അബ്ദുൾ ഖാദറിനാണ്. ആ കുടുംബം വളരെ പ്രയാസത്തിലാണ്. 10 ലക്ഷത്തിലധികം രൂപയാണ് ഇതുകൊണ്ട് അവർക്കുണ്ടായ നഷ്ടം. പ്രതിരോധശേഷി കുറഞ്ഞതുകൊണ്ടും മറ്റ് അനുബന്ധ ചികിത്സയുടെ കുറവുകൊണ്ടുമൊക്കെ സംഭവിച്ചതാകാൻ സാദ്ധ്യതയുണ്ടെന്നും പറയപ്പെടുന്നു. അതുകൊണ്ട് അവർക്ക് നഷ്ടപരിഹാരം നൽകാൻ സംവിധാനം ഉണ്ടാകണമെന്നുകൂടി ആവശ്യപ്പെടുന്നു. മലപ്പുറം ജില്ലയിൽ മഞ്ചേരി മെഡിക്കൽ കോളേജിൽമാത്രമാണ് സ്രവം പരിശോധിക്കാനുള്ള സംവിധാനമുള്ളത്. അത് തിരൂരിൽ കൂടി ആരംഭിച്ചാൽ പൊന്നാനി, തിരൂരങ്ങാടി, തിരൂർ താലൂക്കുകളിലുള്ള ആളുകൾക്ക് ഏറെ ഗുണം ചെയ്യും. അതിനുകൂടി സന്നദ്ധമാകണമെന്നുകൂടി ഈ സന്ദർഭത്തിൽ ആവശ്യപ്പെടാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എ. കെ. എം. അഷ്റഫ് ചുമതലപ്പെടുത്തിയതു പ്രകാരം ശ്രീ. എൻ. എ. നെല്ലിക്കുന്നിന് നിരാകരണ പ്രമേയത്തെ പിന്താങ്ങി സംസാരിക്കാവുന്നതാണ്.

ശ്രീ. എ. കെ. എം. അഷ്റഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ സൂചിപ്പിച്ചതുപോലെ ഇത് ചെറിയ ഒരു ബില്ലാണ്, 7 പേജ് മാത്രമേയുള്ളൂ.

മി. സ്പീക്കർ: ആയതിനാൽ ചർച്ചയ്ക്ക് സമയം അധികം ആവശ്യമില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ പലരും ഇവിടെ സൂചിപ്പിച്ചതുപോലെ ഗഹനമായ പഠനവും പരിശോധനയും ആവശ്യമായിരുന്നു എന്ന അഭിപ്രായം ഇവിടെ പരിഗണിക്കപ്പെട്ടതിൽ ചാരിതാർത്ഥ്യമുണ്ട്. ഇന്നലെ ഇവിടെ കോവിഡിനെക്കുറിച്ചും വാക്സിനെക്കുറിച്ചുമൊക്കെ വിശദമായ ചർച്ച നടക്കുകയുണ്ടായി. നമ്മളെല്ലാവരും ഒരു യുദ്ധമുഖത്താണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മഹാമാരിക്കെതിരെയുള്ള ഈ യുദ്ധത്തിൽ നമ്മളെല്ലാവരും ജയിച്ചേ മതിയാവൂ. ഈ യുദ്ധത്തിൽ ജയിക്കാൻ മുൻപന്തിയിൽ ഉണ്ടാകുമെന്ന് പ്രതിപക്ഷം ഇന്നലെ ഉറപ്പുനൽകുകയുണ്ടായി, പക്ഷേ നമ്മുടെ പാളിച്ചകളും വീഴ്ച്കളും ചൂണ്ടിക്കാണിക്കുമ്പോൾ അത് സർക്കാരിനെ ഇകഴ്ത്തിക്കാട്ടുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി കരുതരുതെന്നാണ് എനിക്ക് അപേക്ഷിക്കുവാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. എസ്. സുപാൽ)

ചക്ക തലയിൽ വീണ് മരിച്ചയാളെ എങ്ങനെ കോവിഡ് മരണത്തിൽപ്പെടുത്തുമെന്ന് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ചോദിച്ചു. ചക്ക വീണ് മരിച്ച ആളിന്റെ മൃതദേഹം കോവിഡ് പരിശോധനയ്ക്ക് വിധേയമാക്കുന്ന രീതി ശരിയാണോയെന്ന് നമ്മൾ പരിശോധിക്കേണ്ടിയിരിക്കുന്നുവെന്നാണ് എനിക്കത് സംബന്ധിച്ച് പറയാനുള്ളത്. അപകടമരണങ്ങളുണ്ടാകുമ്പോൾ പോസ്റ്റുമോർട്ടം ചെയ്യേണ്ടിവരുന്നുണ്ട്. പക്ഷെ പോസ്റ്റുമോർട്ടം ചെയ്ത് മൃതദേഹം പെട്ടെന്ന് കിട്ടുന്നില്ല. പോസ്റ്റുമോർട്ടം ചെയ്യണമെങ്കിൽ കോവിഡ് പോസിറ്റീവ് ടെസ്റ്റ് നടത്തണം. ആ രീതി ഒഴിവാക്കിക്കൂടെയെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കാനുള്ളത്. റോഡപകടത്തിൽ മരിക്കുന്നവരുടെയും ചക്ക തലയിൽ വീണ് മരിക്കുന്നവരുടെയുമെല്ലാം മൃതദേഹം കോവിഡ് പോസിറ്റീവ് ടെസ്റ്റിന് വിധേയമാക്കേണ്ടതുണ്ടോ; അതുകൊണ്ടല്ലേ ഇങ്ങനെയുള്ള തർക്കങ്ങളും കൺഫ്യൂഷനുകളുമൊക്കെ വരുന്നത്.

ശാസ്ത്രത്തിന്റെ ഞാണിന്മേൽ അത്ഭുതങ്ങൾ കാട്ടുന്നവരാണ് മനുഷ്യർ. ആഴിയുടെ അഗാധതലങ്ങളിൽ മത്സ്യങ്ങളെപ്പോലെ ഊളിയിട്ട് സഞ്ചരിക്കാനും വിശാലമായ ആകാശത്തിലൂടെ പറവ കണക്കെ പറക്കാനും യുഗയുഗാന്തരങ്ങളോളം അപ്രാപ്യമായിരുന്ന ചന്ദ്രമണ്ഡലത്തിൽ കാലുകുത്താനും നമുക്ക് കഴിഞ്ഞു. കൊറോണയെന്ന കുഞ്ഞ് വൈറസിന് മുന്നിൽ പകച്ചുനിൽക്കേണ്ടി വന്നപ്പോഴാണ് മനുഷ്യൻ എത്രമാത്രം അശക്തനാണെന്ന് നമുക്ക് കൂടുതൽ മനസ്സിലായത്. എന്നിട്ടും നാം വെല്ലുവിളിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഈ മഹാമാരി ഉണ്ടായത് ദൈവദോഷം കൊണ്ടാണോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അല്ല. അങ്ങനെ ആരാണ് പറഞ്ഞത്; അങ്ങനെയൊരഭിപ്രായം എനിക്കില്ല. എന്നെ തോൽപ്പിക്കാൻ ആരുണ്ട്, എന്നെ തകർക്കാൻ ആർക്ക് കഴിയുമെന്ന വെല്ലുവിളിയുമായി നമ്മളിപ്പോൾ നടക്കുകയാണ്. നമ്മുടെ അഹങ്കാരമൊന്ന് കുറയ്ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഡോ. എൻ. ജയരാജ്: സർ, നൂറ്റാണ്ടുകൾക്ക് മുൻപ് ലൂയി പാസ്ച്ചർ പറഞ്ഞ വളരെ പ്രശസ്തമായൊരു വരിയുണ്ട്. അദ്ദേഹം ഈ രംഗത്ത് അനേകം ഗവേഷണങ്ങൾ നടത്തിയ ആളാണ്. അദ്ദേഹം പറഞ്ഞത് " Gentlemen, it is the microbes who will have the last word" എന്നാണ്. ഇത് തുടങ്ങിയത്

ഇന്നല്ല. മനുഷ്യരാശിയുണ്ടായ കാലംമുതൽ ഇത്തരം അണുക്കളും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും നിരന്തരമായുണ്ടാകുന്നുണ്ട്. 'The Pandemic Century' എന്നൊരു പുസ്തകം തന്നെയിറങ്ങിയിട്ടുണ്ട്. മനുഷ്യരാശിയുടെ കാലംമുതൽ ഉണ്ടായ പ്രശ്നങ്ങൾ കാലാകാലങ്ങളിൽ വരുമ്പോൾ അതിനെ നിയന്ത്രിക്കാനുള്ള നടപടികളുമായി പോകുകയെന്നത് മാത്രമാണ് ചെയ്യാൻ സാധിക്കുന്നത്. വൈറസുകളെ ഇല്ലാതാക്കാൻ കഴിയില്ല.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഡോക്ടർ എല്ലാ കാര്യങ്ങളും നന്നായി പഠിക്കുന്നൊരു അംഗമാണ്. ഈ വൈറസിനെക്കുറിച്ച്, ഇത് ചൈന ഉത്പാദിപ്പിച്ചതാണെന്ന തരത്തിലൊക്കെ പല അഭിപ്രായങ്ങളുണ്ട്. അതേക്കുറിച്ച് ഡോക്ടർ പരിശോധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. അതിനെക്കുറിച്ച് ഡോക്ടർ എന്താണ് മനസ്സിലാക്കിയിട്ടുള്ളത്?

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ ഗവേഷണം നടത്തി ഡോക്ടറേറ്റ് നേടിയ ആളാണ്. ഇതേക്കുറിച്ച് ഞാൻ പഠിച്ചിട്ടില്ല.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, അദ്ദേഹം ഡോക്ടറേറ്റെടുത്ത ഡോക്ടറാണെന്ന് എനിക്കറിയാം. കോവിഡ് വാക്സിൻ ക്ഷാമം കേരളത്തിൽ രൂക്ഷമായി തുടരുകയാണ്. ജനസംഖ്യയിലെ മൂന്ന് ശതമാനത്തിന് മാത്രമാണ് ഇതുവരെ നമ്മുടെ രാജ്യത്ത് വാക്സിൻ ലഭ്യമാക്കാൻ സാധിച്ചത്. മഹാമാരിയെപ്പോലും കച്ചവട സാധ്യതയാക്കുകയാണ് കേന്ദ്ര സർക്കാരെന്ന് നമുക്കെല്ലാവർക്കുമറിയാം. വാക്സിന് കടുത്ത ക്ഷാമം നേരിട്ടുകൊണ്ടിരി ക്കുമ്പോൾത്തന്നെയാണ് കേന്ദ്രം 6.6 കോടി ഡോസ് വക്സിൻ കയറ്റി അയച്ചതെന്ന കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ശ്വാസതടസ്സവും ജീവവായു ലഭിക്കാത്ത സാഹചര്യങ്ങളും ന്യൂമോണിയയുമൊക്കെയാണ് എല്ലാവരെയും ഭയപ്പെടുത്തുന്നത്. ഓക്സിജന്റെ അളവ് കുറയുന്നുണ്ടോയെന്ന് പരിശോധിക്കാൻ വീട്ടിൽ ഒരു പൾസ് ഓക്സീമീറ്റർ എല്ലാവരും കരുതുന്നത് നല്ലതാണ്. ഓരോ വീട്ടിലും സൗജന്യമായി ഓക്സീമീറ്റർ നൽകാനുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അപേക്ഷിക്കാനുള്ളത്.

ലോക്ഡൗൺ അനിവാര്യമാണെന്ന കാര്യം നമുക്കെല്ലാവർക്കുമറിയാം. പക്ഷെ ഈ ലോക്ഡൗൺമൂലം ഉദ്ദേശിച്ച ഫലം കിട്ടുന്നോയെന്ന കാര്യത്തിൽ സംശയമുണ്ട്. വാക്സിനേഷൻ ഫലപ്രദമായി നടപ്പിലാക്കണം. ഏതെങ്കിലും സെന്ററുകളിൽ വാക്സിൻ ക്യാമ്പുകൾ സംഘടിപ്പിച്ച് രോഗികളെ മണിക്കൂറുകളോളം ക്യൂ നിർത്തുന്നതിന് പകരം എല്ലാവർക്കും വീടുകളിൽ ചെന്ന് വാക്സിൻ നൽകാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കേരളത്തിലെ ഇപ്പോഴത്തെ ലോക്ഡൗൺ അനാവശ്യമാണെന്നും അത് ഇന്നത്തെ രീതിയിൽ തുടരേണ്ടതില്ലെന്നും വെല്ലൂർ ഹോസ്പിറ്റലിലെ വൈറോളജി ഡയറക്ടറായിരുന്ന ഡോ. ജോൺ ഇന്നലത്തെ ചില പത്രങ്ങളിൽ ലേഖനങ്ങളെഴുതിയിട്ടുണ്ട്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ലോക്ഡൗണിനെക്കുറിച്ചും ലോക്ഡൗൺ കാലത്ത് പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന അമിതമായ ഇടപെടലിനെക്കുറിച്ചുമൊക്കെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയൊരു വെർഡിക്ട് എന്റെ കയ്യിലുണ്ട്, അത് ഞാൻ പിന്നീട് വായിക്കുന്നതായിരിക്കും. ഇവിടെ ഒരുപാട് വീഴ്ചകൾ നമുക്ക് സംഭവിക്കുന്നുണ്ട്. ഞാൻ ആവർത്തിച്ച് പറയുന്നു, അത് ചൂണ്ടിക്കാണിക്കുമ്പോൾ സർക്കാരിനെ ഇകഴ്ത്തിക്കാട്ടുന്നതായി ഒരിക്കലും കാണരുതെന്നാണ് അപേക്ഷ. പല തരത്തിലുള്ള വാക്സിനുകളുണ്ട്. അതിലൊന്ന് കൊവാക്സിൻ മറ്റൊന്ന് കോവീഷീൽഡ്. മലപ്പുറം ജില്ലയിൽ ഇന്നലെയൊരു സംഭവമുണ്ടായി. രണ്ട് ഡോസ് വാക്സിനും ഒന്നിച്ച് നൽകിയതുകൊണ്ടുണ്ടായ ഒരു ദുരന്തം. മുമ്പ് പറഞ്ഞിരുന്നത് ഒരു ഡോസ് നൽകി 40 ദിവസം കഴിഞ്ഞതിനു ശേഷം രണ്ടാമത്തെ ഡോസ് നൽകാമെന്നാണ്. ഇപ്പോഴത് 60-ഉം 80-ഉം ദിവസവുമൊക്കെയാക്കി. ഒരു ഡോസ് എടുത്തതിനുശേഷം രണ്ടാമത്തെ ഡോസ് 4 മാസം കഴിഞ്ഞ് എടുത്താൽ മതിയാകുമെന്ന് വിദഗ്ദ്ധാഭിപ്രായം ഉണ്ടെന്നാണറിയാൻ സാധിച്ചത്. ആ വിദഗ്ദ്ധർ ആരാണെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ആഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ ശ്രീ. നിസ്സാർ കാരക്കണ്ടിയെന്ന ആളുടെ ഭാര്യ വാക്സിനെടുക്കാൻ പോയപ്പോൾ രണ്ട് ഡോസും അവർക്ക് ഒന്നിച്ച് നൽകി. അതിന്റെ ഫലമായി ആ സ്ത്രീയിപ്പോൾ അവശ നിലയിലാണ്. കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതൊരു വലിയ വീഴ്ചയാണ്. ഈ വീഴ്ച ആരുടെ ഭാഗത്തുനിന്ന് സംഭവിച്ചാലും ഒരു ജനപ്രതിനിധിയെന്ന നിലയിൽ അത് ഈ സഭയിൽ ചൂണ്ടിക്കാട്ടുന്നത് ഒരിക്കലും സർക്കാരിനെ ഇകഴ്ത്തിക്കാട്ടാനല്ലായെന്ന് ഞാനെന്റെ നെഞ്ചത്ത് കൈവച്ച് പറയാനാഗ്രഹിക്കുകയാണ്. ജനപ്രതിനിധിയെന്ന നിലയിലുള്ള എന്റെ ഉത്തരവാദിത്വമാണ് ഞാനിവിടെ നിർവ്വഹിക്കുന്നത്. ഞാൻ മാത്രമല്ല, ഇവിടെയിരിക്കുന്ന ഏതംഗമായാലും അങ്ങനെയൊരു സംഭവം അവരുടെ ശ്രദ്ധയിൽപ്പെട്ടാൽ അത് സർക്കാരിന്റെയും ബന്ധപ്പെട്ട മന്ത്രിമാരുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടത് ആ ജനപ്രതിനിധിയുടെ ഉത്തരവാദിത്വമാണ്. അത് മാത്രമാണ് ഞങ്ങൾ നിർവ്വഹിക്കുന്നതെന്ന് ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. മറ്റൊരു സംഭവം, എന്റെ രണ്ട് സഹോദരന്മാർ കൊവാക്സിൻ എടുത്തിരുന്നു. രണ്ടാമത്തെ ഡോസിന് രജിസ്റ്റർ ചെയ്തപ്പോൾ

കോവീഷീൽഡ് തരാമെന്നാണ് അവരോട് പറഞ്ഞത്. ഇത്തരത്തിലുള്ള പാളിച്ചകളാണ് ഞങ്ങളിവിടെ ചൂണ്ടിക്കാട്ടുന്നത്.

ഈ ബില്ലിനെക്കുറിച്ച് എനിക്ക് പറയാനുള്ളത് ബ്രിട്ടീഷുകാരുടെ കാലത്ത് തുക്കിടി സായിപ്പിനെ പല കാര്യങ്ങളും ഏൽപ്പിക്കുന്ന പതിവുണ്ട്. അതാണ് ഈ ജനാധിപത്യ സർക്കാർ ചെയ്യുന്നതെന്ന് പറയാനാഗ്രഹിക്കുകയാണ്. ഒരു പ്രത്യേക സാഹചര്യത്തിൽ ഈ ഓർഡിനൻസ് ഇറക്കിയതിനെ നമ്മളാരും എതിർക്കുന്നില്ല. കാരണം, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മളെല്ലാവരും ഒരു യുദ്ധമുഖത്താണ്. ഈ യുദ്ധത്തിൽ നമ്മൾ ജയിച്ചേ മതിയാകൂ. കോവിഡ്-19 എന്ന മഹാമാരിയെ തോൽപ്പിക്കാൻ എന്തൊക്കെ ചെയ്യാൻ കഴിയുമോ അതെല്ലാം നമുക്ക് ചെയ്യണമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. Necessity is the mother of invention, അതുകൊണ്ട് തീർച്ചയായും ഓർഡിനൻസ് ഇറക്കിയത് സാഹചര്യമനുസരിച്ചാണെന്ന് മനസ്സിലാക്കുന്നു. പക്ഷേ ബിൽ ഇപ്പോഴാണ് നിയമസഭയുടെ മുമ്പിൽ കൊണ്ടുവരുന്നതെന്ന് നാം മനസ്സിലാക്കണം. ബ്രിട്ടീഷ് ഭരണകാലത്തെ ഹാംഗ്ഓവറുള്ള ചില ഉദ്യോഗസ്ഥ മേധാവികളുടെ തലച്ചോറിൽ നിന്നാണോ ഈ ബിൽ മുളച്ചതെന്ന് ഞാൻ സംശയിക്കുകയാണ്. ഇതൊരു മാരണ ബില്ലാണെന്ന് പറയാനാഗ്രഹിക്കുന്നു. ഒരു മന്ത്രിസഭ ഒരിക്കലും ഇതിന് അംഗീകാരം നൽകാൻ പാടില്ലായിരുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ ഇത്രമാത്രം അപാകതകളും വീഴ്ചകളുമുള്ള ബിൽ മന്ത്രിസഭ അംഗീകാരം നൽകി നിയമസഭയുടെ മുന്നിൽകൊണ്ടുവന്നത് ലജ്ജാകരമാണെന്ന് പറയാൻ ആഗ്രഹിക്കുന്നു. സാധാരണ ഒരു ആക്ട് വന്നാൽ അതിന് കീഴിൽ ചട്ടങ്ങൾ ഉണ്ടാകും. ഈ ബില്ലിൽ പറഞ്ഞിട്ടുള്ളത് Regulations and Orders എന്നാണ്. ഇത് ബ്രിട്ടീഷ് രീതിയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇടതുപക്ഷ സർക്കാരിന് ഇത് ഭൂഷണമാണോ എന്ന് നിങ്ങൾതന്നെ തീരുമാനിക്കണമെന്നാണ് പറയാനുള്ളത്. ഇതുപോലെയൊരു ബിൽ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നാൽ അതിനോട് നമുക്ക് യോജിക്കാൻ സാധിക്കുമോയെന്ന് നമ്മളെല്ലാവരും ചിന്തിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ ചോദിക്കാനുള്ളത്. ഈ ബില്ലിലെ 2-ാം പേജിൽ പറയുന്നത്: 'സാംക്രമിക രോഗവുമായി ബന്ധപ്പെട്ട് പ്രത്യേക നടപടികൾ എടുക്കുന്നതിനും റെഗുലേഷനുകൾ വിനിർദ്ദേശിക്കു ന്നതിനുമുള്ള അധികാരം.' ഈ അധികാരം ജില്ലാ കളക്ടർക്കാണ് കൊടുക്കുന്നത്. ഇപ്പോൾത്തന്നെ പല ജില്ലകളിലും ജില്ലാ കളക്ടർമാർ തോന്നിയതുപോലെ ചെയ്യുന്നതുകൊണ്ട് ദുരന്തമനുഭവിക്കുന്ന ഒരു ജനപ്രതിനിധിയാണ് ഞാൻ. അപ്പുറത്ത് കാസർഗോഡ് ജില്ലയിലെ മറ്റ് ജനപ്രതിനിധികളുമുണ്ട്. ഞങ്ങളുടെ ജില്ലയിൽ ധാരാളം നിയമങ്ങൾ ജനപ്രതിനിധികളോടൊന്നും ആലോചിക്കാതെ ഞങ്ങളെ നോക്കുകുത്തികളാക്കി

ജില്ലാ കളക്ടർ സ്വയം തീരുമാനിക്കുകയും നിയമമുണ്ടാക്കുകയുമാണ്. ഈയൊരു ബിൽ പാസ്സായാൽ സർക്കാരിന്റെയോ ജനപ്രതിനിധികളുടെയോ ആവശ്യമുണ്ടാകില്ലെന്നാണ് പറയാനുള്ളത്. ഒരുകാര്യം സൂചിപ്പിക്കാനാഗ്രഹിക്കുന്നത് ഞാൻ കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ ജീവിക്കുന്ന ഒരാളാണ്. ബഹുമാനപ്പെട്ട മുൻ മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ ഇവിടെയിപ്പോഴില്ല, അദ്ദേഹം മുനിസിപ്പാലിറ്റിയുടെ തൊട്ടടുത്ത ചെമ്മനാട് പഞ്ചായത്തിലാണ്. കാസർഗോഡ് നഗരത്തിൽനിന്ന് അഞ്ച് കിലോമീറ്റർ ദൂരമേ അദ്ദേഹത്തിന്റെ വീട്ടിലേയ്ക്കുള്ളൂ. ബഹുമാനപ്പെട്ട ശ്രീ. സി. എച്ച്. കുഞ്ഞമ്പു മുനിസിപ്പാലിറ്റിക്കടുത്ത് താമസിക്കുന്നയാളാണ്. ബഹുമാനപ്പെട്ട ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇവിടെയുണ്ട്. അദ്ദേഹം വർഷങ്ങൾക്ക് മുമ്പ് കാസർഗോഡ് താമസിച്ച് പാർട്ടി പ്രവർത്തനം നടത്തിയ വ്യക്തിയാണ്. അദ്ദേഹത്തിനറിയാം കാസർഗോഡിന്റെ ഭൂമിശാസ്ത്രം. കാസർഗോഡ് മുനിസിപ്പാലിറ്റിയുടെ തൊട്ടടുത്ത് നിൽക്കുന്ന മൊഗ്രാൽ-പുത്തൂർ, ചെങ്കള, ചെമ്മനാട് എന്നീ പഞ്ചായത്തുകളിൽനിന്ന് ജനങ്ങൾക്ക് കാസർഗോഡ് നഗരസഭയിലേയ്ക്ക് വരണമെങ്കിൽ പാസ്സെടുക്കണമെന്നൊരു നിയമം ജില്ലാ കളക്ടർ കൊണ്ടുവന്നിരുന്നു. കാസർഗോഡ് നഗരത്തിൽ കച്ചവടം ചെയ്യുന്ന ആളുകൾ താമസിക്കുന്നത് മൊഗ്രാൽ-പുത്തൂർ, ചെങ്കള, ചെമ്മനാട് എന്നീ പഞ്ചായത്തുകളിലാണ്. ഈ നിയമം കൊണ്ടുവന്നാൽ അവരെങ്ങനെ കാസർഗോഡ് നഗരത്തിലേയ്ക്ക് വരും. അപ്പോൾ ഇതൊരു തുഗ്ലക് പരിഷ്കാരമായിരുന്നു. എല്ലാവരുമെതിർത്തു. അടുത്തദിവസംതന്നെ ഈ ഉത്തരവ് കളക്ടർ തിരുത്തി. ഞാൻ പറയാനാഗ്രഹിക്കുന്നത് ഇങ്ങനെയുള്ള കളക്ടർമാർക്ക് ഈ ബിൽ പാസ്സാക്കിക്കൊടുത്താൽ അവർ ചെയ്യുന്നതെന്തായിരിക്കുമെന്ന് മുൻകൂട്ടി അറിയാമെന്നതുകൊണ്ടാണ് ഇക്കാര്യങ്ങൾ ഞാനിവിടെ സൂചിപ്പിച്ചത്. അതുപോലെ ബില്ലിൽ പറയുന്ന മറ്റൊരുകാര്യം 'സംസ്ഥാനത്തിനകത്ത് ഏതെങ്കിലും ഒത്തുകൂടലിലോ, ആഘോഷങ്ങളിലോ, ആരാധനകളിലോ അത്തരം മറ്റ് പ്രവർത്തികളിലോ, വ്യക്തികളിൽനിന്ന് വ്യക്തികളിലേയ്ക്ക് സാംക്രമിക രോഗം പകരുന്നതിനോ വ്യാപിക്കുന്നതിനോ പര്യാപ്തമാണെന്ന് സർക്കാർ കരുതുന്ന ഏതൊരു ആചാരമോ പ്രവർത്തിയോ നിരോധിക്കുക'. മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം ആചാരമെന്ന് പറയുന്നത് അഞ്ച് നേരം പള്ളിയിൽപ്പോയി നിസ്കരിക്കുകയെന്നതാണ്. അതുപോലെ ഹിന്ദു സഹോദരന്മാരെ സംബന്ധിച്ചിടത്തോളം ക്ഷേത്രങ്ങളിൽച്ചെന്ന് അവരുടെ ആരാധനാ കർമ്മങ്ങൾ നിർവ്വഹിക്കുക എന്നത് അവരുടെ ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമാണ്. ഈ ബിൽ നിയമമായി വന്നാൽ ഇതിൽപ്പറയുന്നത് 'വേണമെങ്കിൽ ആചാരമോ, പ്രവർത്തിയോ നിരോധിക്കാമെന്നാണ്'. അതിന്റെയർത്ഥം ഈ ആചാരം നിരോധിക്കുമെന്നതാണോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ അങ്ങ് ചുരുക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഇപ്പോൾത്തന്നെ പള്ളികളിൽ നിസ്കാരത്തിന് നാൽപ്പതോ അമ്പതോ അല്ലെങ്കിൽ 100 ആൾക്കാർ മാത്രമേ പാടുള്ളൂവെന്ന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. അത് ശരിയാണ്, അതാണ് നിയന്ത്രണമെന്ന് പറയുന്നത്. പക്ഷേ, അത് നിരോധിക്കുക എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ജുഡീഷ്യൽ സ്ക്രൂട്ടിണിയൊന്നും കൂടാതെ ഒരു ബിൽ നിയമസഭയിൽ കൊണ്ടുവരുന്ന ഈ സമയത്ത് ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറലിനെക്കൂടി വിളിച്ചുവരുത്തി അദ്ദേഹത്തിന്റെ ഉപദേശം കൂടി തേടാമായിരുന്നു. ഇതുപോലെ പ്രധാനപ്പെട്ട പ്രശ്നങ്ങളുണ്ടാകുന്ന സമയത്ത് അതിൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരായുന്നതിനുള്ള അവകാശം ഈ സഭയ്ക്കില്ലേ? അതുപോലും ഇവിടെ നിഷേധിച്ചിരിക്കുകയാണെന്നുള്ള യാഥാർത്ഥ്യം അങ്ങേയ്ക്കറിയില്ലേ? ഇവിടെ പല പ്രശ്നങ്ങളും ഇതുമായി കൂടിക്കുഴഞ്ഞ് കിടക്കുകയാണ്. മാത്രമല്ല അതുപോലുള്ള സന്ദർഭങ്ങളുണ്ടായിട്ടുമുണ്ട്. 2006-ൽ ഡാം സേഫ്റ്റി ബിൽ കൊണ്ടുവരുന്ന സമയത്ത് അന്നത്തെ പ്രതിപക്ഷം ഇപ്പോഴത്തെ ഭരണകക്ഷിയാണ്. ഇതുപോലുള്ള സന്ദർഭത്തിൽ ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ ഉണ്ടാകണമെന്ന് അവർ ആവശ്യപ്പെട്ടു. ഇപ്പോൾ അഡ്വക്കേറ്റ് ജനറലിന്റെ പ്രസൻസ് ഈ ബില്ലിന്റെ ചർച്ചയിൽ അത്യാവശ്യമാണെന്ന് ബഹുമാനപ്പെട്ട മെമ്പറിന് തോന്നുന്നില്ലേ; വിളിക്കാതിരുന്നത് ശരിയല്ല എന്നുള്ളതല്ലേ അങ്ങയുടെ അഭിപ്രായം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അതാണ് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചത്. നമ്മളാരും ഈ ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്നില്ല. പക്ഷേ, ഒരു സാവകാശവുമില്ലാതെ ധൃതിപിടിച്ച് ഈ ബിൽ ഇവിടെ അവതരിപ്പിക്കുമ്പോൾ അങ്ങ് ചൂണ്ടിക്കാണിച്ചതുപോലുള്ള പാളിച്ചകൾ ഈ ബില്ലിലുണ്ട്. വളരെ അവധാനതയോടെ ചെയ്യേണ്ട ഒന്നായിരുന്നു. ആ സൂക്ഷ്മത ഈ ബിൽ അവതരിപ്പിക്കുമ്പോൾ ഉണ്ടായില്ല. അതിന്റെ ഫലമാണ് ഇവിടെപ്പറയുന്ന ഈ ന്യൂനതകളും പോരായ്മകളും. മറ്റൊന്ന് ഈ ബില്ലിൽ പറയുന്നത് 'പൊതു സ്ഥലങ്ങളിലും മതസ്ഥാപനങ്ങളിലും വ്യക്തികൾ കൂട്ടംകൂടുന്നത് നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യുക' എന്നാണ്. ഞാൻ മുമ്പ് സൂചിപ്പിച്ച കളക്ടർമാർക്ക് ഈ ബിൽ നിയമമായി പാസ്സായിക്കിട്ടിയാൽ എന്തായിരിക്കും അവർ ചെയ്യുക. നിയന്ത്രിക്കുകയോ, നിരോധിക്കുകയോ ചെയ്യാമെന്ന രണ്ടും ഈ ബില്ലിലുണ്ട്. ചിലയാളുകൾ ഇതിനെ നിരോധിക്കും. പൊതുസ്ഥലങ്ങളിലും മതസ്ഥാപനങ്ങളിലും വ്യക്തികൾ കൂട്ടംകൂടുന്നത് നിരോധിക്കുക എന്നുവച്ചാൽ ഒരാൾക്കും പള്ളിയിൽ പോകാൻ കഴിയാത്ത സാഹചര്യമുണ്ടാകും. പള്ളിയിലും

അമ്പലത്തിലും ചർച്ചിലും ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ കൂട്ടംകൂടുന്നത് ശരിയല്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. ഒരു നിയന്ത്രണമാണ് വേണ്ടത്, അല്ലാതെ നിരോധനമല്ല.

മി. ചെയർമാൻ: യെസ്... യെസ്... സമയം ഏറെയെടുത്തു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, നിലവിലുള്ള ബില്ലിൽ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കുപുറമേ പകർച്ചവ്യാധി തടയുന്നതുമായി ബന്ധപ്പെട്ട് ഹെൽത്ത് ഇൻസ്പെക്ടർമാർ വരെയുണ്ട്. പക്ഷേ ഇവിടെ ഇതുമായി ബന്ധപ്പെട്ട് പിഴയിടാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പോലീസ് പദവിയിലുള്ള എസ്.എച്ച്.ഒ. മാത്രമാണ്. ഇതൊരു പൊതുജനാരോഗ്യ പ്രശ്നമാണ്. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ മുതൽ ഹെൽത്ത് ഇൻസ്പെക്ടർമാർ വരെയുള്ളവർക്ക് യാതൊരു റോളുമില്ലെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? സാധാരണ എല്ലാ വകുപ്പുകളിലും അതാത് ഉദ്യോഗസ്ഥരുണ്ട്. റവന്യൂ വകുപ്പിൽ റവന്യൂ ഇൻസ്പെക്ടർമാർ, ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ഫുഡ് സേഫ്റ്റി ഓഫീസർമാർ, സിവിൽ സപ്ലൈസിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ, എക്സൈസ് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർമാർ എന്നിങ്ങനെ എല്ലാ മേഖലയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുണ്ട്. എന്നാൽ ആരോഗ്യ വകുപ്പിൽ പോലീസിലെ എസ്.എച്ച്.ഒ.-യ്ക്കാണ് ഈ പദവിയുള്ളത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ടവർക്ക് ഇത് നൽകണ്ടേ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എന്റെ ശ്രദ്ധയിൽപ്പെട്ട കാര്യമാണ്. ഞാൻ പറയുന്നതിനുമുൻപ് താങ്കൾ ആ വിഷയം ഹൈജാക്ക് ചെയ്തുവെന്നേയുള്ളൂ; അത് നല്ലകാര്യമാണ്. ബാങ്കുകൾ, മാധ്യമങ്ങൾ, ആരോഗ്യ സംരക്ഷണം, ഭക്ഷ്യ വിതരണം, വൈദ്യുതി, വെള്ളം, ഇന്ധനം തുടങ്ങിയ അവശ്യമോ അടിയന്തരമോ ആയ സേവനങ്ങളുടെ സമയദൈർഘ്യം പരിമിതപ്പെടുത്തുക എന്നുള്ളതാണ് ബില്ലിൽ പറഞ്ഞിട്ടുള്ള മറ്റൊരു കാര്യം. ഇപ്പോൾ എല്ലാത്തിന്റെയും സമയം പരിമിതപ്പെടുത്തുന്നുണ്ട് എന്നുള്ളത് വളരെ ശരിയാണ്. എന്നാൽ എല്ലാ സേവനങ്ങളുടെയും സമയ ദൈർഘ്യം പരിമിതപ്പെടുത്തുന്ന കൂട്ടത്തിൽ, നമ്മുടെ നാട്ടിൽ നടക്കുന്ന നല്ലതും മോശവുമായ എല്ലാ നടപടികളും സർക്കാരിന്റെയും ജനങ്ങളുടെയും മുൻപിൽ കൊണ്ടുവരേണ്ട മഹത്തായ ഉത്തരവാദിത്വം മാധ്യമ പ്രവർത്തകർക്കാണ്. അതിനാൽ അവരുടെ സേവനത്തിന് സമയദൈർഘ്യം പരിമിതപ്പെടുത്തേണ്ടതുണ്ടോ എന്നാണ് എനിക്ക് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത്. ഒരു മാധ്യമ പ്രവർത്തക കൂടിയായിരുന്ന ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയം സഗൗരവം പരിഗണിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്ന് മാധ്യമ പ്രവർത്തകർക്ക് സൗകര്യം ഏർപ്പെടുത്തുന്ന കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. രാജ്യത്തിന്റെ നട്ടെല്ലായ പ്രവാസികൾ ഇപ്പോൾ തിരിച്ചുവരവിന്റെ വക്കിലാണ്. നാട്ടിൽ തിരിച്ചുവന്ന പ്രവാസികൾ ഒരു ഡോസ് വാക്സിൻ എടുത്ത് രണ്ടാമത്തെ ഡോസിനുവേണ്ടി ഓൺലൈനായി ബുക്ക് ചെയ്ത് കാത്തിരിക്കുകയാണ്. എന്നാൽ ഓൺലൈൻ ബുക്ക് ചെയ്തിട്ട് കിട്ടുന്നില്ല. അവർ തിരിച്ച് പോയില്ലെങ്കിൽ ജോലി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും. അങ്ങനെയുള്ള പ്രവാസികൾക്ക് സ്പോട്ട് വാക്സിനേഷൻ നൽകാനുള്ള സംവിധാനം ഗവൺമെന്റ് ഒരുക്കേണ്ടതുണ്ട്. വാക്സിനേഷൻ പലപ്പോഴും ജനസംഖ്യാനുപാതികമായിട്ടല്ല വിതരണം ചെയ്യുന്നത്. അതിൽ വളരെ അസന്തുലിതാവസ്ഥ നിലനിൽക്കുകയാണ്. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയ്ക്ക് കൂടുതൽ വാക്സിൻ നൽകണം. വാക്സിനേഷൻ കേന്ദ്രങ്ങൾ വർദ്ധിപ്പിക്കണം. കുറഞ്ഞ വാക്സിനേഷൻ കേന്ദ്രങ്ങൾ മാത്രമുള്ളതിനാൽ വാക്സിൻ എടുക്കാനായി വളരെ ദൂരം സഞ്ചരിക്കണം. അങ്ങനെ ധാരാളം പ്രയാസങ്ങളുണ്ട്. ആരാധനാലയങ്ങളിൽ പോകുന്ന കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞുകൊണ്ടിരിക്കുകയാണ്. പക്ഷേ ആരാധനാലയങ്ങളിൽ പോകാൻ മനുഷ്യർ വേണ്ടേ. മലപ്പുറം ജില്ലയിൽ രണ്ട് ആളുകൾ മരണപ്പെട്ടത് വെന്റിലേറ്റർ ഇല്ലാത്തതുകൊണ്ടാണ്. ആശുപത്രിയിൽ ചെന്നാൽ വെന്റിലേറ്ററില്ല. ഒരാശുപത്രിയിൽ ചെന്നാൽ ഓക്സിജനില്ലാതെ അടുത്ത ആശുപത്രിയിൽ പോകണം. അവിടെ ചെല്ലുമ്പോൾ അവിടെയും ഇല്ലാതെ ജനങ്ങൾ പ്രയാസപ്പെടുകയാണ്. ജനങ്ങളെ ഈ പ്രയാസത്തിൽനിന്ന് കരകയറ്റണം. ഇപ്പോൾ ഗവൺമെന്റിന്റെ ഇടക്കാല ബഡ്ജറ്റ് വരാൻ പോകുകയാണ്. ഇടക്കാല ബഡ്ജറ്റിൽ സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാനും ചികിത്സാ സൗകര്യങ്ങൾ വികസിപ്പിക്കാനും ആവശ്യമായ ഫണ്ട് നീക്കിവയ്ക്കണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഇതും മറ്റൊരു ഹൈജാക്കിംഗാണ്.

മി. ചെയർമാൻ: ഹൈജാക്ക് ചെയ്ത് അങ്ങനെ പോകാൻ കഴിയുമോ? ചർച്ച അവസാനിപ്പിക്കേണ്ടതാണ്. ധാരാളം സമയം അങ്ങ് അധികരിച്ച് എടുത്തിട്ടുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ അധികം സമയമെടുക്കില്ല. മറ്റൊരുകാര്യം ബില്ലിൽ പറഞ്ഞിരിക്കുന്നത് ശിക്ഷയെ സംബന്ധിച്ചാണ്. 'റെഗുലേഷനുകളും ഉത്തരവുകളും പാലിക്കാൻ ബാദ്ധ്യസ്ഥരായ ഏതൊരു വ്യക്തി/സ്ഥാപനം/കമ്പനി ഈ ആക്ടിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും

അത്തരത്തിലുള്ള റെഗുലേഷനോ ഉത്തരവോ ലംഘിക്കുകയോ അനുസരിക്കാതിരിക്കുകയോ ഈ ആക്ടിൻ കീഴിൽ അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥനെ തടസ്സപ്പെടുത്തുകയോ ചെയ്താൽ കുറ്റസ്ഥാപനത്തിന്മേൽ രണ്ട് വർഷം വരെയാകാവുന്ന കാലത്തേയ്ക്കുള്ള തടവിനോ പതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ ഇവ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടേണ്ടതാണ്. ഇതുസംബന്ധിച്ച് ഇപ്പുറത്തും അപ്പുറത്തുമുള്ള അംഗങ്ങൾക്ക് സംശയമുണ്ടാകാം. പോലീസിനെയാണ് ഇതൊക്കെ കൈകാര്യം ചെയ്യാൻ ഏൽപ്പിക്കുന്നതെങ്കിൽ പല തരത്തിലുള്ള വിരോധം തീർക്കാൻ അവർ ഈ നിയമം ദുരുപയോഗപ്പെടുത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പോലീസ് പല കാര്യങ്ങൾക്കായി പല നിയമങ്ങളും ഇപ്പോൾ ദുരുപയോഗപ്പെടുത്തുന്നുണ്ട്. ഈ നിയമം പാസ്സായാൽ അധികാരം തടസ്സപ്പെടുത്തിയെന്ന കേസ് ചാർജ് ചെയ്യാൻ പോലീസിന് വലിയ ബുദ്ധിമുട്ടുണ്ടാവില്ല. അങ്ങനെയുള്ള ഒരു ബുദ്ധിമുട്ടുകൂടി ഈ ബില്ലിലുണ്ടെന്ന് ഞാൻ സൂചിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ബഹുമാനപ്പെട്ട അംഗം കാസർഗോഡ് ജില്ലയിലെ മെമ്പറാണ്. നമ്മുടെ അന്തർ സംസ്ഥാന പാതയിൽ വളരെ പെട്ടെന്ന് ഒരാലോചനയുമില്ലാതെ വിലക്ക് ഏർപ്പെടുത്തിയതിനാൽ കർണ്ണാടക സംസ്ഥാനം അങ്ങോട്ടേയ്ക്കുള്ള പ്രവേശനം നിരോധിച്ചതുവഴി, മംഗലാപുരത്ത് ചികിത്സിച്ചുകൊണ്ടിരുന്ന കാസർഗോഡ് ജില്ലയിലെ പതിനഞ്ചോളം രോഗികൾ കഴിഞ്ഞവർഷം മരണത്തിന് വിധേയരായ സാഹചര്യം വളരെ ഗൗരവമാണ്. അന്തർ സംസ്ഥാന പാതകളും ജില്ലാതല പാതകളും ക്ലോസ് ചെയ്യുമ്പോൾ ഇതുസംബന്ധിച്ചെടുക്കുന്ന നടപടികൾ ഉചിതവും നീതിപൂർവ്വവുമായിരിക്കണമെന്ന അനുഭവത്തിന്റെ പാഠം അങ്ങ് പഠിച്ചിട്ടുണ്ടോ; അത് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യേണ്ടതല്ലേ?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ബഹുമാനപ്പെട്ട മുൻ റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ ഇവിടെയുണ്ട്. കാസർഗോഡിൽ അദ്ദേഹം മുൻകയ്യെടുത്ത് പല യോഗങ്ങളിലും ചർച്ചചെയ്ത കാര്യമാണിത്. കർണ്ണാടക സർക്കാർ അവരുടെ അതിർത്തി അടച്ചതിനാൽ നമുക്ക് സഹിക്കേണ്ടിവന്നിട്ടുള്ള ബുദ്ധിമുട്ടുകളും പ്രയാസങ്ങളെയുംകുറിച്ച് നന്നായി അറിയാം. നമ്മുടെ എത്രയോ സഹോദരീ സഹോദരന്മാർ തക്കസമയത്ത് ചികിത്സ കിട്ടാത്തതിനാൽ അതിർത്തികളിൽ പിടഞ്ഞുവീണ് മരിച്ചിട്ടുണ്ട്. താങ്കൾ ഇക്കാര്യം സൂചിപ്പിച്ചത് നന്നായി. ഈ ബില്ലിൽ കളക്ടർമാർക്ക് അതിർത്തികൾ അടച്ചിടാനുള്ള അധികാരം കൊടുക്കുന്നുവെന്നാണ് സൂചിപ്പിക്കുന്നത്. കോവിഡിന്റെ ആദ്യഘട്ടത്തിൽ

കാസർഗോഡ് ജില്ലയിലെ കളക്ടർ ആരോടും ആലോചിക്കാതെ പല അതിർത്തികളും അടച്ചിട്ടിരുന്നു. ഈ ബിൽ പാസ്സായാൽ ചില കളക്ടർമാർ എല്ലാ അതിർത്തികളും അടച്ചിടുമെന്ന ഒരു ന്യൂനത ഈ ബില്ലിനുണ്ടെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബില്ലിൽ പറഞ്ഞിരിക്കുന്ന മറ്റൊരു കാര്യം കുറ്റങ്ങൾക്ക് പ്രേരണ നൽകലാണ്. ഇതിൽ പറഞ്ഞിട്ടുള്ളത്, 'ഈ ആക്ടിൻ കീഴിലുള്ള ഏതെങ്കിലും കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഏതൊരാളും, ആ പ്രേരണയെത്തുടർന്ന് പ്രേരിപ്പിക്കപ്പെട്ട പ്രവർത്തി ചെയ്യപ്പെട്ടാൽ രണ്ട് വർഷം വരെയാകാവുന്ന തടവിനോ അല്ലെങ്കിൽ പതിനായിരം രൂപ വരെയാകുന്ന പിഴയ്ക്കോ അല്ലെങ്കിൽ ഇവ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടേണ്ടതാണ്' എന്നാണ്. ഇതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? ലോക്ഡൗൺ സമയത്ത് ആത്മാർത്ഥമായി നല്ല പ്രവർത്തനം നടത്തിയ പോലീസ് ഉദ്യോഗസ്ഥരുണ്ട്. പക്ഷേ, ചില പോലീസുകാർ ചെയ്ത ക്രൂരതകളെക്കുറിച്ച് നമുക്കെല്ലാവർക്കുമറിയാം. അപ്പുറത്തിരിക്കുന്നവർക്കും ഇതറിയാമെങ്കിലും അവരൊന്നും പറയില്ല. അവരുടെ ഭരണമായതുകൊണ്ട് പോലീസ് എന്ത് തോന്ന്യാസം ചെയ്താലും അവരെ സംബന്ധിച്ചിടത്തോളം അത് ചൂണ്ടിക്കാണിക്കാൻ കഴിയുകയില്ല. നമ്മളൊക്കെ അനുഭവിച്ചത് എന്താണ്? ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന കടകൾ തുറന്നുവയ്ക്കുന്നത് ആളുകൾക്ക് സാധനം വാങ്ങാനാണ്. ആ കടകളിലേയ്ക്ക് പോകുന്ന ആളുകളെ പോലീസ് തല്ലിയോടിക്കാറുണ്ട്. ഈ ബില്ലിൽ പ്രേരിപ്പിക്കുന്ന ആളുകളെയും ശിക്ഷിക്കുമെന്നാണ് പറയുന്നത്. അതിന്റെ അർത്ഥം, ഒരു മകനെ സാധനം വാങ്ങാൻ കടയിലേയ്ക്കയയ്ക്കുന്ന അച്ഛനും അമ്മയ്ക്കുമെതിരെ കേസ് ചാർജ് ചെയ്യാം. അതാണ് ഈ ബില്ലിൽ ഉദ്ദേശിക്കുന്നത്. മകനെയാണ് പോലീസ് ശിക്ഷിക്കുന്നതെങ്കിൽ ഈ ബിൽ നിയമമായാൽ ലോക്ഡൗൺ നിയമം ലംഘിച്ച് കടയിലേയ്ക്ക് പോകാൻ മകനെ പ്രേരിപ്പിച്ച അമ്മയ്ക്കും അച്ഛനുമെതിരെ കേസ്സെടുക്കാം. അതിനുകൂടി ഒരു വ്യക്തത വേണമെന്നാണ് എനിക്ക് പറയാനുള്ളത്. ബില്ലിൽ പറയുന്ന മറ്റൊരു കാര്യം, 'ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം - ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ ഉത്തമവിശ്വാസത്തോടെ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ ആർക്കെതിരെയും നിലനിൽക്കുന്നതല്ല'. ഇവിടെ വക്കീലുമാരൊക്കെയുണ്ട്. പോലീസ് ഒരു കേസ്സെടുത്താൽ നമുക്ക് ജില്ലാ കോടതിയിലും ഹൈക്കോടതിയിലും പോകാം. എന്നാൽ ബില്ലിൽ ഇപ്പോൾ പറഞ്ഞ വ്യവസ്ഥയനുസരിച്ച് ഏതൊരു ഉദ്യോഗസ്ഥനും നമുക്കെതിരെ നടപടിയെടുത്താൽ ചോദ്യം ചെയ്യാൻ പാടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് വലിയൊരു ന്യൂനതയാണ്. ഇതൊരു ജനാധിപത്യ ധ്വംസനമാണ്. ഈ രാജ്യത്ത് ഏത്

ഉദ്യോഗസ്ഥനെടുക്കുന്ന നടപടിയായാലും അത് ചോദ്യം ചെയ്യാനുള്ള അവകാശം നമുക്കുണ്ട്. ആ സ്വാതന്ത്ര്യവും അവകാശവുമാണ് ഈ ബില്ലിലൂടെ ധ്വംസിക്കപ്പെടുന്നത് എന്നുകൂടി ഞാനിവിടെ സൂചിപ്പിക്കുന്നു. എന്റെ മാന്യസുഹൃത്ത് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞതുപോലെ ആരോഗ്യ വകുപ്പിന്റെ സ്വന്തം എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് ഈ നിയമത്തിൽ ഒരു റോളും നൽകിയിട്ടില്ല. കോവിഡ് മഹാമാരിക്കെതിരെയുള്ള യുദ്ധത്തിൽ മുന്നണി പ്പോരാളികളാണ് ആരോഗ്യ വകുപ്പിലെ ജീവനക്കാരെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്കറിയാം. അവരെ വിസ്മരിച്ചുകൊണ്ട് ഈ ബിൽ കൊണ്ടുവന്നത് ശരിയായില്ല എന്നാണെന്റെ അഭിപ്രായം. അവർക്കുമൊരു റോൾ വേണം. റവന്യൂ വകുപ്പിൽ നികുതി അടയ്ക്കുന്നതിൽ എന്തെങ്കിലും വീഴ്ച വന്നാൽ അത് നോക്കാൻ ഏൽപ്പിക്കുന്നത് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെയാണ്. ഏത് വകുപ്പായാലും അവിടെ ഏതെങ്കിലും ആളുകൾ തെറ്റുചെയ്താൽ അതിനെതിരെ നടപടിയെടുക്കാൻ അതാത് വകുപ്പിലെ ഉദ്യോഗസ്ഥരെ ഏൽപ്പിക്കുന്നതുപോലെ ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഉത്തരവാദിത്വം ഏൽപ്പിച്ചു കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഭരണപക്ഷത്തെ എന്റെ മാന്യസുഹൃത്ത് ശ്രീ. എം. രാജഗോപാലൻ, അവിടെയുണ്ട്. അവരുടെ ഭരണത്തിൽ അദ്ദേഹത്തിന്റെ വീട്ടിനടുത്തുള്ള പോലീസ് സ്റ്റേഷനിലെ ഒരു സബ് ഇൻസ്പെക്ടർക്ക് അദ്ദേഹത്തെപ്പോലും തിരിച്ചറിയാൻ കഴിഞ്ഞില്ല. അപ്പോൾ അങ്ങനെയുള്ള പൊലീസിന് ഈ അധികാരം കൊടുത്താൽ എന്തായിരിക്കും സംഭവിക്കാൻ പോകുന്നതെന്ന് ഞാൻ പ്രത്യേകം സൂചിപ്പിക്കേണ്ട ആവശ്യമില്ല. അതുസംബന്ധിച്ച് ഒരു കോടതി വിധിയുണ്ട്. അതിൽ പറയുന്നത്, "Amidst the din of the pandemic that engulfs us all, our laws cannot remain silent. They must continue to operate so as to protect the rights of our citizens. It is well established in our jurisprudence that the fundamental right to life and personal liberty, under Article 21 of our Constitution, cannot be suspended even during an emergency. As the sentinel on the qui vive, this court must be alert to the cries of the citizenry, alleging violation of their constitutional rights".

"While we have come across an abundance of material in the print and social media, that would lead us to believe that exemplary work is being done by the health authorities as well as by the police personnel, we cannot turn a blind eye to some of the other material that has been published in the print, electronic and social media in the past week, that would point to excesses committed by the police personnel in the course of discharge of

their duties. We have also to allay the fear amongst the citizenry as regards infringement of their fundamental rights. We are therefore of the view that the implementation of the lockdown in this State, by the Central or State authorities, must be under the watchful eyes of the Judiciary and, towards this end, we deem it appropriate to institute this suo motu proceedings to monitor State action during the lockdown period.” പോലീസിന്റെ അമിതമായ അധികാര ദുർവിനിയോഗത്തെ ബഹുമാനപ്പെട്ട ഹൈക്കോടതി വിമർശിച്ചതിനെ ഞാനിവിടെ വിശദീകരിച്ച് പറയാനാഗ്രഹിക്കുന്നില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ വളരെ ആത്മാർത്ഥമായി നല്ല ഇടപെടലുകൾ നടത്തിയ പൊലീസുകാരും ഉദ്യോഗസ്ഥരുമുണ്ടായിട്ടുണ്ട്. അവരുടെയൊക്കെ സേവനവും ആത്മാർത്ഥതയും കൊണ്ടാണ് നമുക്ക് ലോക്ക്ഡൗൺ കാലത്ത് കൊറോണയെ ഒരളവോളം പിടിച്ചുകെട്ടാൻ സാധിച്ചതെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതേസമയം ജനങ്ങളെ ബുദ്ധിമുട്ടിക്കുകയെന്നത് തങ്ങളുടെ ഡ്യൂട്ടിയുടെ ഭാഗമാണെന്ന് കരുതി പ്രവർത്തിക്കുന്ന ചില പൊലീസുകാരും നമ്മുടെ നാട്ടിലുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രസവവേദന തുടങ്ങിയ മകളെ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുമ്പോൾ ഇത് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകേണ്ട സമയമല്ലെന്ന് പറഞ്ഞ് ആ മകളെയും അച്ഛനെയും വീട്ടിലേയ്ക്ക് തിരിച്ചയച്ച അനുഭവവും ലോക്ക്ഡൗൺ കാലത്തുണ്ടായി എന്ന് ഞാനിവിടെ സൂചിപ്പിക്കാനാഗ്രഹിക്കുന്നു. അങ്ങനെയുള്ള അധികാരം പൊലീസിന് ഈ ബില്ലിലൂടെ കിട്ടിയാൽ എന്തായിരിക്കും നമ്മുടെ നാട്ടിൽ സംഭവിക്കാൻ പോകുന്നതെന്ന് നമ്മളെല്ലാവരും മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പൊലീസ് കോവിഡിന്റെ പുറകിൽ മാത്രം പോയാൽ മതിയോ; നമ്മുടെ നാട്ടിൽ മറ്റ് ക്രമസമാധാന പ്രശ്നങ്ങളുണ്ട്. ഇപ്പോൾ പൊലീസ് സ്റ്റേഷനിലെ സ്ഥിതി എന്താണ്. നമ്മുടെ നാട്ടിലൊരു കൊലയോ കൊള്ളയോ മോഷണമോ നടന്നതിനെത്തുടർന്ന് ഒരാൾ പൊലീസ് സ്റ്റേഷനിൽ പരാതി നൽകാൻ പോയാൽ ഇപ്പോഴൊന്നും പറ്റില്ല, ഇപ്പോൾ കൊറോണയാണെന്ന് പറയും. ഇപ്പോൾ പരാതിയുമായി ആരും പൊലീസ് സ്റ്റേഷനിലേയ്ക്ക് വരണ്ട എന്നാണ് പറയുന്നത്. മുഴുവൻ പൊലീസുകാരെയും കോവിഡിന്റെ പുറകിൽ ഓടിക്കുന്നതിനുപകരം കുറച്ച് പൊലീസുകാരെ ലോ ആൻഡ് ഓർഡർ പ്രശ്നത്തിന് നിയമിക്കണം. പാവപ്പെട്ട ആളുകൾ പരാതിയുമായി പൊലീസ് സ്റ്റേഷനിൽ വരുമ്പോൾ പരാതി സ്വീകരിച്ച് അതിന്മേൽ നടപടിയെടുക്കാനുള്ള സംവിധാനം പൊലീസ് സ്റ്റേഷനുകളിൽ വേണം. മുഴുവൻ പൊലീസുകാരെയും കോവിഡിന്റെ പുറകെ ഓടിക്കരുത്. അങ്ങനെയുള്ള പൊലീസുകാരുടെ ദൈന്യതയെക്കുറിച്ച് ഇവിടെപ്പറയാൻ ഉദ്ദേശിക്കുന്നില്ല. അവർക്ക് വെള്ളമോ ഭക്ഷണമോ കൊടുക്കാറില്ല. ചില

പൊലീസുകാർ അൻപത് കിലോമീറ്ററിനപ്പുറത്തുനിന്നായിരിക്കും ഡ്യൂട്ടിക്ക് വരുന്നത്. അവർ അവരുടെ വാഹനത്തിൽ സ്വന്തം കീശയിൽനിന്നും കാശെടുത്താണ് പെട്രോൾ അടിക്കുന്നത്. അങ്ങനെ ഒരുപാട് ബുദ്ധിമുട്ടുകൾ പൊലീസുകാർക്കുണ്ട്. എനിക്ക് പറയാനുള്ളത് ഈ ബിൽ ജനപ്രതിനിധികളെ തമസ്കരിച്ചുകൊണ്ടുള്ളതാണ്. ജനപ്രതിനിധികളെന്നു പറയുന്ന എം.എൽ.എ.-മാർ അപ്പുറവും ഇപ്പുറവുമുണ്ട്. ഞങ്ങൾക്ക് ഒരു പ്രാതിനിധ്യം വേണം. ഇതിൽ കളക്ടർക്ക് മാത്രം അധികാരം നൽകുന്നതല്ല, എല്ലാ ജില്ലകളിലും കോർ കമ്മിറ്റി ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെയുള്ള ചില കമ്മിറ്റികൾ കൂടുന്നുണ്ടെങ്കിലും എം.എൽ.എ. എന്ന നിലയിൽ എന്നെ ഇതുവരെ വിളിച്ചില്ല. ഞാൻ പ്രതിപക്ഷ എം.എൽ.എ. ആയതുകൊണ്ടാവാം വിളിക്കാത്തതെന്ന് ഞാൻ വിചാരിച്ചു. ഞാൻ എന്റെ ബഹുമാന്യരായ ഭരണപക്ഷ എം.എൽ.എ.-മാരോട് ചോദിച്ചപ്പോൾ അവരെയും വിളിക്കാറില്ല എന്നാണറിഞ്ഞത്. നമ്മളൊക്കെ ജനപ്രതിനിധികളല്ലേ? ജനങ്ങൾ ആരോടാണ് ഈ പ്രശ്നങ്ങളൊക്കെ പറയുന്നത്. ആശുപത്രിയിൽ ബെഡ് കിട്ടിയില്ലെങ്കിൽ, ഓക്സിജൻ ഇല്ലെങ്കിൽ, മറ്റ് അസൗകര്യങ്ങളുണ്ടെങ്കിൽ ഈ ലോക്ക്ഡൗൺ സമയത്ത് ജനങ്ങൾ ആരോടാണ് പറയുന്നത്. ഞങ്ങളൊന്നും രാത്രികാലത്ത് മൊബൈൽ ഓഫ് ചെയ്യാറില്ല. രണ്ടുമണിയ്ക്കും ഞങ്ങളെ വിളിച്ചു. ഞങ്ങളിവിടെ മരിക്കാൻ പോവുകയാണ്, ഓക്സിജൻ ഇല്ല. അപ്പോൾ അങ്ങനെയുള്ള ജനപ്രതിനിധികളെ കോർ കമ്മിറ്റി യോഗത്തിൽ വിളിക്കുന്നില്ല എന്നുപറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? ജനപ്രതിനിധികൾക്ക് ഈ കമ്മിറ്റികളിൽ പ്രാതിനിധ്യം നൽകി, അവരെ വിളിക്കണം. അവർ ഏതു രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ജനപ്രതിനിധികളോ ആയിക്കൊള്ളട്ടെ. ജനപ്രതിനിധികൾക്ക് ഒരു voice വേണം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കാസർഗോഡ് നഗരത്തിലേയ്ക്ക് അടുത്ത പഞ്ചായത്തുകളിൽ നിന്നും ആളുകൾ വരാൻ പാടില്ലെന്ന് കളക്ടർ ഒരു തീരുമാനമെടുക്കുമ്പോൾ കാസർഗോഡുള്ള എം.എൽ.എ.-മാരായ ഞങ്ങളെ വിളിച്ചാൽ ഞങ്ങളുടെ അഭിപ്രായം പറയുമായിരുന്നു. അങ്ങനെയായിരുന്നുവെങ്കിൽ കളക്ടർക്ക് ആ ഉത്തരവ് ഇറക്കേണ്ടിവരില്ലായിരുന്നു. ഇതുപോലെയുള്ള ഗൗരവമേറിയ തീരുമാനമെടുക്കുമ്പോൾ കളക്ടർമാർ അതത് മണ്ഡലത്തിലെയും ജില്ലകളിലെയും എം.എൽ.എ.-മാരുടെ അഭിപ്രായംകൂടി അറിയണം. ഞാൻ ദീർഘിപ്പിക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബില്ലിൽ ഒരു പ്രസക്തിയും കാണുന്നില്ല. അവർ സാമൂഹിക അടുക്കള നടത്താൻ മാത്രമുള്ളവരല്ലല്ലോ; അതിനാൽ അവർക്കും പ്രാതിനിധ്യം കൊടുക്കണം. അതുകൊണ്ട് ഈ ബിൽ പിൻവലിച്ച് ജനകീയ മുഖമുള്ള ജനാധിപത്യ രാജ്യത്തിൽ നടത്താൻ പറ്റുന്ന

വിധത്തിലുള്ള ഒരു ബിൽ അവതരിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാസർഗോഡ് ആരോഗ്യ മേഖലയിലുള്ള പ്രതിസന്ധിയും പ്രശ്നങ്ങളും ഞാനിവിടെ പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്കും മുഖ്യമന്ത്രിക്കും ഞങ്ങൾ നിരവധി അപേക്ഷകൾ നൽകിയിട്ടുണ്ട്. ജില്ലയിലെ എല്ലാ എം.എൽ.എ.-മാരും സത്വര നടപടികൾ സ്വീകരിക്കണം. മെഡിക്കൽ കോളേജിന്റെ നിർമ്മാണം പൂർത്തീകരിക്കണം; കൂടാതെ അവിടെ വെന്റിലേറ്ററും ഓക്സിജനും ഇല്ലാത്ത പ്രശ്നങ്ങളുണ്ട്. അതൊക്കെ പരിഹരിക്കണം. ഇന്നലെ കൊടുത്ത സബ്മിഷനിൽ ഞാൻ ആവശ്യപ്പെട്ടത് സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുന്ന കോവിഡ് പോസിറ്റീവായ രോഗികളുടെ ചികിത്സാ ചെലവ് സർക്കാർ വഹിക്കണമെന്നായിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വ്യക്തത കണ്ടില്ല. നിരവധി ഇൻഷ്വറൻസ് സ്കീമുകളുണ്ട്; അതിൽനിന്നും അവർക്ക് പണം കിട്ടുമെന്നാണ് മന്ത്രി പറഞ്ഞത്. മംഗലാപുരത്ത് അഡ്മിറ്റായ പാവപ്പെട്ട ഒരു രോഗി ഇന്നലെയും എന്നെ വിളിച്ചു. ആശുപത്രിയിലെ ബിൽ അഞ്ച് ലക്ഷം രൂപയാണ്. ഒരു നയാപൈസ അദ്ദേഹത്തിന്റെ കയ്യിലില്ല. ഇൻഷ്വറൻസിനെ കുറിച്ചറിയില്ല. ഇത് ഞാൻ മാത്രമല്ല, എല്ലാ എം.എൽ.എ.-മാരും അഭിമുഖീകരിക്കുന്ന പ്രശ്നമാണ്. ഞാൻ ഇന്നലെ സബ്മിഷനിലൂടെ ആവശ്യപ്പെട്ടതുപോലെ മംഗലാപുരം ആശുപത്രിയിൽ ചികിത്സ തേടുന്ന നിർദ്ധനരായ കോവിഡ് രോഗികളുടെ ചികിത്സാച്ചെലവ് സർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

12.00 Noon]

മി. ചെയർമാൻ: ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കേണ്ടതാണ്.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ചെയർമാൻ: ശ്രീ. പി. സി. വിഷ്ണുനാഥിന് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിന് സർക്കുലേറ്റ് ചെയ്യണമെന്ന 1എ നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-6-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞ് അവസാനിപ്പിച്ചതും ഇടയ്ക്കിടെ പറഞ്ഞതുമായ ഒരുകാര്യം, ഇത് വലിയ തോതിൽ സംസ്ഥാനത്തെ ജനങ്ങളുടെ മനുഷ്യാവകാശങ്ങളെ നിഷേധിക്കുന്നതും ഈ സംസ്ഥാനത്തെ ഒരു പോലീസ് സ്റ്റേറ്റാക്കി, ഇപ്പോൾത്തന്നെ അതിന്റെ ഒരുപാട് ലക്ഷണങ്ങൾ കാണിക്കുന്ന ഒരു ഭരണകൂട സംവിധാനമാണ്, എന്നാൽ അതിനെ പൂർണ്ണ അർത്ഥത്തിൽ ഒരു പോലീസ് സ്റ്റേറ്റാക്കി പരിവർത്തനപ്പെടുത്താൻ ഉതകുന്ന തരത്തിലുള്ളതുമായ ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത് എന്നതുകൊണ്ടാണ് ഈ ബിൽ പൊതുജനാഭിപ്രായത്തിന് വേണ്ടി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി മൂവ് ചെയ്യുന്നത്.

കോവിഡിന്റെ പശ്ചാത്തലത്തിലാണ് കേരള സാംക്രമിക രോഗങ്ങൾ ഓർഡിനൻസ് വന്നത്. 2019 ഡിസംബർ അവസാന സമയത്താണ് ചൈനയിലെ വുഹാൻ മുനിസിപ്പൽ കമ്മീഷൻ നഗരത്തിൽ ഒരു പ്രത്യേകതരം ന്യൂമോണിയ പടർന്നുപിടിക്കുന്നതായി ശ്രദ്ധയിൽപ്പെടുന്നത്. ചൈനയോട് ചേർന്നുകിടക്കുന്ന തായ്‌വാൻ അത് ആദ്യമായി ശ്രദ്ധിക്കുകയും ഡബ്ല്യു.എച്ച്.ഒ.-യ്ക്ക് ഒരു മുന്നറിയിപ്പ് കത്ത് തായ്‌വാന്റെ ഭരണാധികാരി അയയ്ക്കുകയും ചെയ്തു. എന്നാൽ ചൈനയോട് വല്ലാത്ത വിധേയത്വം കാണിച്ച ഡബ്ല്യു.എച്ച്.ഒ. വലിയ വീഴ്ചയാണ് കോവിഡിന്റെ കാര്യത്തിൽ വരുത്തിയിട്ടുള്ളത്, ഡബ്ല്യു.എച്ച്.ഒ. തായ്‌വാന്റെ മുന്നറിയിപ്പുകളെ അവഗണിക്കുകയാണുണ്ടായത്. അതിന് ലോകം കൊടുക്കേണ്ടിവന്ന വലിയ വിലയാണ് കേരളമുൾപ്പെടെ അനുഭവിക്കുന്നത്. ചൈന ഇക്കാര്യങ്ങളെയാകെ രഹസ്യമാക്കി വയ്ക്കാനാണ് ആദ്യം തീരുമാനിച്ചത്. ജനുവരി 3-ന് തായ്‌ലൻഡും സിംഗപ്പൂരും ചൈനയിൽനിന്ന് വരുന്ന ആളുകളെ വിമാനത്താവളങ്ങളിൽ പ്രത്യേക പരിശോധനയ്ക്ക് വിധേയമാക്കാൻ തീരുമാനിച്ചു. ജനുവരി 13-ന് തായ്‌ലൻഡിൽ ചൈനയിൽനിന്ന് വന്ന വനിതയിൽ ആദ്യത്തെ കോവിഡ് കേസ് റിപ്പോർട്ട് ചെയ്തു. ജനുവരി 14-ാം തീയതി വീണ്ടും ചൈനയെ വിശ്വസിച്ച് ഒരു മഹാഅബദ്ധം ഡബ്ല്യു.എച്ച്.ഒ. ചെയ്തു. കോവിഡെന്ന ഈ രോഗം Human to human transmission ഉള്ളതല്ലെന്ന് ഡബ്ല്യു.എച്ച്.ഒ. ജനുവരി 14-ാം തീയതി ട്വീറ്റ് ചെയ്തു. അത് തിരുത്തിക്കൊണ്ട് ഇത് മനുഷ്യരിൽനിന്ന് മനുഷ്യരിലേയ്ക്ക് പകരുന്ന രോഗമാണെന്ന് ജനുവരി 20-ാം തീയതി ഡബ്ല്യു.എച്ച്.ഒ. ഔദ്യോഗികമായി ലോകത്തോട് പറഞ്ഞു. പക്ഷേ ആ കാലയളവിലെല്ലാം ചൈനയിൽനിന്നും ആളുകൾക്ക് വരുന്നതിനായി വിമാനത്താവളങ്ങൾ തുറന്നുകിടക്കുകയായിരുന്നു.

ഒരിടത്തും അടഞ്ഞിട്ടില്ല, നിയന്ത്രണവുമില്ലായിരുന്നു. ചുരുക്കം ചില രാജ്യങ്ങളാണ് പരിശോധനപോലും നടത്തിയത്. അതിനുശേഷം ഡബ്ല്യു.എച്ച്.ഒ. ഇത് Public Health Emergency of International concern, കോവിഡ് ഒരു അന്താരാഷ്ട്ര പൊതുജനാരോഗ്യ പ്രതിസന്ധിയാണെന്ന് പ്രഖ്യാപിച്ചു. വുഹാനിൽനിന്ന് വന്ന മെഡിക്കൽ വിദ്യാർത്ഥികളിലാണ് ഇന്ത്യയിലെ ആദ്യത്തെ കോവിഡ് കേസ് കേരളത്തിൽ റിപ്പോർട്ട് ചെയ്തത്. സ്വാഭാവികമായും ഇത് Human to Human Transmission ഉള്ള രോഗമാണെന്നും Public Health Emergency of International concern ആണെന്നുമുള്ള ഡബ്ല്യു.എച്ച്.ഒ. പ്രഖ്യാപനമൊക്കെ വന്നതിനുശേഷമാണ് വുഹാനിൽനിന്ന് വന്ന വിദ്യാർത്ഥികളെ കൃത്യമായി പരിചരിച്ചുകൊണ്ട് വ്യാപനമൊന്നുമില്ലാതെ ആ ഘട്ടം പരിഹരിക്കാൻ നമുക്ക് കഴിഞ്ഞത്. 2020 ഫെബ്രുവരി 28-ന് ചൈന, ഇറ്റലി, കൊറിയ എന്നീ രാജ്യങ്ങളിൽനിന്ന് വരുന്നവരെ വിമാനത്താവളങ്ങളിൽ പരിശോധിക്കണമെന്ന് കേന്ദ്ര സർക്കാരിന്റെ സർക്കുലർ ഉണ്ടായിരുന്നു, എന്നാൽ നമ്മളത് പാലിച്ചില്ല. ഞാൻ ഇല്ലാതിരുന്ന കഴിഞ്ഞ സഭയിൽ ഇതുസംബന്ധിച്ച് വാദ പ്രതിവാദങ്ങളൊക്കെ ഉണ്ടായതാണ്. സൂത്രത്തിൽ ഇറ്റലിയിൽനിന്ന് വന്ന ഒരു കുടുംബം വിമാനത്താവളത്തിൽനിന്ന് കടന്നതാണെന്ന് വിശദീകരണ മൊക്കെയുണ്ടായി. നമ്മുടെ സഹസംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനത്തിന് ശക്തമായ ഒരു പൊതുജനാരോഗ്യ സംവിധാനമുണ്ട്. കെട്ടുറപ്പുള്ള തദ്ദേശഭരണസ്ഥാപനങ്ങളുണ്ട്, അവബോധവും ശുചിത്വബോധവും മാധ്യമ സാക്ഷരതയുമുള്ള പൗരന്മാരുണ്ട്, ഇടപെടൽ ശേഷിയുള്ള രാഷ്ട്രീയ യുവജന കൂട്ടായ്മകളുണ്ട്, ഇതൊക്കെയുണ്ടായിട്ടുപോലും കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട സൂചകങ്ങൾ പരിശോധിച്ചാൽ നമ്മുടെ നില ശരാശരിക്കും തഴെയാണ്. പല കാര്യങ്ങളിലും Testing Strategy-യിൽപ്പോലും പാളിച്ചയുണ്ടായിട്ടുണ്ട്. 2020 ഏപ്രിൽ അവസാനം ആരോഗ്യ വകുപ്പ് നടത്തിയ augmented sample survey റിസൾട്ട് പ്രകാരം കേരളത്തിന് കിട്ടിയ റിസൾട്ട് പോപ്പുലേഷനിലേയ്ക്ക് സന്നിവേശിപ്പിച്ചാൽ ഏതാണ്ട് നാൽപ്പതിനായിരത്തോളം രോഗികളുടെ സാന്നിധ്യം ഉണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിശദമായ സർവ്വേലൻസ് ടെസ്റ്റുകളും ഈ സംസ്ഥാനത്ത് നടത്തണമെന്ന് വിദഗ്ദ്ധ സമിതിയുടെ അദ്ധ്യക്ഷൻ ഡോ. ഇക്ബാൽ തന്നെ (മെയ് 23 -ാം തീയതി) ആവശ്യപ്പെട്ടതായ മിനിറ്റ്സിന്റെ രേഖ ഞാനും വായിച്ചിട്ടുണ്ട്. എന്നാൽ അതിനനുസരിച്ച് വിപുലമായ ഒരു സർവ്വേലൻസ് ടെസ്റ്റ് കേരളത്തിൽ വിവിധ മേഖലകളിൽ നടത്തുന്നതിൽ പരാജയപ്പെട്ടു. സാമൂഹിക വ്യാപനത്തിന്റെ നിരവധി സൂചനകളെ അവഗണിച്ചു. അതിനെല്ലാം വലിയ വിലകൊടുക്കേണ്ടിവന്നു. നമ്മൾ ആന്റിജൻ ടെസ്റ്റിനെ

വല്ലാതെ ആശ്രയിക്കുന്നുണ്ട്. നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ 100% ആർ.ടി.പി.സി.ആർ. ടെസ്റ്റാണ് നടത്തുന്നത്. ഒന്നരവർഷം കഴിഞ്ഞിട്ടും ആർ.ടി.പി.സി.ആർ. ടെസ്റ്റിന്റെ കാര്യത്തിൽ നമ്മുടെ ശേഷിയെക്കുറിച്ച് മന്ത്രി വ്യക്തമാക്കണം, കാരണം ഇപ്പോഴും ആന്റിജൻ ടെസ്റ്റിനെയാണ് നമ്മൾ കൂടുതലായി ആശ്രയിക്കുന്നത്. കേന്ദ്ര ഗവൺമെന്റിനെക്കുറിച്ചായിരിക്കും വിശദീകരണത്തിൽ പറയുന്നത്. കോവിഡിന്റെ കാര്യത്തിൽ ശ്രീ. നരേന്ദ്ര മോഡിയുടെ ഗവൺമെന്റ് സമ്പൂർണ്ണ പരാജയമാണ്. പാട്ടുകൊട്ടാനും വിളക്കുകത്തിക്കാനുമാണ് നരേന്ദ്ര മോഡി ഗവൺമെന്റ് പറഞ്ഞത്. അങ്ങനെ വിളക്കുകത്തിക്കാൻ പറയുമ്പോൾ വിളക്കുകത്തിക്കുന്ന ആളുകൾ ഇവിടെയൊക്കെ യുണ്ടായിരുന്നു. അപ്പോൾ ഈ പാട്ടുകൊട്ടിക്കലും വിളക്കുകത്തിക്കലുമല്ലാതെ ശരിയായ, സയന്റിഫിക്കായ ഒരു കോവിഡ് പ്രതിരോധം ശ്രീ. നരേന്ദ്ര മോഡിയുടെ ഗവൺമെന്റ് നടത്തിയിട്ടില്ല. ഐ.സി.എം.ആർ.-നെ ഇതിന്റെ ചുമതലയേൽപ്പിച്ചതിനെ സംബന്ധിച്ച് രണ്ടഭിപ്രായമുള്ള ആളുകളുണ്ട്. അപ്പോൾ ഐ.സി.എം.ആർ. പറഞ്ഞുവെന്നുപറഞ്ഞ് പലകാര്യങ്ങളിലും വാദങ്ങളുമായൊക്കെ വരുന്നുണ്ടാകാം. പക്ഷെ, ഞാൻ പറയുന്നത് ആന്റിജന്റെ സാധ്യത 50 ശതമാനമാണ്. ഇവിടെ വിദഗ്ദ്ധരായ, ഡോക്ടർമാരായ ആളുകളുണ്ടല്ലോ ഈ സഭയിൽ. 50:50 ആണ്. അമിതാഭ് ബച്ചന്റെ വീട്ടിൽ, അമിതാഭ് ബച്ചനെയും അദ്ദേഹത്തിന്റെ മകൻ അഭിഷേക് ബച്ചനെയും ഐശ്വര്യ റായിയെയും ആന്റിജൻ ടെസ്റ്റ് നടത്തി. അമിതാഭ് ബച്ചനും അഭിഷേക് ബച്ചനും പോസിറ്റീവായി. ഐശ്വര്യറായിക്ക് നെഗറ്റീവായിരുന്നു. ആർ.ടി.പി.സി.ആർ. നടത്തിയപ്പോൾ അവർക്കും പോസിറ്റീവായി. ഇക്കാര്യത്തിൽ അത് 50:50 ആണെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ആ 50:50-ലാണ് നമ്മുടെ 80 അല്ലെങ്കിൽ 70 ശതമാനവും dependency. ആർ.ടി.പി.സി.ആർ. ടെസ്റ്റ് റിസൾട്ടിന്റെ കാര്യം എം.എൽ.എ.-മാർക്ക് അറിയാമല്ലോ, ഏഴുദിവസം, എട്ടുദിവസം കഴിഞ്ഞിട്ടാണ് റിസൾട്ട് കിട്ടുന്നത്. ഈ സമയത്തിനിടയിൽ ആളുകൾ ഇറങ്ങിനടക്കുകയല്ലേ; അത് രോഗവ്യാപനത്തിന് കാരണമാകുന്നില്ലേ? അപ്പോൾ എന്തുകൊണ്ട് അക്കാര്യത്തിൽ ഒന്നരവർഷമായിട്ടും നമ്മുടെ ഇൻസ്റ്റിറ്റ്യൂഷന്റെ കപ്പാസിറ്റി, മുമ്പുണ്ടായിരു ന്നതിനേക്കാൾ വർദ്ധിച്ചുവെന്ന് പറയാമെങ്കിൽപ്പോലും അത് നമ്മൾ ആവശ്യപ്പെടുന്ന രൂപത്തിലേയ്ക്ക്, ഇന്ന് ടെസ്റ്റ് നടത്തിയാൽ ആറ് മണിക്കൂർകൊണ്ട് റിസൾട്ട് യഥാർത്ഥത്തിൽ കിട്ടേണ്ടതാണ്, അല്ലെങ്കിൽ രണ്ടാമത്തെ ദിവസമെങ്കിലും കിട്ടുന്ന രൂപത്തിലേയ്ക്ക് മാറ്റാൻ കഴിഞ്ഞിട്ടില്ല. ഓരോ സമയവും ഗവൺമെന്റ് ഓരോരോ വാദങ്ങളാണ് ഉന്നയിക്കുന്നത്. ആദ്യം കേരളത്തിൽ കേസില്ലെന്നും, പിന്നീട് കേരളം കോവിഡിനെ ആട്ടിപ്പായിച്ചു, തുരത്തി ഓടിച്ചുവെന്നും പറഞ്ഞു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ആർ.ടി.പി.സി.ആർ. ടെസ്റ്റുകളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒന്ന്, നമ്മൾ ഒരു ലക്ഷത്തി അറുപതിനായിരം ടെസ്റ്റുകൾ വരെ സംസ്ഥാനത്ത് നടത്തിയിട്ടുള്ള ദിവസ ങ്ങളുണ്ടായിരുന്നു. പക്ഷെ, ഇപ്പോൾ അത് വളരെയധികം താഴ്ന്ന് ഒരു ലക്ഷത്തിനടുത്ത് വരെയായി. അപ്പോൾ ഒരു ലക്ഷത്തി അറുപതിനായിരം ടെസ്റ്റുകൾവരെ നടത്താനുള്ള കപ്പാസിറ്റി സംസ്ഥാനത്തിനുണ്ടെന്ന് വ്യക്തമായിട്ടുള്ളതാണ്. പക്ഷെ, ഇപ്പോൾ അത് ഓരോ ദിവസവും കുറഞ്ഞുവരികയാണ്. രണ്ട്, വളരെ പ്രധാനപ്പെട്ട ഒരു വിഷയം ആരെങ്കിലും മരണപ്പെട്ടാൽ, ആ ബോഡി, പ്രത്യേകിച്ച് അസ്വാഭാവികമായ മരണങ്ങളുണ്ടാകുമ്പോൾ, ഇപ്പോൾ വ്യാപകമായി കോവിഡ് ടെസ്റ്റ് നടത്തിയതിനു ശേഷം മാത്രമേ അതിന്റെ തുടർനടപടികളിലേയ്ക്ക് കടക്കാൻ കഴിയുകയുള്ളൂ. പലപ്പോഴും അങ്ങനെയുള്ള വിഷയങ്ങളിൽ, കേസ്സുകളിൽ ടെസ്റ്റ് റിസൾട്ട് കിട്ടാനായി വലിയ കാലതാമസമുണ്ടാകുന്നത് മരണപ്പെട്ട കുടുംബത്തിനും ബന്ധപ്പെട്ടവർക്കും വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അത്തരം വിഷയത്തിൽ, പ്രത്യേകിച്ച് മരണപ്പെട്ട കേസ്സിൽ ആർ.ടി.പി.സി.ആർ. ടെസ്റ്റ് റിസൾട്ട് സമയബന്ധിതമായി, ഒരു നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കേണ്ടതാണെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, എന്റെ മാത്രമല്ല, ഈ സഭയിലെ ഒട്ടുമിക്ക എം.എൽ.എ.-മാരുടേയും ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഒരു കാര്യമാണ് അങ്ങ് സൂചിപ്പിച്ചത്. അതിലെ ഒരു പ്രധാനപ്പെട്ട കാര്യം, ഒന്നര വർഷം ലഭിച്ചിട്ടും നമ്മൾ നടത്തുന്ന ഒരു ലക്ഷത്തി അറുപതിനായിരം ടെസ്റ്റിൽ ആർ.ടി.പി.സി.ആർ. എത്രയാണ്; ആന്റിജൻ എത്രയാണ്; സർക്കാർ സംവിധാനങ്ങളിൽക്കൂടി നടക്കുന്ന ടെസ്റ്റ് എത്രയാണ് തുടങ്ങിയ കാര്യങ്ങളറിയാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ? ഇപ്പോൾ നമ്മൾ ഏത് ആശുപത്രിയിൽ ഒരു ചെറിയ അസുഖത്തിനുപോയാലും ആശുപത്രിയിലെ ഡോക്ടർ പരിശോധിക്കുന്നതിനുമുമ്പ് ആന്റിജൻ ടെസ്റ്റ് നടത്താനാണ് പറയുന്നത്. സർജറിക്കുമുമ്പും ആന്റിജൻ ടെസ്റ്റ് നടത്താൻ പറയും. അപ്പോൾ ഈ ഗവൺമെന്റിന്റെ കണക്കിൽ വരുന്ന ആന്റിജൻ ടെസ്റ്റിൽ സർവ്വേലൻസിന്റെയും പ്രതിരോധത്തിന്റെയും ഭാഗമായി നടത്തിയ ടെസ്റ്റുകൾ എത്രയുണ്ടെന്നറിയാൻ വല്ല മാർഗ്ഗവുമുണ്ടോ; ഈ പറഞ്ഞ രൂപത്തിലാണോ ഈ ടെസ്റ്റുകൾ നടത്തിയത്? അതിൽ എത്ര ആർ.ടി.പി.സി.ആർ. ഉണ്ട് എന്നതിനെ സംബന്ധിച്ച് ഡി.എച്ച്.എസ്.-ന്റെ സംവിധാനങ്ങളിലൊക്കെ വരുന്നുണ്ട്. പക്ഷേ സാധാരണക്കാർക്ക് അതറിയാൻ കഴിയില്ല. അത് പരിശോധിച്ചിട്ടാണ് അതിൽ ഭൂരിപക്ഷവും ഇപ്പോഴും ആന്റിജൻ ടെസ്റ്റാണ് എന്നതുസംബന്ധിച്ച് ഞാൻ

പറഞ്ഞത്. നമ്മൾ ഒരു കാലത്ത് കേസ്സില്ല എന്നുപറഞ്ഞു. അതായത് അന്ന് ടെസ്റ്റ് നടത്തിയിട്ടില്ല. ആ കേസ് ഉണ്ടായിരുന്നുവെന്നതിന് തെളിവാണ് augmented sample survey-യിൽ വന്ന റിസൾട്ട്. അതുമാത്രമല്ല, ഇവിടെ റാപ്പിഡ് ആന്റിബോഡി ടെസ്റ്റ് നടത്തി. റാപ്പിഡ് ആന്റിബോഡി പരിശോധന നടത്തിയിട്ട് എത്രകാലം ആ റിസൾട്ട് പൂഴ്ത്തിവച്ചു. മൂന്നുമാസം ആ റിസൾട്ട് പൂഴ്ത്തിവച്ചത് എന്തിനുവേണ്ടിയാണ്, ആരുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്? ഇപ്പോൾ റാപ്പിഡ് ആന്റിബോഡി പരിശോധന നടത്തിയതിന്റെ റിസൾട്ടുണ്ടെങ്കിൽ നമ്മുടെ വാക്സിനേഷൻ പോളിസിയെയും വാക്സിനേഷൻ പ്രോഗ്രാമിനെയും ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് അത് സഹായകമായേനേ. മൂന്നുമാസം ആ റിസൾട്ട് പൂഴ്ത്തിവച്ചു. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി അടിയന്തര പ്രമേയത്തിന് മറുപടിയായി നമ്മുടെ സി.എഫ്.ആർ. (Case Fatality Rate) ഇന്ത്യയിൽ വളരെ നല്ല നിലയിലാണ്, നമുക്ക് മരണനിരക്ക് കുറവാണ് എന്നുപറഞ്ഞു. ഇപ്പോൾ അത് ശരിയാണ്, പക്ഷെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, കേരളംപോലെ ഞാൻ നേരത്തെ സൂചിപ്പിച്ച പൊതുജനാരോഗ്യ സംവിധാനത്തിന്റെ എല്ലാ ശക്തിയുമുള്ള സംസ്ഥാനത്തിന് ഇത്ര വന്നാൽ മതിയോ? ഇതിനേക്കാൾ നമുക്ക് മരണം പിടിച്ചുനിർത്താൻ കഴിയേണ്ടതാണ്.

കേരളം-909, രാജസ്ഥാൻ-8450, മധ്യപ്രദേശ്-8112, ബീഹാർ-5222, ഝാർഖണ്ഡ്-5000, ഒറീസ-2791 എന്നിങ്ങനെയാണ് മരണനിരക്ക് സംഖ്യ. ഇനി ഡി.പി.എൽ. (ഡയഗ്നോസ്റ്റിക് പെരിട്ടോണിയൽ ലാവേജ്) പരിശോധിക്കാം. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ വിവിധ പോപ്പുലേഷനെ ഉൾക്കൊള്ളുന്നതാണ്. ഡി.പി.എൽ, കേരളം-25.39, ആന്ധ്രാപ്രദേശ് - 20, വെസ്റ്റ് ബംഗാൾ - 15.98, ഝാർഖണ്ഡ് - 13, രാജസ്ഥാൻ - 10.66. നമ്മളേക്കാൾ ഡി.പി.എൽ.-ൽ മികവ് പ്രകടിപ്പിച്ച സംസ്ഥാനങ്ങളുടെ കണക്കാണ് ഞാൻ പറഞ്ഞത്. കേരളത്തിന്റെ ഡി.പി.എൽ.-ലേയ്ക്ക് വന്നാലോ? കാസർഗോഡ് - 157 ഡി.പി.എൽ. - 11.56; കണ്ണൂർ - 640 ഡി.പി.എൽ. - 24; വയനാട് - 164 ഡി.പി.എൽ. - 19; കോഴിക്കോട് - 1000 ഡി.പി.എൽ. - 31; മലപ്പുറം - 667 ഡി.പി.എൽ. - 15; പാലക്കാട് - 654 ഡി.പി.എൽ. - 22.41; തൃശ്ശൂർ - 1071 ഡി.പി.എൽ. - 33.04; എറണാകുളം - 915 ഡി.പി.എൽ - 26.84; കോട്ടയം - 452 ഡി.പി.എൽ - 22.04; ഇടുക്കി - 65 ഡി.പി.എൽ. - 5.64; ആലപ്പുഴ - 728 ഡി.പി.എൽ. - 32.94; പത്തനംതിട്ട -301 ഡി.പി.എൽ. - 24.20; കൊല്ലം - 528 ഡി.പി.എൽ. - 19.29; തിരുവനന്തപുരം - 1880 ഡി.പി.എൽ. - 54.82 ആണ് ഇവിടത്തെ ഡി.പി.എൽ. സംബന്ധിച്ച് തിരുവനന്തപുരത്തെ ജനപ്രതിനിധികളാ

ണെങ്കിലും നമ്മുടെ ഭരണസംവിധാനങ്ങളാണെങ്കിലും ഇത് പ്രത്യേകമായി പരിശോധിക്കണ്ടേ? തിരുവനന്തപുരത്തെ ഡി.പി.എൽ. 54.82 ആണ്. അപ്പോൾ, ഇത്രയും ശക്തമായ പൊതുജനാരോഗ്യ സംവിധാനങ്ങളെയൊക്കെ ഉൾക്കൊണ്ടിട്ടുപോലും ഈ രൂപത്തിലൊരു സ്ഥിതിയുണ്ടായിട്ടുണ്ടെന്നുള്ളത് പ്രത്യേകമായി പരിശോധിക്കണ്ടേ? മേയ് മാസത്തിൽ 3507-ഉം ഏപ്രിൽ മാസത്തിൽ 687-ഉം കോവിഡ് മരണങ്ങളുമുണ്ടായി. അതുസംബന്ധിച്ച് ഇവിടെ വലിയ വാദപ്രതിവാദങ്ങളും മറുപടിയുമൊക്കെ ഇന്നലെയുണ്ടായതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പക്ഷെ, മന്ത്രി ഇന്നലെയൊരു ചക്കയുടെ കേസ് പറയുന്നത് കേട്ടു. ചക്ക തലയിൽ വീണ് മരിച്ചത് കോവിഡായി കരുതണോയെന്നുള്ളതാണ്. പക്ഷെ, എന്റെ പരിമിതമായ അറിവിൽനിന്നും മനസ്സിലാക്കിയത്, കുറേ നാളുകൾക്കുമുമ്പ് പരിയാരം മെഡിക്കൽ കോളേജിലാണ് ആ സംഭവമുണ്ടായത്. ചക്ക വീണ് പരിക്കുപറ്റി പരിയാരം മെഡിക്കൽ കോളേജിൽ കൊണ്ടുവന്ന ആൾക്ക് പിന്നീട് ടെസ്റ്റ് ചെയ്തപ്പോൾ കോവിഡ് പോസിറ്റീവായി. സഭയിൽ ഇല്ലായിരുന്നുവെങ്കിലും പുറത്തുള്ള കാര്യങ്ങളിൽ ശ്രദ്ധിക്കുന്ന ഒരു പൊതുപ്രവർത്തകനെന്ന നിലയിൽ നമ്മളൊക്കെ അന്ന് ആ ഉദാഹരണം സർക്കാരിനോട് പറഞ്ഞിരുന്നു. നമ്മുടെ സർവേയലൻസ് ടെസ്റ്റ് കൂട്ടേണ്ടതാണ്. കാരണം ചക്ക വീണാണ് ആൾ ആശുപത്രിയിൽ വന്നതെങ്കിലും അവിടെ ടെസ്റ്റ് ചെയ്തപ്പോൾ കോവിഡ് പോസിറ്റീവായി. അയാൾ ആശുപത്രിയിലേയ്ക്ക് വരാനിടയായ സാഹചര്യമാണ് ചക്ക വീണത്. അല്ലാതെ അയാൾ മരിച്ചത് ചക്ക വീണതുകൊണ്ടാണ് എന്ന മെഡിക്കൽ റിപ്പോർട്ട് മന്ത്രിയുടെ കൈയ്യിലുണ്ടോയെന്ന് എനിക്കറിയില്ല. പക്ഷെ, ചക്ക വീണ് ആശുപത്രിയിൽ വന്നയാളെ പരിശോധിച്ചില്ലായിരുന്നെങ്കിൽ അയാൾക്ക് കോവിഡ് പോസിറ്റീവാണ് എന്നറിയാൻ എന്തായിരുന്നു സംവിധാനം; എന്താണ് മാർഗ്ഗം; ഇത് ടെസ്റ്റ് ചെയ്യുമ്പോൾ മാത്രം കണ്ടുപിടിക്കുന്ന ഒരു രോഗമല്ലേ? അപ്പോൾ ചക്കവീണ് പരിക്കുപറ്റിയ ആൾ ആശുപത്രിയിൽ വരുമ്പോൾ കോവിഡ് പോസിറ്റീവാകുന്നത് നമ്മുടെ സർവേയലൻസ് ടെസ്റ്റുകളുടെ പരിമിതിയാണ് കാണിക്കുന്നതെന്നാണ് ഞങ്ങളൊക്കെ അന്ന് സർക്കാരിനോട് ചൂണ്ടിക്കാണിച്ചത്. അതിനെ ആ സ്പിരിറ്റിലാണ് ഗവൺമെന്റ് കാണേണ്ടത്, അത് അത്തരത്തിൽ എടുക്കണമെന്നാണ് ഞങ്ങൾ അഭ്യർത്ഥിക്കുന്നത്. അപ്പോൾ 687-ൽ നിന്നും മേയ് മാസത്തിൽ മാത്രം 3507 മരണം ഈ സംസ്ഥാനത്തുണ്ടായിരിക്കുകയാണ്. നമ്മൾ അക്കാര്യം പരിശോധിക്കണം. ഈ ലോക്ക്ഡൗൺ മാർച്ച് 24-നോ, മറ്റോ ആണ് പ്രഖ്യാപിച്ചത്. അതിനുശേഷം ഇന്ത്യയിലെ പല സംസ്ഥാനങ്ങളും ലോക്ക്ഡൗൺ ലിഫ്റ്റ് ചെയ്ത് ഇളവുകൾ കൊടുക്കുമ്പോൾ അവരുടെ ടി.പി.ആർ.

അഞ്ചുശതമാനത്തിൽ താഴെ വന്നിരുന്നു. ലോകാരോഗ്യസംഘടനതന്നെ പറയുന്നത് രണ്ടാഴ്ചയെങ്കിലും അഞ്ചുശതമാനത്തിൽ താഴെ ടി.പി.ആർ. ഉണ്ടെങ്കിലേ ഇത് നിയന്ത്രണവിധേയമാണെന്ന് കരുതാൻ കഴിയൂവെന്നാണ്. അഞ്ചുശതമാനത്തിൽ താഴെ രണ്ടാഴ്ച സ്ഥിരമായി നിൽക്കണം. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ലോക്ക്ഡൗൺ ലിഫ്റ്റ് ചെയ്യുന്ന, ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ ഒഴിവാക്കുന്ന അവസരത്തിൽ അഞ്ചുശതമാനത്തിൽ താഴെ കൊണ്ടുവന്നു. ഇവിടെ ലോക്ക്ഡൗൺ ലിഫ്റ്റ് ചെയ്യുന്ന സമയത്ത് നമുക്ക് ദേശീയ ശരാശരിക്കുമുകളിലായിരുന്നു ടി.പി.ആർ. ആളുകൾ കൂട്ടംകൂടി പോകുന്ന സാഹചര്യവും പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ അന്തരീക്ഷവുമുണ്ടായിരുന്നു. ഇതെല്ലാം കഴിഞ്ഞ് പരീക്ഷകൾ നടത്തി. അപ്പോഴും ദേശീയ ശരാശരിക്കുമുകളിൽ ടി.പി.ആർ. ഉള്ള സമയത്താണ് ഈ നിയന്ത്രണങ്ങളെയെല്ലാം നമ്മൾ ഒഴിവാക്കിയത്. ആഗസ്റ്റ് മാസത്തിൽ നമ്മുടെ ടി.പി.ആർ.-5.77, സെപ്തംബറിൽ 9.53, ഒക്ടോബറിൽ 13.86, നവംബറിൽ 10.56, ഡിസംബറിൽ 9.49, ജനുവരിയിൽ 9.82, ഫെബ്രുവരിയിൽ 7.16, മാർച്ചിൽ 3.87, ഏപ്രലിൽ 14.25, മേയിൽ 23.8. ആണ്. ഇതിലൊരു രണ്ടുമാസം മാറ്റിനിർത്തിയാൽ എല്ലാ മാസവും ടി.പി.ആർ. ഉയർന്നുകൊണ്ടിരിക്കുകയാണ്. നമ്മൾ നിയന്ത്രിച്ച, നമുക്ക് നിയന്ത്രിച്ചതിന് പുരസ്കാരം കിട്ടിയെന്നൊക്കെ പറഞ്ഞ് പ്രചരണം നടത്തുമ്പോൾ എങ്ങനെയാണ് നിയന്ത്രിച്ചത് എന്നതിനെ സംബന്ധിച്ച് ഈ കണക്കുകൾ വസ്തുതാപരമായി പരിശോധിക്കുമ്പോൾ മനസ്സിലാകുന്നില്ല. ദേശീയ ശരാശരിയേക്കാൾ ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് പല മാസങ്ങളിലും ഉയർന്നുതന്നെ നിൽക്കുകയായിരുന്നു. അപ്പോൾ വ്യാപനം കുറയ്ക്കുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്.

ഇന്നലെ എല്ലാവരും പറഞ്ഞതാണ്, എന്നാലും പ്രസക്തമായതുകൊണ്ട് ഞാൻ ആവർത്തിക്കുകയാണ്. എത്രയാളുകളാണ്, ഈ നിയമസഭയിൽ സാമാജികനായിരുന്നയാൾ, നെഗറ്റീവായശേഷം മരിക്കുകയാണ്. എന്റെ സ്നേഹിതനാണ്, ഞാൻ കെ.എസ്.യു.-ൽ ഉണ്ടായിരുന്നപ്പോൾ എസ്.എഫ്.ഐ.-യിൽ ഉണ്ടായിരുന്നയാളാണ് പി.ബിജു. അദ്ദേഹം കോവിഡ് നെഗറ്റീവായതിനു ശേഷമാണ് മരിച്ചത്. അങ്ങനെയെത്ര ആളുകൾ. എനിക്ക് കോവിഡ് പോസിറ്റീവായ സമയത്ത് എന്റെയൊപ്പം കോവിഡ് പോസിറ്റീവായ ആളാണ് സി. ആർ. ജയപ്രകാശ്. ഞങ്ങളുടെ പാർട്ടിയുടെ, കെ.പി.സി.സി.-യുടെ ജനറൽ സെക്രട്ടറിയായിരുന്നു. നെഗറ്റീവായതിനുശേഷം ഡിസ്ചാർജ്ജ് ചെയ്യാൻ പറ്റിയില്ല, ആശുപത്രിയിൽത്തന്നെ മരിക്കുകയാണ് ചെയ്തത്. പക്ഷെ,

സർക്കാരിന്റെ കണക്കിൽ അതെല്ലാമെന്താണ്? കോവിഡ് നെഗറ്റീവായ മരണങ്ങളാണ്. ഈ കണക്കിലൊന്നും വരുന്നില്ല. അപ്പോൾ ഈ കണക്കുകൾ ശരിയാകേണ്ടത്, ഒരു പാൻഡമിക്കിനെക്കുറിച്ച് ശരിയായ പഠനം ഭാവിയിലേയ്ക്ക് നടത്തേണ്ടത് ഭാവിസുരക്ഷയ്ക്കുവേണ്ടിയാണ്. അപ്പോൾ ഡാറ്റ പ്രധാനമാണ്. ആ ഡാറ്റ സർക്കാരിന്റെ സൗകര്യത്തിനുവേണ്ടി മാനിപ്പുലേറ്റ് ചെയ്യുകയോ, ക്രമീകരിക്കുകയോ ചെയ്യുമ്പോൾ അതൊരു ഫ്യൂച്ചർ റിസർച്ചിനെയാണ് അഫക്ട് ചെയ്യുന്നത് എന്നുള്ള കൃത്യമായ ബോദ്ധ്യം ഗവൺമെന്റിനുണ്ടാകണം. ഇതിനകത്ത് മരണസംഖ്യ കുറച്ചുകാണിച്ച് അവാർഡ് കിട്ടിയിട്ട് വല്ല കാര്യവുമുണ്ടോ? അതിനുപകരം ശരിയായ രൂപത്തിൽ അതിനെ പരിശോധിക്കണം. ഭാവിയിൽ ഒരു പാൻഡമിക്കിന്റെ സ്റ്റഡി വളരെ പ്രധാനപ്പെട്ടതാണ്. ഡോക്ടർ ഡോ. രാമൻകുട്ടി, അച്യുതമേനോന്റെ മകനാണ്. പേരുപറഞ്ഞുവെന്ന് കരുതി അദ്ദേഹം ഈ വിദഗ്ദ്ധ സമിതിയിലില്ല. ഡോ. ലാൽ ലോകപ്രശസ്തനായ പൊതുജനാരോഗ്യ വിദഗ്ദ്ധനാണ്. അദ്ദേഹം കോൺഗ്രസ്സായതുകൊണ്ട് എടുക്കണ്ട. ഡോ. രാമൻകുട്ടിയെപ്പോലുള്ള വിദഗ്ദ്ധരെ ഈ സമിതിയിൽ കൊണ്ടുവന്നിട്ടുണ്ടോ? ഈ സർക്കാരിന്റെ വിദഗ്ദ്ധ സമിതിയിൽ എപ്പിഡമോളജിയെ സംബന്ധിച്ച് വൈദഗ്ദ്ധ്യമുള്ള ആളുകളെ എന്തുകൊണ്ട് കൊണ്ടുവരുന്നില്ല? അതൊന്നും വേണ്ട, ഒരു ഫേസ്ബുക്ക് ലൈവ് ഇടുക, പൊട്ടിക്കരയുക, പ്രശ്നം തീർക്കുക - അത്തരം വിദഗ്ദ്ധരെയാണ് ഈ സമിതിയിൽ കൊണ്ടുവന്നിരിക്കുന്നത്. ഞാൻ പറഞ്ഞത്, ഈ ഡാറ്റയെ സംബന്ധിച്ച് ഐ.എം.എ.-യെ വിശ്വാസത്തിലെടുക്കുന്നില്ലെന്ന് കെ.ജി.എം.ഒ.എ.-ക്കാർ അഭിപ്രായം പറയുന്നു. ഇത് 10-60 ശതമാനത്തിനു മുകളിൽ കേരളത്തിന്റെ ജനങ്ങളെ ഉൾക്കൊള്ളുന്നത് സ്വകാര്യമേഖലയിലാണെങ്കിൽ സ്വകാര്യ മേഖലയെയും സർക്കാരിനെയും കൂട്ടിച്ചേർത്ത് അതിൽ പ്രധാനപ്പെട്ട സംഘടനയായ ഐ.എം.എ.-യെ കൂടി വിശ്വാസത്തിലെടുക്കണം. ഐ.എം.എ-യുടെ ഒരു പ്രതിനിധി ഈ കമ്മിറ്റിയിൽ വന്നാൽ എന്താണ്? ഇത് എന്ത് ദുരഭിമാനമാണ്. ഐ.എം.എ.-യുടെ ഒരു പ്രതിനിധിയെ ഇതുവരെയും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ സർക്കാർ ആദ്യഘട്ടം മുതൽ പിന്തുടരുന്ന ഒരു വലിയ പിഴവ് തന്നെയാണ് ഈ ബില്ലിലും കാണിക്കുന്നത്. ഈ ബില്ലിൽ ഗവൺമെന്റിന്റെ കാഴ്ചപ്പാട് മാറണം. ഇതൊരു പൊതുജനാരോഗ്യ പ്രശ്നമാണ്; ക്രമസമാധാന പ്രശ്നമല്ല; എന്ന ഒരു കാഴ്ചപ്പാടിലേയ്ക്ക് ഗവൺമെന്റ് വരുമ്പോൾ മാത്രമേ നിങ്ങൾ ശരിയായ ദിശയിലേയ്ക്ക് വരികയുള്ളൂ. ഇതൊരു പൊതുജനാരോഗ്യ പ്രശ്നമാണ്; ഇതൊരു ലോ ആൻഡ് ഓർഡർ ഇഷ്യൂ അല്ല, ഇതൊരു പബ്ലിക് ഹെൽത്ത് എമർജൻസിയാണ് എന്ന ബോധ്യത്തിലേയ്ക്ക് വരണം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഈ മഹാമാരിക്കെതിരായ പോരാട്ടത്തിൽ നമുക്ക് ചാലകശക്തിയാകുന്ന വിവിധ ഘടകങ്ങളുണ്ട്. അത് പതിറ്റാണ്ടുകൾകൊണ്ട് രൂപപ്പെട്ട ആരോഗ്യ സംവിധാനങ്ങൾ, അതിനെ രാപ്പകൽ ചലിപ്പിച്ചുകൊണ്ടിരിക്കുന്ന മികവും ആത്മസമർപ്പണവും പുലർത്തുന്ന ആരോഗ്യപ്രവർത്തകർ, കെട്ടുറപ്പോടെ പ്രവർത്തിക്കുന്ന ത്രിതല പഞ്ചായത്ത് സംവിധാനം, അതിനെ മുന്നോട്ടുനയിക്കുന്ന എല്ലാ പാർട്ടികളിലുമുള്ള നിസ്വാർത്ഥരായ പൊതുപ്രവർത്തകർ, വീട്ടിൽ പട്ടിണിയാണെങ്കിലും സാമൂഹിക അടുക്കളയിലേയ്ക്ക് ധനം സമാഹരിക്കാനിറങ്ങുന്ന നാട്ടിലെ കോൺഗ്രസ്സും കമ്മ്യൂണിസ്റ്റുമായിട്ടുള്ള രാഷ്ട്രീയ പാർട്ടിയുടെ നേതാക്കന്മാർ ഈ പ്രവർത്തനത്തെ വിജയിപ്പിക്കാൻ മുന്നിലുണ്ട്. അതുപോലെ ഭരണ-പ്രതിപക്ഷ പാർട്ടികളുടെയും യുവജന സംഘടനയുടെയും മറ്റ് സന്നദ്ധ സംഘടനയുടെയും ചെറുപ്പക്കാരുടെ നിസ്വാർത്ഥമായ സേവനവും അതിനെല്ലാമുപരി അടുത്ത ബന്ധുവിന്റെയോ സുഹൃത്തിന്റെയോ വിവാഹത്തിലും നിർണ്ണായക ജീവിത സന്ദർഭങ്ങളിലും പങ്കെടുക്കണ്ട എന്ന് തീരുമാനിക്കുന്ന, പരിമിതമായ ജീവിതാനന്ദങ്ങളിൽ ഏറെയും പൂർണ്ണമനസ്സോടെ വേണ്ടെന്ന് വയ്ക്കുന്ന, മനുഷ്യരാണ് ഇവിടെയുള്ളത്.

<u>മി. സ്പീക്കർ:</u> ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങ് കാര്യമാത്ര പ്രസക്തമായും സംക്ഷിപ്തമായും സംസാരിക്കുന്ന ആളാണ്. അപ്പോൾ ചുരുക്കി സംസാരിച്ചാൽ നന്നായിരിക്കും.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സർ, കടയിൽ പോയില്ലെങ്കിൽ ഏറെക്കാലം മുന്നോട്ടുപോകാൻ നീക്കിയിരിപ്പ് ഇല്ലെന്ന് അറിഞ്ഞിട്ടുപോലും ഒരു പ്രശംസാലേഖനങ്ങളിലും സ്തുതിഗീതങ്ങളിലും പരാമർശിക്കപ്പെടാതെ പോകുന്ന ഈ നാട്ടിലെ മനുഷ്യർ പാലിക്കുന്ന ആത്മസംയമനത്തിന്റെയും ത്യാഗത്തിന്റെയും അടിത്തറയിലാണ് നാം ഇന്ന് നിൽക്കുന്നത്. അവരെ പൂർണ്ണവിശ്വാസ ത്തിലെടുക്കുന്നതും നീതി നടപ്പിലാക്കുന്നതുമായ ഒരു സംവിധാനമാണ് ഇവിടെ ഉണ്ടാകേണ്ടത്. ഓട്ടോ - ടാക്സി തൊഴിലാളികൾ, മൈക്ക്സെറ്റ് ഓപ്പറേറ്റർമാർ, പന്തൽ തൊഴിലാളികൾ, കലാകാരന്മാർ, ദിവസവേതന തൊഴിലാളികൾ, കശുവണ്ടിത്തൊഴിലാളികൾ, കാറ്ററിംഗ് തൊഴിലാളികൾ ഇവരൊക്കെ പ്രതിസന്ധിയിലാണ്. അവരെയെല്ലാം സംരക്ഷിക്കുന്ന പരിപാലിക്കുന്ന നയങ്ങളും സമീപനങ്ങളും ഇക്കാര്യത്തിലുണ്ടാകണം.

ശ്രീ. അൻവർ സാദത്ത്: സർ, ഇവിടെ യുവജനപ്രസ്ഥാനങ്ങളുടെ കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ എല്ലാ യുവജന പ്രസ്ഥാനങ്ങളും വളരെ ആക്ടീവായാണ് ഇക്കാര്യങ്ങളിൽ ഇടപെട്ട് മുന്നോട്ടു പോകുന്നത്. പോലീസും ഹെൽത്ത് ഡിപ്പാർട്ടുമെന്റും മാത്രമല്ല, മറ്റുള്ളവർക്ക് സഹായസഹകരണം നൽകുന്ന ചെറുപ്പക്കാർ രാവും പകലും ഓടിനടന്ന് അവരുടെ വീട്ടിലെ എന്തെങ്കിലും ആവശ്യങ്ങൾക്കുവേണ്ടി പുറത്തിറങ്ങുമ്പോൾ ഞങ്ങൾ പ്രദേശവാസികളാണെന്ന് അവർ പറഞ്ഞാൽപ്പോലും പോലീസ് നിർബന്ധപൂർവ്വം അവർക്കെതിരെ കേസെടുക്കുകയും 500, 1,000 രൂപാ നിരക്കിൽ ഫൈൻ ഈടാക്കുകയും ചെയ്യുന്ന സാഹചര്യമുണ്ട്. സത്യം പറഞ്ഞാൽ അങ്ങനെയുള്ള ചെറുപ്പക്കാരെ നിരുത്സാഹപ്പെടുത്തുന്ന കാര്യമാണിത്. അതോടൊപ്പം ഒരുകാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. ഒരാൾ കോവിഡ് പോസിറ്റീവായി കഴിഞ്ഞാൽ ഇപ്പോഴത്തെ നിയമമനുസരിച്ച് 17 ദിവസം കഴിയുമ്പോൾ നെഗറ്റീവാണെന്ന് അറിയുന്നതിന് മുൻപുതന്നെ നിങ്ങൾ ഇറങ്ങിപ്പൊയ്ക്കോളൂ എന്ന തീരുമാനമുണ്ട്. അത് വലിയ അപകടം ചെയ്യും. കാരണം ഈ പറഞ്ഞ ആൾ പോസിറ്റീവാണെങ്കിൽ വീണ്ടും പകർച്ചവ്യാധി ഉണ്ടാക്കുന്ന ഒരു സാഹചര്യമുണ്ടാകും. അത് ഒരുപക്ഷെ, ഗവൺമെന്റ് ആശുപത്രികളിലെ ആളുകളുടെ എണ്ണം കുറയ്ക്കാനോ മറ്റുള്ള സാങ്കേതിക കാരണങ്ങളാലോ ആകാം. പക്ഷേ അത് വലിയ അപകടമുണ്ടാക്കും. എന്നോട് ചോദിക്കുന്നവരോട് 17 ദിവസം കഴിഞ്ഞാലും നിങ്ങൾ നെഗറ്റീവാണെന്ന് തെളിയിക്കാൻ ആന്റിജൻ ടെസ്റ്റെങ്കിലും ചെയ്യണമെന്ന് പറയാറുണ്ട്. അല്ലെങ്കിൽ മറ്റുള്ളവർക്ക് പിന്നെയും പകരും. അതുമാത്രമല്ല, ഇവർക്ക് അസുഖമുണ്ടെങ്കിൽ ഇവരും അപകടത്തിൽപ്പെടും. അതുകൊണ്ട് ഇങ്ങനെയുള്ള നിയമങ്ങൾ എടുത്തുകളയണം. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നേരത്തെ അംഗങ്ങൾ എടുത്ത അത്രയും സമയം ഞാൻ എടുക്കുന്നില്ല. ഇക്കാര്യത്തിൽ ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. ആളുകൾ ജീവൻ പണയംവച്ചാണ് സേവനപ്രവർത്തനം നടത്താൻപോകുന്നത്. അതിൽ രാഷ്ട്രീയം കലർത്തരുത്. നിങ്ങൾ RRT-യുടെ പാസ് കൊടുക്കുന്നതിലൂൾപ്പെടെ കൃത്യമായ മനംമടുപ്പിക്കുന്ന രാഷ്ട്രീയമാണുള്ളത്. ഭരണകക്ഷിയിലെ യുവജനസംഘടനകൾക്കുമാത്രം അത് കൊടുക്കുന്ന സംവിധാനമുണ്ട്. യൂത്ത് കോൺഗ്രസ്സിന്റെ യൂത്ത് കെയർ ഒക്കെ കേരളത്തിൽ വളരെ നല്ല നിലയിൽ സേവനപ്രവർത്തനം നടത്തുന്നുണ്ട്. യൂത്ത് ലീഗിന്റെ വൈറ്റ് ഗാർഡുകാർ പ്രവർത്തിക്കുന്നുണ്ട്. അവരൊക്കെ സ്വയം ജീവൻ പണയപ്പെടുത്തി പ്രവർത്തിക്കുമ്പോൾ അതിലൊരു വിവേചനമുണ്ടാകരുത്. രണ്ടാമത്, ഡിസ്ചാർജ്

പോളിസിയുടെ കാര്യമാണ്. ഇതിനുമുൻപ് RTPCR ടെസ്റ്റ് നടത്തി നെഗറ്റീവായാലും കുറച്ചുദിവസംകൂടി ആശുപത്രിയിൽ കിടന്നിട്ടായിരുന്നു ഡിസ്ചാർജ് ചെയ്യുന്നത്. ഇവിടെ ആലുവ മണ്ഡലത്തിലെ മെമ്പർ സൂചിപ്പിച്ചതുപോലെ, ആശുപത്രിക്ക് ഉൾക്കൊള്ളാൻ കഴിയാത്ത തരത്തിൽ ഡോക്ടർമാരും നഴ്സുമാരുമെല്ലാം വല്ലാതെ തളർന്ന് ക്ഷീണിച്ചിട്ടുണ്ട്. അപ്പോൾ 10 ദിവസം കഴിഞ്ഞാൽ ആന്റിജൻ ടെസ്റ്റ് നടത്തി ഡിസ്ചാർജ് ചെയ്യാമെന്നാണ്. ഇപ്പോൾ 10 ദിവസം കഴിഞ്ഞ് ആന്റിജൻ ടെസ്റ്റ് വേണ്ട, രോഗലക്ഷണമില്ലെങ്കിൽ കുറച്ചുദിവസം കഴിഞ്ഞാൽ പോകാമെന്നാണ് പറയുന്നത്. CFR (Case Fatality Rate) കുറയുന്നതിന്റെ ഒരു ഘടകം ഡിസ്ചാർജ് പോളിസിയും കൂടിയാണ്. ബഹുമാനപ്പെട്ട മന്ത്രി, കേന്ദ്രത്തിലെ നയമായിരിക്കാം, ഞാൻ അത് താങ്കളെടുത്ത നയമാണെന്ന് പറയുന്നില്ല. CFR കുറയുന്നതിലാണ് രോഗവിമുക്തി കാണുന്നത്. ഇങ്ങനെ പോകുന്നവർ രോഗവിമുക്തി നേടിയിട്ടുണ്ടോയെന്നുള്ള പരിശോധന ആരും നടത്തുന്നില്ല. റിക്കവറി റേറ്റുംകൂടി ചേർത്താണ് CFR കണക്കുകൂട്ടുന്നത്. CFR കുറഞ്ഞുനിൽക്കുമെങ്കിലും സമൂഹത്തിൽ വ്യാപനത്തിന്റെ അപകടം കൂടി നിൽക്കുമെന്നുള്ള കാര്യം ഈയവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്.

ഇവിടെ ഇന്നലെ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പ്രസംഗിച്ചപ്പോൾ 1957-ലെ ഗവൺമെന്റ് അടിത്തറയിട്ടതാണെന്ന് പറഞ്ഞു. അത് ശരിയാണ്. അതിനുശേഷം വന്ന ഗവൺമെന്റുകൾ ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അവിടെ മാത്രമല്ല, തിരുവിതാംകൂറിൽനിന്നാണ് നമ്മൾ സംസാരിക്കുന്നത്. 1813-ൽ തിരുവിതാംകൂറിൽ വസൂരിക്കെതിരായിട്ടുള്ള കുത്തിവയ്പ് ആരംഭിച്ചു.

<u>മി. സ്പീക്കർ</u>: അങ്ങ് ചുരുക്കാൻ പോകുകയാണെന്നാണ് ഞാൻ വിചാരിച്ചത്. അങ്ങ് 19-ാം നൂറ്റാണ്ടിലേയ്ക്ക് തിരിച്ചുപോകുകയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ നിർത്തുന്നു. 1895-ൽ ശുചിത്വ വകുപ്പ് ആരംഭിച്ചു. 1957-ലെ ഗവൺമെന്റ് വരുന്നതിനുമുൻപുതന്നെ 1951-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആരംഭിച്ചു. തിരുവിതാംകൂറിലെ അല്ലെങ്കിൽ ഇന്ത്യയിലെതന്നെ ആദ്യത്തെ വനിതാ സർജൻ ജനറൽ ഡോ. മേരി പുന്നനാണ്. സെക്രട്ടേറിയറ്റിന് സമീപം ഇറങ്ങുമ്പോൾ കാണുന്ന പുന്നൻ റോഡ് മേരി പുന്നന്റെ പേരിലുള്ളതാണ്. ആ വലിയ പാരമ്പര്യത്തിൽനിന്ന് ഈ പറയുന്ന പൊതുജനാരോഗ്യ സംവിധാനം വന്നു. പക്ഷെ, കോവിഡിന്റെ കാര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെ വാക്സിൻ നയം പാളിപ്പോയി. അത് എല്ലാവരും ചേർന്ന് പ്രമേയമായി പാസ്സാക്കി. സംസ്ഥാന ഗവൺമെന്റിന്റെ കാര്യത്തിലും വാക്സിന്റെ കാര്യത്തിലും ഒരുപാട് കാര്യങ്ങളെ സംബന്ധിച്ച് ഇനിയും ശ്രദ്ധിക്കാനുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: ശ്രീ. പി. സി. വിഷ്ണുനാഥ് വളരെ ഗൗരവമായും കാര്യപ്രസക്തമായും കോവിഡ്-19-നെ നേരിടുന്നതിന് നമ്മളെല്ലാം ഒരുമിച്ച് പോകണമെന്നും അതോടൊപ്പം ഗവൺമെന്റിന്റെ ചില വീഴ്ചകളും ചൂണ്ടിക്കാണിച്ച് കൊണ്ടിരിക്കുകയാണ്. അദ്ദേഹം അവസാനമായി സൂചിപ്പിച്ചത് വാക്സിനേഷനുമായി ബന്ധപ്പെട്ട കാര്യമാണ്. വാക്സിനേഷന്റെ കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എത്രമാത്രം ഗുരുതരമായ വീഴ്ചയാണ് ഉണ്ടായിട്ടുള്ളതെന്ന് ഞാൻ സഭയിൽ ഒരിക്കൽ സൂചിപ്പിച്ചു.

മി. സ്പീക്കർ: ശ്രദ്ധ ക്ഷണിക്കലായി അങ്ങ് ഈ വിഷയം നേരത്തെ അവതരിപ്പിച്ചതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, 42 ലക്ഷം ജനങ്ങളുള്ള മലപ്പുറം ജില്ലയിൽ ഏഴ് ലക്ഷത്തോളം പേർക്കാണ് വാക്സിനേഷൻ കൊടുത്തതെന്ന് ഞാൻ ഇവിടെ പറഞ്ഞത് ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച കണക്കിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ ഞാൻ സത്യവിരുദ്ധമായി പറയുന്നുവെന്നും തെറ്റിദ്ധാരണ പരത്തുന്നുവെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഞാനാണോ ആരോഗ്യ വകുപ്പാണോ തെറ്റിദ്ധാരണ പരത്തുന്നതെന്ന് വെബ്സൈറ്റെടുത്ത് പരിശോധിക്കണം. ജനസംഖ്യാടിസ്ഥാനത്തിലാണ് വാക്സിനേഷൻ കൊടുക്കുന്നതെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പിന്നീട് പറഞ്ഞത്. ഈ ഗവൺമെന്റ് ജനസംഖ്യാടിസ്ഥാനത്തിലല്ല വാക്സിനേഷൻ കൊടുക്കുന്നത്. മാത്രമല്ല ജനസംഖ്യ കൂടുതലുള്ള ഭാഗങ്ങളിലേയ്ക്ക് വളരെ കുറച്ചുമാത്രമാണ് വാക്സിനേഷൻ കൊടുക്കുന്നത്. മലപ്പുറം പോലെയുള്ള ജില്ലകളിൽ ഇപ്പോഴും ഇരുപത് ശതമാനത്തിൽ താഴെയാണ് വാക്സിനേഷൻ ലഭിച്ചിട്ടുള്ളതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വാക്സിനേഷന്റെ കാര്യത്തിൽ പ്രയോരിറ്റി വയ്ക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രവാസി വാക്സിനേഷൻ പ്രഖ്യാപിച്ചെങ്കിലും ഫലത്തിൽ ഒരു പ്രവാസിക്കും ഇവിടെ പറഞ്ഞ വിധത്തിൽ വെബ്സൈറ്റിലൂടെ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല. അത് എല്ലാ പ്രവാസികളും പറയുകയാണ്. പ്രഖ്യാപനം കേട്ട് എല്ലാവർക്കും സമാധാനമായി. പക്ഷേ വെബ്സൈറ്റിൽ പോയി രജിസ്റ്റർ ചെയ്തശേഷം ഡോക്ടറിൽനിന്നും വാങ്ങിയ സർട്ടിഫിക്കറ്റ് സ്കാൻ ചെയ്യുമ്പോൾ ഒന്നുംതന്നെ നടക്കുന്നില്ല എന്നുള്ളതാണ് വാസ്തവം. നമ്മൾ പ്രവാസികൾക്ക് പ്രതീക്ഷ കൊടുത്തെങ്കിലും നമ്മൾ കൊടുത്ത ഇളവുകളുടെ അടിസ്ഥാനത്തിൽ പ്രവാസികളുടെ വാക്സിനേഷൻ ഇവിടെ നടക്കുന്നില്ലെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി കൃത്യമായി പരിശോധിക്കണം.

ശ്രീ. ടി. സിദ്ദിഖ്: സർ, ഇസ്രായേലും യു.കെ.-യുമുൾപ്പെടെ പല രാജ്യങ്ങളും മാസ്ക് അഴിച്ചുവച്ചു, വാക്സിനേഷൻ പൂർണ്ണമാക്കി. നമ്മുടെ സംസ്ഥാനത്ത് ഈ അവസ്ഥ എന്നുവരുമെന്നത് സംബന്ധിച്ച സ്വാഭാവിക താൽപ്പര്യം ഇവിടെ പ്രകടിപ്പിക്കേണ്ടതല്ലേ? മറ്റൊന്ന്, പണം കൊടുത്ത് ഗ്ലോബൽ ടെണ്ടറിലൂടെയാണ് വാക്സിൻ വാങ്ങുന്നത്. അപ്പോൾ കേരളത്തിലെ ജനങ്ങൾക്ക് അവർ ആഗ്രഹിക്കുന്ന വാക്സിൻ, 90-95 percent efficacy-യുള്ള Pfizer, Moderna and Sputnik ഉൾപ്പെടെ അനുബന്ധമായിരിക്കുന്നവരുടെ മറ്റ് വാക്സിനുകളും ലഭ്യമാക്കാനുള്ള നടപടി കേരളത്തിൽ സ്വീകരിക്കപ്പെടേണ്ടതല്ലേ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, Pfizer ഇങ്ങോട്ട് റിക്വസ്റ്റ് ചെയ്തതാണ്. അപ്പോൾ കേന്ദ്രഗവൺമെന്റ് Pfizer-നെ സ്വീകരിച്ചില്ല. ഇപ്പോൾ Pfizer-ന്റെ പുറകേ നടക്കുകയാണ്. ശ്രീ. രാഹുൽ ഗാന്ധി കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടവേളകളിൽ കൊടുത്ത എല്ലാ മുന്നറിയിപ്പുകളെയും അവഗണിച്ചു, വാക്സിന്റെ കാര്യത്തിൽപോലും. ബഹുമാനപ്പെട്ട ചെയർമാൻ പാർലമെന്റ് അംഗമായിരുന്നതുകൊണ്ട് ഇക്കാര്യങ്ങൾ അങ്ങേയ്ക്കറിയാമല്ലോ? ലോകത്തിന്റെ ഫാർമസി എന്നാണ് നമ്മുടെ രാജ്യം അറിയപ്പെട്ടിരുന്നത്. ആ രാജ്യം ലോകരാജ്യങ്ങളുടെ മുന്നിൽ വാക്സിനുവേണ്ടി കൈനീട്ടി നിൽക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. ശ്രീ. ടി. സിദ്ദിഖ് ഇവിടെ സൂചിപ്പിച്ച കാര്യങ്ങളോട് എനിക്ക് ചേർത്തുപറയാനുള്ളത്, ജനങ്ങൾ ആഗ്രഹിക്കുന്ന വാക്സിൻ വേണമെന്നത് ഇപ്പോഴത്തെ കേരളത്തിന്റെ പശ്ചാത്തലത്തിൽ വല്ലാത്ത ആഗ്രഹമായിപ്പോയി, കാരണം എടുത്ത വാക്സിന്റെ രണ്ടാം ഡോസിന്, കോവാക്സിൻ എടുത്തവരോട് കോവിഷീൽഡ് തരാമെന്ന് പറയുന്ന സ്ഥിതിയാണുള്ളത്. അതാണ് ചില അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചത്. കോവാക്സിൻ എടുത്തവർക്ക് 28-ാം ദിവസം കഴിയുമ്പോൾ രണ്ടാമത്തെ ഡോസ് ലഭിക്കേണ്ടതാണ്. കോവിഷീൽഡിന്റെ സെക്കന്റ് ഡോസിന്റെ ഇടവേള കേന്ദ്രസർക്കാർ 80 ദിവസമാക്കിയത് ശാസ്ത്രത്തിന്റെ പേരിലാണോ? വാക്സിൻ ഷോർട്ടേജ് ഉണ്ടായതിന്റെ പേരിലാണ് 40 ദിവസമെന്നത് 80 ദിവസമാക്കിയതെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? എല്ലാവർക്കുമറിയാം. എന്ത് ശാസ്ത്രീയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്? ഒന്നുമില്ല, ഇപ്പോൾ പറയുന്നത് 80 ദിവസമായാൽ നിങ്ങളുടെ പ്രതിരോധശേഷി കൂടുമെന്നാണ്. ആളുകളെ പറഞ്ഞ് വിശ്വസിപ്പിക്കുകയാണ്. വാക്സിൻ കയ്യിലില്ലാത്തതുകൊണ്ടുള്ള ടെക്നിക്കാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): വളരെ പ്രധാനപ്പെട്ട കാര്യമാണ് അങ്ങിവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. നമുക്കറിയാം ഗൾഫ്

നാടുകളിൽ ഇഷ്ടംപോലെ ആളുകൾ ജോലിചെയ്യുന്നുണ്ട്. നാട്ടിലേയ്ക്ക് വന്നവർക്ക് തിരിച്ചുപോകണം. അതിന് സെക്കന്റ് ഡോസിന് 84 ദിവസമെന്നുള്ള ഗ്യാപ്പ് വളരെയധികം പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. ഇതിലേതെങ്കിലുമൊരുകാര്യം, ഒന്നുകിൽ 84 ദിവസമെന്നത് അവർക്ക് ചുരുക്കിക്കൊടുക്കണം. സംസ്ഥാന ഗവൺമെന്റ് അതിന്റെ ശാസ്ത്രനാമം മാറ്റിയാൽ ഗൾഫ്നാടുകളിൽ അക്സപ്റ്റ് ചെയ്യാനുള്ള സാധ്യത വളരെ കുറവാണ്. അവർ ചെയ്യുന്നില്ല. അതുകൊണ്ട് ഒന്നുകിൽ 84 ദിവസമെന്നത് ചുരുക്കിക്കൊടുക്കാനോ അല്ലെങ്കിൽ ഈ പറയുന്ന വാക്സിന്റെ ശാസ്ത്രനാമത്തോടുകൂടി സ്വീകരിക്കാൻ കേന്ദ്രഗവൺമെന്റ് ആ ഗൾഫ്നാടുകളിൽ സമ്മർദ്ദം ചെലുത്തുകയോ വേണം. അതിന് സംസ്ഥാന ഗവൺമെന്റ് കൂടുതൽ ഇനിഷ്യേറ്റീവ് എടുക്കണം. ഇല്ലെങ്കിൽ ഗൾഫിലേയ്ക്ക് പോകുന്ന ആളുകൾക്ക് ബുദ്ധിമുട്ടാകും. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പ്രായോഗികതലത്തിലുള്ള ഒരു പ്രയാസംകൂടി, ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ മറുപടിയിൽ പറഞ്ഞു, Astra Zeneca Covishield എന്ന് മെഡിക്കൽ ഓഫീസർമാർ പ്രത്യേകമായി എഴുതിയാണ് ഇപ്പോൾ ഈ പ്രശ്നം പരിഹരിക്കുന്നത്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് തരുന്ന സർട്ടിഫിക്കറ്റിൽ കോവിഷീൽഡ് എന്ന് മാത്രമേയുള്ളൂ. അതുമാത്രം പറഞ്ഞാൽ ആ സർട്ടിഫിക്കറ്റ് പല വിദേശരാജ്യങ്ങളിലും സ്വീകരിക്കുന്നില്ല. കേരള ഗവൺമെന്റ് നല്ല ഇടപെടൽ നടത്തിയാണ് Astra Zeneca Covishield എന്നുപറഞ്ഞ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുന്നത്. ഇതുമാത്രമല്ല പ്രശ്നം, ഇതെല്ലാം വച്ച് രജിസ്റ്റർ ചെയ്തുകയറിയാൽ ഇതിലൊന്നും ചെയ്യാൻ സാധിക്കുന്നില്ലെന്നാണ്. അവരോട് മന്ത്രിപറഞ്ഞു, അങ്ങനെ ചെയ്താൽ മതിയെന്ന്. അങ്ങനെ ചെയ്യാൻ കഴിയുന്നില്ല. എത്ര പ്രവാസികൾക്ക് ഈ വിധത്തിൽ മാറ്റംവരുത്തി ചെയ്യാൻ സാധിച്ചെന്ന് പ്രായോഗികമായി നിങ്ങൾ പരിശോധിക്കണം. ഭരണ-പ്രതിപക്ഷ എം.എൽ.എ.-മാർക്കെല്ലാം ബാധകമായ കാര്യമാണിത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇത് പ്രവാസികൾ അനുഭവിക്കുന്ന വലിയൊരു പ്രശ്നമാണ്. ഇന്നലെ ധാരാളം ആളുകൾ മണ്ഡലത്തിൽനിന്നും എന്നെ വിളിച്ചിരുന്നു. ഇവിടെ പറഞ്ഞതുപോലെ, അവർക്ക് പോർട്ടലിൽ കയറാനോ രജിസ്റ്റർ ചെയ്യാനോ സാധിക്കുന്നില്ല, അതിനാൽ ഈ പറഞ്ഞ ദിവസത്തിനുള്ളിൽ വാക്സിനെടുക്കാനും കഴിയുന്നില്ല. ഇപ്പോഴും താലൂക്കാശുപത്രികളിൽ സ്പോട്ട് വാക്സിനേഷൻ നടക്കുന്നുണ്ട്. അതുകൊണ്ട് കൃത്യമായ പാസ്പോർട്ടും രേഖകളും ഹാജരാക്കുന്ന പ്രവാസികൾക്ക് രജിസ്ട്രേഷൻ ഒഴിവാക്കി താലൂക്കാശുപത്രികളിൽ സ്പോട്ട് വാക്സിനേഷൻ നൽകുന്നതായിരിക്കും ഉചിതം. അതിനനുസരിച്ചൊരു നിർദ്ദേശം കൊടുക്കുകയല്ലേ വേണ്ടത്?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഈ പറഞ്ഞതുമാത്രമാണ് സ്വീകരിക്കാൻ സാധിക്കുന്ന ഏക നിർദ്ദേശം. പ്രവാസികൾ അവരുടെ വിസയുടെ കാലാവധി തീരുന്നതിനെക്കുറിച്ചുള്ള വിശദാംശങ്ങളുമായി മെഡിക്കൽ ഓഫീസറെ സമീപിച്ചാൽ അവർക്ക് സ്പോട്ട് രജിസ്ട്രേഷൻ ചെയ്യാനുള്ള സംവിധാനമൊരുക്കിയില്ലെങ്കിൽ ഒരു പ്രവാസിയും ഈ ആനുകൂല്യത്തിൽ വിദേശത്തേയ്ക്ക് പോകില്ല, ഗവൺമെന്റ് മനുഷ്യത്വപരമായ സമീപനം സ്വീകരിക്കണം. കാരണം പ്രവാസികൾ ഇവിടെനിന്നാൽ അവർക്ക് ജോലി കൊടുക്കാൻ ഇവിടെ ജോലിയൊന്നുമില്ല. വിദേശത്ത് പോയില്ലെങ്കിൽ അവർക്ക് ജോലിയില്ല. ഈ ആളുകൾ നമ്മുടെ സംസ്ഥാനത്തുനിന്ന് അവരുടെ നിലവിലെ ജോലി നഷ്ടപ്പെടുത്തിയാൽ നമ്മുടെ ഗവൺമെന്റിന് ജോലി നൽകാൻ സാധിക്കില്ല. ഗവൺമെന്റിന് കുഴപ്പമൊന്നുമില്ല, വല്ലാത്ത പ്രതിസന്ധി അനുഭവിക്കുന്ന ഒരു സംസ്ഥാനം അവരുടെ ജോലി നഷ്ടപ്പെടാതിരിക്കാനുള്ള കാര്യമെങ്കിലും ചെയ്യണമെന്നതാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, പ്രവാസികളുടെ തിരിച്ചുപോക്കുമായി ബന്ധപ്പെട്ട് കോവിഡ് വാക്സിൻ ലഭിക്കുന്നില്ലെന്ന പ്രധാനപ്പെട്ട പ്രശ്നം ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ചു. തീർച്ചയായും അവർക്കത് ലഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സഭ ഒരേ സ്വരത്തിൽ ആവശ്യപ്പെടുകയും ചെയ്യണം. അതോടൊപ്പം ഇന്ത്യയിൽനിന്നും അതാത് രാജ്യങ്ങളിലേയ്ക്കുള്ള എൻട്രി പല ഗൾഫ് രാജ്യങ്ങളും ഇപ്പോഴും നിരോധിച്ചിരിക്കുകയാണ്. ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് മലയാളിയെയാണ്. ചെറിയ ലീവിൽ ഇവിടെ വന്നവർ അന്നുണ്ടായിരുന്ന കോവിഡ് കേസിന്റെ എണ്ണത്തിന്റെ പേരിലുണ്ടായ നിരോധനം ഇപ്പോഴും നിലനിൽക്കുമ്പോൾ, ഇന്ത്യയിൽ അത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് മലയാളികളെയാണ്. അതുകൊണ്ട് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് കോവിഡ് വാക്സിനെടുത്ത, കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റുള്ളവർക്ക് തിരിച്ചുപോകാനുള്ള നടപടിക്രമങ്ങൾ ലളിതമാക്കാനുള്ള സമ്മർദ്ദം അതത് രാജ്യങ്ങളുടെ എംബസികളുമായി ബന്ധപ്പെട്ട് ചെലുത്താൻ കേന്ദ്രസർക്കാരുമായി സംസ്ഥാനസർക്കാർ അടിയന്തരമായി കമ്മ്യൂണിക്കേഷൻ നടത്തേണ്ടതിന്റെ ആവശ്യകത അങ്ങേയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, തീർച്ചയായും സംസ്ഥാന ഗവൺമെന്റ് അത് ചെയ്യുമെന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നതും പ്രാർത്ഥിക്കുന്നതും.

ഡോ. എം. കെ. മുനീർ: സർ, പല രാജ്യങ്ങളും അവർ പരിഗണിക്കുന്ന വാക്സിൻ ഏതൊക്കെയാണെന്ന് പ്രത്യേകം ലിസ്റ്റ് ചെയ്യുകയും അപ്രകാരമുള്ള

വാക്സിനെടുത്തവരെയാണ് ആ രാജ്യത്തേയ്ക്ക് പ്രവേശിപ്പിക്കുകയും ചെയ്യുന്നത്. എന്നാൽ പല സ്ഥലത്തും കോവാക്സിൻ അവരുടെ ലിസ്റ്റിലില്ല. അതുകൊണ്ട് നോർക്കയുമായി ബന്ധപ്പെട്ട് അതത് എംബസികളിൽ പറഞ്ഞ് ഇതുകൂടി ലിസ്റ്റിലുൾപ്പെടുത്തിയില്ലെങ്കിൽ കോവാക്സിനെടുത്ത ഒരാൾക്ക് ആ രാജ്യത്തേയ്ക്ക് പ്രവേശിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാകും. അതുപോലെ കോവിഷീൽഡ് ചില സ്ഥലത്തുണ്ടാകില്ല. നമുക്കുള്ള വാക്സിനുകളൊക്കെ ലിസ്റ്റിൽ വരുന്നതിനുവേണ്ടി അതത് എംബസികളുമായി ബന്ധപ്പെടണമെന്നൊരു അഭ്യർത്ഥനയുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇക്കാര്യത്തിൽ എംബസികളുമായി ബന്ധപ്പെട്ട് നടപടിയെടുക്കണമെന്ന് എനിക്കും അഭ്യർത്ഥിക്കാനുണ്ട്. ഇവിടെയെല്ലാവരും സൂചിപ്പിച്ച പ്രധാനപ്പെട്ടൊരു കാര്യം, നിയമത്തിന്റെ ഭാഗമായി ഒരു സർക്കാർ ഗസറ്റ് ജി.ഒ.(പി) നമ്പർ 37/2020/ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ ഡിപ്പാർട്ടുമെന്റ്, അതിലെ നോട്ടിഫിക്കേഷൻ പ്രകാരം ഉദ്യോഗസ്ഥരുടെ കാര്യം പറഞ്ഞപ്പോൾ സ്റ്റേഷൻ ഹൗസ് ഓഫീസറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. മൂന്ന് വാർഡുകൾക്ക് ഒരു ജെ.എച്ച്.ഐ. ഉണ്ട്. ഒരു പ്രദേശത്ത് ആർക്കൊക്കെ കോവിഡ് പോസിറ്റീവായി എന്നറിയാൻ കഴിയുന്നത് അവിടത്തെ ജെ.എച്ച്.ഐ.-യ്ക്കും ആശാവർക്കർക്കുമാണ്. നിരവധി ജോലികളുള്ള അവിടത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർക്കോ പോലീസുകാർക്കോ ഇതുസംബന്ധിച്ച് അറിയണമെന്നില്ല. കോവിഡ് പോസിറ്റീവായ ഒരാൾ അല്ലെങ്കിൽ ക്വാറന്റൈനിലിരിക്കുന്ന കുടുംബം പാലിക്കേണ്ട അച്ചടക്കത്തെക്കുറിച്ചൊക്കെ കൂടുതൽ അറിയുന്നവർ ഇവരാണ്.

മി. സ്പീക്കർ: അങ്ങ് സംസാരിക്കാൻ തുടങ്ങിയിട്ട് അരമണിക്കൂറായി.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നിരവധി ജോലികൾക്കിടയിൽ പോലീസ് ഉദ്യോഗസ്ഥർക്ക് താഴെത്തട്ടിൽ വന്ന് പരിശോധിക്കാൻ കഴിഞ്ഞെന്നുവരില്ല. അയ്യായിരത്തോളം വരുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ വലിയൊരു സേന നമുക്കുണ്ട്. ഇതിനായി അവരെ ഉപയോഗപ്പെടുത്തണം.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, തോട്ടം മേഖലകളിലും ആദിവാസി മേഖലകളിലും വാക്സിൻ രജിസ്ട്രേഷൻ നടക്കാത്തതുകൊണ്ട് കോവിഡ് വ്യാപകമായി പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. അത്തരം മേഖലകളിൽ സ്പോട്ട് വാക്സിനേഷൻ നടത്തേണ്ടതിന്റെ ആവശ്യകത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ ശ്രദ്ധയിലല്ല, സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സുപ്രീം കോടതി കേന്ദ്ര സർക്കാരിനോട് ചോദിച്ചത്, എന്ത് ഡിജിറ്റൽ ഇന്ത്യയാണിതെന്ന്. ഈ പാവപ്പെട്ട ആളുകൾ നിങ്ങൾ പറയുന്ന രൂപത്തിൽ വാക്സിൻ രജിസ്റ്റർ ചെയ്യുന്നവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ? ആദിവാസി എങ്ങനെയാണ് ഈ പോർട്ടലിൽ പോയി രജിസ്റ്റർ ചെയ്യുന്നത്, ഒരു ആദിവാസിക്കും സാധിക്കില്ല. അതുപോലെ ചെല്ലാനം പോലെ ടി.പി.ആർ. കൂടിയ സ്ഥലങ്ങൾ, അത് ഞങ്ങൾ കഴിഞ്ഞ അടിയന്തരപ്രമേയത്തിലും പറഞ്ഞതാണ്. തീരദേശ മേഖലയിലും ആദിവാസി മേഖലയിലും ഒരു മാസ്സ് വാക്സിനേഷൻ ഡ്രൈവ് സ്പോട്ടിൽ നടത്തണം. അല്ലെങ്കിൽ ഈ അന്യവൽക്കരിക്കപ്പെട്ട ആളുകൾ ഇത്തരം കാര്യങ്ങളിൽനിന്നും ഒഴിവാകും. സ്വാധീനമുള്ള ആളുകൾക്ക് മാത്രം ലഭിക്കുകയും അല്ലാത്തവർക്ക് ലഭ്യമാകാതാകുകയും ചെയ്യുന്ന സാഹചര്യം ഉണ്ട്. മഹാത്മാഗാന്ധി പറഞ്ഞിട്ടുള്ളത് ഏത് തീരുമാനമെടുക്കുമ്പോഴും സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവനെ എങ്ങനെ അത് ബാധിക്കുമെന്ന് നിങ്ങൾ ആലോചിക്കണമെന്നാണ്. വാക്സിനേഷന്റെ കാര്യത്തിൽ ആദിവാസി മേഖലയിലെ ആളുകളുടെ കാര്യത്തിൽ ഇത്തരമൊരു മുൻഗണന എടുക്കണം. കൂടാതെ ഹെൽത്ത് ഇൻസ്പെക്ടർമാരെ ഇതിന്റെ നിർവ്വഹണോദ്യോഗസ്ഥരായി കൊണ്ടുവരണം.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ആ ഭാഗത്തുള്ളവർക്കെല്ലാം വാക്സിൻ കൊടുത്തുകൊണ്ടിരിക്കുകയാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അത് സന്തോഷമുള്ള കാര്യമാണ്. തർക്കത്തിനുവേണ്ടി പറഞ്ഞതല്ല. പറമ്പിക്കുളം മണ്ഡലത്തിൽ ചെയ്തതുപോലെ ചാലക്കുടി മണ്ഡലത്തിലും ചെയ്യണമെന്നേയുള്ളൂ. അതോടെ പ്രശ്നംതീരും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പറമ്പിക്കുളത്തെ ആദിവാസി ഊരുകളിൽ ചെയ്തത് നല്ല കാര്യംതന്നെ. പക്ഷെ, ഒന്നാം തരംഗത്തിൽ പൂർണ്ണമായും നിയന്ത്രണവിധേയമായിരുന്ന ഒരു ഏരിയയായിരുന്നു അട്ടപ്പാടി. അവിടെ 196 ഊരുകളാണുള്ളത്. അവിടെ ഒരാൾക്കുപോലും കോവിഡ് പോസിറ്റീവാകാതെ പിടിച്ചുനിർത്തി. എന്നാൽ ഈ ഘട്ടത്തിൽ അട്ടപ്പാടി മേഖലയിലുള്ള ഊരുകളിൽ രോഗം വ്യാപകമായി പടർന്നുപിടിക്കുകയാണ്. അവിടങ്ങളിൽ വലിയ പ്രശ്നങ്ങളാണുള്ളത്. അതുകൊണ്ട് ഇത്തരം സ്ഥലങ്ങളിലെ ഊരുകളിൽ സ്പോട്ട് വാക്സിനേഷൻ നടത്താൻ സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തിയില്ലെങ്കിൽ വല്ലാത്തൊരു അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകും. ഊരുകളിൽനിന്നും മരണങ്ങൾപോലും റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. ആദിവാസി ഊരുകളിൽ അവർ ഒന്നിച്ചാണ് താമസിക്കുന്നത്. ഒരാൾക്ക് രോഗം പിടിപെട്ടാൽ

ഊരിലുള്ള മുഴുവൻ പേർക്കും രോഗം വ്യാപിക്കാനിടവരും. അതുകൊണ്ട് അട്ടപ്പാടി മേഖലയിൽ ഗുരുതരമായ പ്രശ്നമുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, ഇവിടെ സ്പോട്ട് വാക്സിനേഷന്റെ കാര്യം പറഞ്ഞു. പ്രവാസികളുടെ കാര്യം പറഞ്ഞതുപോലെതന്നെ, തദ്ദേശഭരണ സ്ഥാപനങ്ങൾ അതാത് പി.എച്ച്.സി. വഴി അതത് പ്രദേശത്തുള്ളവർക്ക് സ്പോട്ട് വാക്സിനേഷൻ കൊടുത്താൽ വളരെ ഫലപ്രദമാകും. കാരണം അവർക്ക് ആളുകളുടെ അവസ്ഥയനുസരിച്ച് പ്രയോരിറ്റി കൊടുക്കാൻ സാധിക്കും. അതുകൊണ്ട് ഇതുപോലുള്ള മേഖലകളിൽ സ്പോട്ട് വാക്സിനേഷൻ നടത്തേണ്ടത് അത്യാവശ്യമാണ്. അതോടൊപ്പം ഓൺലൈൻവഴി കൊച്ചിയിലുള്ള ഒരാൾ രജിസ്റ്റർ ചെയ്യുമ്പോൾ കൊയിലാണ്ടിയിലുള്ള വാക്സിൻ സെന്ററാണ് ലഭിക്കുന്നത്. ഞാനൊരു ഉദാഹരണം പറഞ്ഞതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യുമ്പോൾ ഈ കോവിഡിന്റെ സാഹചര്യത്തിൽ ദൂരെയുള്ള സ്ഥലങ്ങളിൽ വാക്സിനെടുക്കാൻ പോകേണ്ടിവരുന്ന ഒരു സ്ഥിതിയാണുള്ളത്. അതിനാൽ സ്പോട്ടിൽത്തന്നെ അവർക്ക് വാക്സിൻ എത്തിക്കുന്നതിനുള്ള സാഹചര്യമൊരുക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഇനി ആർക്കും വഴങ്ങാതെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ജനങ്ങളിൽ ചിലരെങ്കിലും ചോദിക്കുന്ന ചോദ്യമാണ് ശ്രീ. അൻവർ സാദത്ത് സൂചിപ്പിച്ചത്. 80 വയസ് കഴിഞ്ഞ ആളുകളെക്കൊണ്ട് വോട്ട് ചെയ്യിക്കുന്നതിനായി വീടുകളിൽ ഉദ്യോഗസ്ഥർ ചെന്നിരുന്നു. അങ്ങനെയെങ്കിൽ 80 വയസ് കഴിഞ്ഞ ആളിന് വീട്ടിൽത്തന്നെ വാക്സിനേഷനും കൊടുക്കേണ്ടതല്ലേ? 80 വയസ് കഴിഞ്ഞവർക്കും കിടപ്പുരോഗികൾക്കും സെന്ററിൽ പോയി വാക്സിനെടുക്കാൻ കഴിയില്ല. അവരുടെ കാര്യത്തിലും പ്രവാസികളുടെ കാര്യത്തിലെന്നപോലെ പ്രഖ്യാപനമുണ്ടായിരുന്നു. അപ്പോൾ അങ്ങനെയുള്ളവരുടെ വീടുകളിൽ പോയി വാക്സിൻ നൽകുന്നതിന് നടപടിയുണ്ടാകണം.

ഈ ബില്ലിലെ ചില കാര്യങ്ങൾ, ഇതൊരു പോലീസ് സ്റ്റേറ്റ് ആക്കുന്നതിനുള്ള വലിയ അപകടങ്ങൾ ഇതിനകത്തുണ്ട്. പിന്നെ ഇതിലെ പല പരിഷ്കാരങ്ങളും കേൾക്കുമ്പോൾ, ഇപ്പോൾ നമ്മൾ ഇളവുകൾ കൊടുത്തിട്ടുണ്ട്. ഇളവുകൾ ഈ സംവിധാനത്തിന്റെ അടിസ്ഥാനത്തിലാണ് കൊടുക്കുന്നത്. വർക്ഷോപ്പുകൾക്ക് ശനി, ഞായർ ദിവസങ്ങളിൽ പ്രവർത്തിക്കുന്നതിന് അനുമതി കൊടുത്തിട്ടുണ്ട്, പക്ഷെ സ്പെയർ പാർട്സ് കട തുറക്കുന്നതിനുള്ള അനുമതി

തിങ്കളാഴ്ചയാണ്. കണ്ണട വാങ്ങാൻ ചൊവ്വാഴ്ചയും ബുക്ക് വാങ്ങാൻ ബുധനാഴ്ചയുമാണ് അനുമതി. ഇതെല്ലാംകൂടി ഒരു ദിവസം വാങ്ങിവരുന്നതിനുള്ള അവസരം നൽകിയിരുന്നെങ്കിൽ സൗകര്യമായേനെ. ഇതിപ്പോൾ ഒരാൾ തിങ്കളാഴ്ച ഒരു സാധനം വാങ്ങാൻ പുറത്തിറങ്ങണം, ചൊവ്വാഴ്ച വേറൊരു സാധനം വാങ്ങാൻ പോകണം, ബുധനാഴ്ച അടുത്ത സാധനം വാങ്ങാൻ പോകണം. സ്പെയർ പാർട്സ് വാങ്ങുന്ന ദിവസം നന്നാക്കാൻ കഴിയില്ല. വർക്ഷോപ്പ് തുറക്കുന്ന ദിവസം സ്പെയർ പാർട്സ് ലഭിക്കില്ല. പല വിദേശ രാജ്യങ്ങളിലും ഇങ്ങനെയല്ല ചെയ്യുന്നത്. അവിടെ 12 മണിക്കൂർ തുറന്നുപ്രവർത്തിച്ച കടകളെല്ലാം 24 മണിക്കൂർ പ്രവർത്തിക്കാൻ അനുമതി നൽകി. അപ്പോൾ അർദ്ധ രാത്രിയിലും പോയി തിരക്കില്ലാതെ ആൾക്കാർക്ക് സാധനങ്ങൾ വാങ്ങാൻ കഴിയും. നിങ്ങൾ സമയം കുറയ്ക്കുംതോറും തിരക്ക് കൂട്ടുകയാണ് ചെയ്യുന്നത്. ഒന്നരക്കൊല്ലമായിട്ടും ഈ കാര്യങ്ങൾ മനസ്സിലാക്കാൻ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞില്ലെന്ന് പറയുന്നത് ദൗർഭാഗ്യകരമാണ്. സമയം കുറച്ചാൽ തിരക്ക് കൂടും. സമയം കൂട്ടിയാൽ തിരക്ക് കുറയും. പല വിദേശ രാജ്യങ്ങളും 24 മണിക്കൂറും കടകൾ തുറന്ന് പ്രവർത്തിക്കാൻ പറഞ്ഞു. ഇവിടെ അതിനുപകരം എല്ലായിടത്തും തിരക്ക് കൂട്ടുകയാണ്. മറ്റൊരു കാര്യം, കണ്ടെയ്ൻമെന്റ് സോണിലെല്ലാം ബാരിക്കേഡുകൾ തീർത്തിരിക്കുകയാണ്. എന്തിനാണ് ഇങ്ങനെ ചെയ്യുന്നത്? ലോക്ഡൗണാകുമ്പോൾ സമ്മത പത്രം, കാർഡ് എന്നിവയുള്ളവർക്ക് മാത്രമേ പുറത്തിറങ്ങാൻ കഴിയുകയുള്ളൂ. അപ്പോൾ അധികമാരും പുറത്തിറങ്ങില്ല. ഇപ്പോൾ കണ്ടെയ്ൻമെന്റ് സോൺ പ്രഖ്യാപിച്ചുകൊണ്ട് ഒരു വാർഡിന്റെ എല്ലാ ഭാഗവും തടിയും കല്ലുംകൊണ്ട് കെട്ടിപ്പൂട്ടിവച്ചിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ 300 പോസിറ്റീവ് കേസ്സുണ്ടെങ്കിൽ 290 പേരും വീട്ടിലിരിക്കുകയാണ്. വീട്ടിലുള്ള രോഗിയെ രാത്രിയിൽ ആശുപത്രിയിൽ കൊണ്ടുപോകാൻ സാധിക്കുന്നില്ല. ഇപ്പോൾ ഒരാളുടെ ഓക്സിജൻ ലെവൽ പെട്ടെന്ന് താഴ്ന്നുപോയി, ആശുപത്രിയിൽ എത്തിക്കണമെങ്കിൽ വീട്ടിൽനിന്ന് പുറത്തിറങ്ങാൻ കഴിയുന്നില്ല. വീട്ടിൽനിന്ന് പുറത്തിറങ്ങിയാൽ ചുറ്റുപാടെല്ലാം കെട്ടിപ്പൂട്ടി വച്ചിരിക്കുകയാണ്. അതിന് എന്ത് ശാസ്ത്രീയതയാണുള്ളതെന്ന് അറിയില്ല. കെട്ടിപ്പൂട്ടിവച്ചാൽ ഇവിടെ ബാരിക്കേഡ് കെട്ടിയിട്ടുള്ളതിനാൽ ഈ വാർഡിൽ കയറാതെ അടുത്ത വാർഡിലേയ്ക്ക് പോകാമെന്ന് കൊറോണ വിചാരിക്കുമോ? ബാരിക്കേഡ് തീർത്തുകൊണ്ട് കൊറോണയെ തടയാൻ കഴിയുമോ? ഭരണപക്ഷ എം.എൽ.എ.-മാരുമായി

സംസാരിച്ചപ്പോൾ അവർക്കെല്ലാം ഇതേ പ്രശ്നങ്ങളാണ് പറയാനുള്ളത്. എന്തായാലും ഒൻപതാം തീയതിവരെ ലോക്ഡൗണുണ്ട്. ലോക്ഡൗൺ നിലനിൽക്കുന്ന സമയത്തെങ്കിലും വാർഡിന്റെ അതിർത്തികളും വഴികളുമെല്ലാം കെട്ടിപ്പൂട്ടി ആളുകളുടെ സഞ്ചാര സ്വാതന്ത്ര്യത്തെ, പ്രത്യേകിച്ച് രോഗികളുടെ സഞ്ചാര സ്വാതന്ത്ര്യത്തെ തടയുന്ന അവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: ശ്രീ. കെ. വി. സുമേഷ്, ഇനി അദ്ദേഹം വഴങ്ങുന്നില്ലെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അദ്ദേഹം പുതിയൊരംഗമായതുകൊണ്ടാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, എന്റെയൊരു സംശയമാണ്. ഇതൊരു വിചിത്ര സ്വഭാവമുള്ള വൈറസാണ്. അതിന്റെ വിവിധ മ്യൂട്ടേഷൻ നടക്കുകയാണ്. നമ്മുടെ മുന്നിൽ ഇതിനെ നേരിടാൻ വേറൊരു സംവിധാനവുമില്ല. എപ്പിഡെമിക് ആക്ട് അനുസരിച്ച് ഇന്ത്യാ ഗവൺമെന്റിന്റെ ഒരു നിർദ്ദേശമുണ്ട്. ഞാൻ നേരത്തെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ആളാണ്. ഞാൻ മനസ്സിലാക്കിയത്, അവരുടെ നിർദ്ദേശമനുസരിച്ചാണ് കേസ്സുകൾ റിപ്പോർട്ട് ചെയ്യുന്ന വിവിധ സ്ഥലങ്ങളിൽ ഇതുപോലെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത് എന്നാണ്. അതൊരു ശാസ്ത്രീയമായ മാർഗ്ഗമെന്നാണ് പറയുന്നത്. അതിന് ബദലായി മറ്റെന്ത് കാര്യം ചെയ്യാൻ കഴിയുമെന്നാണ് ബഹുമാന്യനായ അങ്ങ് പറയുന്നത്?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ഞാൻ അതിന്റെ പ്രായോഗികതയെപ്പറ്റിയാണ് പറഞ്ഞത്.

മി. സ്പീക്കർ: അങ്ങ് പുതിയ അംഗങ്ങൾക്കുമാത്രമേ വഴങ്ങുവെന്നല്ലേ പറഞ്ഞത്? അദ്ദേഹം സീനിയറായ ഒരംഗമാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, അദ്ദേഹം മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായ വ്യക്തിയാണ്, ഞാനും മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റാണ്. ഈ ലോക്ഡൗൺ സമയത്ത് പ്രത്യേകിച്ച് പുറത്തിറങ്ങണമെങ്കിൽ പാസ്സും അഫിഡവിറ്റുമെല്ലാം ഹാജരാക്കണം. പക്ഷെ പല സ്ഥലങ്ങളിലും ഇതൊക്കെയുണ്ടെങ്കിലും പോലീസ് ആളുകളെ ബലമായി പിടിച്ച് കേസ്സെടുത്ത് 500 രൂപ പിഴ ചുമത്തുകയാണ്. ഇതുമായി ബന്ധപ്പെട്ട് ഞാൻ പോലീസ് അധികാരികളെ സമീപിച്ചപ്പോൾ അവർ പറഞ്ഞത്, ഞങ്ങൾക്ക് ഒരു ദിവസം ഇത്ര കേസ്സുകളെടുക്കണമെന്നൊരു ടാർജറ്റുണ്ടെന്നാണ്. ഈ പരാതി പലപ്പോഴും പലരും പറയുന്ന കാര്യമാണ്. അതിന് തെളിവുകൾ സഹിതമുണ്ട്, ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ്, ലോക്ഡൗണിൽ ഇളവുകൾ കൊടുക്കുന്നതുപോലെ വഴങ്ങുന്നതിലും കൂടുതൽ ഇളവുകൾ കൊടുക്കരുത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇല്ല. ബഹുമാനപ്പെട്ട അഴീക്കോട് മെമ്പർ ശ്രീ. കെ. വി. സുമേഷ് പറഞ്ഞ കാര്യം, ഞാൻ അതിന്റെയൊരു പ്രായോഗിക വശമാണ് പറഞ്ഞത്. ലോക്ഡൗൺ ഇല്ലാത്ത സമയങ്ങളിൽ ആളുകളുടെ സഞ്ചാരം നിയന്ത്രിക്കാൻ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നത് നല്ലതാണ്. ഇപ്പോൾ നമ്മളെല്ലാം ലോക്ഡൗണിലാണ്. വളരെ കുറച്ച് ആളുകൾക്ക് മാത്രമേ പോലീസിന്റെ പരിശോധനയെല്ലാം കഴിഞ്ഞ് പുറത്തിറങ്ങാൻ കഴിയുകയുള്ളൂ. ആ സമയത്തും വഴികളെല്ലാം അടച്ചുപൂട്ടേണ്ടതുണ്ടോ? രോഗികളുടെ പ്രശ്നങ്ങളെപ്പറ്റി പ്രാക്ടിക്കലായി മനസ്സിലാക്കിയതാണ്. രാത്രികാലങ്ങളിൽ പെട്ടെന്ന് ഓക്സിജൻ അളവ് താഴ്ന്നുപോകാറുണ്ട്. ഓക്സിജന്റെ അളവ് 80-ലേയ്ക്ക് വന്നിട്ട് പെട്ടെന്ന് 50-ലേയ്ക്കാണ് വരുന്നത്. തൊണ്ണൂറിൽനിന്നും 80-ൽ എത്താൻ ഒന്നോ രണ്ടോ മണിക്കൂറെടുക്കുന്ന ഒരു രോഗിയുടെ ഓക്സിജൻ നില 80-ൽനിന്നും 50-ലേയ്ക്ക് എത്തുന്നത് അഞ്ചോ പത്തോ മിനിട്ടുകൊണ്ടാണ്. ഈ സമയത്ത് ആ രോഗിയെ ഏറ്റവും അടുത്തുള്ള ആശുപത്രിയിൽ എത്രയും പെട്ടെന്ന് എത്തിക്കേണ്ടതുണ്ട്. ഈ അവസ്ഥയിൽ രോഗിയേയും കൊണ്ടുപോകുമ്പോൾ എല്ലായിടവും കെട്ടിപ്പൂട്ടിവച്ചിരിക്കുകയാണ്. പോസിറ്റീവായ ഒരു രോഗിയോടൊപ്പം അയൽപക്കത്തുള്ള ഒരാൾക്കുപോലും വരാൻ കഴിയില്ല. അപ്പോൾ ഒരു രോഗിയും ഡ്രൈവറും മാത്രമായിരിക്കും വാഹനത്തിലുണ്ടാകാറുള്ളത്. രോഗിക്ക് ഇങ്ങനെയുള്ള തടസ്സങ്ങൾ നീക്കാൻ കഴിയില്ല. രാത്രിയിൽ ഈ തടസ്സങ്ങളെല്ലാം മാറ്റി കൊണ്ടുപോകാൻ പ്രയാസമാണ്. എന്റെ നിർദ്ദേശം സ്വീകരിക്കണമെന്നല്ല പറയുന്നത്. ഉദ്യോഗസ്ഥ സംവിധാനവുമായി ആലോചിച്ച് ലോക്ഡൗൺ നിലനിൽക്കുന്ന ഇതുപോലുള്ള കാലഘട്ടങ്ങളിലെങ്കിലും ബാരിക്കേഡുകൾ ഒഴിവാക്കാൻ കഴിയുമോയെന്നുള്ള കാര്യമാണ് ഞാനൊരു നിർദ്ദേശമായി വച്ചത്. പോലീസിംഗിനെക്കാൾ ഉപരിയായി ബിഹേവിയറൽ ചെയിഞ്ച് കൊണ്ടുമാത്രം ചെയ്യാവുന്നതാണ്. ഞാൻ ഇനി വഴങ്ങില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കറോട് പറഞ്ഞു.

ശ്രീ. പി. ഉബൈദുള്ള: സർ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പലയിടങ്ങളിലും പോലീസ് കാണിച്ചുകൊണ്ടിരിക്കുന്ന അതിക്രമങ്ങളെപ്പറ്റിയാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. പോലീസിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയില്ല, ഇത് കേൾക്കാൻ പോലീസ് ഡിപ്പാർട്ടുമെന്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരെങ്കിലുമുണ്ടോയെന്നും എനിക്കറിയില്ല. ഇതെല്ലാം ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ട് കാര്യമുണ്ടോയെന്ന സംശയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അതല്ല ഞാൻ പറഞ്ഞത്. പോലീസുകാർ ഒരുപാട് കഷ്ടപ്പെടുന്നുണ്ട്. പോലീസിനും അപകടമാണ്. തിരുവനന്തപുരത്തേയ്ക്ക് നമ്മൾ വരികയാണെങ്കിൽ നമ്മുടെ വാഹനത്തിന് എം.എൽ.എ.-യുടെ ബോർഡ് ഉണ്ടായതുകൊണ്ട് അവർ കടത്തിവിടും. ബോർഡില്ലാത്തപ്പോൾ നമ്മുടെ വാഹനവും തടഞ്ഞുനിർത്തും. ഓരോ വാഹനങ്ങളുടെ മുൻപിലും പോലീസുകാർ എക്സ്പോസ്ഡാണ്. വാഹനങ്ങളിൽ ഇൻഫെക്ടഡായ ആളാണോ വരുന്നത് എന്നൊന്നും അറിയാൻ സാധിക്കില്ല. അത് പരിശോധിക്കുമ്പോഴല്ലേ അറിയുകയുള്ളൂ. എത്ര പോലീസ് ഉദ്യോഗസ്ഥർക്കാണ് കോവിഡ് പിടിപെട്ടത്; അവർ വല്ലാതെ എക്സ്പോസ്ഡാണ്. ഓരോ യാത്രക്കാരെയും നിർത്തി കടലാസ് വാങ്ങി സമ്മതപത്രം വായിച്ചുനോക്കി പറഞ്ഞുവിടുന്ന ഒരവസ്ഥയിൽ അവരും ഒരുപാട് ബുദ്ധിമുട്ടുന്നുണ്ട്. അതുകൊണ്ടാണ് കുറച്ചുകൂടി ശാസ്ത്രീയമായ സമീപനം ഇക്കാര്യത്തിൽ സ്വീകരിക്കണമെന്ന് ഞാൻ പറയുന്നത്. ഒരു ബിഹേവിയറൽ ചെയ്ഞ്ചിൽക്കൂടി പ്രതിരോധിക്കാൻ കഴിയുന്നൊരു രോഗത്തെ ഒരു ക്രമസമാധാന പ്രശ്നമാക്കി മാറ്റുന്നതിനുപകരം മൂന്നാംതരംഗം ഉണ്ടാകുമെന്ന് ഭയപ്പെടുന്നു.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ പറഞ്ഞകാര്യം ഞങ്ങൾക്കെല്ലാം അനുഭവപ്പെട്ടിട്ടുള്ളതാണ്. ഇപ്പോൾ CFLTC-യിൽ രണ്ട് നഴ്സുമാരൊക്കെയാണ് 80-ഉം 100-ഉം രോഗികളെ നോക്കുന്നത്. ആരോഗ്യ വകുപ്പിൽ ഉദ്യോഗസ്ഥരുടെ പ്രശ്നമുണ്ട്. ഡോക്ടർമാരെ കൂടുതലായി നിയമിക്കണം. നഴ്സുമാരുടെ റാങ്ക് ലിസ്റ്റുണ്ട്. അതിൽനിന്ന് ആളുകളെ കൂടുതലായി നിയമിക്കണം. CFLTC-യിൽ ഓക്സിജൻ സൗകര്യങ്ങളുണ്ടാക്കണം. CFLTC-യിൽ ഓക്സിജൻ സൗകര്യമുണ്ടെങ്കിൽ നേരെ എടുത്ത് പോകാൻ കഴിയില്ല. എന്റെ മണ്ഡലത്തിലെ വെളിച്ചിക്കാലയിൽ ഒരു CFLTC ഉണ്ട്.

മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, കേരളത്തിൽ ഇപ്പോൾ രണ്ടാം തരംഗം വന്നതിനുശേഷം, ഞാൻ ആത്മാർത്ഥമായി അങ്ങയോട് ചോദിക്കുകയാണ്. ഏത് മണ്ഡലത്തിൽ, എവിടെയാണ് പ്രശ്നമുള്ളത്; ഡി.സി.സി.-കളിൽ നഴ്സുമാരും CFLTC-കളിൽ ഡോക്ടർമാരും വേണമെന്നും പറഞ്ഞു. മെഡിക്കൽ കോളേജ് ഉൾപ്പെടെ താഴോട്ടുള്ള ഈ സിസ്റ്റം പരിശോധിച്ചാൽ കോവിഡ് ഹോസ്പിറ്റൽ, CFLTC, താഴെ ഡി.സി.സി. ഈ പറയുന്ന സിസ്റ്റത്തിൽ എവിടെയാണ് നഴ്സും ഡോക്ടറും ഇല്ലാത്തത്; ഇപ്പോൾ ഡി.സി.സി. തുടങ്ങി. ആലപ്പുഴ ജില്ലയിൽ ഞങ്ങൾ പ്രിവ്യൂ ചെയ്തിട്ടുണ്ട്. അങ്ങ് പ്രതിനിധാനം ചെയ്ത ജില്ലയാണത്. എത്രയോ ഡി.സി.സി.-കൾ ആലപ്പുഴ ജില്ലയിൽ ആരംഭിച്ചു. ആരംഭിച്ച സ്ഥലങ്ങളിലെല്ലാം പുറത്തുനിന്ന് നഴ്സിനെ എടുക്കാൻ സർക്കാർ അനുവാദം കൊടുത്തു. ആവശ്യത്തിന് ഡോക്ടർമാരെ വേണമെങ്കിൽ അവർക്ക് വിളിക്കാം. എല്ലാ സംവിധാനങ്ങളും

ഭൂരിപക്ഷം സ്ഥലത്തും ഒരുക്കി. ഒറ്റപ്പെട്ട ഏതെങ്കിലുമൊരു സംഭവത്തെക്കുറിച്ച് പറഞ്ഞിട്ട് നമ്മുടെ സംസ്ഥാനത്തെ മൊത്തം പ്രവർത്തനങ്ങൾ മോശമാണെന്ന നിലയിൽ അങ്ങയുടെ ഈ ആർഗ്യുമെന്റ് നമ്മുടെ കൂട്ടായ ഈ പ്രതിരോധ പ്രവർത്തനത്തെ ദുർബലപ്പെടുത്തും എന്നൊരു അഭിപ്രായം അങ്ങേയ്ക്കുണ്ടോ എന്നറിയാനാണ് ഞാൻ സംസാരിച്ചത്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി, മന്ത്രിതലത്തിൽ പറയുമ്പോൾ വളരെ ഉത്തരവാദിത്വമുണ്ടല്ലോ. ആരോഗ്യ വകുപ്പിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് പി.എസ്.സി.-യോട് വിവരാവകാശം വഴി ചോദിച്ചപ്പോൾ, ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന ഒറ്റവരി മറുപടിയാണ് തന്നത്. ആരോഗ്യ മേഖലയിൽ പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെ ധാരാളം ഒഴിവുകളുണ്ടെന്ന് സ്ഥാപിക്കാൻ കഴിയും. 2020 സെപ്റ്റംബറിൽ നടന്ന പി.എസ്.സി. ടെസ്റ്റിൽ 12000 ആളുകൾ പങ്കെടുത്തു. അതിൽ കോവിഡിനെ നേരിടാൻ 1200 ഡോക്ടർമാരുടെ ലിസ്റ്റ് അഭിമുഖം കൂടാതെ നിയമിക്കാൻ തീരുമാനിച്ചു. അതിൽ 1869 പേർ മെയിൻ ലിസ്റ്റിലും ആയിരത്തോളം പേർ സപ്ലിമെന്ററി ലിസ്റ്റിലുമുണ്ട്. ഒരാളെപ്പോലും ഇന്നെടുത്തിട്ടില്ല. എന്നാൽപ്പിന്നെ എന്തിനാണ് അഭിമുഖമില്ലാതെ ഇവരെ എടുത്തത്; കേന്ദ്രാവിഷ്കൃത പദ്ധതിക്ക് ആവശ്യത്തിന് ജീവനക്കാരില്ല. ഇക്കാര്യങ്ങളൊക്കെ പുറപ്പുറത്തിരുന്ന് പ്രസംഗിക്കുമ്പോൾ ഞങ്ങൾ സഹകരിക്കുന്നത് ഇതൊക്കെ ചൂണ്ടിക്കാണിക്കാനുള്ള ഉത്തരവാദിത്വമുള്ളതിനാലാണ്. ബഹുമാനപ്പെട്ട മന്ത്രി, ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞപ്പോൾ ന്യായീകരണത്തൊഴിലാളികളെപ്പോലെ വരാൻ പാടില്ല. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട മന്ത്രി, നമ്മൾ കോവിഡിന്റെ ഒരുവർഷം മുൻപുള്ള പ്രതിരോധ സമയത്ത് പഞ്ചായത്തുകളോട് ആവശ്യപ്പെട്ടത് CFLTC-കൾ തുടങ്ങാനാണ്. അങ്ങനെ എല്ലാ പഞ്ചായത്തുകളും ഏതെങ്കിലും കല്യാണമണ്ഡപത്തിലോ കമ്മ്യൂണിറ്റി ഹാളിലോ കട്ടിൽ വാങ്ങിയിട്ട്, അവിടെ ബെഡ്ഡ് കൊണ്ടിട്ട്, അതിനകത്ത് പുതപ്പ് വിരിച്ച്, അവിടെ ടോയ്‌ലെറ്റിൽ ബക്കറ്റ് കൊണ്ടുവച്ചു. പഞ്ചായത്ത് പ്രസിഡന്റുമാരെല്ലാംനിന്ന് ഫോട്ടോയെടുത്തു. ഫേസ്ബുക്കിൽ അതിന്റെ ഫോട്ടോസ് എല്ലാവരും കണ്ടു. ഡോക്ടർമാരെ പോസ്റ്റ് ചെയ്യാൻ പറ്റാത്തതുകാരണമാണ് പലയിടത്തും അത് പ്രവർത്തിപ്പിക്കാൻ കഴിയാതെ പോയത്. പഞ്ചായത്ത് പ്രസിഡന്റിന് ആളുകളെ ചികിത്സിക്കാൻ പറ്റുമോ; അതുകൂടി മാത്രമേ അദ്ദേഹത്തോട് പറയാൻ ബാക്കിയുള്ളൂ. ബാക്കിയെല്ലാം പഞ്ചായത്തിനോടാണ് ചെയ്യാൻ പറഞ്ഞിരിക്കുന്നത്. പഞ്ചായത്ത് പ്രസിഡന്റിന്

ചികിത്സിക്കാൻ കഴിയില്ല. CFLTC-യിൽ ഡോക്ടറെ വേണമെന്നുള്ളതുകൊണ്ടാണ് ഗവൺമെന്റ് ഡി.സി.സി.-യിലേയ്ക്ക് വരുന്നത്. ഡി.സി.സി. എന്നുപറഞ്ഞാൽ എന്താണ്; പോസിറ്റീവായ ആൾക്ക് വീട്ടിൽ താമസിക്കാൻ കഴിയില്ലെങ്കിൽ ഇവിടെ താമസിപ്പിക്കുന്ന എന്നുള്ളതല്ലാതെ, അങ്ങേയ്ക്ക് നെഞ്ചത്ത് കൈവച്ച് പറയാൻ സാധിക്കുമോ, സംസ്ഥാനത്തെ എത്ര ഡി.സി.സി.-യിൽ ഡോക്ടർമാരുണ്ട്; അങ്ങ് പറയൂ. അങ്ങ് മന്ത്രിയല്ലേ, ആധികാരികമായി പറയൂ. സംസ്ഥാനത്തെ എത്ര ഡി.സി.സി.-യിൽ ഡോക്ടർമാരുടെ മുഴുവൻസമയ സാന്നിദ്ധ്യമുണ്ട്?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ശ്രീ. പി. ടി. തോമസ് പറഞ്ഞതിനോട് ആ രൂപത്തിൽ ഞാൻ മറുപടി പറയുന്നില്ല. അയ്യായിരത്തോളം ആളുകളെ കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് കേരളത്തിന്റെ ആരോഗ്യ മേഖലയിൽ നിയോഗിച്ചൊരു ഗവൺമെന്റാണിത്. എന്റെ പ്രിയ സുഹൃത്ത് ശ്രീ. പി. ടി. തോമസിന് അതൊന്നും കാണാനുള്ള കണ്ണില്ല. അങ്ങയുടെ തലയ്ക്കകത്ത് മുഴുവൻ മാർക്സിസ്റ്റ് വിരോധം കൊണ്ടുനടക്കുന്നതുകൊണ്ട് ഞാൻ അതിലേയ്ക്ക് വരുന്നില്ല. ഡി.സി.സി.-കൾക്ക് ഡോക്ടറെ അലോട്ട് ചെയ്യേണ്ട ആവശ്യമില്ല. നോംസിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്, ഡി.സി.സി.-കളിൽ പഞ്ചായത്തിന് പുറത്തുനിന്ന് ഒന്നോരണ്ടോ നഴ്സമാരെ എടുക്കാം. ആ ഡി.സി.സി.-കളിൽ രോഗം രൂക്ഷമായ ആളുകളുണ്ടെങ്കിൽ അവരെ ട്രീറ്റ്മെന്റ് സെന്ററിലേയ്ക്ക് മാറ്റാം. നമ്മുടെ ജില്ലയിലും മറ്റ് ജില്ലകളിലും അത്തരം ട്രീറ്റ്മെന്റ് സെന്ററുകൾ ആവശ്യംപോലെയുണ്ട്. ഡി.സി.സി.-കൾ ഡോക്ടറെ വയ്ക്കണമെന്ന് ഞാൻ പറഞ്ഞില്ല. എൻ.ആർ.എച്ച്.എം. വഴി നമുക്ക് ഡോക്ടറെ നിയോഗിക്കാവുന്നതാണ്, പഞ്ചായത്തിന് ഡോക്ടർമാരെ വയ്ക്കാം. ഇത്തരത്തിലുള്ള എല്ലാ ഉത്തരവുകളുമുള്ളതിന്റെ ഭാഗമായി ഏത് സ്ഥലത്താണ് വയ്ക്കാത്തത് എന്നാണ് എന്റെ ചോദ്യം. അത് പ്രത്യേകം പരിശോധിക്കണം. അല്ലാതെ കാടടച്ച് വെടിവച്ച്, നടത്തിക്കൊണ്ടിരിക്കുന്ന പൊതുവായ നല്ല പ്രവർത്തനങ്ങളെ ദുർബ്ബലപ്പെടുത്തുന്ന രൂപത്തിലാകരുത് എന്നാണ് ഞാൻ പറഞ്ഞത്.

<u>മി. സ്പീക്കർ</u>: ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങ് ദയവായി കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ ഇതിന് മറുപടി പറഞ്ഞ് ചുരുക്കാം. ബഹുമാനപ്പെട്ട മന്ത്രിക്ക് സർക്കാരിന്റെ ഭാഗത്തെ ന്യായീകരിക്കേണ്ടതുണ്ടാകും. പക്ഷേ ഇത് സർക്കാരിന്റെ ഒരു വിമർശനമെന്ന രൂപത്തിലോ ഈ പ്രവർത്തനങ്ങളാകെ നടക്കുന്നില്ലെന്നുള്ള രൂപത്തിലോ ഞാൻ പറഞ്ഞതായി ഇവിടെ കേട്ട ആർക്കും തോന്നിയിട്ടില്ല. മന്ത്രി അങ്ങനെ സ്ഥാപിച്ചെടുക്കാൻ

ശ്രമിച്ചതാണ്. പക്ഷേ ഞാൻ പറഞ്ഞ പ്രധാന പ്രശ്നം അവിടെയുണ്ട്. എല്ലാ പഞ്ചായത്തിലും CFLTC-കൾ തുടങ്ങുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ പ്രഖ്യാപനം ഞാൻ അങ്ങയെ കൊണ്ടുവന്ന് കാണിക്കാം. എന്തുകൊണ്ടാണ് എല്ലാ പഞ്ചായത്തിലും CFLTC ഇല്ലാത്തത്; എല്ലാ പഞ്ചായത്തിലും CFLTC തുടങ്ങാൻ പറ്റാത്തത് ഡോക്ടർമാർ ഇല്ലാത്തതുകൊണ്ടാണ്. അതുകൊണ്ടാണ് നിങ്ങൾ ഡോക്ടർമാർ ആവശ്യമില്ല എന്ന് നോംസുണ്ടാക്കിയ ഡി.സി.സി.-കളിലേയ്ക്ക് വരുന്നത്. ആ ഡി.സി.സി.-യിൽവച്ച് രോഗം മൂർച്ഛിച്ചുകഴിഞ്ഞാൽ അടുത്ത CFLTC-യിലേയ്ക്ക് പോകുന്നു. CFLTC-കളിൽ പലസ്ഥലത്തും രാത്രിയിൽ ഡോക്ടറുടെ സേവനം ഉണ്ടാകുന്നില്ല. നിങ്ങൾ ഇപ്പോൾ ന്യായീകരിക്കാൻവേണ്ടി പറഞ്ഞാലും ഇവിടെ ഇരിക്കുന്ന എം.എൽ.എ.-മാർ ഇത് നേരിട്ട് അനുഭവിക്കുന്നവരല്ലേ; കുണ്ടറയിലാണെങ്കിൽ നമ്മൾ നേരെ ജില്ലാ ആശുപത്രിയിലേയ്ക്ക് വിളിക്കും. അപ്പോഴവിടെ വെന്റിലേറ്ററും ഐ.സി.യു.-ഉം ഇല്ല. പിന്നീട് നേരെ പാരിപ്പള്ളി മെഡിക്കൽ കോളേജിലേയ്ക്ക് വിളിക്കും. അപ്പോൾ അവിടെയും ഐ.സി.യു.-ഉം വെന്റിലേറ്ററുമില്ല. അവിടെ ഹോക്കി സ്റ്റേഡിയത്തിലേയ്ക്ക് നോക്കും. അവിടെയും സംവിധാനമില്ല. ഇവിടെ പണ്ടേതോ എം.എൽ.എ. പറഞ്ഞതുപോലെ പല ദിവസങ്ങളിലും ഞങ്ങൾ ഉറങ്ങാറില്ല. ഈ പാവപ്പെട്ട രോഗികൾക്കുവേണ്ടി വെന്റിലേറ്ററും ഐ.സി.യു. സംവിധാനവും ഒരുക്കുന്നതിനുവേണ്ടി അപ്പുറത്തും ഇപ്പുറത്തുമുള്ള നിയമസഭാ സാമാജികന്മാർ രാത്രി മുഴുവൻ ഉറക്കമിളച്ചിരിക്കുകയാണ്. താങ്കൾക്കും അനുഭവപ്പെട്ടിട്ടുണ്ടാകും. താങ്കളുടെ മണ്ഡലത്തിൽ ആലായിലെ ഒരു രോഗി സെഞ്ച്വറി ആശുപത്രിയിൽ പ്രവേശനം കിട്ടാതെ ആലപ്പുഴ മെഡിക്കൽ കോളേജിൽ എത്തുന്നതിനുമുൻപ് മരിച്ചുപോയില്ലേ; പത്രത്തിൽ വാർത്ത വന്നതല്ലേ; താങ്കളുടെ മണ്ഡലത്തിൽ ഉണ്ടായിട്ടുപോലും താങ്കൾ അത് മറച്ചുവച്ചുകൊണ്ട് ന്യായീകരിക്കാൻ വരരുത്. ആദ്യമായി മന്ത്രിയാകുമ്പോൾ ഇതൊക്കെ പറയേണ്ടി വരുമായിരിക്കാം. പക്ഷേ സത്യം കാണാതെ പറയരുത്. സത്യം ഇതല്ല. കേരളത്തിലെ പല ആശുപത്രികളിലും താഴെത്തട്ടിലുള്ള ആശുപത്രികളിൽനിന്നും മുകളിലേയ്ക്ക് പോകുന്ന സമയത്ത് അവിടെ സൗകര്യമില്ലാത്തതിന്റെ പേരിൽ അടുത്ത സ്ഥലത്തേയ്ക്ക് കൊണ്ടുപോകേണ്ട സ്ഥിതിയുണ്ട്. മൂന്നാം തരംഗം ഉണ്ടാകുമ്പോൾ ഓക്സിജൻ ലഭ്യതയുടെ പ്രശ്നത്തിന്റെ പേരിലോ വെന്റിലേറ്റർ ഇല്ലാത്തതിന്റെ പേരിലോ ഐ.സി.യു. ബെഡ്ഡ് ഇല്ലാത്തതിന്റെ പേരിലോ ആളുകൾ മരിക്കുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നുള്ളത് സാമാജികരുടെ ദൗത്യവും കടമയുമല്ലേ? അങ്ങനെ പറയുമ്പോൾ, ഞാൻ ഈ സിസ്റ്റത്തെയാകെ അവഗണിച്ച്, ആ പ്രവർത്തനങ്ങളെ കാണാതെ പറഞ്ഞു എന്നുപറയരുത്. അതിനെ അങ്ങനെ

വ്യാഖ്യാനിക്കരുത്. എല്ലാ പഞ്ചായത്തിലും ഗവൺമെന്റ് CFLTC തുടങ്ങൂ. എന്തുകൊണ്ട് തുടങ്ങുന്നില്ല; എല്ലാ പഞ്ചായത്തിലും CFLTC തുടങ്ങുമെന്നുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിൽനിന്നും പിറകിലേയ്ക്ക് പോയത് എന്തുകൊണ്ടാണ്; മതിയായ സ്റ്റാഫില്ല എന്നുള്ളത് സത്യമാണ്. അതിപ്പോൾ ഗവൺമെന്റിന്റെ കുഴപ്പമല്ല. അത് കണ്ടെത്തണം. കണ്ടെത്തി നമുക്ക് പരിഹരിക്കണം. അതിനുള്ള നടപടി സ്വീകരിക്കണം.

ആളുകളെ പണിഷ് ചെയ്യുന്ന, അവർക്ക് പിഴയിടുന്ന, അവരുടെ മേൽ കേസ് ചുമത്തുന്ന നയങ്ങളും സമീപനങ്ങളും മാത്രമല്ല, ആളുകളെ സംരക്ഷിക്കാൻ കഴിയുന്ന, ആളുകളുടെ ജീവൻ രക്ഷിക്കാൻ കഴിയുന്ന സമീപനങ്ങളുംകൂടി ഈ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ഉണ്ടാകണം. അതിന് ഈ ബിൽ പൂർണ്ണാർത്ഥത്തിൽ പ്രാപ്തമല്ല എന്നതുകൊണ്ടാണ് ഇത് പൊതുജനാഭിപ്രായം തേടണമെന്നുള്ള ഭേദഗതി ഞാൻ മുന്നോട്ട് വയ്ക്കുന്നത്.

1.00 PM]

ശ്രീ. എം. എസ്. അരുൺകുമാർ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എ. എൻ. ഷംസീർ): സർ, 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബില്ലുമായി ബന്ധപ്പെട്ട് ഇവിടെ വളരെ വിശദമായ ചർച്ച നടന്നു. മറുഭാഗത്തുള്ളവർ ആദ്യഘട്ടത്തിൽ പലതരത്തിലുള്ള ലീഗൽ ആർഗ്യുമെന്റുകളും കൊണ്ടുവന്നു. ലെജിസ്ലേറ്റീവ് അസംബ്ലി ഡിബേറ്റിംഗ് കേന്ദ്രമായി മാറണമെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞു. തീർച്ചയായും നമ്മൾ ലാ മേക്കേഴ്സാണ്. ആ അർത്ഥത്തിൽ ഡിബേറ്റിന് ഞങ്ങളാരും എതിരല്ല, ഡിബേറ്റുണ്ടാകണം. പക്ഷെ പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള ആളുകളെ ഞാൻ ഓർമ്മപ്പെടുത്തുന്നത് 'desperate times call for desperate measures' എന്നാണ്. നാം ഇപ്പോൾ ജീവിക്കുന്ന ഒരുകാലം നിങ്ങൾക്കെല്ലാപേർക്കും അറിയാം. ഈ കാലത്ത് നാം ജീവിച്ചിരിക്കുന്നുവെന്നതുതന്നെയാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കാരണം ഇത്തരമൊരു അനുഭവമുള്ള ആരും നമ്മുടെ മുൻപിലില്ല. സ്പാനിഷ് ഫ്ലൂവിന്റെ കാലത്ത് ജീവിച്ച തലമുറയിൽപ്പെട്ട ആരും ഈ സഭയ്ക്കകത്തില്ല. പ്ലേഗിന്റെ കാലത്ത് ജീവിച്ചവരും വളരെക്കുറവാണ്. ഇവിടെ ഇ.ഡി.എ. (എപ്പിഡമിക് ഡിസീസ് ആക്ട്) 1897-ലാണ് നിലവിൽ വന്നത്. എല്ലാപേർക്കും അറിയുന്നതുപോലെ 1897-ലാണ് ഈ ആക്ട് ഇവിടെ കൊണ്ടുവന്നത്. അന്ന് ഡ്രാക്കോണിയൻ റൂൾ എന്ന് ചിലർ സൂചിപ്പിച്ചിരുന്നു. ചരിത്രകാരനായ ഡേവിഡ് അർനോൾഡ് ഇതിനെ വിശേഷിപ്പിച്ചിരുന്നത് ഡ്രാക്കോണിയൻ റൂൾ എന്നായിരുന്നു. 1897-നുശേഷം 1947-ലാണ് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയത്.

1947 മുതൽ 6 പതിറ്റാണ്ടോളം ഇന്ത്യഭരിച്ച പാർട്ടി കോൺഗ്രസ്സായിരുന്നു. ഇപ്പോൾ ഇവിടെ പലതരത്തിലുള്ള ഡിസെന്റ് നോട്ടുകൾ പലരും അവതരിപ്പിച്ചു. ഇങ്ങനെയൊരു എപ്പിഡമിക് സിറ്റുവേഷൻ ഫോർകാസ്റ്റ് ചെയ്തുകൊണ്ട് ഏതെങ്കിലും തരത്തിൽ ഒരു ലാ അമെന്റ്മെന്റിനെക്കുറിച്ച് ഈ രാജ്യത്തെ ഏറ്റവും പ്രായംചെന്ന, ഗ്രാന്റ് ഓൾഡ് പാർട്ടിയെന്ന് വിശേഷിപ്പിക്കാൻ സാധിക്കുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ് എപ്പോഴെങ്കിലും ചിന്തിച്ചോ; ഇപ്പോൾ നാം ഒരു ദുരന്തമുഖത്താണ്, കൊറോണ രാജ്യത്തിന്റെ അതിർത്തികൾ മാറ്റിമറിച്ചുവെന്നാണ് പറയുന്നത്. ഓരോ രാജ്യത്തിനും ഓരോ അതിർത്തികൾ ഉണ്ടായിരുന്നു. പക്ഷെ കൊറോണ വന്നതിനുശേഷം ലോകത്തിന്റെ അതിർത്തികൾ മാറ്റിമറിക്കപ്പെട്ടു. വലിയവനെന്നോ ചെറിയവനെന്നോ വ്യത്യാസമില്ലാതെ എല്ലാ വിഭാഗത്തേയും ബാധിക്കുന്ന രോഗമായി കൊറോണ മാറി. ചൈനയിലെ വുഹാനിൽ നിന്നായതുകൊണ്ട് ഇത് കമ്മ്യൂണിസ്റ്റുകാർക്ക് മാത്രമേ ബാധിക്കുവെന്നാണ് ചിലർ ആദ്യം വാദിച്ചത്. ഞാൻ പതിനാലും പതിനഞ്ചും സഭയിലെ അംഗമാണ്. പതിനാലാം സഭയിൽ അടിയന്തരപ്രമേയത്തിന് അനുമതി നൽകികൊണ്ട് ചർച്ച സംഘടിപ്പിച്ച ഘട്ടത്തിൽ എന്തായിരുന്നു വാദങ്ങൾ? ആ ചർച്ചയിൽ പങ്കെടുത്ത പലരും ഈ സഭയ്ക്കകത്തുണ്ട്, അവർ ഇപ്പോഴും തുടരുന്നുണ്ട്. മിറ്റിഗേഷൻ തിയറി പറഞ്ഞു, ഈ സഭയ്ക്കകത്തുണ്ടായിരുന്ന, പിന്നീട് പാർലമെന്റിൽ മെമ്പർ ആയ ആൾ പറഞ്ഞു ചൂട് കൂടുമ്പോൾ ഇത് പോകുമെന്ന്. ഇപ്പോൾ എന്തായി? ഒന്നര വർഷം പിന്നിടുമ്പോഴും അത് നിലനിൽക്കുകയാണ്. ഞാൻ ഒരു കാര്യം പറയാം. ഏതാണ്ട് 10-16 മാസമായി കൊറോണയുമായി കെട്ടിമറിയുന്ന ഒരു എം.എൽ.എ. എന്ന നിലയ്ക്ക് എന്റെ ഒരു അഭിപ്രായം പറയാം. ലോകത്ത് Medical fraternity ഇപ്പോഴും ഡീപ്പ് ഡാർക്ക്നെസ്സിലാണ്. ഇവിടെ പല വാദങ്ങളും നിങ്ങൾ ഉന്നയിച്ചല്ലോ; അതിനകത്ത് ഓരോ സമയത്ത് ഓരോ നിയമമുണ്ടാകാനുള്ള കാരണം അതുതന്നെയാണ്. ഇവിടെ എപ്പിഡമിക് ഡിസീസ് ആക്ടിനെക്കുറിച്ച് സൂചിപ്പിച്ചു. അതിൽ വളരെ കൃത്യമായി പറയുന്നു, section (2) 'empowers the states Government to take measures'. അതായത് എപ്പിഡമി പോലുള്ള സംവിധാനങ്ങൾ പൊട്ടിപ്പുറപ്പെടുമ്പോൾ സംസ്ഥാന സർക്കാരുകൾക്ക് നിയമം നിർമ്മിക്കാമെന്ന് സെക്ഷൻ (2) വളരെ ക്ലിയർ കട്ടായി പറയുന്നു. ഞാൻ ഏതായാലും ഒരു നിയമ വിദഗ്ദ്ധൻ അല്ലാത്തതുകൊണ്ട് കൂടുതൽ വാദപ്രതിവാദങ്ങൾക്ക് ഇപ്പോൾ തയ്യാറാകുന്നില്ല. അതിലെ സെക്ഷൻ(3) 188 IPC പെനാൽറ്റിയെക്കുറിച്ച് കൃത്യമായി പറയുന്നുണ്ട്, സെക്ഷൻ(4) ലീഗൽ പ്രൊട്ടക്ഷനെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ഇപ്പോൾ നാം ജീവിക്കുന്നത് നിങ്ങൾക്കെല്ലാം അറിയാവുന്നതുപോലെ ഒരു വൈറൽ ഔട്ട്ബ്രേക്കിന്റെ കാലമാണ്. നിങ്ങൾ ആലോചിക്കണം, 1897-ഉം കഴിഞ്ഞ് 123 വർഷത്തിനുശേഷമാണ് നാം ഈ എപ്പിഡമിക് ഡിസീസ് ആക്ടിന്റെ

അമെന്റ്മെന്റിനെക്കുറിച്ച് ചർച്ച ചെയ്യുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെ ഇരിക്കുന്ന സഭയ്ക്കകത്തുവച്ചാണ് 2017-ൽ ഹെൽത്ത് വർക്കേഴ്സിനെ പ്രൊട്ടക്റ്റ് ചെയ്യുന്ന നിയമം കൊണ്ടുവരാൻ തയ്യാറായത്. അഞ്ച് വർഷത്തെ പണിഷ്മെന്റും അഞ്ച് ലക്ഷം രൂപയോളം പെനാൽറ്റിയും ഈടാക്കുന്ന ഒരു ലാ അമെന്റ്മെന്റ് 2017-ൽ ഇന്ത്യൻ പാർലമെന്റിൽ കൊണ്ടുവന്നു. നിർഭാഗ്യവശാൽ ആ നിയമം ഇന്ത്യൻ പാർലമെന്റിൽ ടേബിൾ ചെയ്യപ്പെട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. യഥാർത്ഥത്തിൽ വളരെ സജീവമായി നാം ചർച്ച ചേയ്യേണ്ട സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്ന ഘട്ടത്തിൽ, സാംക്രമിക രോഗങ്ങൾ പടരാതിരിക്കാൻ എന്തൊക്കെ ചെയ്യാൻ സാധിക്കും? ഇതൊരു authoritarian state-ലേയ്ക്ക് കൊണ്ടുപോകുമെന്ന് ഇവിടെ ചിലർ പറഞ്ഞു. വളരെ ശക്തമായ ഭരണപക്ഷവും അത്രതന്നെ ശക്തമായ പ്രതിപക്ഷവും അതുപോലെ വളരെ വിജിലന്റായ മാധ്യമങ്ങളും കേരളത്തിനകത്തുള്ളപ്പോൾ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന് അതോറിറ്റേറിയനായി നിയമം നടപ്പിലാക്കാൻ സാധിക്കുമോ; നമ്മൾ ആരെങ്കിലും വിട്ടുകൊടുക്കുമോ? ഇവിടെ സഭയ്ക്കകത്തിരിക്കുന്ന 140 നിയമസഭാ സാമാജികർ, അതിനുതാഴേയ്ക്ക് പോകുമ്പോൾ ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് കേരളംപോലെ ഇത്രമാത്രം ഡെമോക്രാറ്റിക്കായ ഒരു സംസ്ഥാനത്ത് ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന് അതോറിറ്റേറിയൻ നിലപാട് സ്വീകരിച്ച് പോകാൻ സാധിക്കുമെന്ന് ആരെങ്കിലും വിശ്വസിച്ചാൽ അത് നടപ്പിലാക്കാൻ സാധിക്കുന്ന കാര്യമല്ലെന്ന് നമുക്കേവർക്കും അറിയാവുന്നതാണ്. ഇന്ത്യൻ സിസ്റ്റം ഓഫ് ഹെൽത്ത് ഒരു ത്രീ ടയർ സിസ്റ്റമാണെന്ന് നമുക്കറിയാം, പ്രൈമറി കെയർ വില്ലേജ് ലെവലിലാണ്, സെക്കണ്ടറി കെയർ അർബൻ സെന്ററുകളാണ്, അതുപോലെ മറ്റ് സംവിധാനങ്ങളാണ്. മൂന്നാമത്, ടെർഷ്യറി സെന്ററുകളാണ്. പബ്ലിക് ഹെൽത്ത് സിസ്റ്റത്തിൽ നമ്മൾ കാണേണ്ടത്, നാം മനസ്സിലാക്കേണ്ട ഒരു കാര്യം ഇന്ത്യാ രാജ്യത്ത് 90 ശതമാനം ആളുകൾക്കും ഇപ്പോഴും ആരോഗ്യ മേഖലയിൽ ചികിത്സ കിട്ടാത്ത സംവിധാനം നിലനിൽക്കുന്നുവെന്നുള്ളതാണ്. ഏറ്റവും നിർഭാഗ്യകരമായ വാർത്ത നാം യു.പി.-യിൽ കേട്ടു. യു.പി. എവിടെയായിരുന്നു? ഈ രാജ്യത്ത് പ്രധാനമന്ത്രിമാരെ സംഭാവന ചെയ്ത യു.പി.-യിൽ ഓക്സിജൻ കിട്ടാതെ കുഞ്ഞുങ്ങൾ മരിച്ച വാർത്ത 2017-ൽ നാം കേട്ടു. ഈ രാജ്യത്തെ പല സംസ്ഥാനങ്ങളും ഇപ്പോഴും ആരോഗ്യമേഖലയിൽ നട്ടംതിരിയുമ്പോൾ അതിലൊരു മോഡലാണ് കേരള മോഡൽ. ആ കേരള മോഡലിനെ അപ്രീഷ്യേറ്റ് ചെയ്യാതിരിക്കാൻ സാധിക്കില്ല. ഇവിടെ ഹെൽത്ത് കെയർ ഇൻഡക്സിനെക്കുറിച്ച് സൂചിപ്പിച്ചു. ഹെൽത്ത് ക്വാളിറ്റി ഇൻഡക്സിൽ ബ്രിക്സ് രാജ്യങ്ങളിൽ ഇന്ത്യ പിറകിലാണ്. ഹെൽത്ത് കെയർ ഇൻഡക്സിൽ നമ്മളെക്കാൾ മെച്ചപ്പെട്ട രാജ്യങ്ങളാണ് ഭൂട്ടാനും ശ്രീലങ്കയും നേപ്പാളും. നാം ആകെ ജി.ഡി.പി.-യുടെ ഒരു ശതമാനമാണ് സ്പെൻഡ് ചെയ്യുന്നത്.

ഇങ്ങനെയൊരു പബ്ലിക് സിസ്റ്റമാണ് രാജ്യത്തുള്ളത്. മാലിദ്വീപിനും തായ്‌ലന്റിനും പിറകിലാണ് നമ്മൾ. അങ്ങനെ പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ ഇന്ത്യയിലെ രണ്ട് സംസ്ഥാനങ്ങളാണ് ഏറ്റവും മുന്നിൽ നിൽക്കുന്നത്. അത് കേരളവും ഗോവയുമാണ്. 60 പോയിന്റിലേറെ നമുക്ക് ലഭിച്ചുവെന്നതാണ്. അതോടൊപ്പം ഇവിടെ ബി.ജെ.പി.-ക്കാർ ഏറെ പാടിപുകഴ്ത്തുന്നതാണല്ലോ ഗുജറാത്തും അതുപോലെ അവരുടെ മറ്റ് സംസ്ഥാനങ്ങളും. ഗുജറാത്തും മഹാരാഷ്ട്രയുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകത മൂന്നരക്കോടി ജനങ്ങൾക്ക് 22300 ബെഡ്ഡുകൾ പബ്ലിക് ഹോസ്പിറ്റലിനകത്ത് ലഭ്യമാണെന്നുള്ളതാണ്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ആ സംസ്ഥാനത്തിനകത്ത് ബെഡ്ഡുകൾ ഇല്ലെന്നുള്ളതാണ് കാണുന്നത്. നമ്മുടെ ഹെൽത്ത് സിസ്റ്റം ഇന്ത്യയ്ക്ക് മാതൃകയാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ലെന്നാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. എന്താണ് ഇത്തരമൊരു നിയമനിർമ്മാണത്തിലേയ്ക്ക് നമ്മളെ ചെന്നെത്തിച്ച കാര്യങ്ങൾ? എപ്പിഡമിക് ആക്റ്റിനെക്കുറിച്ചും നിയമത്തെക്കുറിച്ചുമൊക്കെ ഞാൻ നേരത്തെ സൂചിപ്പിച്ചു. ഇന്ത്യയിൽ സ്പാനിഷ് ഫ്ലൂ, സ്മാൾ പോക്സ്, പ്ലേഗ് തുടങ്ങിയ സാംക്രമിക രോഗങ്ങളുണ്ടായിരുന്നു. ഇപ്പോൾ നാം ഒരു പുതിയ ദുരന്തമുഖത്താണ്. ഇത് എവിടെ അവസാനിക്കുമെന്ന് നമുക്കാർക്കും പറയാൻ സാധിക്കുകയില്ല. ഇത് എപ്പോൾ നിയന്ത്രിച്ചുനിർത്താൻ സാധിക്കുമെന്നാണ് മെഡിക്കൽ ഫ്രറ്റേണിറ്റിയോട് എനിക്ക് ചോദിക്കാനുള്ളത്. There is no answer, അവർക്ക് ഉത്തരം പറയാൻ സാധിക്കില്ല. എന്നാൽ എനിക്ക് ഉറപ്പിച്ചു പറയാൻ സാധിക്കും. കൊറോണ തുടക്കംമുതൽ കണ്ടെത്തിയ കോൺസ്റ്റിറ്റ്യൻസിയിലെ ആളാണ് ഞാൻ. ഈ സഭയ്ക്കകത്തിരിക്കുന്ന ആളുകൾ മനസ്സിലാക്കേണ്ടത്, ലോകത്ത് കൊറോണ സെറ്റിൽ ചെയ്യാതെ കേരളത്തിൽ സെറ്റിൽ ചെയ്യാൻ സാധിക്കുകയില്ല. ഈ ഗ്ലോബിനകത്ത് എവിടെ മനുഷ്യവാസമുണ്ടോ, അവിടെയെല്ലാം കൊറോണ അവസാനിക്കാതെ കേരളമെന്ന സംസ്ഥാനത്ത് സെറ്റിൽ ചെയ്യാൻ സാധിക്കുകയില്ല. കാരണം മലയാളികൾ ലോകത്തിന്റെ എല്ലാ കോണിലുമുണ്ട്. അവർ ഇങ്ങോട്ട് വരും. അതുകൊണ്ട് the only solution is to vaccinate the whole people എന്നാണ്. എല്ലാപേരെയും വാക്സിനേറ്റ് ചെയ്യുകയെന്നതാണ് നമ്മുടെ മുന്നിലുള്ള ഏക പോംവഴി. കേരളത്തിൽ ഓർഡിനൻസ് ഉണ്ടാക്കാനുള്ള സാഹചര്യം ഇവിടെ പരാമർശിക്കപ്പെട്ടു. ഏതെങ്കിലും തരത്തിൽ എന്തെങ്കിലും ദുരുദ്ദേശ്യത്തോടുകൂടിയല്ല ഈ ഓർഡിനൻസ് കൊണ്ടുവരാൻ ശ്രമിച്ചത്. ഒരു മാസ് ഗാതറിംഗ് ഒഴിവാക്കണം. 2020-ൽ ഈ രോഗം പൊട്ടിപുറപ്പെട്ട സമയത്ത്, കാസർഗോഡ് ഒരു വിവാഹച്ചടങ്ങിൽ പങ്കെടുക്കാൻ പോയവരിൽനിന്നും രോഗം പടർന്നുപിടിച്ച കാര്യങ്ങൾ നമുക്കറിയാം. ഇതിനുള്ളൊരു സൊല്യൂഷൻ ബ്രേക്ക് ദി ചെയിൻ ആണ്. ഇതിന്റെ curve flattening ചെയ്യാനുള്ള മാർഗ്ഗം stringent

measures ആണ്. മാസ് ഗാതറിംഗ് ഒഴിവാക്കുകയും സോഷ്യൽ ഡിസ്റ്റൻസിംഗുണ്ടാക്കുകയും വേണം. അതോടൊപ്പം സാനിറ്റൈസേഷനും മാസ്ക് ധരിക്കലുമാണ് പോംവഴി. നിങ്ങളിൽ പലരും പി. ബിജുവിനെക്കുറിച്ച് പറഞ്ഞു. അതുപോലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പറഞ്ഞു. അദ്ദേഹം ഞങ്ങളുടെ ഏറ്റവും അടുത്ത സുഹൃത്തും സമകാലികനുമായിരുന്നു. എത്ര ആളുകൾ നമ്മുടെ മുന്നിൽനിന്നും നഷ്ടപ്പെട്ടുപോയി. എത്രയെത്ര കരിങ്കല്ലുപോലത്തെ ചെറുപ്പക്കാർ, എത്രയോകാലം ഈ ഭൂമിയിൽ ജീവിക്കേണ്ടവർ, നമ്മളിൽനിന്നും ഇല്ലാതായി. ഇത് അവസാനിക്കണ്ടേ. അറിയപ്പെടുന്നൊരു കാർട്ടൂണിസ്റ്റായ 37 വയസ്സുള്ള ഇബ്രാഹിം ബാദുഷയെന്ന ചെറുപ്പക്കാരൻ മരിച്ച വിവരം ഇന്ന് പത്രത്തിൽ കണ്ടു. അങ്ങനെ എത്രയെത്ര ആളുകൾ; ഒരുപക്ഷെ, പൊതുരാഷ്ട്രീയരംഗത്ത് സജീവമായി നിൽക്കേണ്ടവർ, പൊതുസമൂഹത്തിൽ നിൽക്കേണ്ടവർ. സെക്കന്റ് വേരിയന്റിനെക്കുറിച്ച് പറയുമ്പോൾ, അത് ബാധിച്ചിരിക്കുന്നതും മരിച്ചിരിക്കുന്നതും ചെറുപ്പക്കാരാണ്. ചെറുപ്പക്കാരായ ആളുകൾ മരിക്കുന്നു, എവിടെയെങ്കിലും ഇത് അവസാനിപ്പിക്കണം, അതിന് എപ്പിഡമിക് ഔട്ട് ബ്രേക്ക് ഉണ്ടാകുന്ന പശ്ചാത്തലത്തിൽ നിയന്ത്രിക്കാൻ കഴിയണം. ഇവിടെ മുസ്ലീം ലീഗിന്റെ അംഗങ്ങൾ പ്രസംഗിച്ചപ്പോൾ നിസ്കാരത്തെക്കുറിച്ച് പരാമർശിച്ചു. ഒരു റിലീജിയസ് സെന്റിമെന്റ്സിനും ഞങ്ങൾ എതിരല്ല. പക്ഷെ മതപണ്ഡിതന്മാർ എന്ത് പറഞ്ഞു, അത് നമ്മൾ കാണേണ്ടതല്ലേ; ശ്രീ. സയ്യിദ് ജിഫ്രിക്കോയ തങ്ങൾ ഉൾപ്പെടുന്ന പണ്ഡിത സമൂഹം വളരെ ക്ലിയർകട്ടായി എന്താണ് പറഞ്ഞത്? അവർ പറഞ്ഞ കാര്യം മതപരമായ കാര്യങ്ങളിൽ രാഷ്ട്രീയ നേതൃത്വം അഭിപ്രായം പറയേണ്ടെന്നാണ്. ആളുകൾ മരിക്കുന്നത് ന്യൂമോണിയ ബാധിച്ചായതുകൊണ്ട് കൊറോണ വരുന്ന ഘട്ടത്തിൽത്തന്നെ ന്യൂമോണിയയുടെ മെഡിസിൻ കൊടുക്കാൻ സാധിക്കുമോയെന്നാണ് ചിലർ ചോദിക്കുന്നത്. നമ്മളാരും ഇതിന്റെ അതോറിറ്റിയല്ല. അതുകൊണ്ട് എങ്ങനെ ഇത് കുറയ്ക്കാൻ സാധിക്കും? എപ്പിഡമിക് ഔട്ട്ബ്രേക്കുണ്ടാകുമ്പോൾ ചെയ്യാൻ സാധിക്കുന്ന കാര്യം ജനങ്ങളെ നിയന്ത്രിക്കലാണ്. ട്രിപ്പിൾ ലോക്ക്ഡൗൺ നേരിട്ട പ്രദേശത്തെ ആളാണ് ഞാൻ. 47-ാം വാർഡ് അടച്ചിട്ടാൽ അതിലൂടെ 48-ാം വാർഡിലേയ്ക്ക് കൊറോണ പോകുമോയെന്ന് ഇവിടെ ചിലർ ചോദിച്ചത് സരസമായ ചോദ്യമാണ്. ട്രിപ്പിൾ ലോക്ക്ഡൗണിന് റോഡ് ബ്ലോക്ക് ചെയ്യുന്നത് എന്തിനാണെന്ന് ഉയർന്ന ഉദ്യോഗസ്ഥരോട് ഞാൻ ചോദിച്ചിരുന്നു. നിങ്ങളെ പരമാവധി വീടിനകത്ത് ഇരുത്താൻ തന്നെയാണ്. മറിച്ച് നിങ്ങൾ സ്ഥിരം സഞ്ചരിക്കുന്ന റോഡ് ബ്ലോക്ക് ചെയ്താൽ ഒരുപക്ഷേ നിങ്ങൾക്ക് വളഞ്ഞുപോകണമെങ്കിൽ അത് നിങ്ങൾ ഒഴിവാക്കും. അതിനാണ് ട്രിപ്പിൾ ലോക്ക്ഡൗൺ ചെയ്യുത്. ട്രിപ്പിൾ ലോക്ക്ഡൗണിന്റെ റിസൾട്ട് മലപ്പുറത്തും കണ്ണൂരുമുണ്ടായില്ലേ. കണ്ണൂർ ഒരു ഘട്ടത്തിൽ ട്രിപ്പിൾ ലോക്ക്ഡൗണിലായിരുന്നു. അതുപോലെ ഇവിടെ നിങ്ങൾ

ആലോചിക്കേണ്ട കാര്യം ജില്ലാഭരണകൂടത്തിന്റെ തലവനായ കളക്ടറാണ് ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേറ്റീവ് ഹെഡ്. ജില്ലാഭരണകൂടത്തിന്റെ തലവനെ നിയന്ത്രിക്കാൻ ഇച്ഛാശക്തിയുള്ള സർക്കാർ ഇവിടെയുണ്ട്. അത് ഏത് സർക്കാരോ ആകട്ടെ, ആ സർക്കാരിന് സാധിക്കും. രാഷ്ട്രീയനേതൃത്വത്തിനെ, ലെജിസ്ലേച്ചറിനെ വെല്ലുവിളിക്കാനുള്ള അധികാരം ഒരു എക്സിക്യൂട്ടീവിനും കേരളംപോലുള്ള സംസ്ഥാനത്ത് സാധിക്കില്ല. ലെജിസ്ലേച്ചറിന് വിധേയമായി നിൽക്കുന്ന എക്സിക്യൂട്ടീവിന് പൂർണ്ണമായും നിയന്ത്രിക്കാൻ സാധിക്കും. നാം കുംഭമേളയ്ക്കെതിരെ വിമർശനം നടത്തിയല്ലോ; ഇവിടെ ഐ.പി.എൽ. വന്നല്ലോ; ഇതെല്ലാം ഒഴിവാക്കപ്പെടേണ്ടതല്ലേ? ഒടുവിൽ ഒഴിവാക്കപ്പെട്ടു. കാരണം ഇന്ത്യൻ പ്രീമിയർ ലീഗിൽ പങ്കെടുത്ത കുറെ കളിക്കാർക്ക് കോവിഡ് പോസിറ്റീവായപ്പോൾ ഡ്രോപ്പ് ചെയ്തു. ഇത് എപ്പോൾ അവസാനിക്കുമെന്ന് നമുക്കാർക്കും പറയാൻ കഴിയില്ല. ഇപ്പോൾ കർവ് ഫ്ലാറ്റന്റ് ചെയ്തുവരികയാണ്. ഇനി മൂന്നാം തരംഗമുണ്ടാകുമെന്നും അപ്പോൾ കൊറോണ ബാധിക്കാൻ പോകുന്നത് കുഞ്ഞുങ്ങൾക്കാണെന്നും പറഞ്ഞു. അതിനെന്താണ് പോംവഴി? ഇത്തരമൊരു ഘട്ടത്തിൽ ഇതിനൊരു നിയമനിർമ്മാണം വേണം. ഇവിടെ പറയുന്നത്, ഡിസ്ട്രിക്ട് ബോർഡ് കളക്ടർക്ക് സീൽ ചെയ്യാം, മാസ് ഗാതറിംഗ് ഒഴിവാക്കുന്നതിന് കളക്ടർക്ക് തീരുമാനമെടുക്കാം. സാമൂഹ്യ അകലമുൾപ്പെടെ ഇവിടെ പാലിച്ചിട്ടുള്ളതാണ്. ഇവിടെ പറയപ്പെടുന്ന ഈ നിയമത്തിൽ ഏതെങ്കിലുമൊന്ന് നടപ്പിലാക്കാതിരുന്നിട്ടുണ്ടോ? അതിന്റെ ഭാഗമായി എന്തെങ്കിലും പ്രത്യാഘാതം ഇവിടെയുണ്ടായോ? പൊതുപ്രവർത്തകരായ നമ്മളെല്ലാം കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നിയമസഭയ്ക്കകത്തും പുറത്തുമിരുന്നവരല്ലേ? ഇതിൽ ഏതുനിയമം നടപ്പിലാക്കിയതിന്റെ ഭാഗമായാണ് പ്രത്യാഘാതങ്ങളുണ്ടായത്. എവിടെയാണ് ജനപ്രതിനിധികൾ അപമാനിക്കപ്പെട്ടത്? ഇടപെടാൻ സാധിക്കുന്ന വളരെ കൃത്യമായ ഉത്തരവാദിത്തമുണ്ട്. നമുക്ക് അതിൽ ഇടപെടാൻ സാധിക്കും. റിലീജിയസ് ഫംഗ്ഷനുകൾ ചിലപ്പോൾ ഒഴിവാക്കേണ്ടിവരും. മനുഷ്യനുണ്ടെങ്കിലല്ലേ എല്ലാം ഉള്ളൂ. ജീവനില്ലാതെ നമുക്കൊന്നും ചെയ്യാൻ കഴിയില്ല. ഇവിടെ ആദ്യംവരുന്ന പ്രശ്നം അവനവന്റെ തടി രക്ഷിച്ചെടുക്കലാണ്. അതിനുള്ള മാർഗ്ഗമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. അതോടൊപ്പം ആരോഗ്യ മേഖല, ഈ ബില്ലിൽ ശിക്ഷയെക്കുറിച്ച് പറയുന്നുണ്ട്, 10,000 രൂപ ഫൈനും പെനാൽറ്റിയും അതോടൊപ്പം പണിഷ്മെന്റും. ഒരു നോമിനൽ പണിഷ്മെന്റാണ്. അതോടൊപ്പം cognizable bailable offence ആണ്. ഇതിന്റെ ഭാഗമായി ആരെയെങ്കിലുംകൊണ്ട് ജയിലിലിടാൻ, ഞങ്ങളൊക്കെ സമരത്തിൽ പങ്കെടുത്തപ്പോൾ 307, 308 വകുപ്പുകൾ ചുമത്തി മാസങ്ങളോളം ജയിലിലിട്ടവരാണ് നിങ്ങൾ. നമുക്കനുഭവമുണ്ട്; ഇത് purely cognizable -ഉം Station bail-ഉം ആണ്. കുറെ ആളുകളെ ജയിലിലാക്കാനോ കേസിൽപ്പെടുത്താനോ അല്ല മറിച്ച്

കൊറോണ എന്ന മാരകരോഗം പടർന്നുപിടിക്കുമ്പോൾ ജനങ്ങളെ രക്ഷിക്കാൻവേണ്ടിയാണ്. ആ ഒരു ഇച്ഛാശക്തിയോടുകൂടിയാണ് സർക്കാർ ഈ നിയമം നടപ്പിലാക്കാൻ വന്നിട്ടുള്ളത്. ഇത് ബി.എ.സി.-യിൽ വന്നപ്പോൾ നിങ്ങളാരെങ്കിലും ഡിസെന്റ് ചെയ്തോ? ഇവിടെയിപ്പോൾ ഡിസെന്റ് നോട്ട് അവതരിപ്പിച്ചുകൊണ്ട് വലിയ വാദപ്രതിവാദം നടന്നല്ലോ. ബി.എ.സി.-യിൽ ഞാനില്ല, മറുഭാഗത്തിരിക്കുന്ന സീനിയർ ലീഡർമാരുണ്ട്. ഇങ്ങനെയുള്ള പ്രശ്നങ്ങളുണ്ടെന്ന് നിങ്ങൾ അവിടെ പോയിന്റ്ഔട്ട് ചെയ്തോ? 'Desperate time ask for desperate measures'. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ചിലകാലത്ത് ചിലത് നമുക്ക് തീരുമാനിക്കേണ്ടിവരും. അത്തരമൊരു തീരുമാനമെടുത്തു വെന്നുമാത്രമേ ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളൂ. ഇത്തരമൊരു പശ്ചാത്തലത്തിൽ ആരോഗ്യ മേഖലയിൽ സാംക്രമികരോഗം പടർന്നു പിടിക്കാതിരിക്കാനുള്ള നിലപാട് സ്വീകരിക്കണം. ആരോഗ്യ മേഖല എക്വിപ്ഡാകണം. സെക്കന്റ് സ്റ്റേജിൽ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും മരണനിരക്ക് കൂടിയപ്പോൾ കേരളം താരതമ്യേന പിടിച്ചുനിന്നു. ആ ഘട്ടത്തിൽ തലശ്ശേരിയിൽ ഒരു കമ്മിറ്റിയുണ്ടാക്കിയിരുന്നു.

മി. സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ... പതിനഞ്ച് മിനിട്ടായി.

ശ്രീ. എ. എൻ. ഷംസീർ: സർ, അല്ല. അത് നിങ്ങൾ അപ്പുറത്തുകണ്ടില്ല.

മി. സ്പീക്കർ: സ്വയം നിയന്ത്രണം പാലിക്കണമെന്നേ പറഞ്ഞുള്ളൂ.

ശ്രീ. എ. എൻ. ഷംസീർ: സർ, പാലിക്കാം. സ്പീക്കറെന്നുപറഞ്ഞാൽ നിഷ്പക്ഷമായി വരേണ്ടയാളാണ്.

മി. സ്പീക്കർ: അതല്ല, ശ്രീ. ഷംസീർ.....

ശ്രീ. എ. എൻ. ഷംസീർ: സർ, (...ബഹളം...) ഞാൻ ചോദ്യം ചെയ്യുന്നൊന്നുമില്ല. (...ബഹളം...) ആരെയും ചോദ്യം ചെയ്തിട്ടില്ല. ... (ബഹളം)...

മി. സ്പീക്കർ: ദയവായി ഇരിക്കൂ...ദയവായി ഇരിക്കൂ....(...ബഹളം...) ശ്രീ. എ. എൻ. ഷംസീർ, മറ്റുള്ളവരോട് പറഞ്ഞതുതന്നെയാണ് അങ്ങയോടും ആവർത്തിക്കുന്നത്. സ്വയം നിയന്ത്രണം പാലിക്കണം.

ശ്രീ. എ. എൻ. ഷംസീർ: ബഹുമാനപ്പെട്ട സർ, ഞാൻ ഏതായാലും അവരെപ്പോലെ സംസാരിക്കില്ല. ഞാൻ ആർക്കും വഴങ്ങാൻ ഉദ്ദേശിക്കുന്നില്ല. ശ്രീ. പി. ടി. തോമസിനെപ്പോലെയുള്ള ആളുകളെ പൊതുശല്യമായി പ്രഖ്യാപിക്കണം. എന്നാലേ സഭ നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ഞാൻ ചോദിക്കട്ടെ, അൺനെസസ്സറിയായി സഭയ്ക്കകത്ത് ഇടപെട്ടതാരാണ്?

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ എന്റെ പോയിന്റ് കൺക്ലൂഡ് ചെയ്യാം. ഇന്റർവെൻഷൻ ഒഴിവാക്കിയാൽ പ്രശ്നം തീരുമോ?

മി. സ്പീക്കർ: അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞതിനുശേഷം പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാം.

ശ്രീ. എ. എൻ. ഷംസീർ: സർ, അവർ സംസാരിച്ചപ്പോൾ ഞങ്ങളാരെങ്കിലും ഇടപെട്ടോ? ഇതിനകത്ത് ഞാൻ good intention മാത്രമേ ചർച്ച ചെയ്യുള്ളൂ, bad intention ഒന്നുമില്ല. പൊതുസമൂഹത്തിനെ ബാധിക്കുന്നൊരു വിഷയത്തിൽ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് അഡ്മിറ്റ് ചെയ്യുന്നു. ഞാൻ false prestige ഉള്ള ആളല്ല. എനിക്ക് എന്തെങ്കിലും പിശകുപറ്റിയിട്ടുണ്ടെങ്കിൽ അത് തിരുത്താൻ ഞാൻ പൂർണ്ണമായും തയ്യാറാണ്. ഇനി വിഷയത്തിലേയ്ക്ക് വരാം. ഇവിടെയിപ്പോൾ പല കാര്യങ്ങളെക്കുറിച്ചും ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചു. സംസ്ഥാനത്തിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ; ഐ.സി.എം.ആർ. അല്ലേ; ആദ്യം കൊറോണ വന്നപ്പോൾ consecutive ആയി രണ്ട് ആർ.ടി.പി.സി.ആർ. ടെസ്റ്റ് നെഗറ്റീവായാൽ മാത്രമേ ഡിസ്ചാർജ്ജ് ചെയ്യുമായിരുന്നുള്ളൂ. പ്രൈമറി കോണ്ടാക്ടുമായി ബന്ധപ്പെട്ട് എന്തൊക്കെ ട്രേസിംഗ് നടന്നു. ഓരോ കാലഘട്ടത്തിലും ഓരോ നിയമങ്ങൾ വന്നു. 2021 ആയപ്പോൾ കുറച്ചുകൂടി ഡയല്യൂട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ 17 ദിവസം കഴിഞ്ഞാൽ റിസൾട്ട് നെഗറ്റീവായി കണക്കാക്കുകയാണ്. ഇനി എന്താകുമെന്ന് അറിയില്ല. ഞാൻ പറഞ്ഞല്ലോ ഐ.സി.എം.ആർ.-ഉം ഡബ്ല്യൂ.എച്ച്.ഒ.-യും ഒരോ കാലഘട്ടത്തിലെടുക്കുന്ന നിയമങ്ങൾ മാത്രമേ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നുള്ളൂ. അല്ലാതെ സംസ്ഥാന സർക്കാരിന് സ്വന്തമായി എന്തെങ്കിലും നിയമം നടപ്പിലാക്കാൻ സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് ഐ.സി.എം.ആർ.-ന്റെ ഗൈഡ്ലൈനായിരിക്കും സംസ്ഥാന ആരോഗ്യ വകുപ്പ് പിന്തുടരുന്നതെന്ന അഭിപ്രായക്കാരനാണ് ഞാൻ. അതോടൊപ്പം വാക്സിനേഷന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. ഇന്നത്തെ 'ദി ഹിന്ദു' പത്രത്തിൽ യൂറോപ്യൻ യൂണിയന്റെ വൈസ് പ്രസിഡന്റായ ശ്രീ. ജോസഫ് ബോറൽ എഴുതിയ ഒരു ആർട്ടിക്കിൾ കണ്ടു. അദ്ദേഹം പറഞ്ഞിരിക്കുന്നത് 2023-ഓടുകൂടി മാത്രമേ the whole world will be vaccinated എന്നാണ്. എല്ലാ രാജ്യങ്ങളിലെ പൗരന്മാരും വാക്സിനേറ്റ് ചെയ്യപ്പെടണമെങ്കിൽ 2023 ആകുമെന്നാണ്. അതോടൊപ്പം എന്തുകൊണ്ട് ഇന്ത്യയ്ക്കകത്ത് വാക്സിൻ ഷോർട്ടേജുണ്ടായി എന്ന ശ്രീമതി സുഹാസിനി ഹൈദറിന്റെ ഒരു ആർട്ടിക്കിൾ ഇന്നലത്തെ ഹിന്ദു പത്രത്തിൽ

വന്നിരുന്നു. അതിന് അവർ പറയുന്നത്, നമ്മുടെ രാജ്യം കാണിച്ച ചില തെറ്റായ പ്രവണതയാണെന്നാണ്. ചില രാഷ്ട്രങ്ങൾക്ക് വാക്സിൻ ഫ്രീയായി കൊടുത്തു, ചിലത് അവർ കയറ്റി അയച്ചു. ഒരു രാജ്യത്തെ പൗരന്റെ ജീവന് പ്രാധാന്യം കൽപ്പിക്കാതെ മറ്റു രാജ്യങ്ങളിലേയ്ക്ക് വാക്സിൻ കയറ്റി അയച്ച് ലോക രാജ്യങ്ങൾക്കുമുന്നിൽ കേമത്തം നടിക്കാൻ ശ്രീ. നരേന്ദ്ര മോദി ശ്രമിച്ചു. അതിന്റെ ദുരന്തമാണ്, ദുരഭിമാനമാണ് നമ്മുടെ നാട് ഇന്ന് പേറിക്കൊണ്ടിരിക്കുന്നത്. അത് വളരെ ക്ലിയറായി ശ്രീമതി സുഹാസിനി ഹൈദർ ആർട്ടിക്കിളിൽ സൂചിപ്പിക്കുന്നുണ്ട്. ഇത്തരമൊരു പശ്ചാത്തലത്തിൽ നമുക്ക് സാധിക്കുന്ന കാര്യം പരമാവധി വാക്സിനേറ്റ് ചെയ്യുക എന്നതാണ്. പിന്നെ ഡി.സി.സി.-യെക്കുറിച്ച് പറഞ്ഞു. അവിടെ ഡോക്ടർ വേണ്ടിവരും. ഡൊമിസിലറി കെയർ സെന്ററിലല്ല, ഡിസ്ട്രിക്ട് കോൺഗ്രസ് കമ്മിറ്റിയിൽ, നിങ്ങളുടെ റിവ്യൂ ചർച്ച ചെയ്യുന്നിടത്ത്. നിങ്ങളുടെ സംഘടനാ തെരഞ്ഞെടുപ്പിന്റെ പരാജയം ചർച്ച ചെയ്യുമ്പോൾ ഒരുപക്ഷേ ഡോക്ടർമാരെ വയ്ക്കേണ്ടിവരും. കാരണം പരസ്പരം പോരടിക്കേണ്ടിവരും. ഡൊമിസിലറി എന്താണ്? വീടുമായി ബന്ധപ്പെട്ടത്. അവിടെ എന്തിനാണ് ഡോക്ടർമാർ? അവിടെ ഡോക്ടറുടെ ആവശ്യമില്ല. എന്തിനാണ് സി.എഫ്.എൽ.റ്റി.സി.? സി.എഫ്.എൽ.റ്റി.സി. അനക്സുകളായി പ്രവർത്തിക്കുന്നുണ്ട്. തലശ്ശേരി ജനറൽ ഹോസ്പിറ്റലിന്റെ അനക്സായി ചിലയിടത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാരുണ്ട്. ഒരു കാര്യം, ഞാൻ ഓപ്ടിമിസ്റ്റാണ്. ഈ കാലവും കടന്നുപോകും, ഈ കൊറോണ എന്ന മഹാദുരന്തത്തെയും അതിജീവിച്ച് നാം മുന്നോട്ടുപോകും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന് ഇച്ഛാശക്തിയോടുകൂടി കേരളത്തിലെ പൗരന്മാരുടെ ആരോഗ്യവും സ്വത്തും സംരക്ഷിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് സാധിക്കുമെന്ന വിശ്വാസം എനിക്കുണ്ട്. ആ വിശ്വാസമാണ് 2021-ൽ ഒരു തുടർഭരണത്തിന് കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷത്തെ അധികാരത്തിലേറ്റിയത്. അവർക്ക് ഞങ്ങളെ വിശ്വാസമുണ്ട്. ഈയൊരു മഹാദുരന്ത മുഖത്ത് അവർക്ക് ആശ്വാസം പകരാനും കരുതൽ കൊടുക്കാനും ഇടതുപക്ഷത്തിന് സാധിക്കുമെന്ന ആ വിശ്വാസമാണ് ജനങ്ങൾ ഞങ്ങൾക്ക് നൽകിയത്. അതുകൊണ്ട് ഇത്തരമൊരു പശ്ചാത്തലത്തിൽ ആരോഗ്യ മേഖലയെ, ഈ നാടിനെ, പൊതുസമൂഹത്തെ, പൗരന്റെ ആരോഗ്യവും ജീവനും സംരക്ഷിക്കാൻ കൊണ്ടുവന്ന നിയമത്തെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുകയാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, പോയിന്റ് ഓഫ് ഓർഡർ. ശ്രീ. എ. എൻ. ഷംസീർ ഇവിടെ സംസാരിക്കുന്നതിനിടയ്ക്ക് ബഹുമാനപ്പെട്ട ചെയർ സമയം സംബന്ധിച്ച ഒരു സൂചന നൽകിയപ്പോൾ അദ്ദേഹം മറുപടി പറഞ്ഞത് 'നിങ്ങൾ'

എന്ന തെറ്റായ വാക്ക് ഉപയോഗിച്ചുകൊണ്ടാണ്. സഭ എപ്പോഴും ചെയറിനെ വിളിക്കുന്നത് 'സർ' എന്നുതന്നെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും അങ്ങയെ അഭിസംബോധന ചെയ്യുന്നത് 'ചെയർ' അല്ലെങ്കിൽ 'അങ്ങ്' എന്ന് പറഞ്ഞുകൊണ്ട് തന്നെയാണ്. ശ്രീ. എ. എൻ. ഷംസീർ അത് പിൻവലിക്കണം. അല്ലെങ്കിൽ അത് സഭാരേഖയിൽനിന്ന് നീക്കം ചെയ്യണം. തെറ്റായ ഒരു കീഴ്വഴക്കം സഭാരേഖയിൽ ഉണ്ടാകാൻ പാടില്ല.

ശ്രീ. പി. ടി. തോമസ്: സർ, സ്പീക്കർ എന്ന പദവി, ഒന്നിച്ച് സംഘടനാ പ്രവർത്തനം നടത്തി നടന്നിട്ടുള്ളവരോ എതിരായോ അനുകൂലമായോ നടന്നവരായാലും നമ്മൾ രണ്ടുപേരും ഒന്നിച്ച് പാർലമെന്റിൽ ഉണ്ടായിരുന്നു, എന്നാൽ ഇന്ത്യൻ ഭരണഘടനയുടെ 178-ാം അനുച്ഛേദം അനുസരിച്ച് ഒരു സ്പീക്കറുടെ പദവിയെ സംബന്ധിച്ചുള്ള ധാരണയുണ്ട്. അതിന് വിരുദ്ധമായി ചെയറിന്റെ മാന്യതയ്ക്ക് കളങ്കം ചാർത്തുന്ന പ്രസ്താവന നടത്തിയ ബഹുമാനപ്പെട്ട മെമ്പറെ താക്കീത് ചെയ്യണം. അല്ലെങ്കിൽ അദ്ദേഹം മാപ്പ് പറയണം എന്ന കാര്യമാണ് ഞാൻ മുന്നോട്ട് വയ്ക്കുന്നത്.

ശ്രീ. എ. എൻ. ഷംസീർ: സർ, എന്നെ താക്കീത് ചെയ്യുന്നുണ്ടെങ്കിൽ നിങ്ങളെ അഞ്ച് തവണ സസ്പെൻഡ് ചെയ്യേണ്ടിവരും. കാരണം അതൊരു colloquial usage ആണ്, disrespect അല്ല. ബഹുമാനപ്പെട്ട ചെയറിനെ പൂർണ്ണമായും റെസ്പെക്ട് ചെയ്യുന്ന ഒരാളാണ് ഞാൻ. 'നിങ്ങൾ' എന്നത് തലശ്ശേരിയിൽ colloquial ആയി യൂസ് ചെയ്യുന്ന പദമാണ്. അത് insult അല്ല. അത് insult ആയി നിങ്ങൾക്ക് തോന്നിയെങ്കിൽ അദ്ദേഹത്തോട് പരസ്യമായി apologise ചെയ്യുന്നതിന് എനിക്ക് ഒരു മടിയുമില്ല. അതാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

മി. സ്പീക്കർ: ശ്രീ. മുഹമ്മദ് മുഹസിൻ പി.-ക്ക് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതിയെ പിന്താങ്ങി സംസാരിക്കാവുന്നതാണ്. അദ്ദേഹത്തോടും അഭ്യർത്ഥിക്കാനുള്ളത്, ബില്ലിന്മേലുള്ള ചർച്ചയ്ക്ക് സമയ പരിധിയില്ലെങ്കിലും സ്വയം നിയന്ത്രണം പാലിക്കുമെന്ന് കരുതുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു. വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ് ഇവിടെ നിയമമാക്കാൻ അവതരിപ്പിച്ചിട്ടുള്ളത്. Covid Pandemic നമ്മുടെയെല്ലാവരുടെയും ജീവിതം പ്രതീക്ഷിക്കാത്തത്ര ദുസ്സഹമാക്കി എന്നത്

നമുക്കറിയാം. പലരെയും ഇന്ന് നമ്മുടെ കൂടെയില്ലാതെയാക്കി. മരണം മാത്രമല്ല, നമ്മുടെ ജീവിതമാകെ വലിയ രീതിയിൽ ഇംപാക്കുണ്ടാക്കി. ഒരുപക്ഷേ ഞാനൾപ്പെടെയുള്ള ജനറേഷൻ ഇങ്ങനെയൊരു pandemic കഴിഞ്ഞത് വായിച്ചിട്ടുണ്ട് എന്നല്ലാതെ അനുഭവിച്ചിട്ടില്ല. ക്വാറന്റൈനും ഐസൊലേഷനും ലോക്ക്ഡൗണും എല്ലാം വളരെ പെട്ടെന്ന് ജീവിതത്തിന്റെ ഭാഗമായി മാറി. Fundamental right ആയി നമ്മൾ കരുതുന്ന പല കാര്യങ്ങളും- സഞ്ചരിക്കാനുള്ളതും തടിച്ചുകൂടാനുള്ളതുമായ സ്വാതന്ത്ര്യമാവാം; അങ്ങനെയുള്ള കാര്യങ്ങളെല്ലാം മാറ്റിനിർത്തപ്പെടുന്ന അല്ലെങ്കിൽ ഒഴിവാക്കേണ്ടതായിട്ടുവന്ന ഒരു ഘട്ടം വന്നു. അത് ആരുടെയെങ്കിലും right ഹനിക്കാനല്ല. ഈ മഹാമാരി നമ്മുടെ ജീവിക്കാനുള്ള അല്ലെങ്കിൽ ജീവിക്കുന്ന എന്ന സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുന്ന സാഹചര്യം വന്നപ്പോൾ ജീവിക്കാൻവേണ്ടിയാണ് ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഈ ആക്ട് നിലവിലുണ്ടായിരുന്ന ആക്ടുകളെ ഇല്ലായ്മ ചെയ്തുകൊണ്ട് സമഗ്രമായ ആക്ടായി മാറുകയാണ്. ഒരു പക്ഷേ ഭാവിയിൽ കൂടുതൽ കാര്യങ്ങൾ നമുക്ക് ഉൾച്ചേർക്കേണ്ടിവരും. പക്ഷേ ഇപ്പോൾ ഇത് പാസ്സാക്കേണ്ട അടിയന്തര സാഹചര്യമുണ്ട്. പ്രതിപക്ഷത്തെ പല അംഗങ്ങളും ഇതിന് യാതൊരു അടിയന്തര സാഹചര്യവുമില്ലെന്ന് പറഞ്ഞു. തിരൂർ അംഗം ഇത് വേണമെങ്കിൽ ഒന്നുരണ്ട് കൊല്ലമൊക്കെ എടുത്ത് അത്യാവശ്യം ആളുകളോടൊക്കെ ചോദിച്ചിട്ട് മതി എന്നുള്ള രീതിയിലൊക്കെ പറഞ്ഞു. വേറെ പല അംഗങ്ങളും പല കാര്യങ്ങളും പറഞ്ഞുകൊണ്ട് ഇത് പെട്ടെന്ന് എടുക്കേണ്ടതില്ല എന്നാണ് പറഞ്ഞത്. ഒരു ഓർഡിനൻസായിത്തന്നെ നിലനിൽക്കുകയും ഓരോ തവണയും ആ രീതിയിലേയ്ക്ക് പോകുകയും ചെയ്യുന്നത് ഒരു ജനാധിപത്യ സമൂഹത്തിന് ചേർന്നതല്ല. പരമാവധി നിയമസഭ നടക്കുന്ന സമയത്ത് അത് പാസ്സാക്കുക എന്നുള്ളതാണ്. ഈ കോവിഡ് സാഹചര്യത്തിൽ എല്ലാ സമയത്തും നിയമസഭ കൂടാൻ കഴിയില്ല. അതുകൊണ്ടാണ് ഇത് പെട്ടെന്ന് പാസ്സാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം ഇത് അത്ര പ്രാധാന്യമില്ല, പെട്ടെന്ന് വേണ്ടതില്ല എന്നുപറയുന്ന ആളുകൾ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. നമ്മൾ കോവിഡ് രണ്ടാം തരംഗത്തിന്റെ മുമ്പിലാണ്. പലർക്കും ശ്വസിക്കാൻ ഓക്സിജൻപോലും കൊടുക്കാൻ കഴിയാത്ത ഒരു രാജ്യത്താണ് നമ്മൾ ജീവിക്കുന്നത്. ശവപ്പറമ്പുകളിൽപ്പോലും മണിക്കൂറുകളോളം ക്യൂ നിൽക്കുന്ന സാഹചര്യം നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ, തലസ്ഥാനത്തടക്കം ഉണ്ട്. നദികളിൽ തേങ്ങ അല്ലെങ്കിൽ മറ്റ് പലതുമൊക്കെ ഒഴുകിപ്പോകുന്നത് കണ്ടിട്ട് അതെടുക്കാൻ ചെറുപ്പത്തിൽ പുഴയിലൊക്കെ ചാടിയിട്ടുണ്ട്. എന്നാൽ ഇന്ന് ഉത്തരേന്ത്യയിൽ, പ്രത്യേകിച്ച് ഉത്തർപ്രദേശിലുൾപ്പെടെ പല പുഴകളിലും

മനുഷ്യന്റെ ജഡങ്ങളാണ് ഒഴുകുന്നത്. നഗരവും ഗ്രാമങ്ങളും തമ്മിൽ വലിയ വ്യത്യാസങ്ങളുണ്ട്. ഗ്രാമങ്ങളിൽ പലരും കോവിഡ് പോസിറ്റീവാകുന്നതു കൊണ്ടാണോ മരിക്കുന്നത് എന്നുപോലും അറിയാതെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ആളുകൾ മരിച്ചു കൊണ്ടിരിക്കുകയാണ്. വെന്റിലേറ്ററും ഓക്സിജനും മറ്റ് അനുബന്ധ സൗകര്യങ്ങളൊന്നും കിട്ടാതെ ഒരുപാട് പേർ മരിക്കുന്ന ഒരു രാജ്യത്ത് വാക്സിൻ ഇന്നും എല്ലാവർക്കും ലഭ്യമാക്കാനുള്ള ഒരു നയംപോലും സ്വീകരിക്കാത്ത, ഈ രാജ്യത്ത് പട്ടിണി കിടക്കുന്ന, കോവിഡുമൂലം ജീവിതം ദുസ്സഹമായ ആളുകളെ സഹായിക്കാൻപോലും കഴിയാത്ത രീതിയിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് തീരുമാനങ്ങളെടുക്കുമ്പോൾ ജനങ്ങളെ സഹായിക്കാനും സമ്പൂർണ്ണ രോഗമുക്തി ഉണ്ടാക്കാനും അവരുടെ ജീവിതം മെച്ചപ്പെടുത്താനും വേണ്ടിയാണ് ഇത്തരത്തിലുള്ള നിയമങ്ങൾ കേരള നിയമസഭ പാസ്സാക്കുന്നതും മറ്റ് നടപടികൾ സ്വീകരിക്കുന്നതും. ഇതിൽ പല കാര്യങ്ങളും നേരത്തേ ഉണ്ടായിരുന്ന നിയമത്തിലും കേന്ദ്ര നിയമത്തിലുമൊക്കെ ഉള്ളതാണെന്നത് നമുക്കറിയാം. ഫൈനിന്റെയും മറ്റും കാര്യത്തിലാണ് ചെറിയ വ്യത്യാസങ്ങൾ കൂടുതലായിട്ടുള്ളത്. ഇതൊരു ഡ്രാക്കോണിയൻ ലാ അല്ല. കാരണം കുറ്റം ചെയ്യുവരാണെങ്കിലും അവർക്ക് ജാമ്യം അനുവദിക്കാൻ കഴിയുന്ന നിയമമായിട്ടാണ് ചേർത്തിട്ടുള്ളത്. അതുകൊണ്ടുതന്നെ ആളുകളെ ജയിലിൽ അടച്ചിടുന്ന ഒരു സാഹചര്യം ഇതുകൊണ്ടുണ്ടാവില്ല. കേന്ദ്ര നിയമം ഉണ്ടായതുകൊണ്ട് സംസ്ഥാനത്തിന് ഈ നിയമം പാസ്സാക്കാൻ പാടില്ല എന്ന കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞു. അങ്ങനെയാണെങ്കിൽ കർണ്ണാടകം ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളിലും ഇത് പാസ്സാകുമായിരുന്നില്ല. പക്ഷേ കർണ്ണാടകയിലും കേരളത്തിലുമുള്ള വ്യത്യാസമെന്ന് പറഞ്ഞാൽ, കേരളത്തിൽ ഫൈനാണെങ്കിലും തടവാണെങ്കിലും അത്തരത്തിലുള്ള ശിക്ഷാ നടപടികൾ താരതമ്യേന വളരെ മാന്യമായിട്ടുള്ളതും ആളുകളുടെ അവസ്ഥ പരിഗണിച്ചുകൊണ്ടുള്ളതുമാണ്. കർണ്ണാടകത്തിൽ ആറ് മാസത്തിൽ കുറയാത്തതും ഏഴ് വർഷം വരെയുള്ള ജയിൽ വാസം, ഒരു ലക്ഷം രൂപയിൽ കുറയാത്തതും അഞ്ച് ലക്ഷം രൂപവരെയുള്ള തുക ഫൈനായി അടയ്ക്കണമെന്ന തരത്തിൽ സാധാരണ ജനങ്ങൾക്കുപോലും സഹിക്കാൻ കഴിയാത്ത രീതിയിലുള്ള നിയമങ്ങളാണ്. എന്നാൽ ഇവിടെ അങ്ങനെയല്ല. ജനങ്ങളെ കുറച്ചുകൂടി പരിഗണിച്ചുകൊണ്ടും ജനങ്ങൾക്ക് ഇത് അനുസരിക്കണമെന്ന ബോധ്യമുണ്ടാക്കുന്ന രീതിയിലുമുള്ള നിയമനിർമ്മാണമാണ് നടത്തിയിട്ടുള്ളത്.

മത്സ്യബന്ധനവും, സാംസ്കാരികവും, യുവജനകാര്യവുംവകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഇപ്പോൾ നടന്ന ചർച്ചയിൽ ഈ ഗവൺമെന്റ് സ്വീകരിച്ച ഏറ്റവും ശരിയും ശാസ്ത്രീയവുമായ നിലപാടുകളെല്ലാം അങ്ങയുടെ

ശ്രദ്ധയിലുണ്ടല്ലോ. തെറ്റിദ്ധാരണ ജനിപ്പിക്കുന്ന തരത്തിലാണ് പല ചർച്ചയും ഇവിടെയുണ്ടായത്. ഇവിടെ ബഹുമാനപ്പെട്ട അംഗം എ. എൻ. ഷംസീർ പറഞ്ഞതുപോലെ ലോകാരോഗ്യ സംഘടന മുതൽ എല്ലാ പഠനങ്ങളും വ്യക്തമാക്കുന്ന ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടാകും, വാക്സിനേഷൻ കൊണ്ടുമാത്രം ഇതിനെ പ്രതിരോധിക്കാൻ കഴിയില്ല എന്നുള്ളതാണത്. വാക്സിനേഷൻ നടത്തിപ്പും വാക്സിൻ കൃത്യമായി ജനങ്ങൾക്ക് കൊടുക്കുന്നത് സംബന്ധിച്ചും കേന്ദ്ര ഗവൺമെന്റെടുത്ത സമീപനത്തെക്കുറിച്ച് അങ്ങയുടെ ശ്രദ്ധയിലുണ്ടെന്ന് ഞാൻ മനസ്സിലാക്കുകയാണ്. ഇവിടെ സോഫ്റ്റായ ലോക്ഡൗൺ നടത്തേണ്ടതിന്റെ പ്രാധാന്യം ഈ ഗവൺമെന്റ് മനസ്സിലാക്കുന്നുണ്ടെന്ന് അങ്ങേയ്ക്കറിയാം. ഒരാഴ്ചത്തെ ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 5% ആകുന്നതുവരെയും ലോക്ഡൗൺ നിർബന്ധമാണ്. എന്നാൽ, വാക്സിനേഷൻ, ലോക്ഡൗൺ, സോഫ്റ്റ് ലോക്ഡൗൺ, ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് ഒരാഴ്ചയിൽ 5% ആയി കുറയുന്നത് എന്നിവ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തി കേരളത്തിൽ വളരെ ഫലപ്രദമായ ഒരു സംവിധാനമുണ്ടാക്കണം. ഇതിന്റെ സാമ്പത്തിക ഭാഗം വളരെ പ്രധാനമാണ്. ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ സാമ്പത്തിക സ്ഥിതിയും കേന്ദ്രം സഹായിക്കാത്ത പ്രശ്നവും അങ്ങയുടെ ശ്രദ്ധയിലുണ്ടാകുമല്ലോ. അതിനെയെല്ലാം ഓവർകം ചെയ്യാൻ നമ്മൾ ശ്രമിക്കണമെന്ന നിലപാടിന് പ്രാധാന്യം കൊടുക്കുന്ന സമീപനം അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ എന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, കേന്ദ്ര ഗവൺമെന്റിന്റെ വാക്സിൻ നയത്തെ സുപ്രീംകോടതി പോലും അതിശക്തമായി വിമർശിച്ചിരിക്കുകയാണ്. ആഗോള ടെൻഡർ വിളിച്ചുകൊണ്ട് സമ്പൂർണ്ണവും സാർവ്വത്രികവുമായ വാക്സിനേഷന് അടിയന്തരമായി കേന്ദ്ര ഗവൺമെന്റ് വാക്സിൻ എത്തിക്കണമെന്ന കാര്യത്തിൽ പ്രതിപക്ഷവും കേരളത്തിന്റെ കൂടെ നിൽക്കണം. ദൗർഭാഗ്യകരമായ ഒരു കാര്യം എന്തെന്നാൽ, വിമർശിക്കുമ്പോഴും കൂടെ നിൽക്കുന്ന, ക്രിയാത്മകമായ വിമർശനമാണ് എന്നെല്ലാം പ്രതിപക്ഷം പറയുമ്പോഴും കേരളത്തിൽനിന്നുള്ള 18 എം.പി.-മാർ ഈ വാക്സിനേഷനുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇപ്പോൾ എവിടെയാണ് എന്നുള്ളത് അറിയില്ല. സംസ്ഥാന ഗവൺമെന്റിന്റെ ഈ ആവശ്യം പരിഗണിക്കുന്നതിനായി നമ്മുടെ എം.പി.-മാർ എല്ലാവരും ഡൽഹിയിൽ അതിശക്തമായി സമരം ചെയ്യുകയും വേണ്ടിവന്നാൽ നിരാഹാരത്തിലിരിക്കുകയും വേണം. എന്നാൽ അതൊന്നും ചെയ്യാതെ കെ.പി.സി.സി. പ്രസിഡന്റാകാനും ബാക്കിയുള്ള കാര്യത്തിനുംവേണ്ടി നടക്കുകയാണെന്നുള്ള ദൗർഭാഗ്യകരമായ

അവസ്ഥയുണ്ട്. എം.പി.-മാരുടെ ഉത്തരവാദിത്വമില്ലായ്മ തിരിച്ചറിഞ്ഞുകൊണ്ടാണ്, പറ്റിയ തെറ്റ് തിരുത്തിക്കൊണ്ട് ഇടതുപക്ഷമാണ് ഈ സാഹചര്യത്തിൽ അനിവാര്യമെന്നും, ഇടതുപക്ഷ രാഷ്ട്രീയമാണ് ഈ പ്രതിരോധ പ്രവർത്തനങ്ങൾക്കും കോവിഡ്പോലുള്ള മഹാമാരികളിൽനിന്നും ജനങ്ങളെ രക്ഷപ്പെടുത്താൻ ഉതകുവെന്നും മനസ്സിലാക്കി കേരള ജനത ഈ തെരഞ്ഞെടുപ്പിൽ നല്ല വിജയം ഇടതുപക്ഷത്തിന് നൽകിയത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, ഇവിടെ സൂചിപ്പിച്ച 18 എം.പി.-മാരും കേന്ദ്ര സർക്കാരിന്റെ വാക്സിനേഷൻ നയത്തെ സംബന്ധിച്ച് ഏതെങ്കിലും രീതിയിലുള്ള എതിർപ്പുകൾ പ്രകടിപ്പിച്ചതായി അങ്ങേയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ടോ; കേന്ദ്ര ഗവൺമെന്റിന്റെ ഈ വികലമായ നയത്തെ എതിർത്തുകൊണ്ട് ഏതെങ്കിലും രീതിയിലുള്ള സമര പരിപാടിയിലേയ്ക്ക് അവർ പോയിട്ടുണ്ടോ; കേന്ദ്ര ഗവൺമെന്റിന്റെ ഈ വാക്സിൻ നയം അങ്ങേയറ്റം വികലമാണെന്നും അതുകാരണമാണ് വാക്സിനേഷനിൽ പാളിച്ചയുണ്ടായതെന്നും അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, ഒരു സംശയവുമില്ല. കേന്ദ്ര ഗവൺമെന്റിന്റെ നയത്തിൽ ഒരു പ്രധാനപ്പെട്ട കാര്യം, ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന വാക്സിന്റെ വില, ഇന്ത്യയിൽ കൊടുക്കുന്നതിനേക്കാൾ കുറവാണ് ഇന്ത്യയ്ക്ക് പുറത്ത് എന്നതാണ്. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന വാക്സിൻ കുറഞ്ഞ വിലയ്ക്ക് ഇന്ത്യക്കാർക്ക് കൊടുക്കാൻ തയ്യാറാകാത്ത ഒരു രാഷ്ട്രീയ സാഹചര്യം തിരിച്ചറിഞ്ഞുകൊണ്ട് കേരളത്തിന്റെ ആവശ്യം പരിഗണിച്ച് പാർലമെന്റിനകത്തും പുറത്തും ശക്തമായ സമരപരിപാടികളുമായി പോകേണ്ട ആളുകളാണ് എം.പി.-മാർ. ദൗർഭാഗ്യവശാൽ, പത്ര-മാധ്യമങ്ങളിലെ വാർത്തയ്ക്കുവേണ്ടി അന്തിച്ചർച്ചകളിൽ ഒന്നോ രണ്ടോ ആളുകൾ വന്നിരിക്കുന്നു എന്നതിനപ്പുറത്ത് കേരളത്തിന്റെ ഈ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള ഒരു സമരത്തിനും അവർ ഇതുവരെ തയ്യാറായിട്ടില്ല എന്നുള്ളത് ഖേദകരമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ സാർവത്രിക വാക്സിനുവേണ്ടി മറ്റ് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരെയുംകൂട്ടി സമരം ചെയ്യുമ്പോൾ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കമുള്ള യു.ഡി.എഫ്.-ന്റെ ആളുകൾ, ഏറ്റവും കൂടുതൽ എം.പി.-മാർ അവർക്കാണെന്നുള്ളതുകൊണ്ട് അതിശക്തമായ രാഷ്ട്രീയ തീരുമാനമെടുത്തുകൊണ്ട് അതിന് പിന്തുണ നൽകണം, കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം എന്നുകൂടി ഞാൻ അറിയിക്കുകയാണ്.

നമുക്കറിയാം, പ്ലേഗ്, കോളറ, സ്പാനിഷ് ഫ്ലൂ തുടങ്ങി ലോകത്ത് വളരെയധികം ആളുകളെ കൊന്നൊടുക്കിയ പല മഹാമാരികളുമുണ്ടായിട്ടുണ്ട്. ഞാൻ ഓരോന്നും വിശദമായി പറയുന്നില്ല, ബഹുമാനപ്പെട്ട ചെയർ പറഞ്ഞതുകൊണ്ടുതന്നെ സമയം ചുരുക്കി സംസാരിക്കാൻ ആഗ്രഹിക്കുകയാണ്. 1896-97 കാലഘട്ടത്തിൽ ബോംബെയിൽ പടർന്നുപിടിച്ച പ്ലേഗ് കാരണം ദശലക്ഷക്കണക്കിന് മനുഷ്യരാണ് മരണപ്പെട്ടത്. അതിനുശേഷമാണ് കേന്ദ്രത്തിലും തിരുവിതാംകൂറിലും കൊച്ചിയിലും നമുക്ക് ഒരു നിയമമുണ്ടായത്. ഇപ്പോൾ അതുപോലെ അല്ലെങ്കിൽ അതിൽക്കൂടുതൽ ആളുകളെ ബാധിക്കുന്ന ഒരു പകർച്ചവ്യാധി വന്നപ്പോഴാണ് നമ്മൾ ഈ നിയമത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞത്. ഇനി വരാനിരിക്കുന്ന രോഗങ്ങളെക്കൂടി മുന്നിൽക്കണ്ട് ഈ നിയമം കൂടുതൽ enrich ചെയ്യുന്ന രീതിയിലേയ്ക്ക് ഭാവിയിൽ പോകേണ്ടിവരും. എന്നാൽ ഈ അടിയന്തര സാഹചര്യത്തിൽ നാം ഈ നിയമം പാസ്സാക്കി മുന്നോട്ട് പോവുകയാണ് ചെയ്യേണ്ടത്. പല പകർച്ചവ്യാധികളെക്കുറിച്ചും പഠിച്ചപ്പോൾ അവയൊന്നും പൂർണ്ണമായും തുടച്ചുനീക്കാൻ കഴിയില്ലെന്ന് ഇതിനോടകം മനസ്സിലാക്കിയിട്ടുണ്ട്. 1896-നുശേഷം പ്ലേഗുകാരണം, 2002-ൽ ഹിമാചൽ പ്രദേശ് (4 മരണം), 2004-ൽ ഉത്തരാഖണ്ഡ് (3 മരണം), 1994-ൽ ഗുജറാത്തിലെ സൂറത്ത്, ബോംബെ, ഡൽഹി, കൽക്കട്ട എന്നിവിടങ്ങളിലായി ആകെ 57 മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജനറ്റിക് മ്യൂട്ടേഷൻ വന്നാൽ അത് ഏത് രീതിയിലാണ് സംഭവിക്കുക എന്നുള്ളത് നമുക്ക് തിരിച്ചറിയാൻ കഴിയാത്ത സാഹചര്യമുണ്ട്. എനിക്ക് പറയാനുള്ളത്, നമ്മൾ റിസർച്ചിന്റെ സാധ്യതകൾ കുറച്ചുകൂടി വർദ്ധിപ്പിക്കണം. ഇത്തരത്തിലുള്ള പകർച്ചവ്യാധികൾ ഉണ്ടാകുന്ന സാഹചര്യം, ഏതൊക്കെ തരത്തിൽ ഇതിന്റെ മ്യൂട്ടേഷൻ സംഭവിക്കാം, അത് എന്തെല്ലാം ഇംപാക്റ്റുണ്ടാക്കും എന്നുള്ളതെല്ലാം തിരിച്ചറിയണം. കോവിഡ് ഒരു തവണ വന്നാൽ പിന്നെ വരില്ല, ഒരു പനിപോലെയാണ്, വലിയ പ്രശ്നമില്ല എന്നൊക്കെ ജനങ്ങളുടെ മനസ്സിൽ പൊതുവെ ഒരു ധാരണയുണ്ടായിരുന്നു. രണ്ടാം തരംഗം ഇത്രയും കൂടാനുള്ള ഒരു പ്രധാനപ്പെട്ട കാരണം ഇതാണ്. പക്ഷെ ഇത് വന്നതിനുശേഷം ആരോഗ്യ പ്രശ്നങ്ങളുണ്ടാവുകയും ചിലർക്ക് രണ്ടും മൂന്നും തവണയൊക്കെ വരികയും ചെയ്തപ്പോഴാണ് ആളുകൾക്ക് ഇതിന്റെ ഗൗരവം മനസ്സിലായത്. കോവിഡിന്റെ രൂപഭാവങ്ങൾ മാറി, അത് ബാധിച്ച് മരിക്കുന്നവരുടെ എണ്ണം കൂടി. സ്പാനിഷ് ഫ്ലൂ ആണെങ്കിൽ നേരെ തിരിച്ചായിരുന്നു, എന്നാൽ ഇത് രൂക്ഷമാകുന്ന രീതിയിലേയ്ക്കാണ് പോയത്. ഇനി മൂന്നാം തരംഗത്തിലേയ്ക്കാണ് നാം പോകുന്നത്. തീർച്ചയായും ഈ നിയമംകൊണ്ട് മൂന്നാം തരംഗത്തെ പിടിച്ചുനിർത്താൻ കഴിയണം. ആ സാഹചര്യം മനസ്സിലാക്കി നാം മുന്നോട്ട് പോകണം.

നമ്മുടെ രാജ്യത്താകമാനം ഉണ്ടാക്കുന്ന നിയമങ്ങളിൽ കുറച്ചുകാര്യം കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. ഇങ്ങനെയുള്ള പകർച്ചവ്യാധികൾ വരുന്ന സമയത്ത് അശാസ്ത്രീയമായ പല ചികിത്സകളെക്കുറിച്ചും പറയുന്നവരുണ്ട്. നമ്മുടെ രാജ്യത്തെ അഭ്യസ്തവിദ്യരായ പലരുംതന്നെ കൊറോണ മാറും എന്നുപറഞ്ഞ് ചാണകത്തിൽ കുളിച്ചിരിക്കുകയും ഗോമൂത്രം കുടിക്കുകയുമാണ്. ഒരാൾ സാനിറ്റൈസർ, ഗോമൂത്രം എന്നിവ മൂക്കിലൂടെ ഒഴിച്ചിട്ട് മരിച്ചുപോയ സാഹചര്യംവരെയുണ്ടായി. ഇത്തരത്തിലുള്ള പ്രാക്ടീസുകൾ വലിയ അപകടം ഉണ്ടാക്കും. സമൂഹത്തിലെ ഉന്നതരായ പലരും പറയുമ്പോൾ ഇത് വിശ്വസിച്ച് അത്തരത്തിലുള്ള കാര്യങ്ങൾ ചെയ്തുപോകുന്ന സാധാരണക്കാരായ ആളുകളുണ്ട്. പതഞ്ജലി ഉടമ ശ്രീ. ബാബാ രാംദേവ് ഉൾപ്പെടെയുള്ളവർ പ്രചരണം നടത്തിയത് നമ്മൾ അടുത്തകാലത്ത് കണ്ടതാണ്. ഇതോടൊപ്പം കോവിഡുമായി ബന്ധപ്പെട്ട് വ്യാജവാർത്തകളും ശാസ്ത്രീയ അടിത്തറയില്ലാത്ത വിവരങ്ങളും നൽകുന്ന സാഹചര്യവുമുണ്ടായി. അത് നമ്മുടെ രാജ്യത്ത് പലയിടത്തും പലതരത്തിലുള്ള വിപത്തുകൾ ഉണ്ടാക്കുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മുഹമ്മദ് മുഹസിൻ, ചുരുങ്ങിയ വാക്കുകളിൽ സംസാരിക്കു.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഭാഗ്യവശാൽ കേരളത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസവും ഇടപെടൽ ശേഷിയും നമ്മുടെ പൊതുമണ്ഡലവും കുറച്ചുകൂടി മെച്ചപ്പെട്ടതായതുകൊണ്ട് അത്തരത്തിലുള്ള വ്യാജവാർത്തകൾ കുറച്ചൊക്കെ കൈകാര്യം ചെയ്യാൻ നമുക്ക് സാധിക്കും.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നിയമസഭ കഴിഞ്ഞ പ്രാവശ്യം ചർച്ചചെയ്ത അന്ധവിശ്വാസങ്ങൾക്കെതിരായിട്ടുള്ള നിയമം ഒരു ഘട്ടംവരെ പുരോഗമിച്ചെങ്കിലും പിന്നീട് വന്നില്ല. ഈ സാഹചര്യത്തിൽ ആ നിയമം കൂടി വരേണ്ടതല്ലേ?

ശ്രീ. മുഹമ്മദ് മുഹസിൻ പി. : സർ, നിയമങ്ങൾ മാത്രം വന്നാൽ പോര, അന്ധവിശ്വാസങ്ങളെ പൊളിച്ചുകളയാൻ പറ്റുന്ന രീതിയിൽ അതിശക്തമായ അവബോധംതന്നെ വേണം. അത്തരത്തിലുള്ള ചർച്ചകളും പരിപാടികളും ശാസ്ത്രീയമായ തെളിവുകൾ വച്ചിട്ടുള്ള പരിപാടികളും പൊതുമണ്ഡലങ്ങളിൽ വേണം. ഒപ്പം നിയമങ്ങൾകൂടി ഉണ്ടാകുമ്പോഴാണ് അത് ശക്തമാകുന്നത്. ഞാൻ ഈ ബില്ലിന്റെ ചർച്ചയിൽ ഇത് പറയണ്ട എന്ന് വിചാരിച്ചതാണ്, പക്ഷെ നിവൃത്തിയില്ല. എനിക്കുമുമ്പ് സംസാരിച്ച ചില യു.ഡി.എഫ്. അംഗങ്ങൾ, പ്രത്യേകിച്ച് മുസ്ലീം ലീഗിലെ അംഗങ്ങൾ ഉൾപ്പെടെയുള്ളവർ ഈ pandemic-നെയും വിഭജനത്തിന് ഉപയോഗിക്കുന്നതായി കാണുന്നു. മലപ്പുറം

ജില്ലയിലെ വാക്സിനേഷൻ 16 ശതമാനമെന്ന് അവർ ആവർത്തിച്ച് പറയുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് 40 ശതമാനത്തിന് മുകളിലാണെന്ന് പറഞ്ഞതിനുശേഷവും തെറ്റിദ്ധാരണയുണ്ടാക്കി, മലപ്പുറം ജില്ലയെ ഏതോ തരത്തിൽ പ്രത്യേകം വിഭാഗമായി പരിഗണിച്ചുകൊണ്ട് സർക്കാർ അവഗണിക്കുന്നുവെന്ന രീതിയിൽ പ്രചരിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുന്നുണ്ട്. ഒരുപക്ഷെ ആ രാഷ്ട്രീയമായിരിക്കും അവരുടെ നിലനിൽപ്പിനാവശ്യം. ഈ നാടിന്റെ ഒറ്റക്കെട്ടായ പ്രതിരോധ പ്രവർത്തനങ്ങളെ തകർക്കരുതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു കാര്യംകൂടി മനസ്സിലാക്കേണ്ടതുണ്ട്, മലപ്പുറം ജില്ലയിൽ തുടക്കത്തിൽ വാക്സിനേഷന് അപേക്ഷ കൊടുക്കുന്ന സമയത്ത് എത്രപേരാണ് കൊടുത്തത് എന്ന കാര്യംകൂടി നമ്മൾ പരിശോധിച്ചാൽ, മറ്റ് ജില്ലകളിൽനിന്ന് വ്യത്യസ്തമായി ആദ്യഘട്ടത്തിൽ കുറവായിരുന്നു എന്നുള്ളത് മനസ്സിലാക്കാം.

ശ്രീ. പി. കെ. ബഷീർ: സർ, വാക്സിൻ എടുക്കുന്നത് ഓൺലൈൻ/സ്പോട്ട് രജിസ്ട്രേഷൻ മുഖേനയാണ്. അതിനുപകരം അതാത് പി.എച്ച്.സി. മുഖാന്തരം ആ പഞ്ചായത്തിലെ സാധാരണക്കാരായ ആളുകൾക്ക് സ്പോട്ട് രജിസ്ട്രേഷന് അവസരമുണ്ടാക്കിക്കൂടെ? ബഹുമാനപ്പെട്ട മന്ത്രിക്ക് അക്കാര്യത്തിൽ ശ്രദ്ധവേണമെന്നാണ് എനിക്ക് പറയാനുള്ളത്. മലപ്പുറം ജില്ലയിലെ അവസ്ഥ, ചിലർ നിരക്ഷരരായിരിക്കും അവർക്ക് ഓൺലൈനായി അപേക്ഷ കൊടുക്കാൻ കഴിയില്ല. അവരെയും അല്ലാത്തവരെയും ഒരേപോലെ കാണരുത്, അത് മനസ്സിലാക്കണം. ബഹുമാനപ്പെട്ട മെമ്പർക്ക് വിവരവും വിദ്യാഭ്യാസവു മൊക്കെയുണ്ടാകും. ചിലപ്പോൾ ഇതൊന്നും അറിയാത്ത ആൾക്കാരുമുണ്ടാകും. നമ്മൾ ഇതിൽ രാഷ്ട്രീയം കാണുകയല്ല വേണ്ടത്. ഇതൊരു പകർച്ചവ്യാധിയാണ്, ഇതിനെ പ്രതിരോധിക്കാൻ നമുക്ക് കഴിയണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മുഹമ്മദ് മുഹസിൻ, താങ്കൾക്ക് ഇനി എത്ര മിനിട്ടുകൂടി വേണം? വകുപ്പ് തിരിച്ച് ചർച്ച ചെയ്യാനുള്ളതാണ്, വളരെ പെട്ടെന്ന് അവസാനിപ്പിക്കണം.

ശ്രീ. മുഹമ്മദ് മുഹസിൻ പി. : സർ, എനിക്ക് അഞ്ച് മിനിട്ടുകൂടി മതി, ഞാൻ വളരെ പെട്ടെന്ന് അവസാനിപ്പിക്കാം. വാക്സിൻ എല്ലാവർക്കും ലഭ്യമാക്കണം, അതിന് നല്ല മാനദണ്ഡമുണ്ടാകണം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു. എന്നാൽ ഒരു കാര്യം പറയുന്നതിനിടയ്ക്കാണ് അത് പറഞ്ഞത്. മുസ്ലീം ലീഗ് അംഗങ്ങൾതന്നെ പള്ളിയും ആരാധനാലയങ്ങളും തുറക്കുന്ന കാര്യം പറഞ്ഞു. ഇതിനെ ചുറ്റിപ്പറ്റിയാണ് ആ പാർട്ടിയുടെ രാഷ്ട്രീയം എന്നുള്ളതുകൊണ്ടായിരിക്കും അവർ അത് പറയുന്നത്. ബഹുമാന്യരായ സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങളോ, കാന്തപുരം എ.പി. അബൂബക്കർ

മുസ്‌ലിയാരോ, മുജാഹിദ് പ്രസ്ഥാനങ്ങളുടെ നേതാക്കളുമൊക്കെ ആരാധനാലയങ്ങളെ ഇത്തരത്തിൽ രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി വലിച്ചിഴക്കരുതെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇവിടെ നിയമസഭ നടക്കുന്നതുപോലെ എന്തുകൊണ്ട് ആരാധനാലയങ്ങളിൽ നടത്തിക്കൂട എന്നാണ് ചോദിക്കുന്നത്. നിയമസഭ ഒന്നേയുള്ളൂ, ആരാധനാലയങ്ങൾ അതുപോലെയല്ല. ആ സാഹചര്യങ്ങൾ കൃത്യമായി പറഞ്ഞിട്ടുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, പോയിന്റ് ഓഫ് ഓർഡർ. മുസ്ലീം പള്ളികളുമായി ബന്ധപ്പെട്ട ഒരു പ്രശ്നവും ഈ നിയമസഭയിൽ ഞങ്ങൾ ഉന്നയിച്ചിട്ടില്ല. പള്ളികളിൽ സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണം ശരിക്കും പാലിച്ചവരാണ് മുസ്ലീങ്ങൾ. മുസ്ലീങ്ങളെയും മുസ്ലീം ലീഗിനെയും ഒരേ നിലയിൽ കാണേണ്ട ആവശ്യമില്ല. ഞാൻ എന്റെ പ്രസംഗത്തിൽ പള്ളികളെക്കുറിച്ച് മാത്രമല്ല അമ്പലങ്ങളെക്കുറിച്ചും പറഞ്ഞിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പരിശോധിക്കാം.* ഇനിയും ഒരാൾ സംസാരിക്കാനുണ്ട് അതുകൊണ്ട് ശ്രീ. മുഹമ്മദ് മുഹസിൻ പെട്ടെന്ന് നിർത്തണം.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഞാൻ പെട്ടെന്ന് നിർത്താം. മുസ്ലീമും മുസ്ലീംലീഗും ഒന്നാണെന്നാണ് സ്ഥാപിക്കുന്നത്. മുസ്ലീംലീഗിനെ രാഷ്ട്രീയപരമായി വിമർശിച്ചാൽ അത് ഇസ്ലാമിനെ വിമർശിച്ചുവെന്നുള്ള നിലയ്ക്ക് തരം തിരിക്കുകയാണ്. കോവിഡ് പ്രതിരോധ പ്രവർത്തന നടപടികളുമായി മുന്നോട്ടുപോയപ്പോഴാണ് ആരാധനാലയങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മുഹമ്മദ് മുഹസിൻ സബ്ജക്ടിലേയ്ക്ക് വരൂ.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഞാൻ സബ്ജക്ടിലേയ്ക്കാണ് വരുന്നത്. കോവിഡ് സാഹചര്യം വേറെയൊരു തരത്തിൽ ഉപയോഗിക്കരുത്. ...(ബഹളം)... ഇവിടെ നേരത്തെ നടന്നത് അപകടമുണ്ടാക്കുന്ന ചർച്ചകളാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.. പ്ലീസ്... ഇരിക്കൂ. ...(ബഹളം)... ശ്രീ. പി. കെ. ബഷീർ ഇരിക്കൂ.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, 1400 വർഷങ്ങൾക്കുമുമ്പ്, ഈ pandemic വരുന്നതിനുമുമ്പ് പകർച്ചവ്യാധികളെ കണ്ടുകൊണ്ട് ഇസ്ലാം ഒരു കാര്യം പറഞ്ഞു. നിങ്ങളുടെ നാട്ടിൽ ഒരു പകർച്ചവ്യാധി സംഭവിക്കുകയാണെങ്കിൽ നിങ്ങൾ എവിടെയാണോ അവിടെ നിൽക്കണമെന്നാണ് ബഹുമാനപ്പെട്ട പ്രവാചകൻ

---

*ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 9041/ഇ.ബി./2021/നി.സെ.) സഭാരേഖയിൽ നിലനിർത്തി.

പറഞ്ഞത്. കോവിഡിന്റെ പ്രതിരോധമായാലും മറ്റേത് പകർച്ചവ്യാധിയുടെ കാര്യത്തിലാണെങ്കിലും ഇങ്ങനെ വളരെ വ്യക്തമായി ഒരു മതം പറയുകയാണ്. ഇത് പ്രവാചകൻ പറഞ്ഞതാണ്. വളരെ ശ്രദ്ധിച്ച് അത്തരം കാര്യത്തിൽ നടപടിയെടുക്കണമെന്ന് പറയുമ്പോൾ, പള്ളിയെ വലിച്ചിഴച്ചുകൊണ്ട് മറ്റൊരു തരത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനത്തിനുള്ള നിയന്ത്രണങ്ങളെ വ്യഖ്യാനിക്കുന്ന കാര്യങ്ങൾ ഉണ്ടാകാൻ പാടില്ലെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. ഒരുപാട് കാര്യങ്ങൾ പറയണമെന്നുണ്ട്, അതൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. കോവിഡ് പ്രതിരോധത്തെ സംബന്ധിച്ച് ഒരു കാര്യം മാത്രം പറയാം, ഇതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി പിടിച്ചുനിൽക്കാൻ കഴിഞ്ഞത് കേരളം ഇടതുപക്ഷം ഭരിക്കുന്നതുകൊണ്ടാണെന്നുള്ളതിൽ സംശയമില്ല. ഏറ്റവും കൂടുതൽ കച്ചവടവത്കരിക്കപ്പെട്ട മേഖലയാണ് ആരോഗ്യം. വികസിത രാജ്യങ്ങൾക്കുപോലും കാലിടറിയ ഒരു കാലഘട്ടമാണിത്. കേരളത്തിലെ ഹെൽത്ത് ഇൻഫ്രാസ്ട്രക്ച്ചറിന്റെ കാര്യങ്ങൾ നമ്മൾ വർദ്ധിപ്പിച്ചു, സാധാരണക്കാരന് ചികിത്സ ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തി. വരാനിരിക്കുന്ന കാലത്ത് സോഷ്യലിസവും ക്യാപ്പിറ്റലിസവും തമ്മിലുള്ള യുദ്ധം നടക്കുന്നത് ആരോഗ്യ മേഖലയെക്കുറിച്ചായിരിക്കുമെന്നാണ് ഇപ്പോൾ ആളുകൾ പറയുന്നത്. പൊതുജനാരോഗ്യത്തിന് ഏറ്റവും പ്രയോരിറ്റി കൊടുക്കുകയാണ്. കേരളം മാത്രമല്ല ക്യൂബ, വിയറ്റ്നാം ഉൾപ്പെടെയുമുള്ള രാജ്യങ്ങൾ ഇതിന് മാതൃകയാണ്. ഇങ്ങനെ പബ്ലിക് ഹെൽത്ത് എമർജൻസിയുണ്ടാകുന്ന സമയത്ത് അത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് സാധാരണക്കാരെയും അവരുടെ ജീവനെയും ജീവിതത്തെയുമാണ്. ഈ അസാധാരണ സാഹചര്യത്തിൽ ജീവനും ജീവിതവും സംരക്ഷിക്കാനുള്ള അസാധാരണ നടപടി സ്വീകരിച്ചുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ഭരണം ഇന്ത്യയ്ക്കും ലോകത്തിനും മാതൃകയായ സാഹചര്യം നമ്മൾ മനസ്സിലാക്കണം. ഇന്ത്യയിലാദ്യമായി കോവിഡ് പാക്കേജ് പ്രഖ്യാപിച്ച സംസ്ഥാനം കേരളമാണ്. ഹെൽത്ത് ക്രൈസിസ് ഉണ്ടാകുമ്പോൾ സാമൂഹികവും സാമ്പത്തികവുമായ പ്രതിസന്ധിയുണ്ടാകും. അങ്ങനെ വലിയ പ്രതിസന്ധിയിലേയ്ക്കും തൊഴിലില്ലായ്മയിലേയ്ക്കും നമ്മുടെ നാട് പോയി. വ്യക്തികളെയും കുടുംബങ്ങളെയും അത് ബാധിച്ചു. ആദിവാസികൾ, കർഷകർ, സ്ത്രീകൾ, ഭിന്നശേഷിക്കാർ, കുട്ടികൾ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, അസുഖബാധിതരായവർ ഇങ്ങനെ വിവിധ തരത്തിലുള്ള വിഭാഗങ്ങളെയെല്ലാം പരിഗണിക്കുന്ന തീരുമാനങ്ങളാണ് ഗവൺമെന്റെടുത്തത്. ലോക സാഹചര്യങ്ങൾകൂടി പഠിച്ചിട്ടുവേണം വിമർശിക്കേണ്ടത്. കൈ കഴുകണമെന്ന് പറയുമ്പോൾ ലോകത്തിൽ പല സ്ഥലങ്ങളിലും ശുദ്ധജലമില്ലാതെയും ക്വാറന്റൈനിലും ഐസൊലേഷനിലുമിരിക്കാൻ വീടുപോലുമില്ലാതെയുമുള്ള സാഹചര്യങ്ങളുണ്ട്. എന്നാൽ ഇത്തരം ലോക

സാഹചര്യങ്ങൾ കേരളത്തിലുണ്ടാകാതിരിക്കാൻ സർക്കാരെടുത്ത നടപടി ശ്ലാഘനീയമാണ്. Access to health care, ആശുപത്രികളിൽ ഹെൽത്ത് കെയർ സംവിധാനങ്ങൾ ഉപയോഗിക്കാനുള്ള സാഹചര്യങ്ങളുണ്ടാകണം. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലുമതില്ല, കേരളത്തിലുണ്ട്. ഉണ്ട് എന്ന് പറയുമ്പോൾ, അത് നിങ്ങൾകൂടി ഉണ്ടാക്കിയതാണെന്ന് പറയും. എന്നാൽ അതുമാത്രമല്ല, ഈ കോവിഡ് സാഹചര്യത്തിൽ ഡി.സി.സി.-കൾ ഉണ്ടാക്കുന്നു. വീടുകളിൽ ചികിത്സിക്കാൻ കഴിയാത്ത ആളുകളെ ഡി.സി.സി.-കളിലെത്തിക്കുന്നു. അതോടൊപ്പം സി.എഫ്.എൽ.ടി.സി.-കൾ ഉണ്ടാക്കുന്നു, അവിടെ ചികിത്സ കൊടുക്കുന്നു. പ്രാഥമിക ചികിത്സ പറ്റാതെയാകുമ്പോൾ അവിടെനിന്ന് സെക്കന്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേയ്ക്ക് കൊണ്ടുപോകുന്നു. അതിനുശേഷം അവിടെയും പറ്റാത്തതാണെങ്കിൽ അതിനനുസരിച്ചുള്ള ജില്ലാ-താലൂക്കാശുപത്രികളിൽ ചികിത്സിക്കുന്ന സംവിധാനമുണ്ട്. ഇത് മാത്രമല്ല, പ്രൈവറ്റ് ഇൻഫ്രാസ്ട്രക്ച്ചർ കൂടി നമ്മൾ ഉപയോഗിച്ചു. അത് വലിയ ചെലവുണ്ടാക്കുന്ന കാര്യമാണ്. പാവപ്പെട്ടവന് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (KASP) വഴി പ്രൈവറ്റ് ആശുപത്രിയിലും സൗജന്യമായി ട്രീറ്റ്മെന്റ് കൊടുക്കുകയാണ്. ഇത് കമ്മ്യൂണിസ്റ്റ് സർക്കാരിനുമാത്രം കഴിയുന്ന കാര്യമാണ്. മരണത്തിലേയ്ക്ക് ആളുകളെ തള്ളിവിടാതെ അവർക്ക് വലിയ സഹായം ചെയ്തുകൊണ്ട്, കൺട്രോൾ റൂമുകൾ സ്ഥാപിച്ച് കാര്യങ്ങൾ കൃത്യമായി അന്വേഷിച്ച് എവിടെയാണ് ബെഡ്ഡുകൾ ഒഴിവുള്ളതെന്ന് കണ്ടെത്തി അത് പ്രൈവറ്റാണോ സർക്കാരാണോയെന്ന് നോക്കാതെ അവിടേയ്ക്ക് കൃത്യമായി ആളുകളെ എത്തിക്കുന്നൊരു ഗവൺമെന്റ് സംവിധാനം ഇവിടെയുണ്ട്. അത്തരത്തിലുള്ള നടപടി സ്വീകരിച്ചുകൊണ്ടാണ് നമ്മൾ മുന്നോട്ട് പോകുന്നത്. കോവിഡ് രോഗബാധിതരുടെ എണ്ണം വർദ്ധിക്കുമ്പോൾ സ്വാഭാവികമായും പ്രതിരോധ പ്രവർത്തനങ്ങളുടെ താളം തെറ്റും.

ആളുകൾ പട്ടിണി കിടക്കാതിരിക്കാൻ 80 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് ഒരു വർഷത്തിലധികമായി, കൃത്യമായി ഭക്ഷ്യധാന്യ കിറ്റ് കൊടുക്കുന്ന ഒരു ഗവൺമെന്റ് ഇന്ത്യയിൽ എവിടെയാണുള്ളത്; അത് ഇടതുപക്ഷ ചിന്താഗതിയുള്ള ഒരു ഗവൺമെന്റിനുമാത്രം കഴിയുന്നതല്ലേ? വരുമാനമില്ലാതെ വീടുകളിലിരിക്കുന്ന പ്രായമായ ആളുകൾക്ക് പെൻഷൻ എത്തിക്കേണ്ടതല്ലേ; ആ പെൻഷൻ വർദ്ധിപ്പിച്ച് വീട്ടിലെത്തിച്ച് കൊടുത്തു. പെൻഷൻ ഇല്ലാത്ത ബി.പി.എൽ. കുടുംബങ്ങൾക്ക് ഫണ്ട് എത്തിച്ചു. പട്ടിണി കിടക്കുന്ന സാഹചര്യമുണ്ടായപ്പോൾ കമ്മ്യൂണിറ്റി കിച്ചണുണ്ടാക്കി. കേന്ദ്ര ഗവൺമെന്റ് സുപ്രീംകോടതിയിൽ കൊടുത്ത കമ്മ്യൂണിറ്റി കിച്ചണുകളുടെ കണക്കിൽ തൊണ്ണൂറ് ശതമാനവും കേരളത്തിൽ ആരംഭിച്ചതാണ്. ഈ ഒരാശയം, ആളുകൾ പട്ടിണി കിടക്കാതിരിക്കാൻ

കമ്മ്യൂണിറ്റി കിച്ചൺ/ ജനകീയ ഹോട്ടലുകൾ വഴി ഭക്ഷണം ലഭ്യമാക്കാനുള്ള തീരുമാനങ്ങൾ വെറുതെ ഉണ്ടായതല്ല. 1940-കളിൽ അല്ലെങ്കിൽ അതിനുമുമ്പ് കോളറയും വസൂരിയും പടർന്നുപിടിച്ചപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെക്രട്ടറിയായിരുന്ന പി. കൃഷ്ണപിള്ള, പാർട്ടി ലെവി ഉൾപ്പെടെ കൊടുത്തുകൊണ്ട് എല്ലാ സഖാക്കൾക്കും ഇവരെ സംരക്ഷിക്കാനുള്ള കടമയുണ്ടെന്ന് പറഞ്ഞിട്ടുണ്ട്, ആ പാരമ്പര്യമാണിത്. അതുമാത്രമല്ല, സഖാവ് കെ. ആർ. ഗൗരിയമ്മ തിരു-കൊച്ചി സഭയിൽ പ്രസംഗിക്കുമ്പോൾ, വീടുകളിൽനിന്ന് ആളുകൾ പുറത്തിറങ്ങാതെ വീട്ടിലിരിക്കാനുള്ള സൗകര്യമുണ്ടാകണം, അതിന് അവർക്ക് അരിയെത്തിക്കണം എന്ന് പറഞ്ഞത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പാഠമായിരുന്നു. അത്തരത്തിലുള്ള നടപടികളാണ് ഈ ഗവൺമെന്റ് കൈക്കൊണ്ടത്. അതുകൊണ്ടാണ് നമുക്ക് ഇപ്പോൾ കോവിഡ് മഹാമാരിയുടെ വ്യാപനം പിടിച്ചുനിർത്താൻ കഴിഞ്ഞത്. എന്നാൽ വരാനിരിക്കുന്ന മൂന്നാം തരംഗം അപകടകരമായൊരു സാഹചര്യത്തിലേയ്ക്ക് പോകും. അതിനെ കരുതിയിരിക്കാൻ, ഭരണ/പ്രതിപക്ഷ അംഗങ്ങൾ മാത്രമല്ല, പൊതുജനങ്ങളെല്ലാവരും ഈ മഹാമാരിയെ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങളിൽ ഒന്നിച്ചുനിൽക്കണം. ഈ രാജ്യത്തെ ജനങ്ങളുടെ ശബ്ദം കേൾക്കാത്ത കേന്ദ്ര ഗവൺമെന്റിനെതിരെ ഇന്ത്യയുടെ പാർലമെന്റിലും പാർലമെന്റിന്റെ പരിസരത്തുംപോയി കേരളത്തിൽനിന്നുള്ള എല്ലാ എം.പി.-മാരും അതിശക്തമായി പ്രതിരോധിക്കുകയും പ്രതിഷേധിക്കുകയും ചെയ്തുകൊണ്ട് കേരള ഗവൺമെന്റിനെ സപ്പോർട്ട് ചെയ്യണമെന്നുകൂടി ഈ ഘട്ടത്തിൽ പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു. ചരിത്രത്തിൽ ഇടം പിടിക്കുന്ന ഒരു ബില്ലായി ഇത് മാറും. കോവിഡ് മഹാമാരിയും കടന്നുപോകും. ഇതിനെയും നമ്മൾ അതിജീവിച്ച് മുന്നോട്ടുപോകും. ഈ ഗവൺമെന്റ് എടുത്ത നടപടികൾ വരാനിരിക്കുന്ന തലമുറ വളരെ സന്തോഷത്തോടുകൂടി പഠിക്കും. അതിന് ഭാഗമാകാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു. നന്ദി.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) ഭേദഗതിയെ പിന്താങ്ങുന്നു. ഈ ബിൽ അവതരിപ്പിച്ചത് ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയാണ്. ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥരെയോ അതുമായി ബന്ധപ്പെട്ട ആളുകളെയോ പരിഗണിക്കാതെ, റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അധികാരം നൽകാവുന്ന തരത്തിൽ, അവർക്ക് കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന രീതിയിലുള്ളതാണ് ഈ ബിൽ എന്നാണ് ഇത് വായിക്കുമ്പോൾ മനസ്സിലാകുന്നത്. നോട്ടിഫിക്കേഷൻ ആരോഗ്യ വകുപ്പിന്റേതാണ്, നേരിടാനുള്ളത്

പൊതുജനാരോഗ്യ പ്രശ്നമാണ്. എന്നാൽ ആരോഗ്യ വകുപ്പിന്റെ സ്വന്തം എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് ഈ നിയമത്തിൽ ഒരു പങ്കും നൽകിയിട്ടില്ല. നിലവിൽ കോവിഡ് നിയന്ത്രണത്തിൽ സ്തുത്യർഹമായി പ്രവർത്തിക്കുന്ന പൊതുജനാരോഗ്യ വിഭാഗത്തിലെ ജില്ലാ മെഡിക്കൽ ഓഫീസർ മുതൽ ഡെപ്യൂട്ടി ഡി.എം.ഒ., ടെക്നിക്കൽ അസിസ്റ്റന്റ്, മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർവരെ വിവിധ തലങ്ങളിലുള്ള ഹെൽത്ത് ഓഫീസർമാരുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർമാർ വരെയുള്ളവർ നിലവിൽ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുമാണ്. എന്നാൽ ഇവർക്കാർക്കും പുതിയ ഓർഡിനൻസ് പ്രകാരം നിയമലംഘനങ്ങൾക്ക് പിഴ ഈടാക്കാനോ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഇടപെടാനോ സാധിക്കാത്ത വിധമാണ് ഈ ബിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇതിന്റെ പരിപൂർണ്ണമായ അധികാരം കളക്ടർക്ക് നൽകി ജനപ്രതിനിധികളെ ഒഴിവാക്കി നിർത്തിയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഇത് ആരോഗ്യ വകുപ്പിന്റേതാക്കി മാറ്റാനെങ്കിലും അങ്ങ് ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഇവിടെ പള്ളികളുടെ കാര്യങ്ങളും ലീഗിനെയും മുസ്ലീം സമുദായത്തെയുമൊക്കെ സംബന്ധിച്ച് പറഞ്ഞു. എന്തുവന്നാലും ലീഗിനെതിരെ ഒരു കൊട്ട് കൊട്ടിയേ പോകാൻ പറ്റുകയുള്ളൂവെന്ന തരത്തിലായിരിക്കാം അത്. ആകട്ടെ, അത് ചെറിയൊരു അസുഖമാണ്. ഈ നിയമത്തിൽ എഴുതിവച്ചിരിക്കുന്നത് പൊതുസ്ഥലങ്ങളിലും മതപരമായ സ്ഥാപനങ്ങളിലും വ്യക്തികൾ കൂട്ടംകൂടുന്നത് നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യണമെന്നതാണ്. ഇത് ദുർവ്യാഖ്യാനം ചെയ്യപ്പെട്ടാൽ നാളെ സമൂഹത്തിലുണ്ടാകാവുന്ന അപകടകരമായ അവസ്ഥയെയാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ ചൂണ്ടിക്കാണിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന് ലീഗിനെയും സമുദായത്തെയും മുസ്ലീമിനെയുമൊക്കെ ബന്ധപ്പെടുത്തി, പ്രവാചകന്റേതായ കാര്യങ്ങളെക്കുറിച്ചൊക്കെ പറഞ്ഞുകൊണ്ടുള്ള മോശമായ രൂപത്തിലുള്ള അവതരണം താങ്കൾക്ക് യോജിച്ചതായിരുന്നില്ലെന്ന അഭിപ്രായമാണ് എനിക്കുള്ളതെന്ന് പറയാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. കേരളത്തിലെ വർദ്ധിച്ച ജനസാന്ദ്രതയും മലിനമാകപ്പെടുന്ന അന്തരീക്ഷവും അതിനെയെല്ലാം നിസ്സംഗമായി നോക്കി നിൽക്കുന്ന വകുപ്പുകളുടെ ഏകോപനമില്ലായ്മയും മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകളുടെ ഫലമായി കാലാവസ്ഥയിൽ വരുന്ന മാറ്റങ്ങളും അവയുടെ ഭാഗമായുണ്ടാകുന്ന അസന്തുലിതാവസ്ഥയുടെ ഫലമായി മനുഷ്യന്

പ്രതിരോധശേഷി നഷ്ടപ്പെടുന്നതുകൊണ്ടാണ് ഇന്ന് നിരവധി സാംക്രമിക രോഗങ്ങൾ കടന്നുവന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞകാലങ്ങളിലുണ്ടായ പ്ലേഗ്, വസൂരി, ക്ഷയം തുടങ്ങിയ രോഗങ്ങളെയെല്ലാം അതിജീവിച്ചുകൊണ്ട് കടന്നുപോയ ജനതയ്ക്കുമേൽ പുതിയതായി നിരവധി സാംക്രമികരോഗങ്ങൾ വരുന്നതായി കാണാൻ സാധിക്കും. ഇപ്പോൾ കൊറോണ വന്നു, അതിനെക്കുറിച്ച് നമ്മൾ പരിശോധിക്കുന്നു, അതിജീവിക്കാനുള്ള ശ്രമം നടത്തുന്നു, നല്ല നിലയിൽ മുന്നോട്ട് പോകുന്നു. അതിനെ നമ്മളെല്ലാവരും ഒന്നിച്ച് നേരിടുന്നു. ഇവിടെ ബഹുമാന്യരായ പ്രതിപക്ഷനേതാവും ഉപനേതാവുമുൾപ്പെടെ പ്രതിപക്ഷമൊന്നടങ്കം ഗവൺമെന്റെടുക്കുന്ന നടപടികളുടെ കൂടെനിൽക്കുമെന്ന് ആവർത്തിച്ചാവർത്തിച്ച് പറയുന്നു. അതിനെ സംശയിക്കുന്ന അവസ്ഥയിലേയ്ക്ക് ഭരണപക്ഷം പോകുന്നത് ഖേദകരമാണെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ കൊറോണയുടെ രണ്ടാം തരംഗമാണ്, അത് മൂന്നാം തരംഗമായി മാറുന്നതിനിടയ്ക്കാണ് ബ്ലാക്ക് ഫംഗസ്, യെല്ലോ ഫംഗസ്, വൈറ്റ് ഫംഗസ് തുടങ്ങിയ സാംക്രമിക രോഗങ്ങൾ ഈ സംസ്ഥാനത്തും ഇന്ത്യാ രാജ്യത്തും ലോകത്തൊട്ടാകെയും വന്നുകൊണ്ടിരിക്കുന്നത്. അതിനെയൊക്കെ അതിജീവിക്കാൻ കഴിയാവുന്ന തരത്തിൽ ഈ ബിൽ ഉപയോഗപ്പെടുത്താനുള്ള ശ്രമമാണ് ഗവൺമെന്റിൽനിന്നും ആരോഗ്യ വകുപ്പിൽനിന്നുമൊക്കെ ഉണ്ടാകേണ്ടതെന്ന് സൂചിപ്പിക്കാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളെക്കുറിച്ചൊക്കെ, അതിലെ നാലാം വകുപ്പുമായും അഞ്ചാം വകുപ്പുമായും ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങളൊക്കെ ഇവിടെ നിരവധി അംഗങ്ങൾ സൂചിപ്പിച്ചു. സമയം പരിമിതമായതുകൊണ്ട് അക്കാര്യങ്ങളെക്കുറിച്ച് വിശദീകരിച്ച് സമയം കളയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

2.00 PM]

ഞാൻ പൊതുവായ ചില കാര്യങ്ങൾ മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് മാത്രമേ ആഗ്രഹിക്കുന്നുള്ളൂ. ഇവിടെ സാംക്രമിക രോഗങ്ങളുണ്ടാകുമ്പോൾ അതിന് തടയിടുന്നതിനാവശ്യമായ സുസ്ഥിരമായ നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട സന്ദർഭമാണിത്. മെഡിക്കൽ-ഗവേഷണ രംഗത്ത് സ്വകാര്യ മേഖല വഹിക്കുന്ന പങ്കുപോലും സർക്കാർ മേഖലയിലുള്ള സ്ഥാപനങ്ങൾ ചെയ്യുന്നില്ല എന്ന് വ്യക്തമായി പരിശോധിച്ചാൽ കാണാൻ സാധിക്കും. കഴിഞ്ഞ ഓരോ വർഷവും കോടിക്കണക്കിന് രൂപയാണ് ഓരോ സർവ്വകലാശാലയും ചെലവിടുന്നത്. എന്നാൽ ഇതിന്റെ ഗുണഫലം നമുക്ക് കിട്ടുന്നുണ്ടോ എന്ന്

പരിശോധിക്കണം. 1971-ൽ സ്ഥാപിതമായ കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് ലാബ് സ്ഥാപിക്കാൻ കിഫ്ബിയിൽ നിന്ന് 200 കോടി രൂപ നൽകിയിട്ടുണ്ടായിരുന്നു. ഇതുപോലെ വിവിധ മെഡിക്കൽ കോളേജുകൾക്ക് കോടിക്കണക്കിന് രൂപ നൽകിയിട്ടും ഗവേഷണ രംഗത്ത് യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല എന്ന് നമുക്ക് കാണാൻ സാധിക്കും. Stratford University നടത്തിയ ഒരു പഠനത്തിന്റെ ഭാഗമായി വന്ന റിപ്പോർട്ടനുസരിച്ച് ഇന്ത്യയിൽനിന്ന് 1499 ആളുകൾ മാത്രമാണ് ഗവേഷണ രംഗത്തേയ്ക്കുണ്ടായത്. അതിൽത്തന്നെ കേരളത്തിന്റെ വിഹിതം 57 മാത്രമാണ്, അതായത് 12 ശതമാനം. അതുതന്നെ വിവിധ ദേശീയ യൂണിവേഴ്സിറ്റികളിലുള്ളവരായിരുന്നു. എന്നാൽ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽനിന്നോ മെഡിക്കൽ യൂണിവേഴ്സിറ്റികളിൽനിന്നോ അല്ലെങ്കിൽ ആ രംഗത്തുനിന്ന് ഒരാളുപോലും ഗവേഷണ രംഗത്തുണ്ടായില്ല എന്ന പരിതാപകരമായ അവസ്ഥാവിശേഷം നിലനിൽക്കുകയാണ്. 19-ാം നൂറ്റാണ്ടിൽ പ്ലേഗിന് ആദ്യമായി വാക്സിൻ കണ്ടുപിടിച്ച രാജ്യമാണ് നമ്മുടേത്. ഇന്ത്യാ രാജ്യത്തിനുതന്നെ ഏറ്റവും മാതൃകാപരമായി ആരോഗ്യ രംഗത്ത് കേരള മോഡൽ എന്നുപറഞ്ഞ് അഭിമാനം കൊള്ളുന്ന ഒരു സംസ്ഥാനത്ത് ശാസ്ത്ര-സാങ്കേതിക വിദ്യകൾ ഇത്രമേൽ വർദ്ധിച്ച കാലഘട്ടത്തിൽ അതിനനുസൃതമായി കോടിക്കണക്കിന് രൂപ നീക്കിവച്ചിട്ടുപോലും അത് ഉപയോഗപ്പെടുത്താതെ ഇല്ലാതാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന അവസ്ഥാവിശേഷമാണ് നില നിൽക്കുന്നത്. ഇക്കാര്യം പരിശോധിക്കുകയും വലിയൊരു പ്രതിസന്ധി നേരിടുന്ന ഈ സന്ദർഭത്തിൽ അത് തിരുത്തി മെഡിക്കൽ യൂണിവേഴ്സിറ്റികളിൽ അതിനാവശ്യമായ സൗകര്യങ്ങൾ നൽകി അവരെ ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള ശ്രമം നടത്തണമെന്ന് സന്ദർഭോചിതമായി ഞാൻ സൂചിപ്പിക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിനടുത്തുതന്നെയാണ് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുള്ളത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞതിനെ ഞാൻ അങ്ങേയറ്റം മാനിക്കുന്നു. കാരണം ഇത്തരമൊരു പ്രതിസന്ധിയുടെ ഘട്ടത്തിലാണ് നമുക്ക് ഇതുസംബന്ധിച്ചുള്ള ഗവേഷണങ്ങളും അതുപോലെ പുതിയ ഇടപെടലുകളുമൊക്കെ നടത്താൻ സാധിക്കുക. കേരളം അതിൽ നന്നായി പങ്കെടുത്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോ. ചാന്ദിനിയുടെ നേതൃത്വത്തിലുള്ള ഒരു സംഘം കോഴിക്കോട് കേന്ദ്രമാക്കി കോവിഡിന്റെ വകഭേദങ്ങൾ (ജിനോ മാപ്പിംഗ്) സംബന്ധിച്ചുള്ള റിസർച്ച്

ആദ്യമായി നടത്തുകയും അതിന്റെ റിസൾട്ടിന് ഫലമുണ്ടാകുകയും സർക്കാരത് പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ വാക്സിൻ ഉൽപ്പാദിപ്പിക്കാനാവശ്യമായ റിസർച്ച് കേരളത്തിന് നടത്താൻ സാധിക്കില്ല. അത് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടിട്ടുള്ള വിഷയമാണ്. നമ്മളൊരു ശ്രമം നടത്തിയിട്ടുണ്ടെങ്കിലും അത് പോരാ; ഇനിയും ഭാവിയിൽ ഈ മേഖലയിൽ നമുക്ക് കൂടുതൽ മുന്നോട്ടു പോകേണ്ടതാണ് എന്നത് ഓർമ്മിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, അതുതന്നെയാണ് ഞാനും സൂചിപ്പിച്ചത്. നമുക്കിവിടെ സ്വന്തമായി ഒരു വാക്സിൻ നിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ സാധിക്കില്ലെങ്കിൽപ്പോലും കേരളത്തിന്റെ മെഡിക്കൽ യൂണിവേഴ്സിറ്റികളിൽ നമ്മുടെ ഇൻഫ്രാസ്ട്രക്ച്ചറും മാൻപവറും ഉപയോഗപ്പെടുത്തിക്കൊണ്ട് അതിലേയ്ക്ക് ആളുകൾ കടന്നുവരുന്നില്ല എന്നാണ് ഞാൻ പറഞ്ഞത്. കേരള സംസ്ഥാനത്ത് സ്വകാര്യ-ഗവൺമെന്റ് സ്ഥാപനങ്ങളായ 33-ഓളം മെഡിക്കൽ കോളേജുകളും പ്രഗൽഭരായ ഡോക്ടർമാരും ഉണ്ടായിട്ടും അവരൊന്നും അത്തരത്തിലുള്ള മേഖലകളിലേയ്ക്ക് കടന്നുവരുന്നില്ലെന്നത് പരിഹരിക്കാൻ ഇത്തരമൊരു സന്ദർഭത്തിൽ എങ്ങനെ സാധിക്കുമെന്ന് ഗവൺമെന്റ് പരിശോധിക്കണമെന്നാണ് ഞാൻ സൂചിപ്പിച്ചത്. പൊതുജനാരോഗ്യത്തെക്കുറിച്ച് നമ്മൾ അഭിമാനം കൊള്ളുന്നവരാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞതുപോലെ കഴിഞ്ഞകാലങ്ങളിൽ അവർ നടത്തിയ ഒട്ടേറെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടന്ന കാര്യങ്ങളെക്കുറിച്ച് നമുക്കറിയാം. അത് ഒന്നുകൂടി അപ്ഡേറ്റഡായി/ മെച്ചപ്പെടുത്തി കൊണ്ടുവന്ന് നമ്മളിന്ന് നേരിടുന്ന ഈ പ്രയാസത്തെ അതിജീവിക്കാൻ കഴിയാവുന്ന കപ്പാസിറ്റിയുള്ള തരത്തിലേയ്ക്ക് ഉയരാൻ സാധിക്കണമെന്നാണ് ബിൽ അവതരിപ്പിക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ മനസ്സിലുണ്ടാകേണ്ടത് എന്നുമാത്രമേ ഞാൻ സൂചിപ്പിക്കുന്നുള്ളൂ.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വാക്സിൻ വിതരണം നടത്തിയതിലുള്ള അസന്തുലിതാവസ്ഥയെക്കുറിച്ചാണ് ഞാൻ പറയുന്നത്. പ്രാദേശികമായ വിഭജനം ഉണ്ടാക്കാനോ അല്ലെങ്കിൽ മറ്റ് രീതിയിലുള്ള ഒരു വിഭജനമുണ്ടെന്ന് വരുത്തിത്തീർക്കാനോ അല്ല. മറിച്ച് ഇതിന്റെ മുഴുവൻ ഉത്തരവാദി ഗവൺമെന്റും മന്ത്രിയുമാണെന്നൊന്നും പറയുന്നില്ല. പക്ഷേ ഉദ്യോഗസ്ഥർ വാക്സിൻ വിതരണം ചെയ്തിടത്ത് എന്തോ അസന്തുലിതാവസ്ഥ സംഭവിച്ചിട്ടുണ്ട്. ഇപ്പോൾ കേരളത്തിൽ മുഴുവൻ സോഷ്യൽ മീഡിയയിൽ പ്രചരിച്ചുകൊണ്ടിരിക്കുന്ന കണക്കുതന്നെ പ്രസക്തമാണ്. ബഹുമാനപ്പെട്ട അംഗം അത് ശ്രദ്ധിച്ചിട്ടുണ്ടോ എന്നെനിക്കറിയില്ല.

ബഹുമാനപ്പെട്ട അംഗം ശ്രീ. മുഹമ്മദ് മുഹസിൻ പി. സംസാരിച്ചപ്പോഴും ആ തെറ്റിദ്ധാരണ മറ്റ് പലതിന്റെയും പേരിലാണ് ഉണ്ടാക്കുന്നതെന്ന് പ്രചരിപ്പിക്കുകയുണ്ടായി. ശ്രീ. എ. പി. അനിൽ കുമാർ സബ്മിഷനായി അവതരിപ്പിച്ചത് തന്നെയാണിത്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞതാണ്. ഒരു കാര്യം ഉദാഹരണത്തിന് പറയാം, പത്തനംതിട്ട ജില്ലയിൽ മൊത്തം 1197412 ആളുകൾക്ക് മാത്രമാണ് വാക്സിൻ വിതരണം ചെയ്തിട്ടുള്ളത്. എന്നുപറഞ്ഞാൽ മൊത്തം ജനസംഖ്യയുടെ 42 ശതമാനത്തിനുമാത്രം. തിരുവനന്തപുരത്ത് 1044614 ആളുകൾക്ക് വാക്സിൻ കൊടുത്തു, അതായത് ജില്ലയുടെ മൊത്തം ജനസംഖ്യയുടെ 30 ശതമാനംമാത്രം. മലപ്പുറത്ത് കഴിഞ്ഞ മേയ് 20-ാം തീയതി കളക്ടർ വിളിച്ചുചേർത്ത നിലവിലുള്ള എം.എൽ.എ.-മാരുടെ യോഗത്തിലെ zoom meeting-ന്റെ തീരുമാനമായി വന്നതാണ്. മാത്രമല്ല, അന്ന് ചീഫ് സെക്രട്ടറി ശ്രീ. വി. പി. ജോയിക്ക് ജനസംഖ്യാടിസ്ഥാനത്തിൽ വാക്സിൻ നൽകണമെന്ന് ഞാൻ വ്യക്തിപരമായി കത്ത് കൊടുത്തു. പാലക്കാട് ജില്ലയിലേയ്ക്ക് കൊടുക്കുന്നത് 5 ലക്ഷം ആളുകൾക്കുള്ളതാണ്. പത്തനംതിട്ട ജില്ലയിലേയ്ക്ക് 1197412 വാക്സിനേഷൻ കൊടുത്തപ്പോൾ മലപ്പുറം ജില്ലയിലേയ്ക്ക് കൊടുക്കുന്നത് 666870 ആണ്. എന്നുപറഞ്ഞാൽ മലപ്പുറം ജില്ലയിൽ 16 ശതമാനം ആളുകൾക്ക് മാത്രമേ വാക്സിനേഷൻ കൊടുക്കുന്നുള്ളൂ. എന്നാൽ പാലക്കാട് ജില്ലയിൽ 20 ശതമാനം ആളുകൾക്കാണ് വാക്സിനേഷൻ കൊടുത്തിട്ടുള്ളത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം, അങ്ങ് പോയിന്റ് പറഞ്ഞ് അവസാനിപ്പിക്കു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഈ അസന്തുലിതാവസ്ഥ തിരുത്താൻ വേണ്ടിയാണ് പറയുന്നത്. അല്ലാതെ കുറ്റപ്പെടുത്താൻ വേണ്ടിയല്ല. അത് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, തീർച്ചയായും.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, മുൻ മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ നിങ്ങൾക്കെന്താണ് പണിയെന്ന് ചോദിച്ചു. 'ഞങ്ങൾ വാക്സിൻ ഉണ്ടാക്കുന്ന ആൾക്കാരാണോ; വാക്സിൻ ഉണ്ടാക്കി സർക്കാർ വാങ്ങിയിട്ട് അത് സപ്ലൈ ചെയ്യണം. അത് ഞങ്ങളുടെ ഡ്യൂട്ടിയല്ല' എന്നു പറഞ്ഞു. മുൻ മന്ത്രി, നിങ്ങളെപ്പോലെ ഒരാൾ അങ്ങനെ ഒരു കമന്റ് അവിടെനിന്ന് പറയാൻ പാടില്ലായിരുന്നു. അതാണ് നമുക്കുണ്ടായ വിഷമം. അതേ ഞാൻ പറഞ്ഞുള്ളൂ. വേറൊന്നും ഞാൻ പറഞ്ഞിട്ടില്ല. നമുക്ക് വാക്സിൻ ഉണ്ടാക്കാൻ കഴിയില്ല. കഴിഞ്ഞിരുന്നെങ്കിൽ എല്ലാവർക്കും കൊടുക്കുമായിരുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടെ നാട്ടിൽ വാക്സിൻ കൊടുക്കുന്ന സമയത്തൊരു ധാരണയുണ്ടായി. ധാരാളം ആളുകൾ വാക്സിനേഷൻ നടക്കുന്ന കേന്ദ്രങ്ങളിൽ വരാൻ മടിച്ചു. ആദ്യഘട്ടത്തിലൊക്കെ ആളുകൾ ഭയന്നോ അല്ലാതെയോ മാറിനിൽക്കുന്ന അവസ്ഥയുണ്ടായി. പിന്നീടാണ് ആളുകൾ വാക്സിനേഷന് വന്നുതുടങ്ങിയത്. പിന്നീട് വാക്സിൻ ആവശ്യമാണെന്നുള്ള ഒരു ഘട്ടം വന്നു. വാക്സിന്റെ പ്രശ്നം ഉന്നയിക്കാൻ നിയമസഭ കൂടുന്നതുവരെ കാത്തിരിക്കേണ്ട കാര്യമില്ലല്ലോ; തങ്ങളുടെ മണ്ഡലങ്ങളിൽ വേണ്ടത്ര വാക്സിൻ കിട്ടിയില്ലെങ്കിൽ അതിൽ കർശനമായ നിലപാട് സ്വീകരിച്ച് സജീവമായി രംഗത്ത് വരേണ്ടവർ എന്ത് ചെയ്യുകയായിരുന്നു എന്നാണ് ഞാൻ ചോദിച്ചത്; സഭ കൂടുന്നതുവരെ കാത്തിരിക്കേണ്ട കാര്യമുണ്ടായിരുന്നോ? (...ബഹളം...)

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട മുൻമന്ത്രി പറഞ്ഞ വാദം ആ രൂപത്തിലെടുത്താൽ നമ്മൾ ദുർബലമാകും. മലപ്പുറം ജില്ലയിൽ കിട്ടാത്തത് നിങ്ങൾ പ്രവർത്തിക്കാത്തതുകൊണ്ടാണെന്ന് പറഞ്ഞാൽ കേരളത്തിന് കിട്ടാത്തത് നിങ്ങൾ പ്രവർത്തിക്കാത്തതുകൊണ്ടാണെന്ന് പറഞ്ഞാൽ കേന്ദ്രത്തോട് തിരിച്ച് ചോദിക്കാൻ പറ്റുമോ; ഈ വാദം കേന്ദ്ര ഗവൺമെന്റ് ചോദിച്ചാൽ, നിങ്ങളിറങ്ങി പ്രവർത്തിച്ച് ഉണ്ടാക്കിക്കോ എന്ന് പറഞ്ഞാൽ പോരെ. ഇത് ഇന്നലെ അവതരിപ്പിച്ച പ്രമേയത്തെ ദുർബലപ്പെടുത്തുന്ന സ്റ്റാൻഡാണ്. ദയവായി അങ്ങ് അതിൽനിന്ന് പിൻമാറണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, അങ്ങേയ്ക്ക് തുടരാം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കോവിഡ് വാക്സിൻ എത്തിയിട്ട് 5 മാസം വാക്സിൻ എടുക്കാൻ വേണ്ടി ആളുകളാരും തയ്യാറായില്ല. 40 ശതമാനത്തോളം ആരോഗ്യപ്രവർത്തകർവരെ അന്ന് വാക്സിൻ സ്വീകരിക്കുന്നതിന് വിമുഖത കാണിച്ച് നിൽക്കുകയായിരുന്നു. പിന്നീടത് ആളുകൾ സ്വീകരിക്കാൻ തയ്യാറായി. രണ്ടാമത്തെ ലോട്ട് കേരളത്തിലേയ്ക്ക് അനുവദിച്ച് വന്നപ്പോൾ കേന്ദ്രത്തിൽനിന്ന് ലഭിച്ച വാക്സിൻ കുറവായിരുന്നു. കേരളത്തിലേയ്ക്ക് വന്ന വാക്സിൻ ജനസംഖ്യാനുപാതികമായല്ല ജില്ലകളിലേയ്ക്ക് വിതരണം ചെയ്തത് എന്നതുകൊണ്ട് മലപ്പുറം ജില്ലയിൽ വാക്സിൻ കുറഞ്ഞുവെന്നത് വാസ്തവമാണ്, അതാണ് ഞാൻ പറയുന്നത്. ബഹുമാന്യരായ അംഗങ്ങളായ ശ്രീ. പി. കെ. ബഷീറും ശ്രീ. പി. സി. വിഷ്ണുനാഥും പറഞ്ഞതുപോലെ മലപ്പുറത്തുകാർക്ക് നേരത്തെ എന്തായിരുന്നു പണിയെന്ന് ചോദിച്ചാൽ കേരള സർക്കാരിന് എന്താണ് പണിയെന്ന് ഞങ്ങൾ തിരിച്ച് ചോദിക്കേണ്ടിവരും. അങ്ങനെയൊരു

വാദപ്രതിവാദത്തിന് വേണ്ടിയല്ല ഈ സന്ദർഭം വിനിയോഗിക്കേണ്ടത്. ഇതിന് പരിപൂർണ്ണ പിന്തുണ നൽകുന്നുവെന്നാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവുൾപ്പെടെയുള്ളവർ ആദ്യമേ പറഞ്ഞത്. അത്തരമൊരു വാദഗതിക്ക് വേണ്ടിയല്ല. വാക്സിൻ മലപ്പുറം ജില്ലയിൽ കുറഞ്ഞുപോയത് ജനസംഖ്യാനുപാതികമായി നമുക്ക് ലഭിച്ചില്ലെന്ന പോരായ്മ കാരണമാണെന്നും അത് നികത്തണമെന്നും ആളുകൾക്ക് വാക്സിൻ ലഭിക്കാനാവശ്യമായൊരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നുമാണ് പറയുന്നത്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, വാക്സിനെ സംബന്ധിച്ച് വലിയ ചർച്ചകൾ നാട്ടിൽ നടക്കുകയാണ്. സംസ്ഥാന ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും നമുക്കാവശ്യമായ വാക്സിൻ കേന്ദ്ര ഗവൺമെന്റിനോട് നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പക്ഷേ ഇത്തരത്തിൽ ആവശ്യപ്പെടുമ്പോഴും അനുവദിച്ച് തരുന്നതിൽ കേന്ദ്ര ഗവൺമെന്റ് കാണിക്കുന്ന അലംഭാവത്തെ ഉയർത്തിപ്പിടിക്കാൻ യു.ഡി.എഫ്.-ന്റെ ആരെങ്കിലും തയ്യാറാകുന്നുണ്ടോ? കേരളത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട 20 എം.പി.-മാരിൽ ഒരു എം.പി. ഒഴികെ ബാക്കി 19 പേരിൽനിന്നും ഇതിനാവശ്യമായ രൂപത്തിൽ ഏതെങ്കിലും തരത്തിലൊരു ശബ്ദം കേരളത്തിൽ എവിടെയെങ്കിലും ഉയർത്തിയതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ദേശാഭിമാനി മാത്രം വായിക്കുന്നതുകൊണ്ടാണത്. കാരണം ബാക്കിയുള്ള 19 എം.പി.-മാരുടെ സ്റ്റേറ്റ്മെന്റ് ദേശാഭിമാനിയിൽ ഉണ്ടാകില്ല. വീക്ഷണം പത്രം നിങ്ങളാരും വായിക്കില്ലെന്ന് ഞങ്ങൾക്കറിയാം. ദേശാഭിമാനി വായിക്കുന്നതിന്റെ അന്ധതയാണ് ബഹുമാനപ്പെട്ട മെമ്പറും അതുപോലെ മറ്റ് പല ആളുകളും സൂചിപ്പിക്കുന്നത്. അതുകൊണ്ട് മറ്റുള്ള എം.പി.-മാർ എന്തുപറയുന്നുവെന്നറിയാൻ മറ്റുള്ള പത്രങ്ങളും വായിക്കണം. ശ്രീ. രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള 19 എം.പി.-മാരും വളരെ ശക്തമായി കേന്ദ്ര ഗവൺമെന്റിനെതിരെ നിലപാടെടുക്കുന്നുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നിങ്ങളുടെ മാത്രമാക്കി മാറ്റാനുള്ള ശ്രമമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെയിരിക്കുന്ന എല്ലാ ജനപ്രതിനിധികളും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ നടത്തുന്നുണ്ട്. കോവിഡ് കഴിയുമ്പോഴാണ് പല മരണങ്ങളുമുണ്ടാകുന്നത്. ചെറുപ്പക്കാരായ ആളുകൾ മരിക്കുന്നതിനെക്കുറിച്ച് പഠനം നടത്തണം. ബാദുഷാ എന്ന ചെറുപ്പക്കാരനായ നല്ലൊരു കാർട്ടൂണിസ്റ്റ് ഇന്നലെ മരിക്കുകയുണ്ടായി. ശ്രീമതി കെ. കെ. ശൈലജ

ടീച്ചർ അതിനെക്കുറിച്ച് എഴുതിയിരുന്നു. അത്തരത്തിൽ ചെറുപ്പക്കാർ മരണപ്പെടുന്നത് എന്തുകൊണ്ടാണ്? കോവിഡ് നെഗറ്റീവായതിനുശേഷമാണ് ഇത്തരം മരണങ്ങൾ കൂടുതലും ഉണ്ടാകുന്നത്. അതിനെക്കുറിച്ചൊരു സ്റ്റഡി നടത്തണം. അല്ലെങ്കിൽ മരണങ്ങൾ കൂടും. മൂന്നാം തരംഗം വന്നുകഴിഞ്ഞാൽ ഇതെവിടെച്ചെന്ന് നിൽക്കും. അതിനെക്കുറിച്ച് സ്റ്റഡി നടത്താനുള്ള സാഹചര്യമുണ്ടാക്കണം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, കോവിഡ് ടെസ്റ്റും ഒന്നും നടത്താതെ 17 ദിവസം കഴിയുമ്പോൾ നിങ്ങൾ പുറത്തേയ്ക്ക് പൊയ്ക്കൊ എന്നുപറയുന്നത് വലിയൊരപകടമാണ്. അക്കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കണം. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഇത് അങ്ങയുടെ പ്രസംഗമാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ഇത് കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനമാണ്, അത് സംസ്ഥാന ഗവൺമെന്റ് തിരുത്തണം. നിങ്ങളത് തിരുത്തുന്നില്ല. (...മൈക്ക് ഓഫ്...)

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ പ്രസംഗമാണ് അങ്ങേയ്ക്ക് സംസാരിക്കാം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി, ഏതായാലും വാക്സിന്റെ ലഭ്യത കൂട്ടുകയും അത് ജില്ലയിലേയ്ക്ക് ജനസംഖ്യാനുപാതികമായി അല്ലെങ്കിൽ ആവശ്യമായി നൽകേണ്ടവർക്ക് ലഭ്യമാക്കുകയും ചെയ്യണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വാക്സിൻ ലഭിക്കുന്നതിനുവേണ്ടി കേരള ഗവൺമെന്റിനായി മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും നിരന്തരം കേന്ദ്ര ഗവൺമെന്റുമായി ആശയവിനിമയം നടത്തുകയുണ്ടായി. ഇന്നലെ നമ്മളെല്ലാവരുംകൂടി കേന്ദ്രത്തോട് വാക്സിൻ വേണമെന്ന് ഒറ്റക്കെട്ടായി ആവശ്യപ്പെട്ടു. ഇതിൽ കൂടുതൽ എന്തെങ്കിലും ചെയ്യാനുണ്ടെങ്കിൽ ദയവായി താങ്കൾ നിർദ്ദേശിക്കണം.

ശ്രീ. എ. എൻ. ഷംസീർ: സർ, നമ്മളിപ്പോൾ വാക്സിനേഷനെക്കുറിച്ച് ചർച്ച ചെയ്യുകയാണ്. വാക്സിൻ സൗജന്യമായി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 11 സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരെ കോ-ഓർഡിനേറ്റ് ചെയ്യാൻ കേരള സംസ്ഥാന മുഖ്യമന്ത്രി മുൻകയ്യെടുത്തുവെന്ന കാര്യം താങ്കളുടെ ശ്രദ്ധയിലുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, എല്ലാ സംസ്ഥാനത്തും എല്ലാവരും വാക്സിൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നത് സ്വാഭാവികമാണ്.

നമ്മൾ നമ്മുടെ കാര്യം നോക്കണ്ടേ, സ്വാഭാവികമായും പറയണ്ടേ, അത് പറയാനാണ് ശ്രീ. പി. കെ. ബഷീറിവിടെ പറഞ്ഞതുപോലെ നമ്മളിവിടെ വാദങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. വാക്സിൻ നമുക്ക് ലഭിക്കണം, അത് ലഭിച്ചാൽ മാത്രമേ വലിയ പാൻഡമിക്കിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂവെന്ന നിലയാണിപ്പോഴുള്ളത്. വാക്സിൻ ലഭിക്കാനുള്ള ശ്രമം നടത്തണം. കുറ്റിപ്പുറം താലൂക്കാശുപത്രി ഉൾപ്പെടെയുള്ള പ്രദേശത്തെ ആർ.ആർ.റ്റി.-മാർക്കുവരെ ഇതുവരെ വാക്സിൻ കിട്ടിയിട്ടില്ല. ആരോഗ്യ പ്രവർത്തകർക്കും ആർ.ആർ.റ്റി.-മാർക്കും മറ്റ് ഉത്തരവാദിത്തപ്പെട്ട ആളുകൾക്കുമൊക്കെ വാക്സിൻ ലഭിക്കാനാവശ്യമായ നടപടിയെന്താണോ അതിനായി പരമാവധി ഗവൺമെന്റ് ശ്രമിക്കുന്നുണ്ടാകാം. മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ആളുകൾ ചോദിച്ചില്ലെന്ന് ഞങ്ങൾ പറഞ്ഞില്ല, പക്ഷേ കിട്ടണം. കിട്ടാനാവശ്യമായ നിലപാട് സ്വീകരിക്കണം. അതിനാണ് ഗവൺമെന്റ്, ഗവൺമെന്റത് കൊണ്ടുവരാനുള്ള ശ്രമം നടത്തണം. മലപ്പുറത്തും വേണമെന്ന് തന്നെയാണ് ഞങ്ങൾ പറയുന്നത്. വാക്സിൻ എല്ലാവർക്കും ലഭിക്കാനാവശ്യമായ നിലപാട് സ്വീകരിക്കണമെന്നാണ് പറയുന്നത്. പോസ്റ്റ് കോവിഡ് മരണത്തെക്കുറിച്ച് ബഹുമാന്യനായ ഡോ. എം. കെ. മുനീർ സാഹിബ് ഇന്നലെയിവിടെ സൂചിപ്പിച്ചു. മരണം എങ്ങനെയാണ് സംഭവിച്ചത് എന്നതിനെക്കുറിച്ച് വ്യാഖ്യാനം നൽകുമ്പോൾ അതിലുള്ള അപാകതകൾ തിരുത്തണമെന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും സംസാരിച്ചു. പോസ്റ്റ് കോവിഡ് മരണം വളരെ വ്യാപകമാണ്. വ്യക്തിപരമായി ഞാനും അനുഭവസ്ഥനാണ്. എന്റെയൊരു co-brother ആയ ഡോ. മുല്ലക്കോയ ദുബായിൽ വച്ച് കോവിഡ് ബാധിതനാവുകയും ആശുപത്രിയിൽ കഴിയവെ ഹൃദയാഘാതംവന്ന് കഴിഞ്ഞ ദിവസം മരിക്കുകയുമുണ്ടായി. മരിക്കുമ്പോൾ അദ്ദേഹം കോവിഡ് നെഗറ്റീവാണ്. അദ്ദേഹത്തിന്റെ മരണം കോവിഡ് മരണമല്ല. കോവിഡാനന്തര രോഗത്തിന്റെ ഫലമായി വരുന്ന പ്രയാസങ്ങളെ നമ്മൾ കാണുകയും അത് ഏത് തരത്തിലാണെന്ന് ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ അതിനാവശ്യമായ നിലപാട് കൂടി ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകുകയും ചെയ്യണം.

(അദ്ധ്യക്ഷവേദിയിൽ മി.സ്പീക്കർ)

ചികിത്സാ രീതികളെക്കുറിച്ച് ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. ആശുപത്രികളിൽ ഐ.സി.യു.-വും എച്ച്.ഡി.യു.-വും വാർഡുമുണ്ട്. ഈ മൂന്ന് മേഖലകളിലും ആളുകൾക്ക് ചികിത്സ നൽകുമ്പോൾ, കേരളത്തിലെ 70 ശതമാനം ആളുകളും പ്രൈവറ്റ് ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. 30 ശതമാനം

പേരാണ് ഗവൺമെന്റ് ആശുപത്രികളെ ആശ്രയിക്കുന്നത്. നമ്മുടെ ഇൻഫ്രാസ്ട്രക്ച്ചർ അത്രയേ ഉള്ളൂ. ഗവൺമെന്റ് നല്ലൊരു കാര്യം ചെയ്തിട്ടുണ്ട്, പ്രൈവറ്റ് ആശുപത്രികളിൽ റേറ്റ് കൺട്രോൾ വരുത്തിയിട്ടുണ്ട്, ഇല്ലെന്ന് പറയുന്നില്ല. റേറ്റ് കൺട്രോൾ വരുത്തിയപ്പോൾ പോസിറ്റിവിറ്റി റേറ്റ് കുറഞ്ഞു. പക്ഷെ മരണ നിരക്ക് കുറഞ്ഞിട്ടില്ല. മരണ നിരക്ക് ഇന്നലെ 213 ആണ്. റേറ്റ് കുറച്ചപ്പോൾ 665 രൂപയ്ക്കും 800 രൂപയ്ക്കുമൊക്കെ കൊടുക്കുന്ന പി.പി.ഇ. കിറ്റടക്കം അല്ലെങ്കിൽ സ്റ്റിറോയിഡടക്കം അതിന്റെ ക്വാളിറ്റി കുറച്ച് ആളുകൾക്ക് കൊടുക്കുന്നതുകൊണ്ടാണോ മരണങ്ങൾ സംഭവിക്കുന്നത് അല്ലെങ്കിൽ അതിന്റെ ക്വാളിറ്റി ആവശ്യമായ രൂപത്തിൽ ഉപയോഗപ്പെടുത്തുന്നില്ലേയെന്ന് സംശയിക്കേണ്ടിവരുകയാണ്. പലതരത്തിലുള്ള സ്റ്റിറോയിഡുകളുമുണ്ട്, മാർക്കറ്റിൽ വില കുറഞ്ഞുകിട്ടുന്ന സ്റ്റിറോയിഡുകളുണ്ട്. സ്റ്റിറോയിഡ്, പി.പി.ഇ. കിറ്റ്, ഐ.സി.യു. തുടങ്ങിയ അനുബന്ധമായ സൗകര്യങ്ങൾ കൊടുക്കുന്നുണ്ടെങ്കിലും രോഗികൾക്ക് ശരിയായ പരിചരണം ലഭിക്കാത്ത ഒരു പ്രയാസമുണ്ട്. അതുകാരണം മരണസംഖ്യ കൂടുകയാണോയെന്ന് ഗവൺമെന്റ് പരിശോധിക്കണം. റേറ്റ് കുറയ്ക്കുകയാണെന്ന് ജനങ്ങളുടെ മുന്നിലൊരു അവകാശവാദത്തിനുവേണ്ടി പറയുമ്പോൾ അതിന്റെ പിന്നിലുള്ള പ്രയാസങ്ങളെക്കുറിച്ചുകൂടി ഗവൺമെന്റ് പഠിക്കേണ്ടിയിരിക്കുന്നു, മനസ്സിലാക്കേണ്ടിയിരിക്കുന്നുവെന്നാണ് ഞാൻ പറയുന്നത്. Ivepred എന്ന ക്വാളിറ്റിയുള്ള സ്റ്റിറോയിഡിനുപകരം വില കുറഞ്ഞ Dexona എന്ന സ്റ്റിറോയിഡ് കൊടുത്താൽ ഒരു പക്ഷേ രോഗിയെ രക്ഷിക്കാൻ കഴിയണമെന്നില്ല. അങ്ങനെയുള്ള നിലപാട് കൂടി അത്തരം ഭാഗങ്ങളിൽ നിന്നുണ്ടോയെന്ന് ഗവൺമെന്റ് പരിശോധിക്കേണ്ടതാണെന്നാണ് ഈ സന്ദർഭത്തിലിവിടെ സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, പരമാവധി പേർക്ക് ഫസ്റ്റ് ഡോസും അതുകഴിഞ്ഞ് സെക്കന്റ് ഡോസും നൽകുകയെന്നതാണ് അടിയന്തര ലക്ഷ്യം. ഇപ്പോഴത്തെ വാക്സിൻ ഉത്പാദന നിരക്കും കേന്ദ്ര-സംസ്ഥാന വിതരണ നിരക്കും കണക്കിലെടുത്താൽ ഈ ലക്ഷ്യം എന്ന് കൈവരിക്കാൻ സാധിക്കുമെന്നതാണ് പ്രധാനപ്പെട്ട ആശങ്ക; ഇത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? Serum Institute of India എത്ര ഡോസ് കോവീഷീൽഡ് വാക്സിൻ നിർമ്മിച്ചിട്ടുണ്ട്; ഇന്ത്യയിൽനിന്ന് എത്രയെണ്ണം കയറ്റുമതി ചെയ്തിട്ടുണ്ട്; ഇന്ത്യാ രാജ്യത്തെ ജനങ്ങൾക്ക് എത്രയെണ്ണം നൽകിയിട്ടുണ്ട് എന്നതും അതുപോലെ Bharat Biotech എത്ര കൊവാക്സിൻ ഉത്പാദിപ്പിച്ചിട്ടുണ്ട്; എത്ര ഡോസ് സ്വന്തം ജനതയ്ക്ക് നൽകിയിട്ടുണ്ട്; എത്രയെണ്ണം കയറ്റുമതി ചെയ്തിട്ടുണ്ട് എന്നുള്ളതിനെ സംബന്ധിച്ച കണക്കും ഇതുവരെ ലഭ്യമാകാത്ത കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തീർച്ചയായും അത്തരം കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഞാൻ മരുന്നുകളുടെ വിലകുറച്ച കാര്യങ്ങളാണ് പറഞ്ഞത്. ഓക്സിജന്റെ വിലകുറച്ച് നൽകണമെന്ന് ഗവൺമെന്റ് പറയുമ്പോൾ, ഓക്സിജൻ ഉത്പാദിപ്പിക്കുന്ന ആളുകൾ അതിന്റെ അമ്പത് ശതമാനം വില ഉയർത്തി. ഓക്സിജൻ വിലകുറച്ച് രോഗികൾക്ക് നൽകണമെന്ന് ഗവൺമെന്റ് നിഷ്കർഷിക്കുമ്പോൾ ഒരുപക്ഷേ 10 ലിറ്റർ ഓക്സിജൻ ഒരു രോഗിക്ക് നൽകുന്ന സമയത്ത് 5 ലിറ്റർ മാത്രമേ നൽകുന്നുള്ളൂവെന്നത് പരിശോധിക്കാനും അങ്ങനെ ആ രോഗി മരണപ്പെട്ടിട്ടുണ്ടോയെന്നറിയാനും എന്തെങ്കിലും മാർഗ്ഗമുണ്ടോ? ഞാൻ പ്രൈവറ്റ് ആശുപത്രികളെ കുറ്റം പറയുകയല്ല. പക്ഷേ, റേറ്റ് കുറച്ചുനൽകണമെന്ന് ഗവൺമെന്റ് തീരുമാനിക്കുമ്പോൾ അതിന്റെ പിന്നിലുള്ള പ്രയാസങ്ങളെക്കുറിച്ചുകൂടി ഗവൺമെന്റ് പരിശോധിക്കണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, അങ്ങേയ്ക്ക് മതിയായ സമയം ലഭിച്ച് കഴിഞ്ഞുവെന്ന് വിചാരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, എല്ലാവരും ഇടപെട്ടുകൊണ്ടാണ്. വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ ഒന്നുരണ്ട് കാര്യങ്ങൾക്കൂടി സൂചിപ്പിച്ച് നിർത്താം. വാക്സിനുമായി ബന്ധപ്പെട്ട് ശ്രീ. ടി. സിദ്ദിഖ് എത്രുലഭിച്ചു, എന്ന് തീരുമെന്നെല്ലാം സൂചിപ്പിച്ചു. നമ്മെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് സെക്ടറിൽ മാത്രമാണ് വാക്സിൻ നൽകിക്കൊണ്ടിരിക്കുന്നത്. പുറമെ ബിംസ് - (ഗുജറാത്ത്)ലും കിംസിലും അമൃതയിലുമുൾപ്പടെ നാലഞ്ച് പ്രൈവറ്റ് ആശുപത്രികളിൽ മാത്രമാണ് വാക്സിൻ നൽകിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തുള്ള മറ്റ് പ്രൈവറ്റ് ആശുപത്രികളിലും രണ്ടാംഘട്ടത്തിൽ വാക്സിൻ നൽകുന്നില്ല; എന്താണ് കാരണം? ഗവൺമെന്റ് ഏത് സമയത്താണ് റേറ്റ് കൺട്രോൾ വരുത്തുകയെന്നറിയില്ല. ലക്ഷക്കണക്കിന് രൂപമുടക്കി ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്ന് വാക്സിൻ വാങ്ങിയാൽ നാളെ ഗവൺമെന്റ് റേറ്റ് കൺട്രോൾ വരുത്തിയാൽ അവർക്ക് ആ തുക നഷ്ടമാകുമെന്ന് കരുതി ആശുപത്രികൾ അംഗീകാരം വേണമെന്ന് പറയുന്നില്ല. അത്തരത്തിൽ റേറ്റ് കൺട്രോളുമായി ബന്ധപ്പെട്ട് ആശുപത്രികൾ അനുഭവിക്കുന്ന പ്രയാസങ്ങളെ എങ്ങനെ പരിഹരിക്കാമെന്നുള്ളത് ഗവൺമെന്റ് കാണണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്.

ശ്രീ. പി. എസ്. സുപാൽ: സർ, വാക്സിനുകളുടെ കാര്യമിവിടെ പറഞ്ഞു. ആർ.ടി.പി.സി.ആർ. ടെസ്റ്റുമായി ബന്ധപ്പെട്ട് സ്വകാര്യ മേഖല അമിതമായി പണമീടാക്കുന്നു എന്ന വിമർശനം ഉയർന്നുവന്നിട്ടുണ്ട്; യു.ഡി.എഫ്.-ഉം അത്

ഉന്നയിച്ചതാണ്. ഗവൺമെന്റ് വളരെ ശക്തമായി ഇക്കാര്യത്തിൽ ഇടപെടുകയും വില നിയന്ത്രിക്കുന്നതിനാവശ്യമായിട്ടുള്ള സംവിധാനമൊരുക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി അതിനെ അനുമോദിച്ചുകൊണ്ടുള്ള നിലപാട് സ്വീകരിച്ചു. പല ആശുപത്രികളിലും കോവിഡ്-19 ചികിത്സയുമായി ബന്ധപ്പെട്ട് അമിതമായി പണമീടാക്കുന്നുവെന്നുള്ള വിമർശനങ്ങൾ ഉയർന്നുവരികയുണ്ടായി. സ്വകാര്യ മേഖലയിൽ ചികിത്സ പാടില്ലെന്ന് ഗവൺമെന്റ് പറയുന്നില്ല. ചികിത്സയാകാം. പക്ഷേ, ആളുകളെ അമിതമായി ചൂഷണംചെയ്യാൻ പാടില്ലെന്ന നിലപാടാണ് സംസ്ഥാന ഗവൺമെന്റ് എടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. ഇതല്ലേ യഥാർത്ഥത്തിൽ വേണ്ടത്? ഒരു പാൻഡമിക് സിറ്റുവേഷനിൽ ആളുകളെ ചൂഷണം ചെയ്യാൻ പാടില്ല. ഒരു സാമൂഹ്യ ബാധ്യത സ്വകാര്യ ആശുപത്രികൾക്കും വേണ്ടേ? അത് പാലിക്കണമെന്ന ഗവൺമെന്റിന്റെ കാഴ്ചപ്പാടിനോട് അങ്ങ് യോജിക്കുന്നില്ലേ?

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, തീർച്ചയായും. അത് പാലിക്കാനാവശ്യമായ മാനദണ്ഡങ്ങളും മാർഗ്ഗങ്ങളും ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് ഞാൻ പറഞ്ഞതും ഉദ്ദേശിച്ചതും. പ്രൈവറ്റ് ആശുപത്രികളിൽ നടക്കുന്ന ചൂഷണങ്ങൾ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് റേറ്റ് കൺട്രോൾ നടത്തിയത് നല്ലതാണെന്നാണ് ഞാൻ പറഞ്ഞത്. പക്ഷേ, ക്വാളിറ്റി കുറച്ചുനൽകുമ്പോൾ, അത് രാജ്യത്തെ ജനങ്ങളെ ബാധിക്കുന്ന അവസരത്തിൽ അതുപരിഹരിക്കാൻ എന്ത് നിലപാടും നടപടിയുമാണ് സ്വീകരിക്കാൻ കഴിയുക എന്ന് ഗവൺമെന്റ് ആലോചിക്കേണ്ടതുണ്ടെന്നാണ് ഞാൻ സൂചിപ്പിച്ചത്. ആ ഒരർത്ഥത്തിൽ അത് പരിശോധിക്കണമെന്നുകൂടി ആവശ്യപ്പെടുകയാണ്. ഇതുപോലെയാണ് വാക്സിൻ നൽകുന്നതെങ്കിൽ നാല് കൊല്ലത്തിനകമെങ്കിലും കേരളത്തിലെ ജനങ്ങൾക്ക് മുഴുവനും വാക്സിൻ നൽകാൻ കഴിയില്ല. അതുകൊണ്ട് എല്ലായിടത്തും ഗവൺമെന്റിന്റെ കൺട്രോളിനനുസരിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ച്, എല്ലാവരും സൂചിപ്പിച്ചതുപോലെ സ്പോട്ടിൽ രജിസ്ട്രേഷൻ നടത്തി വാക്സിനേഷൻ നൽകേണ്ടിവരും. പ്രവാസികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ഞാൻ നേരത്തെ പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. 84 ദിവസം കഴിഞ്ഞ് മാത്രമേ ആപ്പിൽ അപ്‌ലോഡ് ചെയ്യാൻ കഴിയുകയുള്ളൂ. എത്ര കൊടുത്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാലും അപ്‌ലോഡ് ചെയ്യാൻ കഴിയുന്നില്ല. അപ് ലോഡ് ചെയ്തുകൊണ്ട് അവർക്കാവശ്യമായ സൗകര്യം ചെയ്തുകൊടുക്കാനുള്ള നടപടിയുണ്ടാകണം. ആ ഒരർത്ഥത്തിൽ വാക്സിൻ ലഭിക്കുന്നതിനാവശ്യമായ

നിലപാടെടുക്കണം, അല്ലാതെ ഇങ്ങനെപോയാൽ നാല് കൊല്ലത്തിനകമെങ്കിലും ഇത് പരിഹരിക്കാൻ കഴിയില്ല. മൂന്നാം തരംഗം വരികയാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ മൂന്നാം തരംഗം അടുത്ത മാസങ്ങൾക്കകം വരാനിരിക്കുന്നുവെന്ന് സൂചിപ്പിച്ചു. അത്തരം ഭീകരമായൊരവസ്ഥയിൽ നാട്ടിൽ മഴക്കാലവും മൺസൂണും വന്നുകൊണ്ടിരിക്കുകയാണ്. പുതിയ ഫംഗസുകളും സാംക്രമിക രോഗങ്ങളുമൊക്കെ വരാനിരിക്കുന്ന സന്ദർഭത്തിൽ ഇതിന്റെ പരിപൂർണ്ണമായ അർത്ഥത്തിൽ ഈ രൂപത്തിലുള്ള ഒരു ബിൽ വരണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതുകൊണ്ട് ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവസാനിപ്പിക്കുകയാണ്.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സാംക്രമിക രോഗങ്ങളെ തടയുന്നതിനും അതിന്റെ വ്യാപനം പ്രതിരോധിക്കുന്നതിനും നമ്മുടെ സംസ്ഥാനത്തൊരു നിയമം ആവശ്യമാണെന്നത് ഈ സഭയുടെ പൊതുവികാരമാണെന്നാണ് ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചതിനുശേഷം നമുക്കെല്ലാവർക്കും വ്യക്തമാകുന്നത്. 2020-ന്റെ തുടക്കത്തിൽ നമ്മളെല്ലാവരും നേരിട്ടത് ആരോഗ്യ മേഖലയിലെ ഒരു അടിയന്തരാവസ്ഥയാണ്. ആഗോളതലത്തിൽ ഈ മഹാമാരിയെ നേരിടുന്നതിന് ശാസ്ത്രീയമായൊരു സംവിധാനം നിലവിൽ വരുന്നതിനുമുമ്പുതന്നെ നടപടിക്രമങ്ങൾ ഇവോൾവ് ചെയ്യുന്നതിൽ നമ്മുടെ സംസ്ഥാനം നേതൃപരമായ പങ്ക് വഹിച്ചിട്ടുണ്ട്. അപകടകരവും അതിതീവ്ര വ്യാപനശേഷിയുള്ള ഒരു വൈറസ്, പബ്ലിക് ഹെൽത്തിൽ മികച്ച് നിൽക്കുന്ന വിദേശ രാജ്യങ്ങൾ പോലും അടിപതറി സ്തംഭിച്ചുനിൽക്കുന്ന അവസ്ഥ. ആരോഗ്യ മേഖലയിൽ നാസികിലുൾപ്പെടെ വിദേശത്ത് പ്രവർത്തിക്കുന്ന നമ്മുടെ സഹോദരങ്ങൾ വീഡിയോകളെടുത്ത് നമുക്കയച്ചുതന്നു. അതിൽ അവർ പറഞ്ഞുകരഞ്ഞു; ഒരു വെന്റിലേറ്ററിൽനിന്ന് പ്രായമായ ആളെ എടുത്തു മാറ്റി മറ്റൊരാളെ അവിടെ കിടത്തുകയാണ്. മാറ്റിയ ആൾ തൊട്ടുമുന്നിൽ മരണത്തിലേയ്ക്ക് പിടഞ്ഞുപോകുന്നത് കണ്ടുനിൽക്കേണ്ട അതിദയനീയ അവസ്ഥ. നമ്മുടെ ആരോഗ്യ പ്രവർത്തകർ, നമ്മുടെ സഹോദരങ്ങൾ, മറ്റ് വിദേശ രാജ്യങ്ങളിലുള്ളവർ അവരുടെ അനുഭവം നമ്മളുമായി പങ്ക് വച്ചിട്ടുണ്ട്. അത്രയും ഭീകരമായ ഒരവസ്ഥയിലാണ് കോവിഡ്-19 മഹാമാരിയെ നേരിടുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ നമ്മൾ ആലോചിച്ചത്. നമ്മൾ ആദ്യമായി ക്വാറന്റൈൻ, ഐസൊലേഷൻ, മാസ്ക്, സാനിറ്റൈസർ, ആളുകൾ കൂട്ടംകൂടരുത് എന്നൊക്കെ കേട്ടു. സഭയിൽ ചർച്ചകൾ വന്നു. പക്ഷേ, നിയന്ത്രണങ്ങൾ നടപ്പിലാക്കാൻ നമുക്ക് നിയമമില്ല. രാവിലെ ഇവിടെ പറഞ്ഞതുപോലെ 1897-ലെ കേന്ദ്ര നിയമത്തിൽ കേരള സംസ്ഥാനത്തെ

പല പ്രദേശങ്ങളും ഉൾപ്പെട്ടിട്ടില്ല. ആകെ ഉൾപ്പെട്ടിട്ടുള്ളത് മദിരാശിയുടെ ഭാഗമായിരുന്ന മലബാറാണ്. റെഗുലേഷൻസ് ഫോം ചെയ്യണം. സംസ്ഥാനത്തിന് പൊതുവായിട്ടൊരു നിയമം വേണം. മാത്രമല്ല, പഴയ തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ നിലനിന്നിരുന്ന 1072-ലെയും 1073-ലെയും കൊച്ചി- തിരുവിതാംകൂർ ആക്ട് ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടേയുള്ളൂ. അതിന്റെ ഉള്ളടക്കങ്ങളൊന്നും ഇപ്പോൾ വ്യക്തമല്ല. ആ നിയമങ്ങളെല്ലാം ക്രോഡീകരിച്ചുകൊണ്ട് നമുക്കിവിടെ ശക്തമായിട്ടുള്ളൊരു നിയമം വേണം. ഇതാണ് ഏറ്റവും ചുരുക്കത്തിൽ ഇതിന്റെ പശ്ചാത്തലം. അങ്ങനെയാണ് 2020 മാർച്ചിൽ ആദ്യ ഓർഡിനൻസ് പുറപ്പെടുവിക്കുന്നത്. തുടക്കത്തിൽ ഞാൻ പറഞ്ഞതുപോലെ കേന്ദ്ര നിയമത്തിന്റെ റെഗുലേഷൻസ് എന്നുപറഞ്ഞ് അതിൽ നമ്മൾ ഓർഡിനൻസ് വച്ചു. പക്ഷേ, അതിലൊരു സാങ്കേതിക പ്രശ്നമുണ്ടായിരുന്നു. സംസ്ഥാനത്തിന്റെ എല്ലാഭാഗത്തും ആ നിയമം ബാധകമല്ലാത്തതുകൊണ്ട് അതുവച്ച് റെഗുലേഷൻസ് രൂപീകരിക്കാൻ കഴിയുമായിരുന്നില്ല. നമ്മൾ അത് അമെന്റ് ചെയ്തു. വീണ്ടും അത് ഒന്നുകൂടി സംയോജിപ്പിച്ചുകൊണ്ട് പുതിയ ഓർഡിനൻസ് സെപ്റ്റംബർ മാസത്തിൽ പുറപ്പെടുവിച്ചു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഓർഡിനൻസിലും ബില്ലിലെ Statement of Objects and Reasons-ലും ഗുരുതരമായ പിഴവ് സംഭവിച്ചിട്ടുണ്ട്. Central Act repeal ചെയ്യുന്നുവെന്ന് ഓർഡിനൻസിൽ പറഞ്ഞിട്ടുണ്ട്. ഇവിടെ പറഞ്ഞിരിക്കുന്നത് എന്താണ്? "1897-ലെ The Epidemic Diseases Act (Central Act 3 of 1897) മലബാർ മേഖലയിൽ പ്രാബല്യം ഇല്ലാതാക്കിക്കൊണ്ടും..." എന്നാണ് പറഞ്ഞിരിക്കുന്നത്. സെൻട്രൽ ആക്ടിന്റെ പ്രാബല്യം ഇല്ലാതാക്കാൻ സ്റ്റേറ്റ് ലെജിസ്ലേച്ചറിന് എങ്ങനെ കഴിയുമെന്നാണ് എന്റെ ചോദ്യം? Central Act ഇതിനകം പാസ്സായതാണ്. പാർലമെന്റ് പാസ്സാക്കിയ ഒരു നിയമത്തിന്റെ പ്രാബല്യം മലബാർ മേഖലയിൽ ഇല്ലാതാക്കാനുള്ള legislative competency നമുക്കില്ല. അതായത്, കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ ഒരു നിയമം റദ്ദാക്കാനുള്ള Legislative competency ഈ ഹൗസിനില്ല. ഓർഡിനൻസിലും ബില്ലിലുമുള്ള വാചകത്തിലെ കുഴപ്പങ്ങളാണ് ഇവിടെ വിഷയമുണ്ടാക്കിയതെന്നാണ് ഞാൻ പറയുന്നത്.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, തുടക്കത്തിൽ പറഞ്ഞതുപോലെ, സ്റ്റേറ്റ് ലിസ്റ്റിൽപ്പെടുന്ന ആറാം എൻട്രിയിലുള്ള പബ്ലിക് ഹെൽത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ആക്ട്. അതിൽ സ്റ്റേറ്റിനുള്ള പൂർണ്ണ അധികാരം ഉപയോഗിച്ചുകൊണ്ടാണ് നിയമനിർമ്മാണത്തിലേയ്ക്ക് കടന്നത്. അതിനുള്ള പ്രീസിഡന്റ് വളരെ വിശദമായി രാവിലെ പറഞ്ഞതിനാൽ ഞാൻ അതിലേയ്ക്ക്

കടക്കുന്നില്ല. സ്റ്റേറ്റ് ലിസ്റ്റിൽ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ ആറാം എൻട്രിയിലുള്ള പബ്ലിക് ഹെൽത്തിൽ നിന്നുകൊണ്ടാണ് ഈ നിയമനിർമ്മാണം നടത്തുന്നത്. ഇനി ഇവിടെ ഉന്നയിച്ച പ്രശ്നത്തിന്, നിയമസഭതന്നെ 2010-ലെ ഫിഷറീസ് ആക്ടുമായി ബന്ധപ്പെട്ട് ഒരു നിയമം പാസ്സാക്കിയിട്ടുള്ളതാണ്. രാവിലെ വിശദമായി പറഞ്ഞതിനാൽ അതിലേയ്ക്ക് കടക്കുന്നില്ല.

കോവിഡിനെ നേരിടുന്നതിൽ നേതൃപരമായ ഇടപെടൽ നടത്തിയവരാണ് നമ്മളെല്ലാവരും. ശ്രേണീകൃത വ്യവസ്ഥിതിയിൽ ഡി.സി.സി., സി.എഫ്.എൽ.ടി.സി., സി.എസ്.എൽ.ടി.സി., കോവിഡ് ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവയൊക്കെ സജ്ജമാക്കി മികച്ച രീതിയിലുള്ള പ്രവർത്തനം നടത്തി. നമ്മുടെ സംസ്ഥാനത്ത് നിലവിൽ 719 ഡി.സി.സി.-കൾ പ്രവർത്തിക്കുന്നതിൽ 32,360 കിടക്കകളാണുള്ളത്. 153 സി.എഫ്.എൽ.ടി.സി.-കൾ പ്രവർത്തിക്കുന്നതിൽ 19,537 കിടക്കകളുണ്ട്. സംസ്ഥാനത്ത് 91 സെക്കന്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലായി 8600 കിടക്കകളുണ്ട്. ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ആകെ സംവിധാനങ്ങളിലായി 1,98,827 കിടക്കകൾ സജ്ജമാണ്. ഡോക്ടർമാരെയും നഴ്സുമാരെയും നിയമിക്കുന്നില്ലെന്ന് ഇവിടെ പറഞ്ഞു. മെഡിക്കൽ ഓഫീസർ, ഡെന്റൽ സർജൻസ്, സ്റ്റാഫ് നഴ്സസ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സസ് എന്നിവരുൾപ്പെടെ 18,363 പേരെയാണ് കോവിഡുമായി ബന്ധപ്പെട്ട് പ്രത്യേകമായി നിയോഗിച്ചിട്ടുള്ളത്. അതുമാത്രമല്ല, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പ്ലാൻ ഫണ്ടുൾപ്പെടെ ഉപയോഗപ്പെടുത്തി അറ്റൻഡറെയും ആവശ്യമെങ്കിൽ സ്റ്റാഫ് നഴ്സിനെയുമുൾപ്പെടെ അതാത് സി.എഫ്.എൽ.ടി.സി.-കളിലും സി.എസ്.എൽ.ടി.സി.-കളിലും നിയമിക്കുന്നതിനുള്ള ഗവൺമെന്റ് ഉത്തരവ് നിലവിലുണ്ട്. ആ രീതിയിലുള്ള പ്രശ്നങ്ങളിപ്പോഴില്ല. സി.എഫ്.എൽ.ടി.സി.-യിൽ അറ്റൻഡ് ചെയ്യാൻ ആളുണ്ടെന്നും ഡി.സി.സി.-കളിൽ ആളില്ലെന്നുമുള്ള പ്രശ്നങ്ങളില്ല. ഓക്സിജനുമായി ബന്ധപ്പെട്ട പ്രശ്നം പറഞ്ഞു. സമയപരിമിതിമൂലം വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. സംസ്ഥാനത്ത് രോഗികൾക്ക് ആവശ്യത്തിന് ഓക്സിജൻ കൊടുക്കുന്നുണ്ടെന്ന് മാത്രമല്ല സംസ്ഥാന-ജില്ലാതലങ്ങളിലും വാർ റൂമുകൾ തുറന്നുപ്രവർത്തിക്കുന്നുണ്ട്. എല്ലാ ആശുപത്രികളിലെയും റിക്വയർമെന്റ് എത്രയാണെന്ന് കണക്കാക്കി പ്രൊജക്ട് ചെയ്തു. തൊട്ടടുത്ത ദിവസങ്ങളിലും അടുത്തയാഴ്ചയും എത്രത്തോളം ഓക്സിജൻ ആവശ്യമുണ്ടെന്ന് കണക്കാക്കുകയും ഡിമാൻഡ് അനുസരിച്ചുള്ള ഓക്സിജൻ പ്രൊക്വയർമെന്റും ട്രാൻസ്പോർട്ടേഷൻ സൗകര്യവും അതിനാവശ്യമായ ഇളവുകളും അല്ലെങ്കിൽ വേഗത്തിൽ വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു. അതിലേയ്ക്ക് വിശദമായി ഞാൻ പോകുന്നില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സെക്കന്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളും മറ്റ് സംവിധാനങ്ങളും ധാരാളമുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എറണാകുളത്ത് ധാരാളം ആശുപത്രികളുണ്ട്. അതിൽ വെന്റിലേറ്ററുള്ള ഐ.സി.യു.-വിൽ ഒരു രോഗിക്ക് അഡ്മിഷൻ വാങ്ങിത്തരാമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, അങ്ങേയ്ക്ക് എവിടെയാണ് വേണ്ടത്, ആർക്കാണ് വേണ്ടത്, ഏത് രോഗിക്കാണ് വേണ്ടതെന്ന് ബഹുമാന്യനായ തൃപ്പൂണിത്തുറ മെമ്പർ ഇപ്പോൾ പറയൂ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വിചാരിക്കുന്നതിനേക്കാൾ ഗൗരവമാണ് കാര്യങ്ങൾ.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഓരോരുത്തരുടെയും ചികിത്സയും ജീവനും വിലപ്പെട്ടതിനാൽ അങ്ങ് പറയൂ. നമ്മൾ ഗൗരവമായി പറയണം. ഐ.സി.യു.-വും വെന്റിലേറ്റർ ഫെസിലിറ്റിയും എവിടെ, ആർക്കാണ് വേണ്ടതെന്ന് ഇപ്പോൾ പറയണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആരോഗ്യ വകുപ്പ് എന്നുപറഞ്ഞാൽ അലോപ്പതിയാണെന്നുള്ള മട്ടിലാണ് പറഞ്ഞുകൊണ്ടിരിക്കുന്നതെല്ലാം. ആരോഗ്യ വകുപ്പ് എന്നത് വലിയൊരു സാഗരമാണ്, അതിലെ ഒരു സ്ട്രീം മാത്രമാണ് അലോപ്പതി. അങ്ങ് ഇവിടെ ആദ്യാവസാനം പറഞ്ഞുകൊണ്ടിരിക്കുന്നത് ഒരു ബ്രാഞ്ചിനെ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചാണ്. ശക്തിപ്പെടുത്തുന്നതിൽ എനിക്ക് വിരോധമില്ല. പക്ഷേ മറ്റ് ബ്രാഞ്ചുകളെല്ലാം സൈഡ്‌ലൈൻ ചെയ്തുപോകുന്നുവെന്നുള്ള പരാതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാന്യനായ എം.എൽ.എ. അവിടെയും ഇതുപോലൊരു കേസ്സുണ്ടെന്ന് പറയുമെന്നാണ് ഞാൻ കരുതിയത്. അങ്ങ് വിഷയം മാറ്റാനാണ് ശ്രമിച്ചതെന്ന് മനസ്സിലായി. കാരണം, രോഗിയുടെ പേര് ചോദിച്ചപ്പോൾ ബഹുമാന്യനായ തൃപ്പൂണിത്തുറ എം.എൽ.എ. പറയാത്തതുകൊണ്ട് അങ്ങ് വിഷയം മാറ്റിയതായി ഞാൻ കരുതുകയാണ്.

രണ്ടുമൂന്ന് പ്രധാനവിഷയങ്ങൾ ഉന്നയിച്ചതിനുമാത്രം മറുപടി പറയണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ കോവിഡ് മരണവുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചു. കോവിഡ്മൂലമാണോ മരണം സംഭവിക്കുന്നതെന്ന് നിശ്ചയിക്കുന്നതിന് ഒരു പ്രോട്ടോക്കോളും ഗൈഡ്‌ലൈനുമുണ്ട്. അതായത്, കോവിഡ് ഡെത്ത് ആണോ നോൺ കോവിഡ് ഡെത്ത് ആണോയെന്ന് സംസ്ഥാന സർക്കാരിനോ മുഖ്യമന്ത്രിക്കോ ആരോഗ്യ വകുപ്പുമന്ത്രിക്കോ തീരുമാനിക്കാൻ കഴിയില്ല. അതിന് ലോകാരോഗ്യ

സംഘടനയുടെ ഗൈഡ്‌ലൈനാണ് പിന്തുടരുന്നത്. അതുസംബന്ധിച്ചാണ് ഞാൻ ഇന്നലെ പറഞ്ഞത്. ഗൈഡ്‌ലൈൻസ് എന്നത് ഒരു കോഴ്സാണ്. കൊവിഡ്മൂലമാണോ അല്ലെങ്കിൽ ക്രോണിക്കായുള്ള അസുഖംമൂലമാണോ മരണം സംഭവിച്ചത് എന്നുള്ളതിന് ഒരു ലിസ്റ്റുണ്ട്. അതനുസരിച്ചുള്ള ഗൈഡ്‌ലൈൻസാണ് ഫോളോ ചെയ്യുന്നത്. ഒരു ആശുപത്രിയിൽ ഒരാൾ മരിച്ചാൽ, രോഗിയെ പരിശോധിച്ച ഡോക്ടറോ മെഡിക്കൽ ബോർഡോ സർട്ടിഫൈ ചെയ്ത് മെഡിക്കൽ ബുള്ളറ്റിൻ ഇഷ്യൂ ചെയ്തശേഷം അത് പലതലങ്ങളിൽ പരിശോധിക്കപ്പെട്ട് ജില്ലാതലങ്ങളിലും സ്റ്റേറ്റ് ലെവലിലും പോയതിനുശേഷമാണ് പ്രസിദ്ധീകരിക്കുന്നത്. അതുകൊണ്ടുതന്നെ ഇതിലൊര് അവ്യക്തതയുമില്ല. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും നദികളിലൂടെ മൃതദേഹങ്ങൾ ഒഴുകിനടക്കുമ്പോൾ വളരെ കൃത്യമായി 100 ശതമാനം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന നമ്മുടെ സംസ്ഥാനത്ത് തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള പ്രസ്താവനകൾ നടത്തരുതെന്നുള്ളതാണ് എനിക്ക് ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങളോടെല്ലാം അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, തെറ്റിദ്ധാരണ പരത്തുന്ന ഒരു പ്രസ്താവനയും ഇവിടെ നടത്തിയിട്ടില്ല. ആരോഗ്യപ്രവർത്തകരുടെ ടീമിനെയോ എക്സ്‌പെർട്ട്സിനെയോ നിയോഗിച്ച് WHO-യുടെയോ ICMR- ന്റെയോ പ്രോട്ടോക്കോൾ അനുസരിച്ചാണോ ഇവിടെ മരണകാരണം നിശ്ചയിക്കുന്നതെന്ന് പരിശോധിക്കണമെന്നാണ് പറഞ്ഞത്. വളരെ വ്യക്തമായ ചില കേസ്സുകൾ ഇവിടെ സൂചിപ്പിച്ചു. പി. ബിജുവിന്റെ കേസ്സിനെക്കുറിച്ച് പറഞ്ഞു. പി. ബിജുവിനെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തശേഷം അദ്ദേഹത്തിന് കോവിഡ് നെഗറ്റീവായി, അതിനുശേഷം ഗുരുതരമായ രോഗം ബാധിച്ചാണ് മരിച്ചത്. കോവിഡ് ബാധിച്ചാണ് അദ്ദേഹം മരിച്ചതെന്ന് ഫേസ്ബുക്കിൽ എല്ലാവരും പോസ്റ്റ് ചെയ്തു. എന്നാൽ കോവിഡ് മരണത്തിന്റെ ലിസ്റ്റിൽ ബിജുവിന്റെ പേര് വന്നിട്ടില്ല. കഴിഞ്ഞ ദിവസം എന്റെ ഏറ്റവും അടുത്ത സുഹൃത്തിന്റെ ഭാര്യയെ രോഗം സീരിയസ്സായതിനെ തുടർന്ന് വളരെ പ്രധാനപ്പെട്ടൊരു ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയും ഐ.സി.യു.-ൽ കിടന്ന് മരിക്കുകയും ചെയ്തു. പക്ഷേ, ഇടയ്ക്കെപ്പോഴോ കോവിഡ് നെഗറ്റീവായതിനാൽ കോവിഡ് മരണത്തിന്റെ ലിസ്റ്റിൽ അവരുടെ പേര് ഉൾപ്പെട്ടില്ല. ICMR-ന്റെയും WHO-യുടെയും പ്രോട്ടോക്കോളിൽ അത് എവിടെയാണ് പറഞ്ഞിരിക്കുന്നത്; അതുപോലെ, ഡോക്ടർമാർ സർട്ടിഫൈ ചെയ്യുന്ന കോവിഡ് മരണങ്ങളെല്ലാം കമ്മിറ്റി അംഗീകരിക്കുന്നുണ്ടോ? കമ്മിറ്റിയിൽ വരുമ്പോൾ അതിൽ മാറ്റം വരുന്നുണ്ട്. അങ്ങനെയാണെങ്കിൽ ഡോക്ടർ സർട്ടിഫൈ ചെയ്യുന്നതിൽ എന്തർത്ഥമാണുള്ളത്? ഒരു രോഗിയെ മിനിമം 24 മണിക്കൂർ ട്രീറ്റ്മെന്റ് നടത്തിയ ഡോക്ടർക്കാണ് cause of death നിശ്ചയിക്കാനുള്ള

അധികാരം. കമ്മിറ്റിയിൽ എത്തുമ്പോൾ cause of death മാറുകയാണ്. ഡോക്ടറുടെ സർട്ടിഫിക്കറ്റിന് പിന്നെ എന്ത് വിലയാണുള്ളത്? Clear case of violation ഉണ്ട്. ഏത് കമ്മിറ്റിയുടെ മുൻപാകെയും ഞങ്ങളത് പ്രൊഡ്യൂസ് ചെയ്യാമെന്നാണ് ഞാൻ പറഞ്ഞത്. ഞങ്ങൾ തെറ്റിദ്ധരിപ്പിക്കാൻ പറഞ്ഞ വാക്കുകളാണെന്ന് പറഞ്ഞ് അങ്ങ് അവസാനിപ്പിക്കരുത്. ഗൗരവതരമായ കാര്യമായതിനാൽ ഏത് സംവിധാനത്തിലൂടെയും സംസ്ഥാനത്തിലെ 14 ജില്ലകളിൽനിന്നുമുള്ള എല്ലാ എവിഡൻസും കൊണ്ടുവരുന്നതിന്റെ ഉത്തരവാദിത്വം ഞങ്ങൾ ഏറ്റെടുക്കുന്നു.

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞത് സംസ്ഥാന സംവിധാനവുമായി ബന്ധപ്പെട്ട പ്രശ്നമല്ല; അതാണ് മനസ്സിലാക്കേണ്ടത്. ഗൈഡ്ലൈൻസുമായിട്ടുള്ള തർക്കമാണ് അങ്ങ് ഉന്നയിച്ചത്. കോവിഡ് മരണം എങ്ങനെയാണെന്ന് നിശ്ചയിക്കുന്ന ഗൈഡ്ലൈനിനെയാണ് അങ്ങ് ചോദ്യം ചെയ്യുന്നത്. സംസ്ഥാന സർക്കാരല്ല ആ ഗൈഡ്ലൈൻസ് രൂപപ്പെടുത്തിയത് എന്നുള്ളത് മാത്രമാണ് എന്റെ പോയിന്റ്. ഇത് ആഗോളതലത്തിൽത്തന്നെയുള്ള ഒരു ഗൈഡ്ലൈനാണ്. ഈ സിസ്റ്റവുമായി ബന്ധപ്പെട്ടല്ല, ആ ഗൈഡ്ലൈനുമായി ബന്ധപ്പെട്ടാണ് അദ്ദേഹം തർക്കം ഉന്നയിച്ചത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറയാത്ത കാര്യങ്ങൾ എന്തിനാണ് പറയുന്നത്; ഞാൻ വളരെ കൃത്യമായി ഇത്രയും പേരുടെ മുമ്പിൽ വച്ചല്ലേ പറഞ്ഞത്? നിങ്ങൾ ഐ.സി.എം.ആർ.-ന്റെ ഗൈഡ്ലൈൻസും പ്രോട്ടോക്കോളും വയലേറ്റ് ചെയ്തിട്ടാണ് cause of death എഴുതുന്നതെന്നത് തെളിയിക്കാമെന്നാണ് ഞാൻ പറഞ്ഞത്. എനിക്ക് ഐ.സി.എം.ആർ.-ന്റെ ഗൈഡ്ലൈനിൽ ഒരു തർക്കവുമില്ല. അത് WHO-യുടെ ഗൈഡ്ലൈൻസ് അനുസരിച്ച് ഉണ്ടാക്കിയതാണ്. ഞങ്ങൾ വായിച്ചുനോക്കിയതാണ്. ഞാൻ വേണമെങ്കിൽ ഐ.സി.എം.ആർ.- ന്റെ ഗൈഡ്ലൈൻ ഓരോന്ന് കാണാതെ പറഞ്ഞുതരാം.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഇതിൽ ഒരുകാര്യംകൂടിയുണ്ട്. ഇതിൽ സ്റ്റേറ്റ് ലെവലിൽ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാരല്ലാതെ മറ്റൊരാളുമില്ല. ഇതിൽ പ്രധാനപ്പെട്ട ഒരുകാര്യംകൂടി സംസ്ഥാന സർക്കാർ ചെയ്യാൻ തീരുമാനിക്കുകയാണ്. അത് മറ്റൊന്നുമല്ല; ആശുപത്രിയിൽ ഒരാൾ മരിക്കുകയാണെങ്കിൽ, സാധാരണയായി സ്റ്റേറ്റ് ലെവലിൽ പ്രാക്ടീസിംഗായിട്ടുള്ള ഡോക്ടർമാർകൂടി കണ്ടിട്ടാണ് ബുള്ളറ്റിൻ പുറത്തുവരുന്നത്. അതിനുമുമ്പുതന്നെ മെഡിക്കൽ ബുള്ളറ്റിൻ ഇഷ്യൂ ചെയ്യും. ആ മെഡിക്കൽ ബുള്ളറ്റിൻ ആശുപത്രിതലത്തിൽ ഓൺലൈനായി പബ്ലിഷ് ചെയ്യുന്നതാണ്. നമുക്ക് മറച്ചുവയ്ക്കാനൊന്നുമില്ല. ഇതിൽ ഒരു അവ്യക്തതയുമില്ല.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പ്രധാനമായി ഉന്നയിച്ച പ്രശ്നം ഇതിന്റെ നിയമതടസ്സങ്ങളെ സംബന്ധിച്ചാണ്. ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച നിയമത്തിനെതിരായ പ്രധാനപ്പെട്ട ഒരു തടസ്സവാദം, ഐക്യകേരളപ്പിറവിക്കുമുമ്പ് മലബാറിൽ സെൻട്രൽ നിയമമനുസരിച്ചുള്ള കാര്യങ്ങളെ സംബന്ധിച്ച ആരോപണമാണ്. എക്സൈസ്, പോലീസ് എഡ്യൂക്കേഷൻ, ഹെൽത്ത് തുടങ്ങിയവ സംബന്ധിച്ച നിയമങ്ങളുടെ കാര്യത്തിൽ നിലവിലുള്ള കേന്ദ്ര നിയമങ്ങളും സംസ്ഥാന നിയമങ്ങളും തമ്മിൽ വലിയ വ്യത്യാസം കാണാൻ കഴിയും. ഈ മേഖലകളിലൊക്കെ നിലനിൽക്കുന്ന കേന്ദ്ര നിയമങ്ങളും ഐക്യകേരളം വന്നതിനുശേഷം സംസ്ഥാന നിയമസഭയിൽ സൃഷ്ടിക്കപ്പെട്ട നിയമങ്ങളും തമ്മിൽ ഉണ്ടായിരുന്ന വൈരുദ്ധ്യങ്ങൾ കാലാകാലങ്ങളിൽ പരിഹരിച്ച് പോന്നിട്ടുള്ളതാണ്. അതുകൊണ്ട് നിങ്ങളിപ്പോൾ ഉന്നയിക്കുന്ന ഈ തടസ്സവാദത്തിന് യാതൊരർത്ഥവുമില്ല. നിലനിൽക്കുന്ന ഒരു നിയമത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി, ഈ പാൻഡമിക്കിന്റെ കാലത്ത് ഈ രോഗം തടഞ്ഞുനിർത്തുന്നതിനും പ്രതിരോധിക്കുന്നതിനുമായി പൊതുസമൂഹം കേരളാടിസ്ഥാനത്തിൽ അംഗീകരിക്കേണ്ട ഒരു നിയമമാണിത്. ഇതിനെതിരെ സെൻട്രൽ ആക്ടുമായി ബന്ധപ്പെട്ട് തടസ്സവാദം ഉന്നയിക്കുന്നത്, അതും പ്രതിപക്ഷനേതാവ് ഉന്നയിക്കുന്നത് സഭയ്ക്ക് യോജിച്ച രീതിയല്ല എന്നാണെന്റെ അഭിപ്രായം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ബെഡ്ഡിന്റെ ലഭ്യത സംബന്ധിച്ച് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ അംഗത്തോട് ഒരു പേര് പറയാൻ പറഞ്ഞു. നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു പേരുണ്ട്. അങ്ങയുടെയും ഞങ്ങളുടെയുമൊക്കെ സഹപ്രവർത്തകനായിരുന്ന പ്രിയങ്കരനായ മാധ്യമ പ്രവർത്തകൻ വിപിൻ ചന്ദ്. അദ്ദേഹം ഇടക്കാലത്ത് മരണപ്പെടുകയുണ്ടായി. കോവിഡ് ബാധിച്ച് വീടിനടുത്തൊരു സാധാരണ ആശുപത്രിയിൽ ചികിത്സ തുടങ്ങുകയും നെഗറ്റീവാകുന്ന ഘട്ടമെത്തുകയും ചെയ്തെങ്കിലും പെട്ടെന്ന് രോഗം മൂർച്ഛിച്ചു. എറണാകുളത്തെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് സ്വകാര്യ ആശുപത്രികളുടെ മുമ്പിൽ ഒരു വെന്റിലേറ്റർ സ്പെയിസിനുവേണ്ടി ശ്രമിച്ചിട്ട് കിട്ടാതെ ഒരു പൊതുപ്രവർത്തകന്റെ ഇടപെടലോടുകൂടിയാണ് മൂന്നാമതൊരു സ്ഥലത്തുചെന്നത്. പക്ഷേ നമുക്കെല്ലാവർക്കും പ്രയാസമുണ്ടാക്കി ക്കൊണ്ട് അദ്ദേഹം വിടപറഞ്ഞുപോയി. ഇതാരേയും ആക്ഷേപിക്കാനോ കുറ്റം പറയാനോ പറയുന്നതല്ല. ഇവിടെയിരിക്കുന്ന എം.എൽ.എ.-മാരുൾപ്പെടെ മുഴുവൻ ആളുകൾക്കും അത്തരം ഫോൺകാളുകൾ വരുന്നുണ്ട്. വെന്റിലേറ്റർ സ്പെയിസ് ചോദിച്ചുവരുന്ന ഫോൺകാളുകളുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. അത് ആരുടെയും കുറ്റം കൊണ്ടല്ല; അത് അംഗീകരിച്ച് അത്തരം സാഹചര്യങ്ങളിൽ ആ പ്രശ്നം ഒഴിവാക്കാൻ അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾക്ക് ഒരുമിച്ച് എന്തു ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കണം.

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാനപ്പെട്ട പാലക്കാട് അംഗം, ഒരുമിച്ചുനിന്ന് പ്രവർത്തിക്കാൻ വേണ്ടിയാണ് അങ്ങത് പറയൂ എന്ന് ഞാൻ തൃപ്പൂണിത്തുറ അംഗത്തോട് പേരുപറയാൻ പറഞ്ഞത്. എക്സസ് ഡെത്ത് അനാലിസിസ് സംബന്ധിച്ചുകൂടി പറഞ്ഞ് ഞാൻ ഈ വിഷയം അവസാനിപ്പിക്കാം. 2019-ലും 2020-ലും മരിച്ച ആളുകളുടെ എണ്ണം എങ്ങനെയാണ് നമ്മൾ എടുക്കുന്നത്? നൂറ് ശതമാനം മരണം രജിസ്റ്റർ ചെയ്യുന്ന ഒരു സംസ്ഥാനമാണ് കേരളം. റിപ്പോർട്ട് ചെയ്യപ്പെട്ട കോവിഡ് മരണങ്ങളും അതോടൊപ്പം എൽ.എസ്.ജി.ഡി. റിപ്പോർട്ട് ചെയ്ത 2019-ലെയും 2020-ലെയും മരണങ്ങളും എടുത്ത് എക്സസ് ഡെത്ത് അനാലിസിസ് പബ്ലിഷ് ചെയ്തു. It is in the public domain; കോവിഡിനെ പ്രതിരോധിക്കാൻ നമ്മൾ രൂപപ്പെടുത്തിയ ഒരു സിസ്റ്റം എങ്ങനെയാണ് പ്രതികരിച്ചത്, പ്രവർത്തിച്ചത് എന്നുള്ളതിന്റെ ഡോക്യുമെന്റാണ് എക്സസ് ഡെത്ത് അനാലിസിസ്. ഇവിടെ ഉന്നയിക്കപ്പെട്ട മറ്റൊരു വിഷയമുണ്ട്. അത് ടെസ്റ്റിംഗുമായി ബന്ധപ്പെട്ടതാണ്. എത്ര ടെസ്റ്റുകൾ; ആർ.ടി.പി.സി.ആർ. എത്ര; ആന്റിജൻ എത്ര എന്നൊക്കെ ബഹുമാനപ്പെട്ട അംഗം ചോദിക്കുകയുണ്ടായി. മൊത്തത്തിൽ സംസ്ഥാനത്ത് നടത്തപ്പെട്ടിട്ടുള്ള ആർ.ടി.പി.സി.ആർ., ആന്റിജൻ ടെസ്റ്റുകളുടെ എണ്ണം ഏതാണ്ട് 19926522 ആണ്. എല്ലാ ഇന്റർനാഷണൽ പേപ്പേഴ്സും ട്രീറ്റ്മെന്റിന്റെ സിസ്റ്റം ഇവോൾവ് ചെയ്യുകയാണ്. ഈയൊരു സാഹചര്യത്തിൽ റാപ്പിഡ് ആന്റിജൻ ടെസ്റ്റ് അഡ്വക്കേറ്റ് ചെയ്യുന്നുണ്ട്. എന്തിനാണ്? വലിയ രീതിയിൽ ക്ലസ്റ്റർ ഫോർമേഷൻ ഉണ്ടാകുന്ന ഒരിടത്ത് എത്ര പോസിറ്റീവ് കേസുകളുണ്ടെന്ന് നമുക്ക് പെട്ടെന്ന് അറിയേണ്ടതുണ്ട്. അങ്ങനെ സംശയമുള്ള കേസ് വീണ്ടും നമ്മൾ ആർ.ടി.പി.സി.ആർ.-ന് വിടുന്നുണ്ട്. അത് സത്യമാണ്. ഞാൻ അതിന്റെ ശാസ്ത്രീയതയിലേയ്ക്ക് പോകുന്നില്ല.

അടുത്ത ഒരു വിഷയം ഇവിടെ ഉന്നയിക്കപ്പെട്ടത് വാക്സിനേഷനെക്കുറിച്ചാണ്. അതുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട ചില കാര്യങ്ങളുണ്ട്. ഇന്നലെ കേരള നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്റെ ഉള്ളടക്കം എന്തായിരുന്നു? കേന്ദ്രസർക്കാരിന്റെ തെറ്റായ വാക്സിൻനയം തിരുത്തണമെന്നുള്ളതാണ്. നമുക്ക് വാക്സിൻ വേണം. നമുക്ക് ഈ വാക്സിൻ എന്ന് എല്ലാവർക്കും നൽകാൻ കഴിയുമെന്ന് ബഹുമാന്യരായ ചില അംഗങ്ങൾ ഇവിടെ ചോദിക്കുകയുണ്ടായി. എല്ലാവർക്കും സൗജന്യമായി വാക്സിൻ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ നൽകുക എന്നുള്ളതാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം. വാസ്തവത്തിൽ അതിനുവേണ്ടിയുള്ള ശ്രമമാണ് നമ്മൾ നടത്തുന്നത്. നാല്പത്തിയഞ്ച് വയസ്സിന് മുകളിലുള്ളവർക്കുമാത്രമേ വാക്സിൻ കൊടുക്കുകയുള്ളൂവെന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചു. അപ്പോൾ സംസ്ഥാന സർക്കാർ പറഞ്ഞു - ആരോഗ്യ പ്രവർത്തകർ,

പ്രവാസികൾ തുടങ്ങിയവർക്കും അതുപോലെ നമ്മൾ മൂന്നാംതരംഗത്തെ അഭിമുഖീകരിക്കാൻ പോകുകയാണെങ്കിൽ 45 വയസ്സിന് താഴെയുള്ളവർക്കും വാക്സിൻ വേണം, എല്ലാവർക്കും വാക്സിൻ കൊടുക്കണം. ഇതുവരെ സംസ്ഥാനം വാങ്ങിയതും കേന്ദ്ര സർക്കാർ നൽകിയതുമായ വാക്സിൻ ഡോസസിന്റെ എണ്ണം 10413620 ആണ്. ഇത് കേന്ദ്ര സർക്കാർ നൽകിയതും നമ്മൾ വാങ്ങിയതും ഉൾപ്പെടെയാണ്. അതിൽ കോവിഷീൽഡ് വാക്സിന്റെ എണ്ണം സംസ്ഥാനം വാങ്ങിയത് 746710-ഉം കേന്ദ്ര സർക്കാർ നൽകിയത് 8684680-ഉം ആണ്. കൊവാക്സിൻ സംസ്ഥാനം വാങ്ങിയത് 137580-ഉം കേന്ദ്ര സർക്കാർ നൽകിയത് 844650-ഉം ആണ്. ഇതിൽ പ്രത്യേകമായി കാണേണ്ട കാര്യം, പല പ്രശ്നങ്ങളും ഉരുത്തിരിഞ്ഞു. ഒന്ന് കോവിഷീൽഡ് വാക്സിനെടുത്ത ആളുകൾക്ക് വിദേശത്തേയ്ക്ക് പോകാൻ കഴിയുന്നില്ല. അതിൽ AstraZeneca എന്ന പേര് കൂടിവേണം. അതോടൊപ്പം പാസ്പോർട്ടിന്റെ നമ്പർ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നില്ല. സംസ്ഥാന സർക്കാരിന് ഇടപെടാൻ കഴിയുന്ന രീതിയിൽ നമ്മൾ ശ്രമിച്ചു. ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ കേന്ദ്ര സർക്കാരിന് എഴുതുകയുണ്ടായി. അതുമാത്രമല്ല ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുന്നയിച്ച ഒരു വിഷയം 84 ദിവസത്തിനുശേഷം മാത്രമേ കോവിഷീൽഡ് എടുത്തവർക്ക് സെക്കൻഡ് ഡോസ് വാക്സിനെടുക്കാൻ കഴിയുന്നുള്ളൂ എന്നതാണ്. 84 ദിവസം ഒരാൾക്ക് നാട്ടിൽവന്ന് നിൽക്കാൻ ലീവ് കിട്ടില്ല. അപ്പോൾ അങ്ങനെയുള്ള സാഹചര്യങ്ങളിൽ ഇളവുവേണം. പല തലങ്ങളിൽ ശ്രമിച്ചു, കേന്ദ്ര സർക്കാർ അനങ്ങിയില്ല. കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് പോസിറ്റീവായ മറുപടി ലഭിച്ചില്ല. ഇന്ത്യയിൽ ആദ്യമായി പ്രവാസികൾക്കുവേണ്ടി കേന്ദ്രത്തിന്റെ ഈ തെറ്റായ സമീപനങ്ങളെ തിരുത്തിക്കൊണ്ട് ഒരു സംസ്ഥാനത്തിന് ചെയ്യാൻ കഴിയാവുന്നതിന്റെ പരമാവധി നമ്മൾ ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി കോവിഷീൽഡിന്റെ പേര് AstraZeneca ആണെന്നുള്ളത് നമ്മൾ ഉൾപ്പെടുത്തി. അതുപോലെ ആധാർ നമ്പറിനൊപ്പം പാസ്പോർട്ടിന്റെ നമ്പർ ഉൾപ്പെടുത്തി. അതുകൂടാതെ വളരെ പ്രധാനപ്പെട്ട കാര്യം കോവിഷീൽഡിന്റെ സെക്കന്റ് ഡോസ് വാക്സിൻ 84 ദിവസമെന്നുള്ളത് നാലാഴ്ച മുതൽ നമ്മൾ നൽകി. പക്ഷേ കേന്ദ്ര സർക്കാർ മാനദണ്ഡം മാറ്റിയിട്ടില്ലാത്തതിനാൽ കേന്ദ്ര സർക്കാരിന്റെ പോർട്ടലിൽനിന്ന് സർട്ടിഫിക്കറ്റ് ലഭിക്കില്ല. അതുകൊണ്ട് സമാന്തരമായി ഡി.എം.ഒ.-മാരിൽനിന്നോ ആരോഗ്യ വകുപ്പിൽനിന്നോ ആ രീതിയിൽ ഒരു സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യാൻ തീരുമാനിക്കുകയും അത് നൽകുകയും ചെയ്യുന്നുണ്ട്. ഇവിടെപ്പറഞ്ഞ മറ്റൊരു കാര്യം മലപ്പുറം ജില്ലയുമായി ബന്ധപ്പെട്ടതാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, പ്രവാസികളുടെ കാര്യം നമുക്കറിയാം. ഗവൺമെന്റ് അവർക്കുവേണ്ടി പരമാവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്, എന്നാൽ കേന്ദ്ര സർക്കാർ വേണ്ടത്ര നടപടികൾ സ്വീകരിക്കുന്നില്ല. നമ്മൾ ആകാവുന്നത്ര കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. നേരത്തെ ഇവിടെ പറഞ്ഞത് അവർക്ക് സ്പോട്ട് രജിസ്ട്രേഷൻ ചെയ്യുന്ന കാര്യമാണ്. പക്ഷേ അതിലെ പ്രശ്നമെന്താണെന്നാൽ പത്ത് ഡോസ് വാക്സിനാണ് വന്നിട്ടുള്ളതെങ്കിൽ സ്പോട്ട് രജിസ്ട്രേഷൻ സമയത്ത് ചിലപ്പോൾ നൂറോ നൂറ്റിയൻപതോ പ്രവാസികൾ എത്തിയാൽ അവർക്ക് അവിടെ ക്യൂ നിന്ന് വാക്സിൻ ലഭിക്കാതെ തിരിച്ചുപോകേണ്ട സാഹചര്യമുണ്ടാകും. അപ്പോൾ അതിനുപകരം നോർക്കപോലുള്ള ഏജൻസികൾ മുഖാന്തരം അവരുടെ വിസ കാലാവധികൂടി കണക്കിലെടുത്ത് പ്രയോറിറ്റി കൊടുത്തുകൊണ്ടുള്ള സംവിധാനം ഉണ്ടാക്കിയാൽ വളരെ വേഗത്തിൽ ഇത് നടപ്പാക്കാൻ കഴിയും. അതോടൊപ്പം ഫസ്റ്റ് ഡോസ് ഇവിടെയെടുത്ത് തിരിച്ചുപോയാൽ സെക്കൻഡ് ഡോസ് എംബസിവഴി വിദേശത്ത് നിന്നെടുക്കാൻ കഴിയുന്ന സാഹചര്യം കേന്ദ്ര സർക്കാർവഴി ചെയ്യാൻ കഴിയുമോ എന്നൊരു ശ്രമംകൂടി നടത്തിയാൽ നന്നായിരിക്കും.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിനെ സമീപിച്ച് പ്രവാസികൾക്കുവേണ്ടിയുള്ള എല്ലാ കാര്യങ്ങളിലും ഇടപെടൽ നടത്തിക്കൊണ്ടാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. പക്ഷേ, നിർഭാഗ്യമെന്ന് പറയട്ടെ, പോസിറ്റീവായ ഒരു മറുപടി കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് ലഭിക്കുന്നില്ല. ഇവിടെ പറഞ്ഞ മറ്റൊരു വിഷയം പ്രവാസികൾക്ക് ഇങ്ങനെയൊക്കെ സംവിധാനം ഒരുക്കിയിട്ടുണ്ടെങ്കിലും ആരും രജിസ്റ്റർ ചെയ്യുന്നില്ലെന്നുള്ളതാണ്. ഇന്ന് രാവിലെ വരെ രജിസ്റ്റർ ചെയ്ത പ്രവാസികളുടെ കണക്ക് ഞാൻ പറയാം. Total application received 2,29,708 ആണ്. അതിൽ applications approved 1,42,607 ആണ്. ഇതിനോടൊപ്പം ഡോക്യുമെന്റ്സുകൂടി നൽകാത്തതിനാൽ 40,393 എണ്ണം റിജക്ടായിട്ടുണ്ട്. ഇതിൽ ഒരു കാര്യംകൂടിയുണ്ട്, ബഹുമാന്യനായ മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞതനുസരിച്ച് ഹജ്ജ് തീർത്ഥാടകരെക്കൂടി പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജില്ലകൾക്ക് കൊടുത്ത വാക്സിന്റെ അളവാണ് അടുത്തതായി പറയുന്നത്. പത്തനംതിട്ട ജില്ലയ്ക്ക് കൊടുത്ത വാക്സിന്റെ അളവ് 611450 ഡോസാണ്. അതുപോലെ മലപ്പുറം ജില്ലയ്ക്ക് കൊടുത്തത് 869370 ഡോസാണ്. ഇതിൽ ഏതാണ് കൂടുതൽ? പത്തനംതിട്ട ജില്ലയ്ക്ക് കൂടുതൽ കൊടുത്തുവെന്ന് പറഞ്ഞതുകൊണ്ട് ഞാൻ ചോദിച്ചതാണ്. ബഹുമാന്യനായ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഉൾപ്പെടെ ഇവിടെ പറയുകയുണ്ടായി. ആദ്യഘട്ട

വാക്സിനേഷനിൽ വാക്സിൻ എടുക്കുന്നതനുസരിച്ചാണ് പിന്നീട് കൂടുതൽ ഡോസുകൾ കൊടുക്കുന്നത്. ഏപ്രിൽ, മേയ് മാസങ്ങളിൽ മലപ്പുറം ജില്ലാ കളക്ടർ, ഡി.എം.ഒ. ഉൾപ്പെടെ ആരോഗ്യ മേഖലയിലെ എല്ലാവരും വളരെ മികച്ച രീതിയിൽ പ്രവർത്തിച്ചതിനാൽ നല്ല രീതിയിൽ പിക്കപ്പ് ചെയ്തിട്ടുള്ളതുകൊണ്ടാണ് ഇത്രയേറെ അവർ മുന്നോട്ടുവന്നിട്ടുള്ളത്. ഏതാണ്ട് എട്ടരലക്ഷത്തിനുമുകളിൽ കൊടുത്ത ഡോസുകളിൽ 729843 ഡോസുകൾ അവർ എടുത്തിട്ടുണ്ട്. എല്ലാവർക്കും വാക്സിൻ നൽകണമെന്നുള്ളതാണ് നമ്മുടെ നയം. കേന്ദ്ര സർക്കാർ നമുക്ക് വാക്സിൻ നൽകണം. സൗജന്യമായി എല്ലാവർക്കും കൊടുക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ വാങ്ങാൻ തയ്യാറാണ്. പക്ഷേ വാക്സിൻ ലഭ്യമല്ലെന്നുള്ളതാണ് വസ്തുത. അപ്പോൾ നമുക്ക് ഒരുമിച്ച് പരമാവധി ബോധവൽക്കരണം നടത്തി വാക്സിൻ എടുക്കുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കുകയെന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. അതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നമുക്കെല്ലാവർക്കും നടത്താമെന്നാണ് എനിക്ക് ഈയവസരത്തിൽ പറയാനുള്ളത്.

ഇവിടെ ആന്റിബോഡി ടെസ്റ്റിംഗുമായി ബന്ധപ്പെട്ട് പരാമർശിച്ചതുകൊണ്ട് ഒരു കാര്യംകൂടി പറയാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് സീറോ സർവ്വയലൻസ് ടെസ്റ്റ് നടത്തിയപ്പോൾ 11 ശതമാനം മാത്രമാണ് പോസിറ്റീവിറ്റി കാണിച്ചത്. അതായത് 80 ശതമാനത്തിലധികം ആളുകൾ നെഗറ്റീവാണ്. നമ്മുടെ ഒരു സിസ്റ്റം എങ്ങനെ വർക്ക് ചെയ്യുവെന്നുള്ളതിന്റെ ഒരളവായി നമുക്ക് ഇതിനെ കാണാവുന്നതാണെന്നാണ് ഞാൻ നേരത്തെ പറഞ്ഞത്. കഴിഞ്ഞ ദിവസം ഞാൻ പറഞ്ഞു, കർണ്ണാടകയിൽ മൂന്നുകോടി ജനങ്ങൾ പോസിറ്റീവായപ്പോൾ പത്ത് ലക്ഷം പേർ പോസിറ്റീവായതായി മാത്രമേ ഔദ്യോഗിക രേഖകളിലുള്ളൂ. ഇന്ത്യാ മഹാരാജ്യത്ത് ഇരുപത്തിരണ്ട് പോസിറ്റീവ് കേസ് ഉണ്ടെങ്കിൽ ഒരെണ്ണം മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. പക്ഷേ കേരളത്തിൽ മൂന്ന് പോസിറ്റീവ് കേസുണ്ടെങ്കിൽ ഒരു കേസ് ഔദ്യോഗികമായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്, അതാണ് വ്യത്യാസം. അത് നമ്മുടെ സിസ്റ്റത്തിന്റെ സൂക്ഷ്മതകൊണ്ടും ജാഗ്രത കൊണ്ടുമുണ്ടാകുന്ന മികവാണ്. ആ മികവാണ് ഈ രീതിയിലുള്ള case fatality rate കുറവിലേയ്ക്ക് എത്തിച്ചത്. നേരത്തെ രാജസ്ഥാൻ സംസ്ഥാനത്തെക്കുറിച്ച് പറഞ്ഞു. അവിടെ fatality rate 0.88 ശതമാനമാണ്. ഇന്ത്യയിലെ ഒരു ചതുരശ്ര കിലോമീറ്ററിലെ ജനസാന്ദ്രത അല്ലെങ്കിൽ ജനങ്ങളുടെ എണ്ണം 430 ആണെങ്കിൽ കേരളത്തിൽ അത് 860 ആണ്. ഇന്ത്യയേക്കാൾ ഇരട്ടിയാണ് കേരളത്തിലെ ജനസാന്ദ്രത. അതോടൊപ്പം നമുക്ക് പ്രമേഹം ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങൾ കൂടുതലാണ്. 14 ശതമാനമാണ് നമ്മുടെ സീനിയർ സിറ്റിസൺസിന്റെ പോപ്പുലേഷൻ. ദേശീയ ശരാശരി 9 ശതമാനമാണ്. ഇങ്ങനെയുള്ള പ്രതികൂല

സാഹചര്യങ്ങളിലാണ് കഴിഞ്ഞ ഒന്നര വർഷമായി കേരളത്തിന്റെ ആരോഗ്യ രംഗം. ഈ രീതിയിൽ ഏറ്റവും മികച്ച മാതൃക സൃഷ്ടിച്ചുകൊണ്ടാണ് മുന്നോട്ടുവന്നതെന്നുള്ളത് നമ്മൾ നിശ്ചയമായും ഓർക്കേണ്ട കാര്യമാണ്.

ഇവിടെ ബില്ലുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിക്കപ്പെട്ട ചില വിഷയങ്ങളുണ്ട്. ബഹുമാന്യനായ കാസർഗോഡ് അംഗം ഉൾപ്പെടെ പറഞ്ഞ വിഷയങ്ങൾ പരാതിയായി മുന്നിൽ വന്നിട്ടില്ല. അങ്ങ് പറഞ്ഞത് പരിഗണിച്ചുകൊണ്ട് അത് അന്വേഷിക്കാവുന്നതാണ്. ഇതുസംബന്ധിച്ചുള്ള കാര്യങ്ങൾ മെമ്പർമാർ ഉന്നയിച്ച രീതിയിൽ നോട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതുസംബന്ധിച്ച് അന്വേഷിക്കാവുന്നതാണ്. ഇവിടെ ഈ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചൂണ്ടിക്കാണിച്ചതിൽ ഒരു കാര്യം, എന്തിനാണ് നിയന്ത്രണങ്ങൾ എന്നുള്ളതാണ്. നമ്മുടെ ലക്ഷ്യം ആളുകളുടെ ജീവൻ രക്ഷിക്കുകയെന്നുള്ളതാണ്. സെൽഫ് ലോക്ഡൗണും സെൽഫ് റെസ്ട്രിക്ഷനുമാണ് ഏറ്റവും നല്ല മാർഗ്ഗം. അതിനപ്പുറത്തേയ്ക്ക് മികച്ച ഒരു മാർഗ്ഗമില്ല. പക്ഷേ, അതിനപ്പുറത്തേയ്ക്ക് ഒരു സാമൂഹികമായ അല്ലെങ്കിൽ സംസ്ഥാനതലത്തിൽ ഒരിടപെടൽ നടത്തണം, നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നുള്ള ഘട്ടത്തിലാണ് നമ്മൾ ഈ നിയമ നിർമ്മാണവുമായി മുന്നോട്ടുവന്നിട്ടുള്ളത്. ഇവിടെ ബഹുമാന്യനായ പ്രതിപക്ഷ നേതാവുൾപ്പെടെ ഉന്നയിച്ച വളരെ പ്രധാനപ്പെട്ട ഒരു കാര്യം , കേന്ദ്രനിയമവും അതിലെ ശിക്ഷാ വ്യവസ്ഥകളും നമ്മുടെ ഈ ആക്ടിലെ ശിക്ഷാ വ്യവസ്ഥകളും തമ്മിൽ കോൺട്രാഡിക്ടറിയാണോ എന്നാണ്. വാസ്തവത്തിൽ അല്ലെന്നുള്ളതാണ് ഉത്തരം. കാരണം കേന്ദ്ര നിയമത്തിൽ പറയുന്നത് റെഗുലേഷൻസ് ഉണ്ടാക്കണമെന്നുള്ളതാണ്. അതായത് ഒരു പകർച്ചവ്യാധിയെ നേരിടാൻ ഏത് സംസ്ഥാനത്തിനും അതിന്റെ റെഗുലേഷൻസ് ഉണ്ടാക്കാമെന്നുള്ളതാണ്. പക്ഷേ, അമെന്റ് ചെയ്യപ്പെട്ട 2020 സെപ്റ്റംബറിലെ പുതിയ നിയമത്തിൽ പറയുന്ന ഒരു കാര്യമുണ്ട്. അത് പുതിയതായി ഭേദഗതിയിലൂടെ ചേർക്കപ്പെട്ട ഒരു കാര്യമാണ്. കുറ്റങ്ങൾക്ക്, അതായത് ആരോഗ്യ പ്രവർത്തകരെ ആക്രമിക്കുക, വസ്തുവകകൾ നശിപ്പിക്കുക തുടങ്ങിയവയ്ക്ക് മാത്രമാണ് അതിൽ ശിക്ഷ ഉയർത്തിയിട്ടുള്ളത്. മൂന്നുമാസം മുതൽ അഞ്ച് വർഷം വരെയാണ് തടവ്. 50,000 രൂപ മുതൽ 5,00,000 രൂപ വരെ പിഴയുമുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഒരു കാര്യം, ഈ റെഗുലേഷൻസുമായി ബന്ധപ്പെട്ട് ലോക്ഡൗണോ, ക്വാറന്റൈനോ ലംഘിച്ചാൽ കേന്ദ്രനിയമ പ്രകാരം ഐ.പി.സി. 188 പ്രകാരമാണ് കേസെടുക്കുന്നത്, 200 രൂപ പിഴയും രണ്ട് മാസം തടവും. ഇതിൽ പോലീസിന് നേരിട്ട് കേസെടുക്കാൻ പറ്റില്ല. അതിൽ പരാതിയും വേണം. ഈ ആക്ടുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്ത് റെഗുലേഷൻസ് ഒന്നും രൂപീകരിച്ചിട്ടില്ല.

അതുകൊണ്ടുതന്നെ ഈ വ്യവസ്ഥകളുമായി ഇതിന് വൈരുദ്ധ്യവുമില്ല. മറ്റൊരു കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചത് ആരോഗ്യ പ്രവർത്തകരുമായി ബന്ധപ്പെട്ടാണ്.

3.00 PM]

ശ്രീ. വി. ഡി. സതീശൻ: സർ, നിയമത്തിൽ ഇതിന്റെ ഓപ്പറേറ്റീവ് പാർട്ട് എന്നുപറയുന്നത് സാംക്രമിക രോഗവുമായി ബന്ധപ്പെട്ട് പ്രത്യേക നടപടികളെടുക്കുന്നതിനും റെഗുലേഷനുകൾ നിർദ്ദേശിക്കുന്നതിനുമുള്ള അധികാരമാണ്. സർക്കാരിന് അധികാരം നൽകുന്ന ബില്ലാണിത്. ഇതു തന്നെയാണ് 2020-ൽ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ ആക്ടിലെ രണ്ടാമത്തെ സെക്ഷൻ പറയുന്നത്, 'Power to take special measures and prescribe regulations...... to dangerous epidemic disease' എന്നാണ്. സ്റ്റേറ്റിന് യുക്തമെന്ന് തോന്നുന്ന സമയത്ത് ഏത് നടപടിക്കും ഏത് റെഗുലേഷനും ഉണ്ടാക്കാനുള്ള പൂർണ്ണമായ അധികാരം ഈ സെൻട്രൽ ആക്ടിലെ രണ്ടാമത്തെ വകുപ്പിൽ പറഞ്ഞിരിക്കുകയാണ്. ആ ആക്ട് നിലനിൽക്കുമ്പോൾ അതേകാര്യം പറഞ്ഞുകൊണ്ടുതന്നെ വേറൊരു നിയമം ഉണ്ടാക്കുന്നതിന്റെ സാംഗത്യത്തെ ക്കുറിച്ചാണ് ഞങ്ങൾ ചോദിച്ചത്. മാത്രമല്ല, ഒരേ കുറ്റത്തിന് രണ്ടുതരത്തിലുള്ള ശിക്ഷ സെൻട്രൽ ആക്ടിലും സ്റ്റേറ്റ് ആക്ടിലും വരുമ്പോൾ അത് എക്സിക്യൂട്ട് ചെയ്യുന്ന ഉദ്യോഗസ്ഥർക്കുള്ള കൺഫ്യൂഷനെക്കുറിച്ചുമാണ് ഞങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയത്. ഇത് ശ്രീ. ഉമ്മൻചാണ്ടി സർക്കാരിന്റ കാലത്ത് Hindu Succession Act-ൽ ഒരു അമന്റ്മെന്റ് വന്നു. അന്ന് ശ്രീ. മാത്യു ടി. തോമസ്, ഇത് repugnant ആയതുകൊണ്ട് സെൻട്രൽ ആക്ടുമായി ചേർക്കാൻ സാധിക്കില്ലെന്ന് പറഞ്ഞു. പക്ഷേ, അത് അന്ന് ഗവൺമെന്റ് അംഗീകരിച്ചില്ല. ഗവൺമെന്റ് പിന്നീട് നിയമം പാസ്സാക്കിയെങ്കിലും കോടതി ആ പ്രൊവിഷൻ അസാധുവാക്കി. ലീഗൽ പൊസിഷൻ കറക്റ്റായതുകൊണ്ടാണ് ഈ നിയമം നിലനിൽക്കില്ലെന്ന് പറയുന്നത്. അതാണ് ഞങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയത്.

ശ്രീമതി വീണാ ജോർജ്ജ്: സർ, സ്റ്റേറ്റ് ലിസ്റ്റിൽപ്പെടുന്ന, സ്റ്റേറ്റിന്റെ അധികാരത്തിൽപ്പെടുന്ന ഒരു വിഷയത്തിലാണ് നമ്മൾ നിയമനിർമ്മാണം നടത്തുന്നത്. ആ നിയമനിർമ്മാണം സ്റ്റേറ്റിന്റെ അധികാരത്തിൽ ഉപയോഗിച്ചാൽ എന്താണ് പ്രശ്നം? അതാണ് എന്റെ പോയിന്റ്. തുടക്കം മുതൽ ഞാൻ അതാണ് പറയുന്നത്. സ്റ്റേറ്റ് ലിസ്റ്റിൽപ്പെട്ട 'പബ്ലിക്ക് ഹെൽത്ത്' എന്ന വിഷയത്തെ അധികരിച്ചുകൊണ്ടാണ് നമ്മൾ ഈ നിയമനിർമ്മാണം നടത്തുന്നത്. അതിൽ ഒരു അവ്യക്തതയുമില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, ഞങ്ങൾക്ക് രാവിലെ തന്ന സ്റ്റേറ്റ്മെന്റ്, സ്റ്റേറ്റ്മെന്റ് അണ്ടർ റൂൾസ് 75(1) എന്നതാണ്. അതിൽ ആദ്യത്തെ പാരഗ്രാഫിലെ അവസാനത്തെ പോയിന്റ്, 'And also by making the provisions of the epidemic diseases Act 1897, Central Act, 3 of 1897 not applicable to the Malabar Region' എന്നാണ്. 1897-ലെ Central Act' മലബാർ റീജിയണിൽ ഇപ്പോൾ ആപ്ലിക്കബിളാണെങ്കിൽ not applicable ആക്കാൻ ഈ നിയമത്തിന്റെ സ്റ്റേറ്റ്മെന്റിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ പറയുകയാണ്. How can it be done?

ശ്രീമതി വീണാ ജോർജ്ജ്: അതുമായി ബന്ധപ്പെട്ട് വളരെ വ്യക്തമായി രാവിലെ പറഞ്ഞിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നത്. ഈ വിഷയം സ്റ്റേറ്റിന്റെ domain-ൽ പൂർണ്ണമായും വരുന്നതാണ്. കൺകറന്റ് ലിസ്റ്റുമായി ബന്ധപ്പെട്ട വിഷയത്തിൽ, സംസ്ഥാനം മറ്റൊരു സംസ്ഥാനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ, കേന്ദ്രനിയമത്തിന്റെ റെഗുലേഷൻസ് ആ രീതിയിൽ ആവശ്യമെങ്കിൽ നമുക്ക് രൂപീകരിക്കാവുന്നതാണ്. എന്നാൽ നമ്മൾ അത് രൂപീകരിച്ചിട്ടില്ല. ഈ ബില്ലിലെ നാലാം ഖണ്ഡം പ്രകാരം ഈ സർക്കാരിന് റെഗുലേഷൻ വഴി ഡിസ്ട്രിക് കളക്ടറോട് ആവശ്യപ്പെടുകയോ അധികാരപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

ഇവിടെ പല ബഹുമാന്യരായ നേതാക്കളും പറഞ്ഞ ഒരു കാര്യം, ഹെൽത്ത് ഡിപ്പാർട്ടുമെന്റിനെക്കൂടി ഇത് ഏല്പിച്ചില്ലെന്നുള്ളതാണ്. അതാത് സാഹചര്യമനുസരിച്ച് സർക്കാരിന് അല്ലെങ്കിൽ ജില്ലാകളക്ടർക്ക് ബന്ധപ്പെട്ട ഏത് വിഭാഗത്തെയും ഇതിനായി ചുമതലപ്പെടുത്താവുന്നതാണ്. ഞാൻ ദീർഘമായി ഇതിലേയ്ക്ക് പോകുന്നില്ല. കാരണം ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ, പൊതുവായ വിഷയങ്ങൾ മാത്രമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഉന്നയിച്ചിട്ടുള്ള പ്രധാനപ്പെട്ട വിഷയങ്ങളിൽ മറുപടി തന്നിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നത്. ബില്ലുമായി ബന്ധപ്പെട്ട് രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്ന്, ശിക്ഷയുമായും രണ്ട്, ആരോഗ്യ പ്രവർത്തകരുമായും മൂന്നാമത്തേത്, ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടതാണ്. നമ്മൾ കാണേണ്ടത്, കേരള സംസ്ഥാനത്തെ മതമേലദ്ധ്യക്ഷന്മാരും സാമുദായിക മേലദ്ധ്യക്ഷമാരും സാമുദായിക നേതാക്കളും ഒക്കെത്തന്നെയാണ് ഇതിനോട് പൂർണ്ണമായും സഹകരിച്ചുകൊണ്ട് ഈ രീതിയിൽ പ്രവർത്തിക്കുമെന്ന് പറഞ്ഞ് ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളത്. കാരണം ഇങ്ങനെയുള്ള ഒരു സാഹചര്യത്തെ നേരിടുമ്പോൾ ആളുകളുടെ ജീവൻ രക്ഷിക്കാൻ ഞങ്ങൾ പരമാവധി ചെയ്യുമെന്ന് പറഞ്ഞുകൊണ്ടാണ് മതമേലദ്ധ്യക്ഷന്മാരും സാമുദായിക നേതാക്കളും മുന്നോട്ട് വന്നിട്ടുള്ളത്. അതുകൊണ്ട് ആ ബില്ലിലെ വ്യവസ്ഥ അങ്ങനെയല്ല, അതുസംബന്ധിച്ച ബഹുമാനപ്പെട്ട അംഗങ്ങളുടെ ആശങ്കകൾക്ക് ഒരു അടിസ്ഥാനവുമില്ല എന്നുകൂടി ഈ അവസരത്തിൽ ഞാൻ പറയുകയാണ്. മറ്റ് പൊതുവിഷയങ്ങൾ ഈ ബില്ലുമായി ബന്ധപ്പെട്ട്

ഉന്നയിക്കപ്പെട്ടിട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പ്രകടിപ്പിച്ച ആശങ്ക സെൻട്രൽ ആക്ട് റിപ്പീൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട ബില്ലിലെ വ്യവസ്ഥകളിൽ എന്തെങ്കിലും അപാകം കടന്നുകൂടിയിട്ടുണ്ടെങ്കിൽ അത് പിന്നീട് നിയമഭേദഗതിയായി സഭയിൽ കൊണ്ടുവരാവുന്നതാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ, 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ഓർഡിനൻസ് നിരാകരണ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ .............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്, പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ .............

പ്രതികൂലിക്കുന്നവർ............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ, ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**രണ്ടാം വകുപ്പ്**

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

202. ഖണ്ഡം 2-ന്റെ ആരംഭത്തിലുള്ള വാക്യത്തിൽ "ആക്ടിൻ" എന്നതിനു പകരം "നിയമത്തിൽ" എന്ന് ചേർക്കുക.

211. ഖണ്ഡം2(എ)-ൽ "പ്രഖ്യാപിച്ച" എന്നതിനുപകരം "പ്രഖ്യാപിച്ചിട്ടുള്ള" എന്ന് ചേർക്കുക.

217. ഖണ്ഡം 2 (ബി)-ൽ " കേരള സർക്കാർ" എന്നതിനുപകരം "സംസ്ഥാന സർക്കാർ " എന്ന് ചേർക്കുക.

219. ഖണ്ഡം 2 (സി)-ൽ " ആക്ടിൻ" എന്നതിനുപകരം "നിയമത്തിനു" എന്ന് ചേർക്കുക.

225. ഖണ്ഡം 2(ഡി)-യിൽ "ആക്ടിൻ" എന്നതിനുപകരം "നിയമത്തിനു" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

203. ഖണ്ഡം 2(എ)-ൽ "എന്നാൽ" എന്നതിനുശേഷം "ആരോഗ്യ വിദഗ്ധരുടെ ശുപാർശപ്രകാരം" എന്ന് ചേർക്കുക.

222. ഖണ്ഡം 2(സി)-ൽ " ഉണ്ടാക്കപ്പെട്ട" എന്നതിന് പകരം "നിർമ്മിക്കപ്പെട്ട" എന്ന് ചേർക്കുക.

224. ഖണ്ഡം 2(ഡി)-യിൽ

(i) " "റെഗുലേഷൻ " എന്നാൽ " എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും ശേഷം "1897-ലെ ദി എപ്പിഡമിക് ഡിസീസസ് ആക്ട് പ്രകാരം ഉണ്ടാക്കപ്പെട്ട റഗുലേഷനുകളോ" എന്ന് ചേർക്കുക.

(ii)" റഗുലേഷൻ" എന്നതിന് പകരം "റഗുലേഷനുകളോ" എന്ന് ചേർക്കുക.

227. ഖണ്ഡം 2(ഡി)-യിൽ "ഉണ്ടാക്കപ്പെട്ട" എന്നതിന് പകരം "നിർമ്മിക്കപ്പെട്ട " എന്ന് ചേർക്കുക.

ഭേദഗതി നമ്പർ 203-ആരോഗ്യരംഗത്തെ വിദഗ്ധരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഒരു രോഗം സാംക്രമിക രോഗത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചേർക്കുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

205. ഖണ്ഡം 2(എ)-ൽ

(i) " ഔദ്യോഗിക" എന്ന വാക്ക് ഒഴിവാക്കുക.

(ii)" പ്രഖ്യാപിച്ച" എന്നതിനുപകരം" പ്രഖ്യാപിക്കപ്പെട്ട എന്ന് ചേർക്കുക.

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

206. ഖണ്ഡം 2(എ)-ൽ

(i) "ഔദ്യോഗിക ഗസറ്റിൽ" " എന്നതിനുശേഷം "ഈ ആക്ടിന്റെ 3-ാം വകുപ്പു പ്രകാരം" എന്ന് ചേർക്കുക.

(ii) " പ്രഖ്യാപിച്ച"എന്നതിന് പകരം "വിജ്ഞാപനം ചെയ്ത"എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

207. ഖണ്ഡം 2(എ)-ൽ "ഗസറ്റിൽ" എന്നതിനുശേഷം "അതാതു കാലങ്ങളിൽ" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

208. ഖണ്ഡം 2(എ)-ൽ "വിജ്ഞാപനത്താൽ" എന്നതിനുപകരം "വിജ്ഞാപനപ്രകാരം" എന്ന് ചേർക്കുക.

226. ഖണ്ഡം 2(ഡി)-യിൽ "ആക്ടിൻ കീഴിൽ" എന്നതിനുപകരം "ആക്ട് " പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

209. ഖണ്ഡം 2(എ)-ൽ "വിജ്ഞാപനത്താൽ" എന്നതിനുപകരം "വിജ്ഞാപനത്തിൽ" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

212. ഖണ്ഡം 2(എ)-ൽ "പ്രഖ്യാപിച്ച" എന്നതിനുപകരം "പ്രഖ്യാപിക്കുന്ന" എന്ന് ചേർക്കുക.

214. ഖണ്ഡം 2(എ)-ൽ "ഏതൊരു" എന്നതിനുശേഷം "പകർച്ചവ്യാധി" എന്ന് ചേർക്കുക.

218. ഖണ്ഡം 2 (ബി)-ൽ " കേരള സർക്കാർ" എന്നതിനുപകരം "കേരള സംസ്ഥാന സർക്കാർ " എന്ന് ചേർക്കുക.

220. ഖണ്ഡം 2 (സി)-ൽ " കീഴിൽ " എന്നതിന് പകരം "കീഴിലോ" എന്ന് ചേർക്കുക.

221. ഖണ്ഡം 2 (സി)-ൽ " ഉണ്ടാക്കപ്പെട്ട " എന്നതിന് മുൻപായി "ആക്ട് പ്രകാരം" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

213. ഖണ്ഡം 2(എ)-ൽ "പ്രഖ്യാപിച്ച" എന്നതിന് പകരം "പ്രസിദ്ധപ്പെടുത്തിയ" എന്ന് ചേർക്കുക.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

215. ഖണ്ഡം 2 (എ) താഴെപ്പറയും പ്രകാരം മാറ്റുക:-

" സാംക്രമിക രോഗങ്ങൾ" എന്നാൽ സർക്കാർ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനത്താൽ, സാംക്രമിക രോഗങ്ങൾ എന്ന് പ്രഖ്യാപിച്ച ഏതൊരു രോഗങ്ങളും എന്നർത്ഥമാകുന്നു;"

230. ഖണ്ഡം 2(ഡി) താഴെപ്പറയും പ്രകാരം മാറ്റുക

" "റഗുലേഷൻ", " ചട്ടങ്ങൾ" എന്നാൽ ഈ ആക്ടിൻ കീഴിൽ ഉണ്ടാക്കപ്പെട്ട റഗുലേഷൻ അല്ലെങ്കിൽ ചട്ടങ്ങൾ എന്നർത്ഥമാകുന്നു." .

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

216. ഖണ്ഡം 2-ൽ ഇനം (എ)-യ്ക്ക് ശേഷം ഇനം (ബി) ആയി താഴെപ്പറയുന്ന ഇനം ചേർക്കുകയും നിലവിലുള്ള ഇനങ്ങൾ പുനഃക്രമീകരിക്കുകയും ചെയ്യുക:

" (ബി) "ക്വാറന്റീൻ" എന്നാൽ സാംക്രമികരോഗം പകരുന്നതിനോ വ്യാപിക്കുന്നതിനോ പര്യാപ്തമാണെന്ന് സർക്കാർ കരുതുന്ന ഏതെങ്കിലും പ്രദേശത്ത് നിന്നും വന്ന ഏതൊരാളേയും ഏതെങ്കിലും ഒരു സ്ഥലത്ത് മറ്റുള്ളവരിൽ നിന്നും മാറ്റി നിർത്തുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രത്യേക കാലയളവ് അല്ലെങ്കിൽ ആ അവസ്ഥ എന്നർത്ഥമാകുന്നു."

വകുപ്പ് (2)- ഈ ആക്ടിലെ ഡെഫനിഷൻ ക്ലോസ്സാണ്. ഈ ആക്ടിൽ "ക്വാറന്റെൻ" എന്ന വാക്ക് വകുപ്പ് 4 (2)-ബി-ൽ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ അതിന് നിർവ്വചനം നൽകിയിട്ടില്ല. അതുകൊണ്ട് ഡെഫനിഷൻ ക്ലോസ്സിൽ "ക്വാറന്റെൻ" എന്നതിന് നിർവ്വചനം കൂടി ഉൾപ്പെടുത്തണമെന്നാണ് എന്റെ ഭേദഗതി.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

223. ഖണ്ഡം 2(സി)-യിൽ "റെഗുലേഷനുകളാലോ" എന്നതിന് പകരം "വ്യവസ്ഥകളോ" എന്ന് ചേർക്കുക.

<u>ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

228. ഖണ്ഡം 2(ഡി)-യിൽ "റെഗുലേഷൻ എന്നർത്ഥമാകുന്നു" എന്നതിന് പകരം "റഗുലേഷൻസ് എന്നർത്ഥമാകുന്നു" എന്ന് ചേർക്കുക.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

231. ഖണ്ഡം 2(ഡി) ആയി താഴെപ്പറയുന്നത് ചേർക്കേണ്ടതും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യേണ്ടതുമാണ്.

" (ഡി) ഏതെങ്കിലും പ്രദേശത്ത് ഒരു സാംക്രമിക രോഗം അപകടകരമാം വിധത്തിൽ പടർന്നു പിടിക്കുന്നതായി ശാസ്ത്രീയമായി ബോധ്യപ്പെട്ടാൽ, ബന്ധപ്പെട്ട അധികാരസ്ഥാനം അങ്ങനെയുള്ള കാരണങ്ങളാൽ ആ പ്രദേശത്തെ ഒരു 'നിർണായക നിയന്ത്രണ

മേഖല'യായി പ്രഖ്യാപിച്ച്, കർശനവും ഊർജ്ജിതവുമായ രോഗപ്രതിരോധ-നിയന്ത്രണ-ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക;"

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

232. ഖണ്ഡം 2(ഇ) -ൽ " കേരള സംസ്ഥാനം" എന്നതിന് പകരം "കേരളം" എന്ന് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

233. ഖണ്ഡം 2(ഇ) ആയി താഴെപ്പറയും പ്രകാരം മാറ്റുക:

"(ഇ) പകർച്ച വ്യാധി സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ വകുപ്പ് 5, 6, 9 അനുശാസിക്കും പ്രകാരം ബന്ധപ്പെട്ട നിയമങ്ങൾക്ക് അനുസൃതമായി നടപടി സ്വീകരിക്കുക."

234. ഖണ്ഡം 2(ഇ) യ്ക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുക.

(എഫ്) ഔദ്യോഗിക ഗസറ്റ് എന്നാൽ സർക്കാർ പ്രസിദ്ധികരിക്കുന്ന ഔദ്യോഗിക ഗസറ്റ് എന്നർത്ഥമാകുന്നു;

(ജി) 'ചട്ടങ്ങൾ' എന്നാൽ ഈ ആക്ടിൻ കീഴിൽ സംസ്ഥാന സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

(എച്ച്) 'റഗുലേഷനുകൾ' എന്നാൽ ഈ ആക്ടിൻ കീഴിൽ സർക്കാർ ഉണ്ടാക്കിയ റഗുലേഷനുകൾ എന്നർത്ഥമാകുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

235. ഖണ്ഡം 2(എഫ്) ആയി താഴെപ്പറയുന്നത് ചേർക്കുക.

" (എഫ്) സർക്കാരോ അധികാരപ്പെട്ട മറ്റു സ്ഥാനങ്ങളോ മഹാവ്യാധിയായി പ്രഖ്യാപിക്കുന്ന സാംക്രമിക രോഗങ്ങളുടെ ചികിത്സാ നിരക്കുകൾ ഏകീകരിക്കുന്നതിനും ആവശ്യമെങ്കിൽ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള സംവിധാനങ്ങളിലൂടെ സൗജന്യചികിത്സ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിയ്ക്കുക;"

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 202, 211, 217, 219, 225 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 203, 222, 224, 227 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 208, 226 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 212, 214, 218, 220, 221 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 215, 230 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 223-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 232-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 233, 234 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പ്**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

238. ഖണ്ഡം 3-ൽ "സർക്കാരിനു" എന്നതിനുപകരം "സർക്കാരിന്" എന്ന് ചേർക്കുക.

255. ഖണ്ഡം 3-ൽ "അത്തരം" എന്നതിന് പകരം "ഏതെങ്കിലും" എന്ന് ചേർക്കുക.

261. ഖണ്ഡം 3-ൽ "അത്തരം" എന്ന വാക്കിനുശേഷം "പ്രദേശത്തോ, ജില്ലയിലോ, താലൂക്കിലോ, പഞ്ചായത്തിലോ, വാർഡിലോ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

266. ഖണ്ഡം (3)-ൽ, "ഏതൊരു രോഗത്തെയും സാംക്രമിക" എന്നതിന് ശേഷം രോഗമായും സാംക്രമിക രോഗ പ്രദേശമായും" എന്ന് ചേർക്കുകയും "രോഗമായി" എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

242. ഖണ്ഡം 3-ൽ "സർക്കാരിനു" എന്നതിനുപകരം "സർക്കാർ" എന്ന് ചേർക്കുക.

247. ഖണ്ഡം3-ൽ "സംസ്ഥാനത്താകമാനമോ" എന്നതിന് പകരം "സംസ്ഥാനത്താകെ" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

244. ഖണ്ഡം 3-ൽ "ഔദ്യോഗിക" എന്ന വാക്ക് ഒഴിവാക്കുക.

251. ഖണ്ഡം 3-ൽ "അത്തരം" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

245. ഖണ്ഡം 3-ൽ "ഔദ്യോഗിക ഗസറ്റിലെ" എന്നതിന് പകരം "ഗസറ്റ്" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

248. ഖണ്ഡം 3-ൽ "സംസ്ഥാനത്താകമാനമോ" എന്നതിന് പകരം "സംസ്ഥാനമൊട്ടാകെ" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

249. ഖണ്ഡം3-ൽ "സംസ്ഥാനത്താകമാനമോ" എന്നതിന് പകരം "സംസ്ഥാനം മുഴുവനായും" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

250. ഖണ്ഡം 3-ൽ "അല്ലെങ്കിൽ" എന്ന വാക്ക് ഒഴിവാക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 525-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 526-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 527-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 530, 536, 541, 544 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 533-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 535-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 537-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 540-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ആറാം വകുപ്പ്**

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

658. ഖണ്ഡം 6-ൽ " പ്രവർത്തി ചെയ്യപ്പെട്ടാൽ" എന്നീ വാക്കുകൾക്ക് പകരം "പ്രവൃത്തി ചെയ്യുന്നപക്ഷം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

545. ഖണ്ഡം 6-ൽ "ഈ ആക്ടിൻ കീഴിലുള്ള" എന്നതിന് ശേഷം "റഗുലേഷനുകൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

546. ഖണ്ഡം 6-ൽ "കുറ്റം" എന്ന വാക്കിന് പകരം "അത്തരത്തിലുള്ള റഗുലേഷനോ ഉത്തരവോ ലംഘിക്കുകയോ അനുസരിക്കാതിരിക്കുകയോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

547. ഖണ്ഡം 6-ൽ "ഏതൊരാളും" എന്നതിന് പകരം "യാതൊരാളും" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

548. ഖണ്ഡം 6-ൽ "ആ പ്രേരണയെത്തുടർന്ന് പ്രേരിപ്പിക്കപ്പെട്ട പ്രവർത്തി ചെയ്യപ്പെട്ടാൽ" എന്നത് നീക്കം ചെയ്യുക.

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

549. ഖണ്ഡം 6-ൽ "പ്രേരണയെത്തുടർന്ന് " എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

550. ഖണ്ഡം 6-ൽ "പ്രേരണയെത്തുടർന്ന് " എന്നതിനു പകരം "പ്രേരണയെത്തുടർന്നുള്ള" എന്ന് ചേർക്കുക.

552. ഖണ്ഡം 6-ൽ "പ്രേരിപ്പിക്കപ്പെട്ട" എന്ന വാക്ക് ഒഴിവാക്കുക.

553. ഖണ്ഡം 6 -ൽ "പ്രവർത്തി " എന്നതിനുപകരം "പ്രവൃത്തി " എന്ന് ചേർക്കുക.

559. ഖണ്ഡം 6-ൽ "രണ്ട്" എന്നതിന് പകരം "ഒരു" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

555. ഖണ്ഡം 6-ൽ "ചെയ്യപ്പെട്ടാൽ" എന്ന വാക്കിന് പകരം "ചെയ്യപ്പെട്ടതായി കണ്ടെത്തിയാൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

556. ഖണ്ഡം 6-ൽ "ചെയ്യപ്പെട്ടാൽ" എന്ന വാക്കിന് ശേഷം "കുറ്റസ്ഥാപനത്തിന്മേൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

557. ഖണ്ഡം6-ൽ "ചെയ്യപ്പെട്ടാൽ" എന്നതിന് ശേഷം "പ്രേരണകുറ്റത്തിന്" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

563. ഖണ്ഡം 6-ൽ "രണ്ട്" എന്നതിനുപകരം "മൂന്ന്" എന്ന് ചേർക്കുക.

568. ഖണ്ഡം 6-ൽ "പതിനായിരം" എന്നതിന് പകരം "ഇരുപത്തി ആയ്യായിരം" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

564. ഖണ്ഡം 6-ൽ "പതിനായിരം" എന്നതിന് പകരം "നാലായിരം" എന്ന് ചേർക്കുക.

567. ഖണ്ഡം 6-ൽ "പതിനായിരം" എന്നതിന് പകരം "ഏഴായിരം" എന്ന് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

565. ഖണ്ഡം 6-ൽ "പതിനായിരം" എന്നതിനുപകരം "അയ്യായിരം" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

566. ഖണ്ഡം 6-ൽ "പതിനായിരം" എന്നതിനുപകരം "ആറായിരം" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

569. ഖണ്ഡം 6-ൽ "പതിനായിരം" എന്നതിനുപകരം "അൻപതിനായിരം" എന്ന് ചേർക്കുക.

570. ഖണ്ഡം 6-ൽ "പതിനായിരം" എന്നതിനുപകരം "ഒരു ലക്ഷം" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും വനിത ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, 658-ാം നമ്പർ ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 545-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 546-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 547-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 548-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 549-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 550, 552, 553, 559 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 555-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 556-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 557-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 563, 568 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 564, 567 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ അവതരിപ്പിച്ച 565-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 566-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 569, 570 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഏഴാം വകുപ്പ്**

ആരോഗ്യവും വനിതാ ശിശുക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

659. ഖണ്ഡം 7-ൽ "കൊടുക്കത്തക്കതും" എന്ന വാക്കിനുപകരം "അനുവദിക്കത്തക്കതും" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

571. ഖണ്ഡം 7-ൽ " 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും" എന്നത് നീക്കം ചെയ്യുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

572. ഖണ്ഡം 7-ൽ " ആക്റ്റിൻ കീഴിലുള്ള" എന്നീ വാക്കുകൾക്ക് പകരം "ആക്റ്റ് പ്രകാരമുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

573. ഖണ്ഡം 7-ൽ " കീഴിലുള്ള" എന്ന വാക്കിനുശേഷം "വകുപ്പ് 5, 6 എന്നിവയിൽ പറയുന്നതല്ലാതെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

574. ഖണ്ഡം 7-ൽ " എല്ലാ കുറ്റങ്ങളും" എന്നതിനുപകരം "കുറ്റങ്ങൾ" എന്നു ചേർക്കുക.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

575. ഖണ്ഡം7-ൽ " കൊടുക്കത്തക്കതും" എന്നതിനുപകരം "ലഭിക്കുന്നതും" എന്ന് ചേർക്കുക.

587. ഖണ്ഡം 7-ൽ നിലവിലുള്ളതു 7(1) ഉപഖണ്ഡമായി മാറ്റിയ ശേഷം താഴെ പറയുന്നവ ചേർക്കുക.

" (2) ഈ ആക്ടിന് കീഴിലുള്ള കുറ്റം ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥൻ അന്വേഷിക്കേണ്ടതാണ്; പ്രസ്തുത ആക്ടിന് കീഴിലുള്ള കുറ്റം എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തു മുപ്പതു ദിവസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കേണ്ടതാണ്;

(3) ഈ ആക്ടിന് കീഴിലുള്ള കുറ്റകൃത്യത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത ഒരു കേസിന്റെ എല്ലാ അന്വേഷണത്തിലും വിചാരണയിലും, നടപടികൾ കഴിയുന്നത്ര വേഗത്തിൽ നടത്തപ്പെടും, പ്രത്യേകിച്ചും, സാക്ഷികളുടെ പരിശോധന ഒരിക്കൽ ആരംഭിച്ചുകഴിഞ്ഞാൽ, ഹാജരാകുന്ന എല്ലാ സാക്ഷികളെയും വിചാരണ ചെയ്യുന്നതുവരെ ഇത് ദിവസംതോറും തുടരും, കാരണം രേഖപ്പെടുത്തുന്നതിനുള്ള കാരണങ്ങളാൽ അടുത്ത ദിവസത്തേക്കാളും നീട്ടിവെക്കൽ ആവശ്യമാണെന്ന് കോടതി കണ്ടെത്തിയില്ലെങ്കിൽ, അത് ഉറപ്പാക്കാനുള്ള ശ്രമം നടത്തും അന്വേഷണമോ വിചാരണയോ ഒരു വർഷത്തിനുള്ളിൽ അവസാനിക്കുന്നു: പറഞ്ഞ കാലയളവിനുള്ളിൽ വിചാരണ അവസാനിക്കാത്ത സാഹചര്യത്തിൽ, അങ്ങനെ ചെയ്യാത്തതിന്റെ കാരണങ്ങൾ ജഡ്ജി രേഖപ്പെടുത്തും:"

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

576. ഖണ്ഡം 7-ൽ നിലവിലുള്ളതു (1)-ാം ഉപഖണ്ഡമായി മാറ്റിയ ശേഷം താഴെ പറയുന്നത് (2)-ാം ഉപഖണ്ഡം ആയി പുനഃക്രമീകരിക്കുക.

" (2) ഈ ആക്ടിന് കീഴിലുള്ള കുറ്റകൃത്യത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത ഒരു കേസിന്റെ എല്ലാ അന്വേഷണത്തിലും വിചാരണയിലും, നടപടികൾ കഴിയുന്നത്ര വേഗത്തിൽ നടത്തപ്പെടും. പ്രത്യേകിച്ചും, സാക്ഷികളുടെ പരിശോധന

ഒരിക്കൽ ആരംഭിച്ചുകഴിഞ്ഞാൽ, ഹാജരാകുന്ന എല്ലാ സാക്ഷികളെയും വിചാരണ ചെയ്യുന്നതുവരെ ഇത് ദിവസം തോറും തുടരും. കാരണം രേഖപ്പെടുത്തുന്നതിനുള്ള കാരണങ്ങളാൽ അടുത്ത ദിവസത്തേക്കാളും നീട്ടിവെക്കൽ ആവശ്യമാണെന്ന് കോടതി കണ്ടെത്തിയില്ലെങ്കിൽ, അത് ഉറപ്പാക്കാനുള്ള ശ്രമം നടത്തും. അന്വേഷണമോ വിചാരണയോ ഒരു വർഷത്തിനുള്ളിൽ അവസാനിക്കുന്നു: പറഞ്ഞ കാലയളവിനുള്ളിൽ വിചാരണ അവസാനിക്കാത്ത സാഹചര്യത്തിൽ, അങ്ങനെ ചെയ്യാത്തതിന്റെ കാരണങ്ങൾ ജഡ്ജി രേഖപ്പെടുത്തും."

578. ഖണ്ഡം 7-ൽ നിലവിലുള്ളതു 7(1) ഉപഖണ്ഡമായി മാറ്റിയ ശേഷം താഴെ പറയുന്നവ 7(2), 7(3), 7(4) ആയി പുനഃക്രമീകരിക്കുക:

" (2) ഈ ആക്ടിന് കീഴിലുള്ള കുറ്റം ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥൻ അന്വേഷിക്കേണ്ടതാണ്;

(3) പ്രസ്തുത ആക്ടിന് കീഴിലുള്ള കുറ്റം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു മുപ്പതു ദിവസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കേണ്ടതാണ്;

(4) ഈ ആക്ടിന് കീഴിലുള്ള കുറ്റകൃത്യത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത ഒരു കേസിന്റെ എല്ലാ അന്വേഷണത്തിലും വിചാരണയിലും, നടപടികൾ കഴിയുന്നത്ര വേഗത്തിൽ നടത്തപ്പെടും, പ്രത്യേകിച്ചും, സാക്ഷികളുടെ പരിശോധന ഒരിക്കൽ ആരംഭിച്ചുകഴിഞ്ഞാൽ, സാക്ഷികളെയും വിചാരണ ചെയ്യുന്നവരെ ഇത് ദിവസം തോറും തുടരും, കാരണം രേഖപ്പെടുത്തുന്നതിനുള്ള കാരണങ്ങളാൽ അടുത്ത ദിവസത്തേക്കാളും നീട്ടിവെക്കൽ ആവശ്യമാണെന്ന് കോടതി കണ്ടെത്തിയില്ലെങ്കിൽ, അത് ഉറപ്പാക്കാനുള്ള ശ്രമം നടത്തും അന്വേഷണമോ വിചാരണയോ ഒരു വർഷത്തിനുള്ളിൽ അവസാനിക്കുന്നു: പറഞ്ഞ കാലയളവിനുള്ളിൽ വിചാരണ അവസാനിക്കാത്ത സാഹചര്യത്തിൽ, അങ്ങനെ ചെയ്യാത്തതിന്റെ കാരണങ്ങൾ ജഡ്ജി രേഖപ്പെടുത്തും:"

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, 659-ാം നമ്പർ ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 571-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 572-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 573-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 574-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 575, 587 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 576, 578 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**എട്ടാം വകുപ്പ്**

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

588. ഖണ്ഡം 8(1)-ൽ " ഔദ്യോഗിക" എന്ന വാക്ക് ഒഴിവാക്കുക.

595. ഖണ്ഡം8(2)-ൽ" കുറ്റക്കാരൻ"എന്നതിനുപകരം "കുറ്റാരോപിതൻ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

589. ഖണ്ഡം 8(1)-ൽ " കുറ്റങ്ങൾ" എന്നതിനുപകരം "എല്ലാ കുറ്റങ്ങളും" എന്നു ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

590. ഖണ്ഡം 8(1)-ൽ " മുമ്പോ" എന്നതിനുപകരം "മുൻപോ" എന്നു ചേർക്കുക.

593. ഖണ്ഡം 8(2)-ന്റെ തുടക്കത്തിൽ " ഈ ആക്ട് പ്രകാരമുള്ള" എന്നു ചേർക്കുക.

602. ഖണ്ഡം 8(2)-ൽ " പിടിച്ചെടുത്തിരിക്കുകയാണെങ്കിൽ" എന്നതിനു പകരം"പിടിച്ചെടുത്തിട്ടുണ്ടെങ്കിൽ" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

591. ഖണ്ഡം 8(1)-ൽ " രാജിയാക്കാവുന്നതാണ്" എന്നതിനുപകരം "ഒത്തു തീർപ്പാക്കാവുന്നതാണ്" എന്നു ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

592. ഖണ്ഡം 8(1)-ൽ താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

" എന്നാൽ രാജിയാക്കൽ തുക ഈ ആക്ടിന്റെ 5-ാം വകുപ്പിലും 6-ാം വകുപ്പിലും പരാമർശിച്ചിട്ടുള്ള പിഴത്തുകയിൽ അധികരിക്കാൻ പാടുള്ളതല്ല"

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

601. ഖണ്ഡം 8(2)-ൽ " വാഹനങ്ങൾ" എന്നതിനുപകരം "വാഹനങ്ങളോ മറ്റെന്തെങ്കിലും സാധനങ്ങളോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 588, 595 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 589-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 590, 593, 602 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 591-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 592-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 601-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒൻപതാം വകുപ്പ്**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

603. ഖണ്ഡം 9 -ൽ “ തൽസമയം" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

604. ഖണ്ഡം 9 ൽ “ തൽസമയം" എന്നതിനുപകരം “ നിലവിൽ " എന്ന് ചേർക്കുക.

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

605. ഖണ്ഡം 9-ൽ “ മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരുത്താതെയും" എന്നതിനുപകരം “ മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമേ " എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

606. ഖണ്ഡം 9-നുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ ആയതു പ്രകാരം പുനഃക്രമീകരിക്കുകയും ചെയ്യുക;

" 10. ചില വ്യക്തികൾ പൊതുസേവകരായിരിക്കുമെന്ന്:—

ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഈ ആക്ടിൻ കീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനോ അതിനുവേണ്ടിയോ ചുമതലപ്പെടുത്തിയിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനും, ജീവനക്കാരനും അങ്ങനെയുള്ള മറ്റ് വ്യക്തികളും 1860-ലെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ (1860 -ലെ 45-ാം കേന്ദ്ര നിയമം) 21-ാം വകുപ്പിൽ പൊതുസേവകൻ എന്നതിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്നതായി കരുതപ്പെടേണ്ടതുമാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 603-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 604-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 605-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി. അവതരിപ്പിച്ച 606-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പത്താം വകുപ്പ്**

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

608. ഖണ്ഡം (10)-ൽ "ചെയ്യാനുദ്ദേശിച്ചതോ" എന്നതിനുപകരം "ചെയ്യാനുദ്ദേശിക്കുന്നതോ" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

610. ഖണ്ഡം 10 -ൽ "ഏതെങ്കിലും" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

611. ഖണ്ഡം 10 -ൽ "ഏതെങ്കിലും" എന്ന വാക്കിനു ശേഷം "കാര്യമോ, പ്രവർത്തിയോ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

612. ഖണ്ഡം 10 താഴെ പറയും പ്രകാരം മാറ്റുക:

"ഈ ആക്ട് പ്രകാരമോ അതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളോ റഗുലേഷനുകളോ പ്രകാരമോ ഉത്തമ വിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് സർക്കാരിനോ, ഈ ആക്ടിൻ കീഴിൽ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല."

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

613. ഖണ്ഡം 10 ആയി താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക:

" 10. ആരോഗ്യപ്രവർത്തകർക്ക് സംരക്ഷണം - സാംക്രമിക രോഗനിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങളിൽ ചുമതലപ്പെട്ട ഉത്തരവാദിത്തം നിർവ്വഹിക്കുന്ന ഏതൊരു ആരോഗ്യപ്രവർത്തകനും ഈ ആക്ട് പ്രകാരം സംരക്ഷണം ഉണ്ടായിരിക്കുന്നതും അപ്രകാരമുള്ള ദൗത്യനിർവ്വഹണത്തിൽ നിന്നും അയാളെ തടസ്സപ്പെടുത്തുന്നത് വകുപ്പ് 5 പ്രകാരം ശിക്ഷാർഹവുമായിരിക്കുന്നതാണ്."

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

614. ഖണ്ഡം 10-നുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കുകയും ശേഷിക്കുന്നത് ആയതു പ്രകാരം പുനഃക്രമീകരിക്കുകയും ചെയ്യുക.

"(11) കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ.—

ഈ ആക്റ്റിൻ കീഴിലുള്ള കുറ്റങ്ങൾ ഏതെങ്കിലും കമ്പനി ചെയ്യുന്നപക്ഷം, കുറ്റം നടക്കുന്ന സമയത്ത് കമ്പനിയുടെ നടത്തിപ്പിന് ചുമതലപ്പെടുത്തപ്പെട്ടിട്ടുള്ള എല്ലാ വ്യക്തികളും ഉത്തരവാദികളായിരിക്കുന്നതും കമ്പനി കുറ്റം ചെയ്തതായി കണക്കാക്കി ശിക്ഷാ നടപടികൾ ആരംഭിയ്ക്കേണ്ടതുമാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 608-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 610-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 611-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 612-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 613-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 614-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പതിനൊന്നാം വകുപ്പ്

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

615. ഖണ്ഡം 11-ൽ “ എന്തെങ്കിലും" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

616. ഖണ്ഡം 11-ൽ “ ആ വൈഷമ്യം" എന്നതിനു പകരം “ അത്തരം വൈഷമ്യങ്ങൾ" എന്ന് ചേർക്കുക.

623. ഖണ്ഡം 11-ൽ ക്ലിപ്ത നിബന്ധനയിൽ “ രണ്ട് വർഷം" എന്നീ വാക്കുകൾക്കുപകരം “ ആറ് മാസം” എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

617. ഖണ്ഡം 11-ൽ “ അതിന്" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

618. ഖണ്ഡം 11-ൽ “ വിരുദ്ധമല്ലാത്തതുമായ" എന്ന വാക്കിനുപകരം “ യോജിച്ച" എന്ന വാക്ക് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

619.ഖണ്ഡം11 ൽ“ വിരുദ്ധമല്ലാത്തതുമായ"എന്നതിനുപകരം“ അനുയോജ്യമായ" എന്ന് ചേർക്കുക.

621. ഖണ്ഡം 11-ലെ ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

620. ഖണ്ഡം 11-ൽ "വിരുദ്ധമല്ലാത്തതുമായ" എന്ന വാക്കിന് ശേഷം വരുന്ന “ വ്യവസ്ഥകൾ" എന്നതിനുപകരം “ ഏതു വ്യവസ്ഥകളും" എന്ന് ചേർക്കുക.

624. ഖണ്ഡം 11-ൽ ക്ലിപ്ത നിബന്ധനയിൽ "വർഷം അവസാനിച്ചതിനു" എന്നതിനുപകരം “ വർഷങ്ങൾക്ക്” എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

625. ഖണ്ഡം 11-ൽ നിലവിലുള്ള വകുപ്പ് (1)-ാം ഉപവവകുപ്പായി ചേർക്കുകയും അതിനോടൊപ്പം നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂടി ചേർക്കുകയും ചെയ്യുക; "എന്നിരുന്നാലും (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന ഒരു ഉത്തരവിന് ഈ ആക്റ്റ് നിലവിൽ വരുന്ന തീയതിക്ക് മുമ്പുള്ള യാതൊരു തീയതിയിലും പ്രാബല്യമുണ്ടായിരിക്കുന്നതല്ല." ആയതിനുശേഷം താഴെപ്പറയുന്ന ഉപ വകുപ്പ് ചേർക്കുക.

"(2)(1)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കുന്ന ഒരു ഉത്തരവ്, അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗത്തിൽ കേരള സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 615-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 616, 623 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 617-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 618-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 619, 621 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 620, 624 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 625-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പന്ത്രണ്ടാം വകുപ്പ്**

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

627. ഖണ്ഡം 12 (1)-ൽ "ആക്ടിന്റെ" എന്നതിനു പകരം "ആക്ടിലെ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

630. ഖണ്ഡം 12 (1)-ൽ "വരുത്തുന്നതിനായി" എന്നതിന് പകരം "വരുത്തുന്നതിന് അനുസൃതമായി" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

631. ഖണ്ഡം 12 (1)-ൽ "പിൽക്കാല പ്രാബല്യത്തോടെയോ മുൻകാല പ്രാബല്യത്തോടെയോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

633. ഖണ്ഡം 12 (1)-ൽ "മുൻകാല പ്രാബല്യത്തോടെയോ" എന്നതിനു ശേഷം "ഈ ആക്ടിന് പൊരുത്തപ്പെടുന്ന" എന്ന് ചേർക്കുക.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

634. ഖണ്ഡം 12 (1)-ൽ "ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ് " എന്നതിന് പകരം "ചട്ടങ്ങളും റെഗുലേഷനുകളും ഉണ്ടാക്കാവുന്നതാണ് " എന്ന് ചേർക്കുക.”

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

635. ഖണ്ഡം 12(2)-ൽ " കഴിയുന്നത്രവേഗം," എന്നതിനുപകരം " ആദ്യ" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

636. ഖണ്ഡം 12(2)-ൽ " സമ്മേളനങ്ങളിലോപെടാവുന്ന" എന്നതിനു പകരം " സമ്മേളനങ്ങളിലോ പെടാവുന്ന" എന്ന് ചേർക്കുക.

637. ഖണ്ഡം 12(2)-ൽ " രൂപഭേദപ്പെടുത്തലുകൾ" എന്നതിനു പകരം " ഭേദഗതി" എന്നും "രൂപഭേദപ്പെടുത്തിയ" എന്നതിനു പകരം "ഭേദഗതി വരുത്തിയ" എന്നും "രൂപഭേദപ്പെടുത്തലോ" എന്നതിനു പകരം" ഭേദഗതി വരുത്തിയ" എന്നും ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

638. ഖണ്ഡം 12(2)-ൽ " ആ ചട്ടം അല്ലെങ്കിൽ റെഗുലേഷൻ/ചട്ടവും റെഗുലേഷനും" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "അല്ലെങ്കിൽ ആ ചട്ടമോ റെഗുലേഷനോ" എന്ന് ചേർക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

642. ഖണ്ഡം 12(2)-ൽ "വിധത്തിലായിരിക്കുന്നതാണ്" എന്നതിനു പകരം "വിധത്തിലായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 627-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 630-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 631-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 633-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 634-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 635-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 636, 637 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 638-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 642-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പതിമൂന്നാം വകുപ്പ്**

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

644. ഖണ്ഡം 13(1)-ൽ

(1) എന്നതിനുശേഷം "1072-ലെ കൊച്ചിൻ" എന്ന വാക്ക് ചേർക്കുക.

645. ഖണ്ഡം 13(1)-ൽ "1073-ലെ " എന്നതിന് ശേഷം "ട്രാവൻകൂർ" എന്ന് ചേർക്കുക.

646. ഖണ്ഡം 13(2)ൽ

(i) " തന്നെയും" എന്നതിനുശേഷം "1072-ലെ കൊച്ചിൻ" എന്ന് ചേർക്കുക,

(ii) " 1073-ലെ" എന്ന വാക്കിനുശേഷം " ട്രാവൻകൂർ" എന്ന് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

647. ഖണ്ഡം 13(2)ൽ "എന്നിവയ്ക്ക് കീഴിൽ" എന്നതിനുപകരം "എന്നിവയ്ക്ക് വിധേയമായി" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

648. ഖണ്ഡം 13(2)ൽ " കാര്യമോ" എന്നതിനുപകരം "കാര്യങ്ങളും" എന്ന് ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

649. ഖണ്ഡം 13(2)-ൽ " കാര്യമോ" എന്ന വാക്കിന് ശേഷം "കാര്യങ്ങളോ" എന്ന വാക്കും "നടപടിയോ" എന്ന വാക്കിന് ശേഷം "നടപടികളോ" എന്ന വാക്കും ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

652. ഖണ്ഡം 13(2)-ൽ "നടപടിയോ" എന്നതിനുപകരം "നടപടികളോ" എന്നു ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

653. ഖണ്ഡം 13(2)-ൽ "നടപടിയോ" എന്ന വാക്കിന് ശേഷം "ഉത്തരവോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

654. ഖണ്ഡം 13(2) ന ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"മലബാർ മേഖലയിൽ പ്രാബല്യത്തിലുള്ള കേന്ദ്ര നിയമത്തിന്റെ പ്രാബല്യം ഇല്ലാതാക്കുന്നതിന് ഭരണഘടനാ വ്യവസ്ഥകൾ പ്രകാരം പ്രസിഡന്റിന്റെ അനുമതി ലഭ്യമാക്കുന്നതിന് ശേഷം റദ്ദാക്കിയതായി കണക്കാക്കപെടുന്നതായിരിക്കും"

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 644, 645, 646 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ അവതരിപ്പിച്ച 647-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 648-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 649-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 652-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 653-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 654-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒന്നാം വകുപ്പും പീഠികയും പേരും**

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

117. ദീർഘശീർഷകത്തിൽ " സാംക്രമിക" എന്ന വാക്കിനു മുൻപ് "കേരള സംസ്ഥാനത്ത്" എന്നീ വാക്കുകൾ ചേർക്കുക.

131. പീഠികയിൽ" സാംക്രമിക" എന്നതിനുമുൻപ്" കേരള സംസ്ഥാനത്ത്" എന്ന് ചേർക്കുക.

156. ഖണ്ഡം 1(1)-ൽ "രോഗങ്ങൾ" എന്നതിനുശേഷം "നിയന്ത്രണവും പ്രതിരോധവും" എന്ന് ചേർക്കുക.

183. ഖണ്ഡം 1 (2) താഴെ പറയും പ്രകാരം മാറ്റുക :

" (2) ഈ ആക്റ്റ് 2021 ഫെബ്രുവരി മാസം 10-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

118. ദീർഘശീർഷകത്തിൽ " സാംക്രമിക രോഗങ്ങളുടെ" എന്നീ വാക്കുകൾക്ക് മുമ്പായി "സംസ്ഥാനത്തെ" എന്ന വാക്ക് ചേർക്കുക.

130. പീഠികയിൽ" സാംക്രമിക"എന്നതിനുമുൻപ് "സംസ്ഥാനത്ത് " എന്ന് ചേർക്കുക.

135. പീഠികയിൽ " നിയമങ്ങൾ" എന്നതിനുപകരം " നിയമങ്ങളെ" എന്ന് ചേർക്കുക.

167. ഖണ്ഡം 1 (1) താഴെപ്പറയും പ്രകാരം മാറ്റുക :

"(1) ഈ ആക്റ്റിന് 2021-ലെ കേരള സാംക്രമിക രോഗങ്ങൾ നിയന്ത്രണ ആക്റ്റ് എന്ന് പേര് പറയാം".

179. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക:

" (2) 13-ാം വകുപ്പ് വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ് "

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

119. ദീർഘശീർഷകത്തിൽ " സാംക്രമിക" എന്ന വാക്കിനുപകരം "പകർച്ചവ്യാധി" എന്ന വാക്ക് ചേർക്കുക.

133. പീഠികയിൽ " പ്രതിരോധവും" എന്നതിനുശേഷം " അവബോധവും" എന്ന് ചേർക്കുക.

171. ഖണ്ഡം 1(2)-ൽ "4-ാം തീയതി" എന്നതിനുശേഷം "മുതൽ" എന്ന് ചേർക്കുക.

175. ഖണ്ഡം1(2)-ൽ " കരുതപ്പെടേണ്ടതുമാണ്" എന്നതിനുപകരം "കരുതപ്പെടുന്നതുമാണ്" എന്ന് ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

120. ദീർഘശീർഷകത്തിൽ " സാംക്രമിക രോഗങ്ങളുടെ" എന്നീ വാക്കുകൾക്കുപകരം "പകർച്ചവ്യാധി" എന്ന വാക്ക് ചേർക്കുക.

128. ദീർഘശീർഷകത്തിൽ " ആനുഷംഗികമോ" എന്നതിനുപകരം "അനുസൃതമായതോ" എന്ന് ചേർക്കുക.

136. പീഠികയിൽ " ക്രോഡീകരിക്കുന്നതിനും" എന്നത് ഒഴിവാക്കുക.

140. പീഠികയിൽ " യുക്തമായിരിക്കുകയാൽ" എന്നതിനുപകരം " ആവശ്യമാകയാൽ" എന്ന് ചേർക്കുക.

146. ഖണ്ഡം 1(1)ൽ " ആക്റ്റിന് " എന്നതിനുപകരം "നിയമത്തിന്" എന്നും " ആക്റ്റ്" എന്നതിനുപകരം " നിയമം" എന്നും ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

121. ദീർഘശീർഷകത്തിൽ " സാംക്രമിക രോഗങ്ങളുടെ നിയന്ത്രണവും പ്രതിരോധവും" എന്നതിനുപകരം "സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കൽ, പ്രതിരോധിക്കൽ" എന്ന് ചേർക്കുക.

126. ദീർഘശീർഷകത്തിൽ “ ക്രോഡീകരിക്കുന്നതിനും" എന്ന വാക്ക് ഒഴിവാക്കുക.

138. പീഠികയിൽ “ യുക്തമായിരിക്കുകയാൽ" എന്നതിനുപകരം "ആവശ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

122. ദീർഘശീർഷകത്തിൽ “ നിയന്ത്രണവും പ്രതിരോധവും" എന്നീ വാക്കുകൾക്കുപകരം "നിയന്ത്രണ പ്രതിരോധങ്ങൾ” എന്ന് ചേർക്കുക.

173. ഖണ്ഡം 1(2)-ൽ "27-ാം തീയതി" എന്നതിനു ശേഷം "മുതൽ" എന്ന് ചേർക്കുക.

176. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക

“ (2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ് "

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

123. ദീർഘശീർഷകത്തിൽ “ സംബന്ധിച്ച" എന്ന വാക്കിനു പകരം "സംബന്ധിച്ച് സംസ്ഥാനത്ത് നിലവിലുള്ള” എന്നീ വാക്കുകൾ ചേർക്കുക.

134. പീഠികയിൽ “ സംബന്ധിച്ച" എന്നതിനു പകരം “ സംബന്ധിച്ച് സംസ്ഥാനത്ത് നിലവിലുള്ള” എന്ന് ചേർക്കുക.

169. ഖണ്ഡം 1 (1)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും നിലവിലുള്ള (2)-ാം ഉപഖണ്ഡത്തിനെ (3)-ാം ഉപഖണ്ഡമായി പുനരക്കം ചെയ്യേണ്ടതുമാണ്.

"(2) ഈ ആക്റ്റിന് സംസ്ഥാനം മുഴുവൻ പ്രാബല്യമുണ്ടായിരിക്കുന്ന താണ്."

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

124. ദീർഘശീർഷകത്തിൽ “ സംബന്ധിച്ച നിയമങ്ങളെ" എന്നതിനുപകരം "സംബന്ധിച്ച് നിലവിലുള്ള നിയമങ്ങളെ” എന്ന് ചേർക്കുക.

142. പീഠിക താഴെപ്പറയും പ്രകാരം മാറ്റുക :

" പകർച്ചവ്യാധി പ്രതിരോധവും നിയന്ത്രണവും സംബന്ധിച്ച നിയമങ്ങൾ ഏകീകരിക്കുന്നതിനും ബന്ധപ്പെട്ടതും ആനുഷംഗികമായതുമായ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യുന്നത് ആവശ്യമാകയാൽ "

145. തത്വപ്രഖ്യാപന വാക്യത്തിൽ "താഴെപ്പറയും" എന്നതിനുപകരം "ഇനിപ്പറയും" എന്ന് ചേർക്കുക.

168. ഖണ്ഡം 1 (1) താഴെപ്പറയും പ്രകാരം മാറ്റുക :

"ഈ ആക്ടിന് "2021-ലെ കേരള പകർച്ചവ്യാധി ആക്ട് " എന്ന് പേര് പറയാം"

170. ഖണ്ഡം 1 (2)-ൽ "2020 ജൂലൈ 4-ാം തീയതി " എന്നതിനുപകരം "ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ " എന്ന് ചേർക്കുക.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

125. ദീർഘശീർഷകത്തിൽ " സംബന്ധിച്ച" എന്ന വാക്കിനുശേഷം "നിലവിലെ" എന്ന വാക്ക് ചേർക്കുക.

178. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക:

" (2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്"

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

127. ദീർഘശീർഷകത്തിൽ " ക്രോഡീകരിക്കുന്നതിനും" എന്നതിനുശേഷം "രോഗപ്രതിരോധ, പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ ആസൂത്രണം, നിർവ്വഹണം, ഏകോപനം, അവലോകനം എന്നിവ കാര്യക്ഷമമാക്കുന്നതിനും" എന്നത് ചേർക്കുക.

188. ഖണ്ഡം 1 (2) താഴെ പറയും പ്രകാരം മാറ്റുക:

" (2) The Epidemic Diseases Act 1897 എന്ന കേന്ദ്ര നിയമത്തിന്റെ പ്രാബല്യം ഇല്ലാതാക്കുന്നതിന് ഭരണഘടനാ വ്യവസ്ഥകൾ പ്രകാരം പ്രസിഡന്റിന്റെ അനുമതി ലഭ്യമാക്കിയതിനു ശേഷം ഈ ആക്ട് പ്രാബല്യത്തിൽ വരുന്നതാണ്."

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

129. ദീർഘശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക:

"പകർച്ചവ്യാധി നിയന്ത്രണം, പ്രതിരോധം തുടങ്ങിയ നിയമങ്ങൾ ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കായുള്ള ഒരു ബിൽ"

132. പീഠികയിൽ " നിയന്ത്രണവും പ്രതിരോധവും" എന്നതിനുപകരം " നിയന്ത്രണ പ്രതിരോധങ്ങൾ" എന്നു ചേർക്കുക.

149. ഖണ്ഡം 1(1)-ൽ " രോഗങ്ങൾ" എന്നതിനുപകരം രോഗപ്രതിരോധ" എന്ന് ചേർക്കുക.

180. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക:

" ഈ ആക്റ്റ് 2020 മാർച്ച് 27 മുതൽ പ്രാബല്യം ഉണ്ടാകുന്നതാണ് "

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

137. പീഠികയിൽ " ആനുഷംഗികവുമോ" എന്നതിനുപകരം "ആനുഷംഗികമായതോ" എന്ന് ചേർക്കുക.

174. ഖണ്ഡം 1 (2)-ൽ " വന്നതായി കരുതപ്പെടേണ്ടതും" എന്നതിനുപകരം "വരുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

139. പീഠികയിൽ " യുക്തമായിരിക്കുകയാൽ" എന്നതിനുപകരം "ഉചിതമായിരിക്കുകയാൽ" എന്ന് ചേർക്കുക.

143. തത്വപ്രഖ്യാപന വാക്യത്തിൽ "എഴുപത്തിരണ്ടാം" എന്നതിനുപകരം "എഴുപത്തിഒന്നാം" എന്ന് ചേർക്കുക.

153. ഖണ്ഡം 1(1)-ൽ " രോഗങ്ങൾ" എന്നതിനുശേഷം "തടയൽ" എന്ന് ചേർക്കുക.

164. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക :

"(1) ഈ ആക്ടിന് " 2021-ലെ കേരള സാംക്രമിക രോഗങ്ങൾ (നിയന്ത്രണവും പ്രതിരോധവും) ആക്റ്റ്" എന്ന് പേര് പറയാം"

192. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക :

" (2) The Epidemic Diseases Act 1897, എന്ന കേന്ദ്ര നിയമത്തിന്റെ പ്രാബല്യം ഇല്ലാതാക്കുന്നതിന് ഭരണഘടനാ വ്യവസ്ഥകൾ പ്രകാരം പ്രസിഡന്റിന്റെ അനുമതി ലഭ്യമാക്കിയതിനു ശേഷം ഈ ആക്ട് പ്രാബല്യത്തിൽ വരുന്നതാണ്."

200. ഖണ്ഡം 1(2)-താഴെപ്പറയും പ്രകാരം മാറ്റുക :

" (2) മലബാർ മേഖല ഒഴികെയുള്ള സ്ഥലങ്ങളിൽ ഉടൻ പ്രാബല്യത്തിൽ വരുന്നതും, മലബാർ മേഖലയിൽ പ്രാബല്യത്തിലുള്ള കേന്ദ്ര നിയമത്തിന്റെ പ്രാബല്യം ഇല്ലാതാക്കുന്നതിന് ഭരണഘടനാ വ്യവസ്ഥകൾ പ്രകാരം പ്രസിഡന്റിന്റെ അനുമതി ലഭ്യമാക്കിയതിനു ശേഷം മലബാർ മേഖലയിൽ ഈ ആക്ട് പ്രാബല്യത്തിൽ വരുന്നതുമാണ്."

<u>ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

147. ഖണ്ഡം 1(1)-ൽ " കേരള" എന്നതിനുശേഷം " സംസ്ഥാന" എന്ന് ചേർക്കുക.

172. ഖണ്ഡം 1(2)-ൽ "പ്രാബല്യത്തിൽ" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം "നിലവിൽ" എന്ന വാക്ക് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

148. ഖണ്ഡം 1(1)ൽ " രോഗങ്ങൾ" എന്നതിന് പകരം "രോഗനിയന്ത്രണ പ്രതിരോധ" എന്ന് ചേർക്കുക.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

150. ഖണ്ഡം 1(1)ൽ " രോഗങ്ങൾ" എന്നതിനുശേഷം " പ്രതിരോധ" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

151. ഖണ്ഡം 1(1)ൽ " രോഗങ്ങൾ" എന്നതിനുശേഷം " (നിയന്ത്രണ)" എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുക.

165. ഖണ്ഡം 1 (1) താഴെപ്പറയും പ്രകാരം മാറ്റുക :

"ഈ ആക്റ്റിന് " 2021-ലെ കേരള സാംക്രമിക രോഗങ്ങൾ (നിയന്ത്രണവും പ്രതിരോധവും) ആക്റ്റ് " എന്ന് പേര് പറയാം".

193. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക :

" (2) കേന്ദ്ര നിയമത്തിന്റെ പ്രാബല്യം ഇല്ലാതാക്കുന്നതിന് ഭരണഘടനാ വ്യവസ്ഥകൾ പ്രകാരം പ്രസിഡന്റിന്റെ അനുമതി ലഭ്യമാക്കിയതിനു ശേഷം ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതാണ്."

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

154. ഖണ്ഡം 1(1)-ൽ " രോഗങ്ങൾ" എന്ന വാക്കിന് ശേഷം "(തടയൽ)" എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

155. ഖണ്ഡം 1(1)-ൽ " രോഗങ്ങൾ" എന്നതിനുശേഷം "നിയന്ത്രണ" എന്ന് ചേർക്കുക.

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

160. ഖണ്ഡം 1 (1)-ൽ "രോഗങ്ങൾ" എന്നതിന് ശേഷം "(പ്രതിരോധവും വ്യാപനം തടയലും)" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

161. ഖണ്ഡം 1 (1) താഴെപ്പറയും പ്രകാരം മാറ്റുക :

"ഈ ആക്റ്റിന് " 2021-ലെ കേരള സാംക്രമിക രോഗങ്ങൾ നിയന്ത്രണവും, പ്രതിരോധവും ആക്റ്റ് " എന്ന് പേര് പറയാം "

'സാംക്രമിക രോഗങ്ങൾ ബിൽ'. ഇതിനൊരു പൂർണ്ണതയില്ല. ഈ ബില്ലിന്റെ പേര് സാംക്രമിക രോഗങ്ങൾ നിയന്ത്രണവും, പ്രതിരോധവും ആക്റ്റ് എന്നാക്കി മാറ്റണം എന്നുള്ളതാണ് എന്റെ നിർദ്ദേശം.

182. ഖണ്ഡം 1 (2) താഴെ പറയും പ്രകാരം മാറ്റുക:

" (2) 8-ാം വകുപ്പ് 2020 ജൂലൈ 4-ാം തീയതിയും ശേഷിക്കുന്ന വകുപ്പുകൾ 2020 മാർച്ച് 27-ാം തീയതിയും പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ് ."

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

166. ഖണ്ഡം 1 (1) താഴെപ്പറയും പ്രകാരം മാറ്റുക :

"ഈ ആക്ടിന് " 2021-ലെ കേരള സാംക്രമിക രോഗങ്ങൾ നിയന്ത്രണ ആക്ട് " എന്ന് പേര് പറയാം".

181. ഖണ്ഡം 1 (2) താഴെ പറയും പ്രകാരം മാറ്റുക:

" 8-ാം വകുപ്പ് 2020 ജൂലൈ 4-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വകുപ്പുകൾ 2019 മാർച്ച് 27-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

184. ഖണ്ഡം 1 (2) താഴെ പറയും പ്രകാരം മാറ്റുക.

" (2) ഇത് 2021 ജൂൺ മാസം മൂന്നാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട പി. ടി. തോമസ് എം.എൽ.എ. അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 137-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 117, 131, 156, 183 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 118, 130, 135, 167, 179 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 119, 133, 171, 175 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 120, 128, 136, 140, 146 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 121, 126, 138 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 122, 173, 176 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 123, 134, 169 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 124, 142, 145, 168, 170 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 125, 178 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 127, 188 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 129, 132, 149, 180 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 139, 143, 153, 164, 192, 200 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ അവതരിപ്പിച്ച 147, 172 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 151, 165, 193 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 161, 182 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 166, 181 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 161-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, Epidemic Disesase Act എന്നുതന്നെയാണ് അതിന്റെ പേര്. അങ്ങ് പറഞ്ഞ കാര്യം അതിൽ അന്തർലീനമാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: കേരള സാംക്രമിക രോഗങ്ങൾ ബിൽ, അങ്ങനെയൊരു ബില്ലോ ആക്ടോ ഉണ്ടോ; 2021-ലെ കേരള സാംക്രമിക രോഗങ്ങൾ (നിയന്ത്രണവും, പ്രതിരോധവും) ആക്ട് എന്നാക്കണമെന്നതാണ് എന്റെ ഭേദഗതി. അംഗങ്ങളുടെ ഭേദഗതികൾ സ്വീകരിക്കുമ്പോഴാണ് ഒരു നിയമം പെർഫെക്ട് ആകുന്നത്. അതിൽ വാശി പിടിക്കരുത്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നം ശബ്ദവോട്ടോടെ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

ഓർഡർ... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജൂൺ 4-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 3.37-ന് പിരിഞ്ഞു.)

## അനുബന്ധം

ചട്ടം 304 പ്രകാരം ബഹു. മലമ്പുഴ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. എ. പ്രഭാകരൻ സമർപ്പിച്ച പാലക്കാട് ജില്ലയിലെ വന്യമൃഗ ആക്രമണം എന്ന വിഷയത്തിന്മേലുള്ള സബ്മിഷന്റെ മറുപടി

പാലക്കാട് ജില്ലയിൽ വന്യജീവി ആക്രമണങ്ങളിൽനിന്നും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ സൗരോർജ്ജവേലി നിർമ്മാണം, അവയുടെ പരിപാലനം, ആനപ്രതിരോധന കിടങ്ങ് നിർമ്മാണം, അവയുടെ പരിപാലനം എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ ഡിവിഷനുകളിൽ നിലവിലുള്ള സൗരോർജ്ജവേലിയുടെയും ആനപ്രതിരോധ കിടങ്ങിന്റെയും വിശദാംശങ്ങൾ ചുവടെ സമർപ്പിക്കുന്നു ;

| ക്രമ നമ്പർ | ഡിവിഷൻ | സൗരോർജ്ജ വേലിയുടെ നീളം (കി.മീ.) | ആനപ്രതിരോധ കിടങ്ങിന്റെ നീളം (കി.മീ.) |
|---|---|---|---|
| 1 | പാലക്കാട് | 106.167 | 4.00 |
| 2 | മണ്ണാർക്കാട് | 67.45 | 7.44 |
| 3 | നെന്മാറ | 83.05 | 0.00 |
| | ആകെ | 256.667 | 11.44 |

കൂടാതെ മലമ്പുഴ നിയോജകമണ്ഡലം ഉൾപ്പെടുന്ന പാലക്കാട് ഡിവിഷനിൽ 6 കിലോമീറ്റർ ഹാങ്ങിംഗ് ഫെൻസ് പൂർത്തിയാക്കുകയും 0.270 കിലോമീറ്റർ ആനപ്രതിരോധ മതിലിന്റെ പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. പാലക്കാട്, മണ്ണാർക്കാട് ഡിവിഷനുകളിൽ വന്യജീവി ആക്രമണം നേരിടുന്നതിനായി ദ്രുതകർമ്മസേന (ആർ.ആർ.ടി.)-യെ നിയോഗിക്കുകയും ആർ.ആർ.ടി. യൂണിറ്റിന് പ്രവർത്തിക്കാൻ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ഡിവിഷനിൽ വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന മേഖലകളിൽ രണ്ട് കുങ്കിയാനകളുടെ സേവനവും കാട്ടാനയുടെ സാന്നിദ്ധ്യം പ്രദേശവാസികളെ അറിയിക്കുന്നതിനായി എസ്.എം.എസ്. അലേർട്ട് സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്. സംഘർഷം ലഘൂകരിക്കുന്നതിന് വി.എസ്.എസ്.-കളുടെയും ജനജാഗ്രതാ സമിതികളുടെയും സേവനം ഉപയോഗപ്പെടുത്തുകയും വന്യജീവികളുടെ സാന്നിധ്യം മനസ്സിലാക്കുന്നതിന് നിരന്തരമായ പട്രോളിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. വന്യജീവി ആക്രമണംമൂലം

നാശനഷ്ടം സംഭവിക്കുന്നവർക്ക് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2020-21) വന്യജീവി ആക്രമണംമൂലം നഷ്ടപരിഹാരം ആവശ്യപ്പെട്ട് ലഭിച്ച 758 അപേക്ഷകൾ തീർപ്പാക്കി 219.82 ലക്ഷം രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്.

മണ്ണാർക്കാട് ഡിവിഷനിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ച 114 കിലോമീറ്റർ സൗരോർജ്ജവേലി സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 23.50 കിലോമീറ്റർ സൗരോർജ്ജവേലിയുടെ പ്രവൃത്തി പൂർത്തിയാക്കുകയും ബാക്കി 90.50 കിലോമീറ്റർ സൗരോർജ്ജവേലി നിർമ്മാണത്തിന്റെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. മലമ്പുഴ നിയോജകമണ്ഡലം ഉൾപ്പെടുന്ന പാലക്കാട് ഡിവിഷനിലെ വാളയാർ റെയിഞ്ചിൽ ആനക്കൽ ഭാഗത്ത് ഈ വർഷം 750 കിലോമീറ്റർ സൗരോർജ്ജവേലി കെട്ടുന്നതിന് 15 ലക്ഷം രൂപയും വാളയാർ ഒലവക്കോട് റെയിഞ്ചുകളിലെ സൗരോർജ്ജവേലിയുടെ അറ്റകുറ്റപ്പണി കൾക്കുവേണ്ടി 24 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

പാലക്കാട് വനം ഡിവിഷന്റെ കീഴിലുള്ള വാളയാർ റെയിഞ്ച് പുതുശ്ശേരി സൗത്ത് സെക്ഷൻ പരിധിയിൽ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ വലിയേരി കുഞ്ചപ്പൻചള്ള ഭാഗത്ത് വനത്തോടുചേർന്നുള്ള സ്വകാര്യഭൂമിയിൽ വിറക് ശേഖരിക്കുകയായിരുന്ന ടി പഞ്ചായത്തിലെ കഞ്ചിക്കോട് പനങ്ങാട് ഭാഗത്ത് താമസിച്ചുവരുന്ന സുബ്രഹ്മണ്യന്റെ ഭാര്യ അഞ്ജലീദേവി (വയസ്സ് 59) 25-5-2021-ന് പകൽ ഉദ്ദേശം 9.30 മണിയോടുകൂടി കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെടുകയുണ്ടായി.

26-5-2021-ന് രാവിലെതന്നെ സംസ്കാരത്തിനും മരണാനന്തര ചടങ്ങുകൾക്കുമായി സർക്കാരിന്റെ അടിയന്തര സഹായമായ 10,000 രൂപ മരണപ്പെട്ട സ്ത്രീയുടെ ഭർത്താവായ സുബ്രഹ്മണ്യന് ഗ്രാമപഞ്ചായത്ത് മെമ്പറുടെ സാന്നിദ്ധ്യത്തിൽ കൈമാറിയിട്ടുള്ളതാണ്. തുടർന്ന് വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിച്ചവരുടെ അനന്തരാവകാശികൾക്ക് സർക്കാർ നൽകിവരുന്ന നഷ്ടപരിഹാരമായ 10,00,000 രൂപയുടെ (പത്ത് ലക്ഷം രൂപ) ആദ്യഗഡുവായി 5,00,000 രൂപയുടെ ചെക്ക് അന്നേദിവസം ഉച്ചയ്ക്കുശേഷം ബഹുമാനപ്പെട്ട മലമ്പുഴ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ മരണപ്പെട്ട സ്ത്രീയുടെ ഭർത്താവിന് കൈമാറിയിട്ടുള്ളതാണ്. കൂടാതെ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ട ഗ്രാമവാസികൾക്കുള്ള പി.എഫ്.എം. ഇൻഷ്വറൻസ് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ഓഫീസുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുണ്ട്.

വന്യജീവികളുടെ ആക്രമണങ്ങളിൽനിന്നും കർഷകരെയും അവരുടെ ഉൽപ്പന്നങ്ങളെയും സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യുകയെന്നത് സർക്കാരിന്റെ കടമയാണ്. എന്നാൽ വനത്തെയും വന്യജീവികളെയും സംരക്ഷിക്കുക എന്നതും നമ്മുടെ ചുമതലയാണ്. ഈ നയമാണ് വനം വകുപ്പ് സ്വീകരിക്കുക. നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് പരമാവധി സഹായം കർഷർക്കും നൽകുക എന്ന നിലപാടാണ് സർക്കാരിനുള്ളത്.